വാല്യം 60

നെടുംകണ്ടം ബ്ലോക്ക്

(ഇടുക്കി ജില്ല)


1. പാമ്പാടുംപാറ
2. സേനാപതി
3. കരുണാപുരം
4. രാജാക്കാട്
5. നെടുംകണ്ടം
6. ഉടുമ്പൻചോല
7. രാജകുമാരി

ജനകീയ ആസൂ(



വികസന നിഘണ്ടു

പാമ്പാടുംപാറ പഞ്ചായത്ത്





മഹാത്മാഗാന്ധിജി

ആഭ്യന്തര കാര്യങ്ങളിൽ ഓരോ ഗ്രാമവും സ്വയംപര്യാപ്തമാവണമെന്നാഗ്രഹിച്ച
മഹാത്മാവിന്റെ സ്വപ്ന സാക്ഷാത്കാരത്തിലേക്ക്.

60 -- 1


ഒമ്പതാംപദ്ധതി ജനകീയ പദ്ധതി
പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്
വികസനരേഖ





രാജീവ്ഗാന്ധി


പഞ്ചായത്തീരാജ് നടപ്പിലാക്കുവാൻ കൊതിച്ച മഹാത്മാവ്.



പട്ടം താണുപിള്ള

കല്ലാർപട്ടം കോളനി സ്ഥാപകൻ.

എഡിറ്ററുടെ പേജ്



ഒരു വാക്ക്.....

നമ്മുടെ കൊച്ചു കേരളം എന്നും ലോകത്തിന് മാതൃകകൾ കാട്ടി കൊടുത്തു പോരുന്നു. നമ്മൾ തിരികൊളുത്തിയ സാക്ഷരതാ പ്രസ്ഥാനം ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിൽ മാത്രമല്ല വിവിധ രാജ്യങ്ങൾക്കും മാതൃകയായിരിക്കുന്നു.

ഇന്നിതാ ജനകീയ ആസൂത്രണ പ്രസ്ഥാനത്തിലൂടെ നമ്മൾ വീണ്ടും ലോകത്തിന്റെ ശ്രദ്ധാകേന്ദ്രമായിരിക്കുന്നു. ഇന്നലെ വരെ വകുപ്പു മേധാവികൾ മുതൽ മുകളിലേയ്ക്ക് ആസൂത്രണ വിദഗ്ധൻമാർവരെ മാത്രം കൈകാര്യം ചെയ്തിരുന്ന ആസൂത്രണ പ്രവർത്തനങ്ങൾ നാട്ടിൻപുറത്തെ കർഷകനും കർഷക തൊഴിലാളിയും, അഭ്യസ്ത വിദ്യനും അധ്യാപകനും തോളോടുതോൾ ചേർന്നിരുന്ന് അവരവ രുടെ ഗ്രാമത്തിന്റെ പ്രശ്നങ്ങൾ പരിശോധിച്ച്, ആവശ്യങ്ങളറിഞ്ഞ് സാധ്യതകളും വിഭവലഭ്യതയും പരിശോധിച്ച് ആസൂത്രണ പ്രക്രിയ യിൽ പങ്കാളിയാവുന്നു.

ഗ്രാമസഭകളിലെ ചർച്ചകളിൽ ഉരുത്തിരിഞ്ഞുവന്ന നിർദേശങ്ങളും വിവിധ മേഖലകളിൽനിന്നു ശേഖരിച്ച ദ്വിതീയ സ്ഥിതിവിവരങ്ങളും ചേർത്തുവച്ചാണ് ഈ റിപ്പോർട്ട് തയാറാക്കിയിരിക്കുന്നത്. നിലവി ലുള്ള പദ്ധതികളെക്കുറിച്ച് അവലോകനം നടത്താനും പരമാവധി ശ്രമിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗങ്ങളും ഡി.ആർ.പിമാരും എൽ.ആർ.പിമാരും ചേർന്ന കോർ ഗ്രൂപ്പാണ് വിവിധ വിഷയങ്ങളെ ആസ്പദമാക്കി കരടു റിപ്പോർട്ട് തയാറാക്കിയത്. പഞ്ചായത്തിലുട നീളം നടത്തിയ പഠന പര്യടനവും ഭൂപ്രകൃതിയുടെ പ്രത്യേകതകളെ വിലയിരുത്തുന്നതിൽ ഏറെ സഹായിച്ചിട്ടുണ്ട്. വിവിധ സ്ഥാപനങ്ങ ളിലെ ഉദ്യാഗസ്ഥന്മാരുടെയും സന്നദ്ധ പ്രവർത്തകരുടെയും സഹക രണം എടുത്തുപറയേണ്ടതുണ്ട്. വളരെ കുറഞ്ഞ സമയത്തിനു ള്ളിൽ നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ച സമഗ്ര രേഖ തയാറാ ക്കുക എന്ന സാഹസികകൃത്യമാണ് ഞങ്ങൾ ഏറ്റെടുക്കേണ്ടി വന്നത്. അതിൽ പൂർണമായി വിജയിക്കുവാനായി എന്ന് ഞങ്ങൾ അവകാശപ്പെടുന്നില്ല. ഇത്തരമൊരു രേഖ ഇതാദ്യമായിട്ടാവും ഓരോ പഞ്ചായത്തിലും തയാറാവുന്നത്. വികസന സെമിനാറിലെ ചർച്ചക ളിലൂടെ ഈ റിപ്പോർട്ടിനെ സമഗ്രവും സംപൂർണമാക്കി മാറ്റുവാൻ യത്നിക്കണമെന്നഭ്യർഥിക്കുന്നു. ഗ്രാമപഞ്ചായത്തുകമ്മിറ്റി അംഗ ങ്ങൾ മുതൽ ഗ്രാമസഭാചർച്ചകളിൽ പങ്കെടുത്തവർ വരെ ഈ രേഖ തയാറാക്കുന്നതിൽ പങ്കുവഹിച്ചവരാണ്. അവർക്കോരോരുത്ത വർക്കും പ്രത്യേകിച്ച് കരടുരേഖ തയാറാക്കുന്നതിൽ അഹോരാത്രം യത്നിച്ച കോർഗ്രൂപ്പംഗങ്ങൾക്കും നിസീമമായ നന്ദിയും കൃതജ്ഞ തയും രേഖപ്പെടുത്തട്ടെ.


എന്ന്,

എഡിറ്റോറിയൽ ബോർഡിനുവേണ്ടി


വിപി.പുരുഷോത്തമൻ

ഡി.ആർ.പി.


പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത്
ഭരണസമതിയംഗങ്ങൾ



ശ്രീ.C.S. യശോധരൻ
പ്രസിഡന്റ്



ശ്രീ.കുര്യാക്കോസ് ചാക്കോ
വൈസ് പ്രസിഡന്റ്



ശ്രീ.P.S. നന്ദമോഹനൻ
സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ



ശ്രീമന്ദിരം ശശികുമാർ



ജാൻസി ജോർജ്



സോണിയ പോൾ




ജോയി വർഗ്ഗീസ്



രാജശ്രീ രാമകൃഷ്ണൻ



ശോഭനാ വിജയൻ



P.T.നടരാജൻ

പേജുകളിൽ

1. ആമുഖം

2. പഞ്ചായത്ത് പൊതുവിവരണം

3. സാമൂഹിക സാംസ്കാരിക ചരിത്രം

4. ഭൂപ്രകൃതി, ജനപ്രകൃതി

5. സാമൂഹിക സാമ്പത്തികമേഖലകൾ

5–1. കൃഷിയും ജലസേചനവും

5–2. മൃഗസംരക്ഷണം

5–3. വ്യവസായം

5–4. വിദ്യാഭ്യാസം

5–5. കുടിവെള്ളവും പൊതുജനാരോഗ്യവും

5–6. ഗതാഗതം, ഊർജം, മാർക്കറ്റ്

5–7. പാർപ്പിടവും സാമൂഹ്യക്ഷേമവും

5–8. സംസ്കാരം

5–9. വനിത


5–10. സഹകരണം

5–11. പട്ടികജാതി, പട്ടികവർഗക്ഷേമം

5–12. വിഭവസമാഹരണം

6. ജനകീയാസൂത്രണം– പ്രവർത്തന റിപ്പോർട്ട്

7. ഉപസംഹാരം



എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ

നിൽക്കുന്നവർ:

1. സതികുമാരൻ നായർ
2. ടി.എം.ജോൺ
3. ടോമി
4. ടി.നാരായണൻ
5. വി.പി.പുരുഷോത്തമൻ
6. അജയകുമാർ.

ഇരിക്കുന്നവർ:

1. മിനി ജെ.
2. സിനി കുമാരി ഗോപിനാഥ്
3. കേശവൻകുട്ടി
4. ഉദയകുമാർ
5. പി.എസ്.നന്ദമോഹൻ
6. പി.കെ.സോമൻ.

പഞ്ചായത്ത് ജീവനക്കാർ

1. എം.എൻ.അബ്ദുൾ റഹിം – സെക്രട്ടറി
2. എസ്. ബദർ ഉസ്മാൻ – ഹെഡ് ക്ലർക്ക്
3. ജി. ഗോപാലകൃഷ്ണൻ നായർ – യു. ഡി. ക്ലർക്ക്
4. പി.എൻ. ബാലകൃഷ്ണൻ – ''
5. യു.ആർ. ഈശ്വരദാസ് – ''
6. എം.എം.ജോർജ് – എൽ.ഡി. ക്ലർക്ക്
7. എ.എ.അബ്ദുൾ സലാം – ''
8. സി.കെ.ലീല – പ്യൂൺ
9. എം.ആർ.ശ്യാമളകുമാരി – പാർട്ട് ടൈം സ്വീപ്പർ
10. ശോഭന തങ്കപ്പൻ– പാർട്ട് ടൈം ലൈബ്രേറിയൻ

ആമുഖം

വിദ്യാഭ്യാസരംഗത്തും ആരോഗ്യരംഗത്തും കേരളം ഉണ്ടാക്കിയ നേട്ടങ്ങൾ 1980കളിൽ ഏറെ പ്രശംസ നേടിയിട്ടുണ്ട്. എന്നാൽ ആളോഹരിവരുമാനം, ഉത്പാദനം ഉത്പാദനക്ഷമത എന്നിവയിൽ കേരളം പിന്തള്ളപ്പെട്ടുകൊണ്ടിരിക്കുന്നു. തൊഴിലില്ലായ്മയും വർധിച്ചുവരുന്നു. ഊർജ്ജപ്രതിസന്ധി രൂക്ഷമായിരിക്കുന്നു. അതുകൊണ്ടുതന്നെ വ്യാവസായികരംഗവും തകർച്ചയിലാണ്. പരമ്പരാഗത വ്യവസായങ്ങളും അധ:പതനത്തിലേക്ക്. വിദ്യാഭ്യാസ ആരോഗ്യസേവനത്തുറകളിൽ ഗുണനിലവാരം കുറയുന്നു. കേരളത്തിന്റെ ഇന്നത്തെ സാഹചര്യത്തിൽ ഈ വെല്ലുവിളികളെ വികേന്ദ്രീകൃതാസൂത്രണ പ്രക്രിയയിലുള്ള ത്രിതല ഗ്രാമപഞ്ചായത്തുകളുടെ സഹകരണത്തോടെ പരിഹരിക്കാനുള്ള തുടക്കം സംസ്ഥാന ഗവ: ആവിഷ്കരിച്ചിരിക്കുകയാണ്.

1997ൽ ഏപ്രിലിൽ ആരംഭിക്കുന്ന ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ 35% മുതൽ 40% വരെ തുക ത്രിതല പഞ്ചായത്തുകൾക്ക് നേരിട്ടു നൽകുവാൻ തീരുമാനിച്ചിരുന്നു. പ്രാദേശിക ആവശ്യങ്ങളെ മുൻ നിർത്തി – സാധ്യതകൾ വിലയിരുത്തി അവർ നിശ്ചയിച്ചിരുന്ന പദ്ധതികൾക്കു പണം മുടക്കുവാൻ അധികാരം ലഭ്യമാക്കുന്നു. സ്വയം സമ്പൂർണ്ണ ഗ്രാമങ്ങളെന്ന ഗാന്ധിയൻ സ്വപ്നങ്ങൾ പ്രാവർത്തികമാക്കുന്നതിൽ ഓടിയെങ്കിലും മുന്നേറാൻ, ജനങ്ങളുടെ സജീവ പങ്കാളിത്തത്തോടെ വികസനപ്രവർത്തനങ്ങൾ നടപ്പിലാക്കാൻ നമുക്ക് അവസരം കൈവന്നിരിക്കുന്നു.

73–74 ഭരണഘടനാഭേദഗതിയിലൂടെ പ്രാദേശിക സ്വയംഭരണ സ്ഥാപനങ്ങളുടെ പ്രാധാന്യം വർധിച്ചിരിക്കുകയാണ്. ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങളായ തൊഴിൽ, പാർപ്പിടം, വിദ്യാഭ്യാസം, ആരോഗ്യം എന്നീ രംഗങ്ങളിൽ മുന്നേറാനും വികസനം സ്ഥായിയായി നിലനിർത്താനും നമുക്കാവണം.

വികേന്ദ്രീകൃതാസൂത്രണ പ്രവർത്തനത്തിലൂടെ ഓരോ പ്രദേശത്തിന്റെയും പ്രശ്നങ്ങൾ മനസിലാക്കി പ്രാദേശികമായി വിഭവസമാഹരണ സാധ്യതകൾ പ്രയോജനപ്പെടുത്തുവാൻ തക്കവിധത്തിൽ പദ്ധതികൾ തയ്യാറാക്കാനാവും. ഓരോ തലത്തിലും നടപ്പാക്കാവുന്ന പദ്ധതികളേവ എന്ന് തിരിച്ചറിഞ്ഞ് അതിന്റെ ആസൂത്രണത്തിലും നിർവഹണത്തിലും ജനപങ്കാളിത്തം ഉറപ്പാക്കി മുമ്പോട്ട് പോവാൻ നമുക്ക് കഴിയണം. അങ്ങനെ ഒമ്പതാം പദ്ധതി ജനകീയ പദ്ധതിയാക്കി മാറ്റിതീർക്കാൻ നാം യത്നിക്കണം.

പദ്ധതി ആസൂത്രണ പ്രവർത്തനത്തിന്റെ ഒന്നാം ഘട്ടം വിശേഷാൽ ഗ്രാമസഭകളായിരുന്നു. ഗ്രാമസഭകളിലെ പങ്കാളിത്തം പ്രതീക്ഷക്കൊത്തുയർന്നില്ലെങ്കിലും എല്ലാ വിഭാഗങ്ങളിലും പെട്ട ആളുകൾ അവയിൽ ഹാജരാവുകയും സജീവമായി ചർച്ചകളിൽ പങ്കെടുക്കുകയും ചെയ്തു. ഗ്രാമസഭകൾക്ക് മുമ്പും പിമ്പുമായി 2 വട്ടം പഞ്ചായത്തു തലത്തിൽ പരിശീലന ക്ലാസുകൾ സംഘടിപ്പിക്കുകയുണ്ടായി. വാർഡുകളിൽ ചെറിയ ആലോചനാ യോഗങ്ങൾ ചേർന്ന് ജനകീയാസൂത്രണ സന്ദേശം ജനങ്ങളിലെത്തിക്കുവാനും ശ്രമിച്ചിട്ടുണ്ട്.

വികസന രംഗത്ത് നാം നേരിടുന്ന വെല്ലുവിളി തിരിച്ചറിഞ്ഞ ജനങ്ങൾ അവയെ തരണം ചെയ്യുന്നതിന് സന്നദ്ധരായി രംഗത്തിറങ്ങിയിരിക്കുന്നു. നവംബർ 1ന്റെ പുനരർപ്പണദിനാചരണം ഒരു ചൂണ്ടുപലകയാണ്. അന്നേദിവസം എല്ലാ വാർഡുകളിലും വാർഡു മെമ്പർമാരുടെ നേതൃത്വത്തിൽ ജനങ്ങൾ ഒത്തുചേർന്ന് നിർമാണപ്രവർത്തനങ്ങളിൽ പങ്കുകൊണ്ടു. ഏറ്റെടുത്ത നിർമാണ പ്രവർത്തനങ്ങൾ എല്ലാ വാർഡുകളിലും മുന്നേറിക്കൊണ്ടിരിക്കുന്നു. നവംബർ 8ന് എല്ലാ വാർഡുകളിലും വികസന ജ്യോതി തെളിക്കുകയുണ്ടായി.

ഗ്രാമസഭകളിൽ ഉയർന്നുവന്ന ചർച്ചകളുടെ അടിസ്ഥാനത്തിൽ തിരിച്ചറിഞ്ഞ പ്രശ്നങ്ങളും നിർദേശങ്ങളും ക്രോഡീകരിച്ചുകൊണ്ട് നിലവിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പദ്ധതികൾ അവലോകനം ചെയ്തുകൊണ്ടാണ് ഈ രേഖ തയ്യാറാക്കിയിരിക്കുന്നത്. വിവിധ ആഫീസുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ശേഖരിച്ച സ്ഥിതിവിവരക്കണക്കുകളും ചേർത്തുവച്ചുകൊണ്ട് റിപ്പോർട്ടിനെ സമഗ്രമാക്കാൻ ശ്രമിച്ചിട്ടുണ്ട്. കൂടാതെ പഠന പര്യടനങ്ങളും നിരവധി ആളുകളിൽനിന്ന് കേട്ടറിഞ്ഞ വിവരങ്ങളും റിപ്പോർട്ടിന്റെ രചനയ്ക്ക് പ്രയോജനപ്പെട്ടിട്ടുണ്ട്.

വിവിധമേഖകളിലായി നമ്മൾ തിരിച്ചിരിക്കുന്ന മുഖ്യപ്രശ്നങ്ങളെ നമ്മുടെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിക്കൊണ്ട് എങ്ങനെ പരിഹരിക്കാനാവും, ഏതിനു മുൻഗണന നൽകണം ഇത്യാദി കാര്യങ്ങൾ വികസന സെമിനാറിൽ വിശദമായി ചർച്ച ചെയ്യണമെന്നഭ്യർത്ഥിക്കട്ടെ. ആ ചർച്ച നമ്മുടെ വികസനാവശ്യങ്ങളെ പദ്ധതികളായി രൂപപ്പെടുത്തുന്ന തരത്തിലാവുകയും വേണം. അതിൽനിന്ന് ജനങ്ങളും ഉദ്യോഗസ്ഥരും ഭരണകർത്താക്കളും ഒത്തു ചേരുന്ന കർമ്മസമിതികൾ രൂപീകരിക്കുകയും വേണം. ആ കർമ്മസമിതികൾ പദ്ധതിയുടെ വിശദാംശങ്ങൾ തയ്യാറാക്കുകയും പദ്ധതിക്ക് രൂപം കൊടുക്കുകയും ചെയ്യണം. അങ്ങനെ ഒമ്പതാം പദ്ധതി ജനകീയപദ്ധതിയായി, ജനങ്ങളുടെ പദ്ധതിയായി മാറണം. അതിനായി നമുക്ക് ഒത്തൊരുമിച്ച് പ്രവർത്തിക്കാം.

എന്ന്.

C.S. യശോധരൻ.
പ്രസിഡന്റ്
പാമ്പാടുംപാറ
ഗ്രാമപഞ്ചായത്ത്.

അധ്യായം–2
ഗ്രാമ പഞ്ചായത്ത് പൊതുവിവരണം

പേര്	:	പാമ്പാടും പാറ
ഉൾപ്പെടുന്ന വില്ലേജുകൾ	:	പാമ്പാടും പാറ, കരുണാപുരം (ഭാഗികം)
ബ്ലോക്ക് പഞ്ചായത്ത്	:	നെടുങ്കണ്ടം
താലൂക്ക്	:	ഉടുമ്പൻ ചോല
അസംബ്ലി മണ്ഡലം	:	ഉടുമ്പൻ ചോല
വിസ്തീർണം	:	44.64ച. കി.മീ.
അതിരുകൾ	:	വടക്ക്–നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത് കിഴക്ക്–കരുണാപുരം ഗ്രാമപഞ്ചായത്ത് തെക്ക് – വണ്ടൻ മേട്, കരുണാപുരം പഞ്ചായത്തുകൾ, പടിഞ്ഞാറ്–ഇരട്ടയാർ, കട്ടപ്പന പഞ്ചായത്തുകൾ.
സ്ഥാനം	:	കിഴക്കേ രേഖാംശം 45° 15'
ഉത്തര അക്ഷാംശം	:	9° 45'–9° 50'
ജനസംഖ്യ	:	19308 (1991)
പുരുഷന്മാർ	:	9854
സ്ത്രീകൾ	:	9454
ജനസാന്ദ്രത	:	432/ ച. കി.
അക്ഷരാഭ്യാസമുള്ളവർ	:	15446
പുരുഷൻമാർ	:	8130
സ്ത്രീകൾ	:	7316
സാക്ഷരതാ ശതമാനം	:	80
വാർഡുകൾ	:	10
പ്രസിഡന്റിന്റെ പേര്	:	സി.എസ്. യശോധരൻ
വൈസ്പ്രസിഡന്റിന്റെ പേര്	:	കുര്യാക്കോസ് ചാക്കോ.
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	:	പി.എസ്. നന്ദമോഹനൻ.
ഗ്രാമ പഞ്ചായത്തു രൂപീകരിച്ചവർഷം	:	1962

ഭരണപരമായ ചരിത്രം

1962ൽ അന്നത്തെ വണ്ടൻമേടു പഞ്ചായത്തു വിഭജിച്ചാണ് പാമ്പാടും പാറ പഞ്ചായത്ത് രൂപീകരിച്ചത്. ഇന്നത്തെ കരുണാപുരം പഞ്ചായത്തിൽപ്പെട്ട പ്രദേശങ്ങളും ഉൾപ്പെടുന്ന ഒൻപതു വാർഡുകളാണ് അന്നുണ്ടായിരുന്നത്.

ഭരണ സമിതി 1962–76

ശ്രീ. ജോർജ്.ജോസഫ്	–	പ്രസിഡന്റ്
ശ്രീ. കെ.എസ്.നായർ	–	വൈസ്പ്രസിഡന്റ്
ശ്രീ. കെ.സി ചാക്കോ	–	മെമ്പർ
ശ്രീ. ഫിലിപ്പോസ് ചെറിയാൻ		,,
ശ്രീ. ശ്രീനിവാസ പൈ		,,
ശ്രീ. പി.എസ് മൈദീൻ		,,
ശ്രീ. ജനാർദ്ദനൻ ആചാരി		,,
ശ്രീ. കെ.എ. തോമസ്		,,
ശ്രീ. വി.കെ. സ്കറിയ		,,

1976 ൽ പഞ്ചായത്തിലെ ഏതാനും വാർഡുകളും കൂട്ടിച്ചേർത്ത് കരുണാപുരം പഞ്ചായത്തു രൂപീകരിച്ചു. 1976–79 കാലഘട്ടത്തിൽ, നാമനിർദേശം ചെയ്യപ്പെട്ട ഒരു കമ്മിറ്റിയാണ് ഭരണം നടത്തിയിരുന്നത്.

1.ശ്രീ ജോർജ് ജോസഫ് – പ്രസിഡന്റ്
2.കെ.എം. അലി റാവുത്തർ– വൈസ്പ്രസിഡന്റ്
3.കെ.പി.കൃഷ്ണൻനായർ
4.ജോൺ ചാക്കോ
5. കെ.സി. ചാക്കോ
6.ഫിലിപ്പോസ് ചെറിയാൻ
7. ശ്രീനിവാസപൈ.
8. ഏലിക്കുട്ടി ജോസഫ്

1979 ൽ നടന്ന തെരഞ്ഞെടുപ്പിനെ തുടർന്ന് താഴെപ്പറയുന്നവർ ഭരണ സമിതി അംഗങ്ങളായി ചുമതലയേറ്റു.

1.ശ്രീ സി.കെ. അബ്ദുൾ – പ്രസിഡന്റ്
2.ശ്രീ മാത്യു ജോസഫ് – വൈസ്പ്രസിഡന്റ്
3.ശ്രീ മത്തായി ചാണ്ടി
4.ശ്രീ പ്രഭാകരൻ ചന്ദനപ്പാറ.
5.ശ്രീ തങ്കപ്പൻ കുറുമുള്ളിൽ
6.ശ്രീ ഷാഹുൽ ഹമീദ്
7.ശ്രീമതി അച്ചാമ്മ
8.ശ്രീ അയ്യപ്പൻ

1988–95

1.ശ്രീ സി.കെ. അബ്ദുൾ ഖാദർ– പ്രസിഡന്റ്
2.ശ്രീ ഒ.പി. മോഹനൻ – വൈസ്പ്രസിഡന്റ്
3.ശ്രീ മാരിമുത്തു
4.ശ്രീ മാത്യു ജോസഫ്
5.ശ്രീ ജേക്കബ് പുറ്റനാനി
6.ശ്രീ കെ. നാരായണൻനായർ
7.ശ്രീ പി.കെ. സദാശിവൻ
8.ശ്രീമതി വിജയ തങ്കപ്പൻ
9.ശ്രീമതി പങ്കജാക്ഷി

പുതിയ പഞ്ചായത്തു രാജ് നിയമം അനുസരിച്ച് 1995 സെപ്റ്റംബറിൽ നടന്ന തെരെഞ്ഞെടുപ്പിൽ താഴെപ്പറയുന്നവർ തെരഞ്ഞെടുക്കപ്പെട്ടു.

1.ശ്രീ ശ്രീമന്ദിരം ശശികുമാർ – പ്രസിഡന്റ്
2.കുര്യാക്കോസ് ചാക്കോ – വൈസ് പ്രസിഡന്റ്
3.ശ്രീ സി.എസ്. യശോധരൻ – സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ
4.ശ്രീ പി.എസ്. നന്ദമോഹനൻ
5.ശ്രീ. ജോയ് വർഗീസ്
6.ശ്രീ പി.ടി.നടരാജൻ
7.ശ്രീമതി ശോഭനാ വിജയൻ
8.ശ്രീമതി രാജശ്രീ രാമകൃഷ്ണൻ
9.ശ്രീമതി സോണിയ പോൾ
10.ശ്രീമതി ജാൻസി ജോർജ്

1996 ജൂലൈ 13ന് അവിശ്വാസ പ്രമേയം പാസായതിനെത്തുടർന്ന് ശ്രീ ശ്രീ മന്ദിരം ശശികുമാർ പ്രസിഡന്റു സ്ഥാനം രാജിവെക്കുകയും തുടർന്ന് ശ്രീ സി.എസ്. യശോധരൻ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. 20–7–96 മുതൽ അദ്ദേഹം പ്രസിഡന്റായി പ്രവർത്തിച്ചുവരുന്നു. 23–8–96 ൽ പി.എസ്. നന്ദമോഹനൻ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാനായി തെരഞ്ഞെടുക്കപ്പെട്ടു.

അധ്യായം 3
സാമൂഹ്യ സാംസ്കാരിക ചരിത്രം

അവിഭക്ത കോട്ടയം ജില്ലയുടെ ഭാഗമായിരുന്ന ഉടുമ്പൻചോല താലൂക്കിൽ പ്പെട്ട വണ്ടൻമേടു പഞ്ചായത്ത് വിഭജിച്ച് 1962 ൽ പാമ്പാടും പാറ പഞ്ചായത്ത് രൂപീകരിച്ചു.

പ്രാചീന കാലഘട്ടത്തിൽ ജനവാസം ഉണ്ടായിരുന്ന മേഖലയായിരുന്നു ഈ പഞ്ചായത്തിൽപ്പെട്ട പ്രദേശങ്ങൾ. പഞ്ചായത്തിലെ മുണ്ടിയെരുമ ക്യാൻസൽ ബ്ലോക്ക് ഭാഗത്തും നെല്ലിപ്പാറ, കൂമ്പൻപാറ, കുരമകം മെട്ട്, വിലയതോവാള എന്നീ സ്ഥലങ്ങളിലും പഴകാലത്തെ ശവക്കല്ലറകളും മൺഭരണികളും മറ്റും കണ്ടെടുത്തിട്ടുണ്ട്. ഈ നൂറ്റാണ്ടിന്റെ ആദിയിൽ മന്നാൻമാർ ഇവിടെ താമസം ഉറപ്പിച്ചിരുന്നു. സഹ്യസാനുക്കളിൽ ആനമുടിക്ക് 60 കി.മീ.തെക്കുമാറി തമിഴ്നാടിനോട് ചേർന്നു കിടക്കുന്ന ഈ മേഖല അക്കാലത്ത് വന്യമൃഗങ്ങൾ സൈരവിഹാരം നടത്തുന്ന വനപ്രദേശമായിരുന്നു.

കേണൽ മൺറോയുടെ ഭരണകാലത്ത് സുഗന്ധ വ്യഞ്ജന കൃഷിക്കുവേണ്ടിയാണ് ഈ മേഖലയിലേക്ക് ആദ്യമായി കടന്നു കയറ്റം നടന്നതെന്ന് കരുതപ്പെടുന്നു. മർഫി സായ്വിന്റെ നേതൃത്വത്തിൽ തമിഴ് തൊഴിലാളികളുടെ സഹായത്തോടെ പാമ്പാടുംപാറയിലേക്ക് വഴിതെളിക്കുകയും അവിടം കേന്ദ്രമാക്കി 1913 ൽ ഒരു ഏലത്തോട്ടം സ്ഥാപിക്കുകയും ചെയ്തു. ഈ തോട്ടങ്ങളിലേക്ക് കമ്പം, കോമ്പ, തേനി തുടങ്ങിയ പ്രദേശങ്ങളിൽ നിന്നും ധാരാളം ആളുകളെ കങ്കാണിമാരുടെ സഹായത്തോടെ എത്തിക്കുകയും അടിമകളെപ്പൊലെ പണിയെടുപ്പിക്കുകയും ചെയ്തുവന്നു.

1950കളിൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയായ വലിയതോവാള ഭാഗത്ത് മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിൽ നിന്നും മലയാളികൾ കുടിയേറിപ്പാർത്തു തുടങ്ങി. അക്കാലത്ത് കിഴക്കൻ മേഖലയിൽകൂടി തമിഴ്നാട്ടിലേക്ക് ഗതാഗത സൗകര്യം ഉണ്ടാവുകയും അത് ചൂഷണം ചെയ്തുകൊണ്ട് തമിഴ്നാട്ടിൽ നിന്നുള്ള വനംകൊള്ളക്കാർ വിലപിടിപ്പുള്ള തടികൾ കടത്തിക്കൊണ്ടുപോകുകയും വന്യമൃഗങ്ങളെ വേട്ടയാടിപ്പിടിക്കയും ചെയ്തുപോന്നു.

പഞ്ചായത്തിന്റെ വടക്കുഭാഗത്തുള്ള പാലാർ മേഖലയിൽ താമസമുറപ്പിച്ചിരുന്ന ആദിവാസികൾ തമിഴ് വനംകൊള്ളക്കാരിൽനിന്നും രക്ഷനേടാനായി പഞ്ചായത്തിന്റെ പടിഞ്ഞാറുഭാഗമായ തോവാള ഭാഗത്ത് കുടിയേറിപാർക്കുകയും ചെയ്തു. പടിഞ്ഞാറൻ മേഖലയിൽ നിന്നുണ്ടായ കുടിയേറ്റത്തിന്റെ ഭാഗമായി അവർക്ക് ഇന്നത്തെ മന്നാക്കുടി എന്നറിയപ്പെടുന്ന സ്ഥലത്തേക്ക് ഒതുങ്ങേണ്ടിവന്നു. 1920നോടുടുത്ത കാലഘട്ടത്തിൽ കാട്ടിൽ നഗ്നരായി ജീവിച്ചിരുന്ന ആദിവാസികളെ എസ്റ്റേറ്റുടമയായ സായ്വ് കാണാനിടയാകുകയും അവർക്ക് വസ്ത്രവും ഭക്ഷണസാധനങ്ങളും മറ്റും നൽകി ക്രമേണ കുടിയേറ്റക്കാരോട് അടുപ്പിക്കുകയും ചെയ്തു എന്ന് പഴമക്കാർ പറയുന്നു. ഈയടുത്ത കാലംവരെ തേനും മറ്റിതര വനവിഭവങ്ങളും ശേഖരിക്കയായിരുന്നു അവരുടെ മുഖ്യഉപജീവനമാർഗം. ഇന്നും മന്നാക്കുടിയിൽ രാജമന്നാനുമാത്രമാണ് ഭൂമിയുള്ളത്. മറ്റുള്ളവർക്ക് കയറിക്കിടക്കാൻ ഒരു കൂര മാത്രവും. കൂലിപ്പണിയും മറ്റും ചെയ്താണ് അപർ ഉപജീവനം നടത്തിപ്പോരുന്നത്. കോഴിമല രാജാവിന്റെ പ്രജകളായിട്ടാണ് ഇന്നും അവർ ജീവിക്കുന്നത്.

സ്വാതന്ത്ര്യം നേടിയകാലത്ത് ഏതാണ്ട് മൂവായിരം ഏക്കറോളം ഉൾക്കൊള്ളുന്ന പാമ്പാടുപാറ എസ്റ്റേറ്റിൽ മുവായിരത്തോളം തമിഴ് തൊഴിലാളികൾ പണിയെടുത്തു വന്നിരുന്നു. എസ്റ്റേറ്റ് ലയങ്ങളിലാണ് അവർ വസിച്ചുപോന്നത്. അക്കാലത്ത് ഏഷ്യയിലെ ഒന്നാമത്തേത് എന്നവകാശപ്പെടാവുന്ന ഏലത്തോട്ടമായിരുന്നു പാമ്പാടുംപാറ എസ്റ്റേറ്റ്. തൊഴിലാളികൾക്കാവശ്യമായ ഭക്ഷ്യധാന്യങ്ങൾ – അരി, ചോളം മുതലായവ കോമ്പയിൽനിന്നും കഴുതപ്പുറത്താണ് കൊണ്ടുവന്നിരുന്നത്. ബ്രിട്ടീഷുകാരുടെ കാലത്തുതന്നെ കുമളിയിൽനിന്നും മൂന്നാറ്റിലേക്ക് റോഡു നിർമിച്ചിരുന്നു.

രണ്ടാം ലോക മഹായുദ്ധകാലത്ത് കേരളത്തിൽ പട്ടിണി വ്യാപകമായ സമയത്താണ് ഹൈറേഞ്ചിലേക്ക് കുടിയേറ്റം ആരംഭിച്ചത്. 1947–ൽ കൊച്ചി രാജ്യത്തെ ഭക്ഷ്യവകുപ്പുമന്ത്രിയായിരുന്ന ഇക്കണ്ടവാര്യർ ഈ കുടിയേറ്റത്തെ പ്രോത്സാഹിപ്പിച്ചിരുന്നു. പട്ടിണിക്ക് അറുതിവരുത്താനായി തിരുക്കൊച്ചി സംസ്ഥാനത്ത് ആസൂത്രണം ചെയ്ത 'ഗ്രോമോർഫുഡ്' പദ്ധതിയുടെ കമ്മിറ്റി ചെയർമാനായിരുന്നു അദ്ദേഹം. ആ പദ്ധതി പ്രകാരമാണ് ഉപ്പുതറയിലും മേരികുളത്തും കാഞ്ചിയാറ്റിലും കട്ടപ്പനയിലുമെല്ലാം കുടിയേറ്റമുണ്ടായത്.

ഈ കാലയളവിൽ തമിഴ്നാടിനോട് ചേർന്നുകിടന്നിരുന്ന പ്രദേശങ്ങളിൽ വൻതോതിൽ വനംകൊള്ള നടന്നുവന്നിരുന്നു. 1955–ൽ ശ്രീ. പട്ടംതാണുപിള്ള തിരുക്കൊച്ചി മുഖ്യമന്ത്രിയായിരുന്നപ്പോൾ 'കോളനൈസേഷൻ സ്കീമി'ൽ ഉൾപ്പെടുത്തി കോട്ടയം ജില്ലയുടെ കിഴക്കൻ അതിർത്തി പ്രദേശങ്ങളിലെ അഞ്ചുനാടുകൾ–കല്ലാർ, കാന്തല്ലൂർ, മായൂർ, കൊട്ടാംകൊമ്പൂർ, വട്ടവട എന്നിവിടങ്ങൾ ഭൂരഹിതരായ നാട്ടുകാർക്ക് പതിച്ചുകൊടുക്കുന്നതിന് തീരുമാനിച്ചു. അതനുസരിച്ച് ജനങ്ങളിൽ നിന്ന് അപേക്ഷ സ്വീകരിക്കയും സ്ഥലം അളന്നു തിട്ടപ്പെടുത്തുന്നതിന് ഭൂസർവ്വേ സംഘത്തെ അയയ്ക്കുകയും ചെയ്തു.

ആദ്യ കോളനിയായി തെരഞ്ഞെടുക്കപ്പെട്ടത് കല്ലാർ കോളനിയായിരുന്നു. കോളനൈസേഷൻ സ്കീമിന്റെ സ്പെഷ്യൽ ഓഫീസറായി പ്രവർത്തിച്ചിരുന്നത് ശ്രീ. പി.സി. അലക്സാണ്ടറായിരുന്നു. ഭാഷാടിസ്ഥാനത്തിലുള്ള സംസ്ഥാന പുനഃസംഘടന നടപ്പിലാവുമ്പോൾ ഈ പ്രദേശങ്ങൾ നഷ്ടപ്പെടരുത് എന്നൊരു ലക്ഷ്യവും കോളനൈസേഷന്റെ പിന്നിലുണ്ടായിരുന്നുവെന്നും പറയപ്പെടുന്നു.

ശ്രീപട്ടംതാണുപിള്ള 1955 ജനുവരിയിൽ ഈ പ്രദേശത്ത് പൈലറ്റ് കോളനി അനുവദിച്ച് ഉത്തരവായി. കോളനൈസേഷന്റെ ചുമതലയുള്ള മന്ത്രി ശ്രീ. പി.കെ. കുഞ്ഞുസാഹിബ് 1955 ജനുവരി 20–ാം തീയതി കോളനിയുടെ ഉദ്ഘാടനം കല്ലാർ ക്യാമ്പ് ഷെഡ്ഡിൽവച്ച് നിർവഹിച്ചു. 200 ബ്ലോക്കുകളാണ് ആദ്യഘട്ടത്തിൽ അനുവദിച്ചത്. ഓരോരുത്തർക്കും അഞ്ചേക്കർ ഭൂമി വീതമാണ് അളന്നു തിട്ടപ്പെടുത്തി നൽകിയിരുന്നത്. കോളനി അനുവദിച്ചുകിട്ടിയ ആളുകൾക്ക് ഈ പ്രദേശത്ത് എത്തിച്ചേരുക എന്നത് ഏറെ ദുഷ്കരമായിരുന്നു. ആദ്യകാലത്ത് വണ്ടൻമേട്ടിൽ നിന്നും ദേവികുളത്തുനിന്നും കാൽനടയായി യാത്രചെയ്താണ് കോളനി പ്രദേശത്ത് ആളുകൾ എത്തിയിരുന്നത്. വന്യമൃഗങ്ങളുടെ ആക്രമണം, അതിശൈത്യം, ഭക്ഷ്യ ദൗർലഭ്യം, രോഗങ്ങൾ, പണിയായുധങ്ങളുടെ കുറവ്, പാർപ്പിട നിർമാണത്തിനുള്ള ബുദ്ധിമുട്ട്, സാമ്പത്തിക പരാധീനത എന്നിവയെല്ലാം ആദ്യകാല കുടിയേറ്റക്കാർക്ക് നേരിടേണ്ടിവന്ന പ്രശ്നങ്ങളാണ്.

സ്വന്തമായി ഒരുപിടി മണ്ണിൽ അധ്വാനിച്ചു ജീവിക്കുവാനും അതിലൊരു കൂരവച്ച് അന്തിയുറങ്ങാനുമുള്ള ഉത്ക്കടമായ ആഗ്രഹവുമായി വന്ന പലരും ഇവിടുത്തെ സ്ഥിതിയിൽ ഭയവിഹ്വലരായി പിന്തിരിഞ്ഞു എന്നതും പ്രസ്താവ്യമാണ്. ഈ വൈതരണികളെ സുധീരം ഒറ്റക്കെട്ടായി നേരിടുകയും പ്രകൃതിയേയും വന്യമൃഗങ്ങളേയും കീഴ്പ്പെടുത്തുകയും ഭരണാധികാരികളിൽ നിന്നും അവകാശങ്ങളും ആനുകൂല്യങ്ങളും പിടിച്ചുപറ്റുകയും ചെയ്യുന്നതിനായി അക്ഷീണം, അനവരതം, കൈയ്മെയ് മറന്ന് ഒരുമയോടെ പോരാടിയ ഒരുതലമുറ നേടിയ നേട്ടങ്ങളാണ് ഇന്നത്തെ കോളനിക്കുള്ളതെല്ലാം ഈ പോരാട്ടത്തിനിടയിൽ

തകർന്നടിഞ്ഞവരും നിരവധിയത്രെ. കാട്ടാനയുടെ ചവിട്ടേറ്റ് മരിച്ചവരും ഇക്കൂട്ടത്തിലുണ്ട്.

വന്യമൃഗങ്ങളെ പേടിച്ച് ജനങ്ങൾ മരത്തിന്റെ മുകളിൽ ഏറുമാടം ഉണ്ടാക്കി അതിലാണ് ആദ്യകാലങ്ങളിൽ താമസിച്ചിരുന്നത്.

നാല് ഘട്ടങ്ങളിലായി അനുവദിച്ച 1400 ബ്ലോക്കുകളിൽ 1/3 ഭാഗം ഈ പഞ്ചായത്തിന്റെ പരിധിയിൽ ഉൾപ്പെടുന്നുണ്ട്. 1-ാം ക്യാമ്പിന്റെ (മുണ്ടിയെരുമ)യും 3-ാം ക്യാമ്പിന്റെയും ആസ്ഥാനം ഈ പഞ്ചായത്തിൽ തന്നെയാണ്. ഓരോ ക്യാമ്പിലും പൊതു ആവശ്യത്തിനായി 25 ഏക്കറോളം സ്ഥലം നീക്കിവച്ചിരുന്നു. വിവിധ ആരാധനാലയങ്ങൾ ചേർന്ന് സ്ഥിതിചെയ്യുന്ന അപൂർവ്വ കാഴ്ച കോളനിപ്രദേശത്തുണ്ട്. ആദ്യക്യാമ്പായ മുണ്ടിയെരുമയിൽ ഭൂസർവ്വേ ടീം ട്രെഞ്ച്കുഴിച്ച് ഷെഡ്ഡ് കെട്ടി താമസിച്ചിരുന്ന സ്ഥലത്താണ് ഇന്ന് കല്ലാർ എൽ.പി. സ്കൂൾ സ്ഥിതി ചെയ്യുന്നത്. കോളനിയിൽ എത്തിച്ചേർന്ന ആദ്യസംഘങ്ങളും ഈ ഷെഡ്ഡിനുള്ളിൽ തന്നെയാണ് രാത്രികാലങ്ങളിൽ കഴിച്ചുകൂട്ടിയിരുന്നത്. അന്നത്തെ സംഘബോധം കോളനിയുടെ പുത്തൻതലമുറയ്ക്ക് ഉണ്ടോ എന്ന് പഴമക്കാർ സംശയിക്കുന്നു.

കോളനിയിൽ ജനവാസം ഉറച്ചതോടെ സംസ്ഥാനത്തിന്റെ വിവിധ പ്രദേശങ്ങളിൽ നിന്നായി ഭൂമി കൃഷിചെയ്യാൻ അലോട്ട് ചെയ്ത് കിട്ടാത്തവർ ഈ പ്രദേശത്തേക്ക് വരികയും സർക്കാർ അളന്ന് തിട്ടപ്പെടുത്താത്ത മറ്റു ഭൂപ്രദേശങ്ങളിൽ കുടിയേറി പാർപ്പുറപ്പിക്കുകയും ചെയ്തു. തങ്ങൾക്ക് പതിച്ചുകിട്ടിയ അഞ്ച് ഏക്കർ ഭൂമി വെട്ടിത്തെളിച്ച് കൃഷിയോഗ്യമാക്കുക എന്ന വെല്ലുവിളിയാണ് ആദ്യം കോളനി നിവാസികൾക്ക് ഏറ്റടുക്കേണ്ടിവന്നത്. ഓരോരുത്തരും സ്വന്തം ഭൂമി, സ്വന്തമായി വെട്ടിത്തെളിക്കലായിരുന്നില്ല, മറിച്ച് ഓരോ പ്രദേശത്തും ഭൂമി കിട്ടിയവർ ഒത്തു ചേർന്ന് കാട് വെട്ടിതെളിച്ച് കൃഷി ഇറക്കുകയാണ് ചെയ്തത്. മാറ്റാൾ പണി എന്ന് പറയപ്പെടുന്ന പരസ്പര സഹകരണത്തിന്റെയും സഹായത്തിന്റേതുമായ ഒരു പൂത്തൻ പാതയാണ് അവർ സ്വീകരിച്ചത്. നെല്ലും കപ്പയുമായിരുന്നു ആദ്യം കൃഷിയിറക്കിയിരുന്നത്. തങ്ങളുടെ അധ്വാനം കാട്ടാനകൾ ചവിട്ടിമെതിക്കാതിരിക്കുവാൻ അവർ സഹിച്ചയാതനകൾ നിരവധിയാണ്. ദാരിദ്രം മൂലം ആദികാലത്ത് പട്ടിണിമരണങ്ങൾ ഏറെ ഉണ്ടായിട്ടുണ്ട്.

കോളനിയിൽ ഭൂമി ലഭിച്ച ആളുകൾക്ക് കന്നുകാലികളെ വാങ്ങുന്നതിനും കൃഷിയിറക്കുന്നതിനുമായി സർക്കാർ 900/- വീതം വായ്പ അനുവദിച്ചു. എങ്കിലും തുകയുടെ 1/10 പോലും യഥാസമയങ്ങളിൽ ലഭിയ്ക്കാതിരുന്നപ്പോൾ ജനങ്ങളനുഭവിച്ച ദുരിതങ്ങൾ വർണ്ണനാതീതമാണ്. സർക്കാർ വായ്പ യഥാസമയം ലഭ്യമാക്കുക, ചാക്കും, സിമന്റും ഉപയോഗിച്ച് 'റ' മോഡൽ വീട് വയ്ക്കുന്ന പദ്ധതി ഉപേക്ഷിക്കുക, വീടു വയ്ക്കുന്നതിന് ധനസഹായം അനുവദിക്കുക, ലോൺതുക വർധിപ്പിക്കുക, വിതരണത്തിലെ ക്രമക്കേടുകൾ അവസാനിപ്പിക്കുക, എന്നീ ആവശ്യങ്ങൾ ഉന്നയിച്ച് 1957-ൽ കോളനിയിൽ നിന്നും 25 പേർ അടങ്ങുന്ന ഒരു സംഘം തിരുവനന്തപുരത്തേക്ക് 'പട്ടിണിമാർച്ച്' നയിച്ചു. മാർച്ച് കോട്ടയത്ത് എത്തിയപ്പോൾ പ്രശ്നം അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ശ്രദ്ധയിൽപെടുകയും മുഖ്യമന്ത്രിയുടെ അഭ്യർത്ഥനപ്രകാരം കോട്ടയത്തു മാർച്ച് അവസാനിപ്പിക്കുകയും സംഘം തിരുവനന്തപുരത്ത് എത്തി മുഖ്യമന്ത്രിയുമായി ചർച്ച നടത്തുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ ലോൺ തുക 2000 ആക്കി വർദ്ധിപ്പിക്കുകയും ചെയ്തു. മുഖ്യമന്ത്രിയുടെ നിർദ്ദേശപ്രകാരം വകുപ്പ് മന്ത്രിയായിരുന്ന ശ്രീ.പി.കെ.ചാത്തൻമാസ്റ്റർ കോളനി സന്ദർശിക്കുകയും പ്രശ്നങ്ങൾ പഠിക്കുകയും ലോൺ വിതരണം സുഗമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. ഒരു വർഷത്തിനുള്ളിൽ മുഴുവൻ കർഷകർക്കുകയും ലോൺ തുക ലഭ്യമാവുകയും ചെയ്തു.

ഉടുമ്പൻ ചോലയിൽ സ്ഥിതി ചെയ്യുന്ന താലൂക്ക് ആഫീസും കോടതിയും ജനങ്ങൾക്ക് സൗകര്യപ്രദമായി നെടുംങ്കണ്ടത്തേക്ക് മാറ്റി സ്ഥാപിക്കുന്നതിനും കോളനി നിവാസികൾ വഹിച്ച പങ്ക് നിർണായകമായിരുന്നു.

1962-ൽ ദീർഘകാല പലിശയില്ലാ വായ്പയായ തുക ഒന്നിച്ച് തിരിച്ചടയ്ക്കണമെന്നുള്ള സർക്കാർ ഉത്തരവിനെതിരായി കോളനി നിവാസികൾ ഒന്നടങ്കം ധീരോദാത്തമായി പോരാടി സമരത്തിന്റെ ആദ്യഘട്ടമായി ശ്രീ. സി.കെ. കൊച്ചുപിള്ളപ്പണിക്കർ, പി.കെ. കൃഷ്ണൻ നായർ എന്നിവർ സൂചനാ സത്യാഗ്രഹം നടത്തി. തുടർന്ന് ശ്രീ. എം.ആർ. ദാമോദരൻ അനിശ്ചിതകാല നിരാഹാര സത്യാഗ്രഹം അനുഷ്ഠിച്ചു. ഏതാനും ദിവസങ്ങൾ കഴിഞ്ഞപ്പോൾ കോളനിയിൽ ആകെ സമരതീ ആളിപ്പടർന്നു..കോളനി നിവാസികൾ ആബാലവൃദ്ധം അണിനിരന്ന താലൂക്ക് ആഫീസ് മാർച്ച് കോളനിയുടെ ചരിത്രത്തിൽ ഇന്നോളം ഉണ്ടായിട്ടുള്ള ജനമുന്നേറ്റങ്ങളിൽ അദ്വിതീയമാണ്. പതിനേഴാം ദിവസം ശ്രീ. എം.ആർ. ദാമോദരനെ അറസ്റ്റുചെയ്യുകയും തുടർന്ന് പി.കെ. കൃഷ്ണൻ നായർ നിരാഹാരം ആരംഭിക്കുകയും ചെയ്തു. റിക്കവറി നടപടികൾ നിർത്തിവെച്ച് ലോണുകൾ ഏകീകരിച്ച് 20 വർഷംകൊണ്ട് അവ 100 രൂപ ഗഡുക്കളായി അടയ്ക്കുവാനുള്ള തീരുമാനം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ സമരം അവസാനിപ്പിച്ചു. കൂടാതെ കല്ലാർ-രാമക്കൽമേട് റോഡ് മെറ്റൽ ചെയ്ത് ഗതാഗത യോഗ്യമാക്കുന്നതിനുള്ള തീരുമാനവും ഉണ്ടായി.

വലിയ തോവാള ഭാഗത്ത് കുടിയേറ്റ കർഷകർക്ക് വനപാലകരുടെയും മറ്റുദ്യോഗസ്ഥന്മാരുടെയും നിരന്തര കുടിയിറക്കു ഭീഷണി നിലനിന്നിരുന്നു.

കൈവശ ഭൂമിക്ക് പട്ടയം നേടിയെടുക്കുവാനുള്ള പോരാട്ടമാണ് പിന്നീട് ഉണ്ടായത്. ആ സമരം താത്കാലികമായി അവസാനിപ്പിച്ചത് 1968-ൽ പട്ടയം നൽകുവാനുള്ള സർക്കാർ തീരുമാനത്തോടെയാണ്. കോളനൈസേഷൻ സ്കീമിൽപ്പെട്ട സ്ഥലങ്ങൾക്ക് പട്ടയം നൽകുന്ന പ്രവർത്തനത്തിന്റെ ഔപചാരിക ഉദ്ഘാടനം നെടുംങ്കണ്ടത്ത് വച്ച് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ഇ.എം.എസ്. ആണ് നിർവഹിച്ചത്. കുടിയേറ്റ കർഷകർക്ക് പട്ടയം ലഭ്യമാക്കുന്നതിന് മുൻനിന്ന് പ്രവർത്തിച്ച ശ്രീ കെ.ടി. ജേക്കബിന്റെ പേരും സ്മരണീയമാണ്.

സന്നദ്ധ പ്രവർത്തനം

കൂട്ടായ്മയുടേയും സംഘബോധത്തിന്റെയും നിരവധി ഏടുകൾ കോളനിയുടെ ചരിത്രത്തിൽ എങ്ങും കാണാം. അവയിൽ എടുത്തു പറയേണ്ട പ്രവർത്തനമാണ് കല്ലാർപട്ടം കോളനിയിലെ ഗവ. ഡിസ്പെൻസറിയോട് അനുബന്ധിച്ച് 75000 രൂപയോളം മുടക്കി 1971-ൽ നാട്ടുകാർ പണിപൂർത്തിയാക്കിയ 100 അടി നീളവും 20 അടി വീതിയുമുള്ള 20 കിടക്കകളിടാവുന്നതുമായ ആശുപത്രിയുടെ വാർഡ്. 1971 ജൂൺ മാസം 21ന് വാർഡിന്റെ പണിപൂർത്തിയായി. ശ്രീ കെ. ശ്രീനിവാസ പൈ പ്രസിഡന്റും കെ.ജെ. ജോൺ സെക്രട്ടറിയും പാമ്പാടും പാറ പഞ്ചായത്ത് പ്രസിഡന്റ് ജോർജ് ജോസഫ് ഖജാൻജിയുമായ 31 അംഗ കമ്മിറ്റിയാണ് (ആശുപത്രി സമുദ്ധാരണ കമ്മിറ്റി) നിർമാണത്തിന് നേതൃത്വം നൽകിയത്. അന്നത്തെ മെഡിക്കൽ ഓഫീസർ ആയിരുന്ന ഡോക്ടർ എൻ. വിദ്യാധരന്റെ സേവനവും എടുത്തു പറയേണ്ടതാണ്. ഉടുമ്പൻ ചോല മേഖലയിലെ ഏക സർക്കാർ ആശുപത്രിയും കല്ലാർ ഗവ. ഡിസ്പെൻസറി മാത്രമായിരുന്നു.

താരതമ്യേന ഗതാഗത സൗകര്യം കുറവായ ഈ പഞ്ചായത്തിലെ മൂന്ന് പി.ബ്ല്യു.ഡി. റോഡുകൾ ഒഴികെ മറ്റു റോഡുകൾ എല്ലാം തന്നെ നാട്ടുകാരുടെ പരിശ്രമം മൂലം ഉണ്ടായതാണ്. 1955-ൽ തന്നെ കുമളി ദേവികുളം റൂട്ടിൽ 'സ്വരാജ്' എന്ന ബസ് സർവീസ് ആരംഭിച്ചു. കോളനിയിൽ ആദ്യമായി ഒരു സ്കൂൾ ഉണ്ടായത് 1956-ൽ മുണ്ടിയെരുമയിൽ ആയിരുന്നു.

ആദ്യകാലത്ത് വണ്ടൻമേട് പോസ്റ്റ് ഓഫീസിന്റെ പരിധിയിലായിരുന്നു ഈ പ്രദേശം. പിന്നീട് മുണ്ടിയെരുമയിൽ കല്ലാർ പോസ്റ്റ് ഓഫീസ് ആരംഭിച്ചു. 1961-ൽ മുണ്ടിയെരുമ സ്കൂൾ ഹൈസ്കൂൾ ആക്കുന്നതിന് ഉത്തരവ് ആയി.

പാമ്പാടും പാറ ഉൾപ്പെടുന്ന പ്രദേശത്തെ പ്രധാനകൃഷി അന്നും ഇന്നും ഏലം തന്നെയാണ്. കുടിയേറ്റ മേഖലകളിൽ നെല്ലും കപ്പയും കരിമ്പും ആയിരുന്നു ആദ്യകാലകൃഷികൾ. തുടർന്ന് കുരുമുളക്, കാപ്പി, എന്നീ നാണ്യ വിളകൾക്ക് പ്രമുഖ്യം ലഭിച്ചു. ഇടക്കാലത്ത് പുൽത്തൈലം ഉത്പാദിപ്പിക്കുന്നതിന് വേണ്ടി 'തെരുവപ്പുൽ' കൃഷിയും കുടിയേറ്റക്കാർ പരീക്ഷിക്കുകയുണ്ടായി. തുടർന്ന് തെങ്ങ്, കമുക് തുടങ്ങിയ കൃഷികളും കോളനി പ്രദേശത്ത് വ്യാപകമാക്കി.

കുടിയേറ്റകാലങ്ങളിൽ ശ്രീ. ടി.കെ. വാസു, കെ.ജെ. ജോൺ, എം.ആർ. ദാമോദരൻ, ഡി. സഹദേവൻ, എം.പി. തോമസ്, പി.കെ.എം. പണിക്കർ, കാളിയാർ പത്മനാഭൻ, എൻ. പുഷ്പാംഗദൻ, കെ.ജി. സത്യവ്രതൻ തുടങ്ങിയവർ ആയിരുന്നു ആദ്യകാല കമ്യൂണിസ്റ്റ് നേതാക്കൾ.

എം.എസ്. ഗോപാലകൃഷ്മൻ നായർ, പി.എം. ജോസഫ് (മുണ്ടക്കയം പാപ്പി) വി. കൃഷ്ണൻ, അബ്ദുൾ റഹ്മാൻ (കോൺഗ്രസ് കാക്ക) കാർത്തികേയപ്പണിക്കർ മുസ്തഫാ റാവുത്തർ, വി.എ. ഇസ്മായൽ റാവുത്തർ എന്നിവർ ആയിരുന്നു കോൺഗ്രസിന്റെ നേതാക്കൻമാർ. ഇ.വി. ജോസഫ് ഇടയാലിൽ, ജോസഫുകുട്ടി കപ്പിലുമാക്കൽ, ജോർജ് ജോസഫ് തുടങ്ങിയവർ ആദ്യം കോൺഗ്രസിലും പിന്നീട് കേരളാ കോൺഗ്രസിലും പ്രവർത്തിച്ച നേതാക്കളായിരുന്നു.

ശ്രീനിവാസപൈ, കെ.പി. കൃഷ്ണൻനായർ, പി.എ. റഹിം സാഹിബ് എന്നിവർ പി.എസ്.പി.യുടെ നേതാക്കൻമാർ ആയിരുന്നു.

കേരളത്തിലെ പഴയകാല നേതാക്കൾ എല്ലാം തന്നെ ആദ്യകാലത്ത് കോളനി സന്ദർശിച്ചിട്ടുണ്ട്. ശ്രീ. പട്ടംതാണുപിള്ള, ശ്രീ. ഇ.എം.എസ്. നമ്പൂതിരിപ്പാട്, എ.കെ. ഗോപാലൻ, റോസമ്മ പുന്നൂസ്, ആർ. ശ്രീകണ്ഠൻനായർ തുടങ്ങിയവർ ഇതിൽ ഉൾപ്പെടുന്നു.

ഈ മേഖലയിലെ ആദ്യത്തെ സഹകരണ സംഘം ''വിവിധോദ്ദേശ സഹകരണ സംഘം'' എന്ന പേരിൽ 1957-ൽ സ്ഥാപിക്കപ്പെട്ടു. അതിന്റെ സ്ഥാപക പ്രസിഡന്റ് കാളിയാർ പത്മനാഭനും സെക്രട്ടറി പി.കെ.എം. പണിക്കരും ആയിരുന്നു. 1958ൽ സ്ഥാപിക്കപ്പെട്ട ''കർഷകമിത്രം ഗ്രന്ഥശാല ആന്റ് ക്ലബ്'' ആണ് പഞ്ചായത്തിലെ ആദ്യത്തെ സാംസ്കാരിക പ്രസ്ഥാനം. അതിന്റെ സ്ഥാപക പ്രസിഡന്റ് അന്നത്തെ കോളനി വെൽഫെയർ ഓഫീസറായിരുന്ന ശ്രീ. ജോണും സെക്രട്ടറി എം.കെ. അബ്ദുൾ ജലീലുമായിരുന്നു. താലൂക്കിലെ ആദ്യത്തെ സിനിമാശാല സ്ഥാപിക്കപ്പെട്ടത് പാമ്പാടും പാറയിൽ ആയിരുന്നു.

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും, പ്രത്യേകിച്ചും മധ്യ-തെക്കൻ കേരളത്തിൽ നിന്നും കുടിയേറിപ്പാർത്തവരാണ് പഞ്ചായത്തിലെ ഭൂരിപക്ഷവും. 60കളിൽ തന്നെ കേരളത്തിന്റെ ഒരു കൊച്ചു പതിപ്പായിരുന്നു പട്ടം കേളനിയിൽ ഉൾപ്പെടുന്ന പ്രദേശങ്ങൾ. നാനാജാതി മതസ്ഥർ വിവിധ രാഷ്ട്രീയ പ്രസ്ഥാനങ്ങളിൽ വിശ്വസിക്കുന്നവർ തമിഴരും മലയാളികളും ഏകോദര സഹോദരങ്ങളെപ്പോലെ കഴിഞ്ഞുപോരുന്ന ഒരുഗ്രാമം. കന്നിമണ്ണിനെ പൊന്നാക്കിമാറ്റാൻ കൂട്ടായ്മയുടെ ഉലയിൽ തീയൂതി ജീവിതം തന്നെ ഹോമിച്ച ഒരു തലമുറയെ നന്ദിയോടെ സ്മരിക്കാൻ ഈയവസരം ഉപയോഗിക്കട്ടെ. അവർ വെട്ടിത്തെളിച്ച പാതയിലൂടെ സഹകരണത്തിന്റെയും ഐക്യത്തിന്റെയും സന്ദേശവനത്തിന്റെയും കണ്ണികൾ കോർത്തിണക്കി മുന്നേറുമെന്ന പ്രതിജ്ഞയെടുത്തുകൊണ്ട് നമുക്കു പ്രവർത്തിക്കാം.

സ്ഥലനാമ ചരിത്രം

1. മുണ്ടിയെരുമ

തമിഴ്നാട്ടിൽ നിന്നും കന്നുകാലികളെകൊണ്ടുവന്ന് താവള മടിച്ചിരുന്ന ഒരു പ്രദേശം. കാലി മേയ്ക്കുന്നവർ അംഗവൈകല്യം സംഭവിച്ച ഒരു എരുമയെ ഉപേക്ഷിച്ചുപോയി. ഞൊണ്ടി എരുമയെക്കാണപ്പെട്ട സ്ഥലം ഞൊണ്ടിയെരുമ എന്നും പിൽക്കാലത്ത് മുണ്ടിയെരുമ എന്നും അറിയപ്പെട്ടു എന്നാണ് ഒരു മതം. തോട്ടങ്ങൾ വച്ചുപിടിപ്പിക്കുന്നതിനായി ബ്രട്ടീഷുകാർ മനോഹരമായ കുന്നുകൾ നിറഞ്ഞ ഈ പ്രദേശത്തെ 'മൗണ്ടി അരീന' എന്നുവിളിക്കുകയും പിൽക്കാലത്ത് അത് മുണ്ടിയെരുമ എന്ന് അറിയപ്പെടുകയും ചെയ്തു എന്നും അഭിപ്രായമുണ്ട്.

2. പാമ്പാടും പാറ

ഏലകൃഷി ആരംഭിക്കുന്നകാലത്ത് ഘോരവനമായിരുന്ന പ്രദേശം അതിശൈത്യം അനുഭവപ്പെട്ടിരുന്ന അക്കാലത്ത് പാമ്പുകൾ ഇളംവെയിൽ കൊള്ളുന്നതിന് പാറയുടെ മുകളിൽ കയറി കിടക്കുന്നതു പതിവായിരുന്നു. ആളുകൾ ആ പ്രദേശത്തെ പാമ്പാടും പാറ എന്ന് പേർ നൽകി, കുമളി-മൂന്നാർ റോഡ് നിർമിക്കുന്ന കാലത്ത് ഈ പ്രദേശത്തുണ്ടായിരുന്ന ഒരു പാറയിൽ പാമ്പിന്റെ രൂപം ഉണ്ടായിരുന്നു എന്നും അതിൽ നിന്നാണ് പാമ്പാടും പാറ എന്ന പേർ ഉണ്ടായതെന്നും അഭിപ്രായമുണ്ട്.

3. തോവാള

തേവരുടെ (മല ദൈവം) വാൾ സൂക്ഷിച്ചിരുന്ന സ്ഥലം പിന്നീട് തോവാള ആയിമാറി. ആദിവാസി ജനത പാർത്തിരുന്ന ഒരു പ്രദേശമായിരുന്നു തോവള.

4. ചേമ്പളം

താഴ്വാരങ്ങളിൽ ധാരാളം കാട്ട് ചേമ്പ് സമൃദ്ധിയായി വളർന്നിരുന്നതിനാൽ ചേമ്പിൻ പള്ളം എന്റിയപ്പെട്ടിരുന്ന സ്ഥലം പിന്നീട് ചേമ്പളം ആയി അറിയപ്പെട്ടു.

5. ആദിയാർപുരം

ആദിദ്രാവിഡരുടെ വാസസ്ഥലം, ആദി ദ്രാവിഡപുരം, ആദിയാർപുരം എന്നായിമാറി.

6. ബാലഗ്രാം

കോട്ടയം ജില്ലയിലെ മാങ്ങാനത്തുള്ള ക്രൈസ്തവ ആശ്രമത്തോടനുബന്ധിച്ചുള്ള ബാലഗ്രാമത്തിലെ അന്തേവാസികളായ പ്രായപൂർത്തിയായ 10 പേർക്ക് കോളനൈസേഷൻ സ്കീം പ്രകാരം 10 ബ്ലോക്കുകൾ അനുവദിച്ചു. ആശ്രമാധിപൻ റവ. കെ.കെ. ചാണ്ടിയുടെ നേതൃത്വത്തിലുള്ള ഒരുസംഘം ആശ്രമവാസികൾ ഇവരെ സഹായിക്കുന്നതിന് വേണ്ടി ഇവിടെ എത്തിയിരുന്നു. പ്രദേശത്തെ അവർ ബാലനഗർ എന്ന് നാമകരണം ചെയ്യുകയും പിൽക്കാലത്ത് ഈ സ്ഥലം 'ബാലഗ്രാം' എന്ന് അറിയപ്പെടുകയും ചെയ്തു.

7. പട്ടം കോളനി

പട്ടം താണുപിള തിരു-കൊച്ചി മുഖ്യമന്ത്രിയായിരുന്ന സമയത്ത് ഈ പ്രദേശം കോളനൈസേഷൻ സ്കീമിൽ ഉൾപ്പെടുത്തി നട്ടുകാർക്ക് പതിച്ചുകൊടുത്തു. അദ്ദേഹത്തോടുള്ള ബഹുമാനാർഥം ജനങ്ങൾ ഈ പ്രദേശത്തിന് പട്ടം കോളനി എന്നു പേർ നൽകി. ഒരുപക്ഷേ ഇത്തരത്തിലൊരു ശ്രമം അദ്ദേഹം നടത്തിയില്ലായിരുന്നുവെങ്കിൽ ഈ പ്രദേശം കേരളത്തിന്റെ ഭാഗമാകുമായിരുന്നില്ല.

8. തേർഡ് ക്യാമ്പ്

കോളനി ലഭിച്ചുവന്ന കർഷകർക്ക് കൂട്ടമായി താമസിക്കുന്നതിനുവേണ്ടി പലസ്ഥലങ്ങളിലായി സങ്കേതങ്ങൾ നിർമിച്ചിരുന്നു. കാട്ടാനകളും മറ്റുമൃഗങ്ങളും കടന്നുകയറി ആക്രമിക്കാതിരിക്കുന്നതിന് നാലുവശവും ആഴവും വിസ്തൃതവുമായ കുഴികൾകുഴിച്ച് അതിന്റെ മധ്യഭാഗത്തായി ആളുകൾ താമസിച്ചിരുന്നു. ഇതിനെ വിളിച്ചിരുന്നത് 'ട്രഞ്ച്' എന്നായിരുന്നു. ഇത്തര

ത്തിലുള്ള മൂന്നാമത്തെ ക്യാമ്പായിരുന്ന ഈ സ്ഥലം ആദികാലങ്ങളിൽ ട്രെഞ്ചുഗൽ എന്നും പിന്നീട് തേർഡ് ക്യാമ്പെന്നും അറിയപ്പെടുവാൻ തുടങ്ങി.

അവലംബം – നാട്ടറിവ്

അധ്യായം 4

ഭൂപ്രകൃതി

പശ്ചിമഘട്ടത്തിന്റെ കിഴക്കൻ അതിർത്തിയിൽ ആനമുടിക്ക് 60 km തെക്കായി സമുദ്രനിരപ്പിൽനിന്നും ശരാശരി 950 മീറ്റർ ഉയരത്തിൽ സ്ഥിതി ചെയ്യുന്ന ഒരു പ്രദേശമാണ് പാമ്പാടും പാറ ഗ്രാമപഞ്ചായത്ത്. ഭൂപ്രകൃതി, പൊതുവെ പറഞ്ഞാൽ കുന്നിൽ പ്രദേശങ്ങളാണ്. വടക്ക് കല്ലാർ മെട്ടുമുതൽ തെക്ക് പുളിയന്മലവരെ നീണ്ടുകിടക്കുന്ന ഒരു പർവത നിരയും അതിന്റെ പാർശ്വങ്ങളിലെ ചരിവും ചെറുകുന്നുകളും ചേർന്നതാണ് ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതി. ഏറ്റവും ഉയരംകൂടിയ ഭാഗം 1138 മീറ്റർ ഉയരമുള്ള പുവേഴ്സ് മൗണ്ട് ആണ്. അന്യാർതൊളു, പത്തിനിപ്പാറ, പാമ്പാടും പാറ കുരിശുമല, മുണ്ടിയെരുമ കുരിശുമല എന്നീ മലകൾ 1000 മീറ്ററിൽ കൂടുതൽ ഉയരമുള്ളവയാണ്. ഏറ്റവും താണ പ്രദേശമായ മുണ്ടിയെരുമ സമുദ്രനിരപ്പിൽ നിന്നും 832 മീറ്റർ ഉയരത്തിലാണ്. മുന്ന് ഉയർന്ന പീഠഭൂമി പ്രദേശങ്ങളായ അന്യാർതൊളു, പത്തിനിപ്പാറ, പാമ്പാടുംപാറ പ്രദേശങ്ങൾ പീഠഭൂമി പ്രകൃതിയുള്ളതാണ്. ഈ പ്രദേശങ്ങളിൽ ചരൽകലർന്ന ഫലഭൂവിഷ്ഠമല്ലാത്ത മണ്ണാണ് ഉള്ളത്. കുത്തനെയുള്ള ചരിവുകളും പാറക്കെട്ടുകളും നിറഞ്ഞ പ്രദേശങ്ങൾ പഞ്ചായത്തിൽ ഏറെയുണ്ട്. ശക്തമായ മണ്ണൊലിപ്പ് മൂലം ഫലഭൂവിഷ്ഠമായ മേൽമണ്ണ് ഈ പ്രദേശത്തുനിന്നും നഷ്ടപ്പെട്ടു കൊണ്ടിരിക്കുന്നു. മരങ്ങളും ചെടികളും വെട്ടിനശിപ്പിച്ച് കൃഷി ചെയ്യുന്നതാണ് മണ്ണൊലിപ്പിന് കാരണം. ഈ ഭാഗങ്ങളിൽ ഉരുൾപൊട്ടൽ സാധാരണയായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ചെറിയ ചെരുവു പ്രദേശം കുത്തനെയുള്ള പ്രദേശങ്ങളെ അപേക്ഷിച്ച് കുറവാണ്. ഈ പ്രദേശങ്ങളിൽ താരതമ്യേന വളക്കൂർ ഉള്ള മണ്ണാണ് കാണപ്പെടുന്നത്.

താഴ്വര പ്രദേശങ്ങളിൽ പശിമരാശി കലർന്ന കറുത്തമണ്ണാണ് ഉള്ളത്. 1987–ൽ ഈ പ്രദേശത്ത് തുടർച്ചയായി 3 ദിവസങ്ങളിൽ സാമാന്യം ശക്തമായ ഭൂചലമുണ്ടായിട്ടുണ്ട്. റിക്ചർ സ്കെയിലിൽ 3.3 യൂണിറ്റ് രേഖപ്പെടുത്തി. ഇടുക്കി ജലസംഭരണിയുടെ സാമീപ്യമാണ് ഇതിനു കാരണമെന്ന് കരുതപ്പെടുന്നു.

ജലലഭ്യത

പീഠഭൂമി പ്രദേശത്ത് ജല ലഭ്യത കുറവാണ്. 7–8 മാസക്കാലത്തേക്ക് ജലം ലഭ്യമാകുന്നുള്ളു. ഈ പ്രദേശങ്ങളിൽ തേയില ആണ് കൃഷിചെയ്തുവരുന്നത്. കപ്പ കൃഷിയും കുറേയൊക്കെയുണ്ട്. കുത്തനെയുള്ള ചരിവ് പ്രദേശങ്ങളിൽ പാറക്കെട്ട് കൂടുതലുള്ള ഭാഗങ്ങളിൽ 6 മാസക്കാലം മാത്രമേ ജലം ലഭ്യമാവുന്നുള്ളു. ചെറിയ അരുവികൾ ഡിസംബർ മാസം കഴിയുമ്പോഴേക്കും വറ്റിവരണ്ട് പോകുന്നു. ഏലം കൃഷിചെയ്യുന്ന മറ്റു പ്രദേശങ്ങളിലും 10 മാസം വരെ മാത്രമേ വെള്ളം ലഭിക്കുന്നുള്ളൂ. ചരിവുകളിൽ പ്രധാനമായി കൃഷി ചെയ്യുന്നത് ഏലം, കുരുമുളക്, കാപ്പി എന്നിവയാണ്. ചെറിയ ചരിവ്, താഴ്വര പ്രദേശങ്ങളിൽ ചില സ്ഥലങ്ങളിൽ മാത്രം വർഷം മുഴുവനും ജലം ലഭിക്കുന്നു. ഇവിടങ്ങളിൽ കൃഷി കുരുമുളക്, തെങ്ങ്, കമുക്, കാപ്പി, ഏലം എന്നീ നാണ്യവിളകളാണ്. മറ്റ് ഭക്ഷ്യ വസ്തുക്കളും ഇടവിളയായി കൃഷി ചെയ്തു വരുന്നുണ്ട്.

കാലാവസ്ഥ

പ്രാദേശികമായി ശരാശരി മഴ 200 cm ആണ്. അന്തരീക്ഷ താപനില മൺസൂൺ കാലങ്ങളിൽ ശരാശരിയിൽ താഴെയും വേനൽക്കാലങ്ങളിൽ സംസ്ഥാന ശരാശരിക്ക് ഒപ്പവുമാണ്. സമുദ്ര നിരപ്പിൽ നിന്നും 3000 അടി ഉയരത്തിൽ സ്ഥിതി ചെയ്യുന്നു എങ്കിലും, തമിഴ്നാട്ടിൽ നിന്നും വീശുന്ന വരണ്ട കാറ്റാണ് താപനിലയ്ക്ക് വ്യത്യാസം വരുത്തുവാൻ കാരണം. ഡിസംബർ–ജനുവരി മാസങ്ങളിൽ തണുപ്പ് കാലമാണ്. അപൂർവമായി അതിശൈത്യം ഉണ്ടാകാറുണ്ട്. അടുത്ത കാലങ്ങളിൽ ജൂൺ മധ്യത്തോടുകൂടിയാണ് കാലവർഷം ആരംഭിക്കുന്നത്. തുലാവർഷത്തേക്കാൾ കാലവർഷമാണ് കൂടുതൽ ലഭിക്കുന്നത്. തുലാവർഷം ഇപ്പോൾ കാര്യമായി ലഭിക്കാറില്ല. അതുകൊണ്ടുതന്നെ വരൾച്ച അതിരൂക്ഷമാവുന്നു. പഞ്ചായത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്താണ് മഴക്കൂടുതലായി ലഭിക്കുന്നത്. ഇടമഴകൾ വളരെ അപൂർവമായി മാത്രമേ ലഭിക്കാറുള്ളൂ.

ജൈവസമ്പത്ത്

വൈവിധ്യമാർന്ന ഒരു ജൈവസമ്പത്ത് പഞ്ചായത്തിന് ഉണ്ടായിരുന്നു. വനനശീകരണത്തെ തുടർന്ന് ജൈവവൈവിധ്യം അപ്പാടെ തകർന്നിരിക്കുന്നു. കുത്തനെയുള്ള കുന്നിൽ ചെരുവുകളിലെ പാറക്കെട്ടുകളിൽ പുൽവർഗത്തിൽപ്പെട്ട അപൂർവ സസ്യങ്ങളും ഔഷധസസ്യങ്ങളും അങ്ങിങ്ങായി കാണാം. ഏലക്കാടുകളിലെ കീടനാശിനി പ്രയോഗം സസ്യജാലത്തെയും ജന്തുജാലത്തെയും സാരമായി ബാധിച്ചിട്ടുണ്ട്. ചില സമയത്ത് വേഴാമ്പൽ പ്രത്യക്ഷപ്പെടാറുണ്ട്. പുകവിഴുങ്ങി പക്ഷികളും മഴപ്പുള്ള്, കഴുകൻ, മലമ്പ്രാവ്, കാട്ടുകാട എന്നീ അപൂർവ പക്ഷികളും ചിലപ്പോൾ പ്രത്യക്ഷപ്പെടാറുണ്ട്. കാട്ടുപന്നി, മുള്ളൻപന്നി, മുയൽ, കൂരൻ, ഇനാംപേച്ചി, വെള്ളക്കുരങ്ങ്, ഉടുമ്പ്, പാറാൻ (പറക്കുന്ന അണ്ണാൻ), കാട്ടുപാക്കാൻ, മരപ്പട്ടി, മലയണ്ണാൻ തുടങ്ങിയ ജന്തുക്കളേയും ഏലക്കാടുകളിൽ കാണാം. എന്നാൽ ഈ ജന്തുക്കൾ വംശനാശന ഭീഷണിയെ നേരിട്ടുകൊണ്ടിരിക്കുന്നു.

മനുഷ്യവിഭവം

1991–ലെ സെൻസസ് അനുസരിച്ച് പഞ്ചായത്തിലെ ജനസംഖ്യ 19308 ആണ്. സ്ത്രീകളുടെ എണ്ണം പുരുഷന്മാരേക്കാൾ 400 കുറവാണ്. ശതമാനക്കണക്കിൽ 51% പുരുഷന്മാരും 49% സ്തീകളും ആണ് ഉള്ളത്. സാക്ഷരതാ നിരക്ക് പുരുഷന്മാർ 82.50% ഉം സ്ത്രീകൾ 77.38% ആണ്.തൊഴിൽ രംഗത്ത് 53.48 % പുരുഷന്മാരും 14.24% സ്തീകളും ആണ്. കർഷകതൊഴിലാളികൾ 721 പേർ പുരുഷന്മാരും 208 പേർ സ്തീകളുമാണ്. മൃഗപരിപാലകൻ, തോട്ടം തൊഴിലാളികൾ എന്നിവർ ചേർന്ന് 2878 പുരുഷന്മാരും 754 സ്ത്രീകളും സെൻസസ് പ്രകാരമുണ്ട്.

95% കാർഷിക പ്രാധാന്യമുള്ള ഒരു പഞ്ചായത്ത് ആണ് പാമ്പാടുംപാറ. എന്നാൽ കാർഷികരംഗത്ത് ഉത്പാദനക്ഷമത ഇന്ന് ഏറെ കുറഞ്ഞിരിക്കുന്നു. തൽഫലമായി കാർഷികരംഗത്തെ തൊഴിൽ അവസരങ്ങളും കുറഞ്ഞുവരുന്നു. ഉത്പന്നങ്ങളുടെ വിലയിടിവും കാർഷിക രംഗത്തെ പ്രധാനപ്രതിസന്ധിയാണ്. ഇടത്തരം കർഷകരും ചെറുകിടകർഷകരും ഇന്ന് കർഷക തൊഴിലാളികളായി മാറിക്കൊണ്ടിരിക്കുന്നു. മൃഗപരിപാലനരംഗത്തും തോട്ടം മേഖലയിലുമാണ് കൂടുതൽ പേരും തൊഴിൽ എടുക്കുന്നത്. തൊഴിൽ രംഗത്ത് സ്ത്രീകളുടെ പങ്കാളിത്തം വളരെക്കുറവാണ്. സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ പരിമിതമാണ്. അതുകൊണ്ടുതന്നെ സാങ്കേതിക വിദ്യ സ്വായത്തമാക്കിയവരുടെ സംഖ്യയും പരിമിതമാണ്. സാമാന്യ വിദ്യാഭ്യാസം മാത്രം നേടിയവരാണ് ഏറിയ പങ്കും. കാർഷിക രംഗത്തും മൃഗപരിപാലനരംഗത്തും ചെറുകിട വ്യവസായരംഗത്തും വേണ്ടത്ര വൈദഗ്ധ്യപോഷണം നൽകി മാനുഷിക വിഭവശേഷി പഞ്ചായത്തിന് പരമാവധി പ്രയോജനപ്പെടുത്താൻ പദ്ധതികൾ ആവിഷ്കരിച്ചാൽ ഗ്രാമപഞ്ചായത്തിന്റെ മുഖച്ഛായതന്നെ മാറ്റിയെടുക്കാനാവും.

സാമൂഹിക സാമ്പത്തിക മേഖലകൾ

കൃഷിയും ജലസേചനവും

തികച്ചും കാർഷികഗ്രാമമായ പാമ്പാടുംപാറയുടെ ഭൂപ്രകൃതി ഉയർന്ന കുന്നിൻ പ്രദേശങ്ങളും കുത്തനെയുള്ള ചരിവുകളും കുന്നിൻമുകളിലെ നിരപ്പുപ്രദേശങ്ങളും ചെറുതും വലുതുമായ താഴ്വരകളും ചേർന്നതാണ്. ഭൂപ്രദേശത്തിന്റെ 75 ശതമാനം ചെരിഞ്ഞതും 20 ശതമാനം നിരപ്പുള്ളതും 5 ശതമാനം പാറക്കെട്ടുകൾ നിറഞ്ഞതുമാണ്. ഉയർന്നകുന്നിൻ പ്രദേശങ്ങളും താഴ്വരകളും തമ്മിൽ ആയിരത്തിലേറെ അടിവ്യത്യാസമുണ്ട്. പഞ്ചായത്തിലെ 95 ശതമാനം ആളുകളും കൃഷിയും അനുബന്ധ മേഖലകളുമായി ബന്ധപ്പെട്ട് ഉപജീവനം നടത്തുന്നവരാണ്. കുരുമുളക്, ഏലം, കാപ്പി, തെങ്ങ് തുടങ്ങിയവയാണ് മുഖ്യവിളകൾ. എങ്കിലും കമുക്, റബർ, വാഴ, കൊക്കോ, ഇഞ്ചി, മഞ്ഞൾ തുടങ്ങിയവയും കൃഷി ചെയ്തുവരുന്നു. ഇടവിളയായി കപ്പ, ചേന, കാച്ചിൽ, ചേമ്പ്, പച്ചക്കറി, പയറുവർഗങ്ങൾ തുടങ്ങിയവും കൃഷിചെയ്യുന്നുണ്ട്.

ഈ നൂറ്റാണ്ടിന്റെ മദ്ധ്യത്തോടെ കുടിയേറ്റം ആരംഭിക്കുകയും വൻതോതിൽ വനഭൂമി വെട്ടിതെളിച്ച് കൃഷി ആരംഭിക്കുകയും ചെയ്തു. 1956ലെ ഭാഷാ സംസ്ഥാന രൂപീകരണത്തിനു മുന്നോടിയായി ഉടുമ്പൻ ചോല താലൂക്കിൽപ്പെടുന്ന ഈ പ്രദേശങ്ങൾ മദ്രാസ് പ്രവശ്യയോടുകൂട്ടിച്ചേർക്കപ്പെടാതിരിക്കുന്നതിനുവേണ്ടി 1955ൽ അന്നത്തെ മുഖ്യമന്ത്രി ആയിരുന്ന പട്ടം താണുപിള്ള മുൻ കൈയ്യെടുത്ത് നാമമാത്ര കൃഷിക്കാർക്ക് വനഭൂമി പതിച്ചു നൽകിയതോടെ ഇവിടെ ഔദ്യോഗിക കുടിയേറ്റമുണ്ടായി.

കുടിയേറ്റ സമയം കൊടുംപട്ടിണിയുടേയും കഷ്ടപ്പാടിന്റേയും നാളുകളായിരുന്നു. കുടിയേറ്റകൃഷിക്കാർ ആദ്യകാലങ്ങളിൽ പ്രധാനമായും ഭക്ഷണത്തിനാവശ്യമായ വിളകളാണ് കൃഷ് ചെയ്തിരുന്നത്. കുടിയേറ്റത്തിന്റെ ആരംഭത്തോടെ നെൽകൃഷി വ്യാപകമായി ആരംഭിച്ചു. മഴയെ ആശ്രയിച്ചുമാത്രമാണ് നെൽകൃഷി നടത്തിയിരുന്നത്. കുടിയേറ്റം വ്യാപകമായതോടെ വനഭൂമിയുടെ വ്യാപ്തിയിലുണ്ടായ വൻതോതിലുള്ള കുറവ് കാലാവസ്ഥയെഗണ്യമായി ബാധിക്കുകയും ഇത് നെല്ലിന്റെ ഉൽപാദനം കുറയുന്നതിനു കാരണമാവുകയും ചെയ്തു.

കുടിയേറ്റ സമയത്തെ മറ്റൊരു പ്രധാനവിളയായിരുന്നു കപ്പ. മണ്ണിന്റെ ഫലഭൂയിഷ്ടതയും നാണ്യവിളകൾ വ്യാപകമല്ലാതിരുന്നതും മൂലം കപ്പയുടെ വൻതോതിലുള്ള ഉൽപാദനം നടന്നിരുന്നു. അശാസ്ത്രീയമായ കൃഷിരീതികളും നാണ്യവിളകളുടെ വ്യാപനവും കപ്പകൃഷിയിൽ കാര്യമായ കുറവുണ്ടാക്കിയിട്ടുണ്ട്.

നെൽകൃഷി പരാജയമായതോടെ കരിമ്പുകൃഷിയും, തെരുവപ്പുൽ (പുൽതൈലത്തിനുവേണ്ടിയുള്ള) കൃഷിയും വൻതോതിൽ ആരംഭിച്ചിരുന്നു. എന്നാൽ കാലാവസ്ഥയിൽ ഉണ്ടായികൊണ്ടിരുന്ന മാറ്റം ഈ കൃഷികളേയും ക്രമേണ ബാധിക്കുവാൻ തുടങ്ങി. ജലദൗർലഭ്യവും, വിറകിന്റെ ലഭ്യതയിലുണ്ടായ കുറവും, മാർക്കറ്റിലുണ്ടായ വിലയിടിവും കൃഷിക്കാരെ ഈ മേഖലയിൽ നിന്നു പിൻതിരിപ്പിക്കുവാൻ കാരണമായി. എഴുപതുകളുടെ മധ്യത്തോടെ ഈ കൃഷികൾ ഏതാണ്ട് അവസാനിക്കുകയും ഇവ നാണ്യവിളകൾക്ക് വഴിമാറുകയും ചെയ്തു.

കൃഷിക്കാരിൽ അറുപതുശതമാനത്തോളം ആളുകൾ ഒരു ഏക്കറിൽ താഴെ മാത്രം കൃഷിഭൂമി ഉള്ളവരും 40 ശതമാനത്തോളം ആളുകൾ ഒരേക്കറിനു മുകളിൽ കൃഷിഭൂമി ഉള്ളവരുമാണ്. ഏലത്തോട്ടങ്ങൾ മിക്കതും വൻകിട ഉടമകളുടെ കൈയ്യിലാണ്.

കാർഷികരംഗം പരിശോധിക്കുമ്പോൾ 95 ശതമാനം ഭൂമിയിലും കൃഷി ചെയ്യുന്നതിനാൽ കൃഷിയുടെ വ്യാപനം പ്രത്യേക പരിഗണന അർഹിക്കുന്നില്ല. എങ്കിലും വിളക്രമങ്ങളിലെ മാറ്റം പ്രകടമാണ്.

ചെമ്മണ്ണ്, പശമരാശിമണ്ണ്, മണൽമണ്ണ്, വനമണ്ണ് എന്നിവയാണ് പ്രധാനമണ്ണിനങ്ങൾ. അശാസ്ത്രീയമായ കൃഷി രീതികളും മണ്ണൊലിപ്പും മൂലം മണ്ണിന്റെ ഘടനയിൽ പ്രകടമായ മാറ്റം കാണുന്നുണ്ട്.

4496 ഹെക്ടർ ആണ് പഞ്ചായത്തിന്റെ വിസ്തൃതി. മിച്ചഭൂമി ഉൾപ്പെടെ 1540 ഹെക്ടർ കുത്തകപ്പാട്ടഭൂമിയും, 1486 ഹെക്ടർ പട്ടയഭൂമിയും 8 ഹെക്ടർ നിലവും, പട്ടയം കിട്ടാത്ത 1307 ഹെക്ടറും 123 ഹെക്ടർ പാറക്കെട്ടുനിറഞ്ഞ തരിശുഭൂമിയുമാണ്. ഏകദേശകണക്ക്.

ഏലത്തോട്ടം മേഖലയും പുറമ്പോക്കുഭൂമിയും കേന്ദ്രഗവൺമെന്റു കണക്കുപ്രകാരം വനഭൂമിയാണ്. 4496 ഹെക്ടർ സംസ്ഥാന ഗവൺമെന്റ് ഏലകൃഷിക്കായി കുത്തകപ്പാട്ടവ്യവസ്ഥയിൽ കൃഷിക്കാർക്കു നൽകിയതാണ്. കുത്തകപ്പാട്ട സ്ഥലത്തെ വൻമരങ്ങൾ വെട്ടിമാറ്റപ്പെടുകയും പുറമ്പോക്കുഭൂമിയിൽ കൃഷി ആരംഭിക്കുകയും ചെയ്തതോടെ വനഭൂമിയെന്ന പേരല്ലാതെ പഞ്ചായത്തിൽ വനഭൂമി നിലവിലില്ല.

പ്രാകൃതിക സസ്യസമ്പത്തും, ജൈവസമ്പത്തും, ജലസമ്പത്തും നശിക്കപ്പെടാതിരിക്കുന്നതിനും പരിസ്ഥിതി സന്തുലിതാവസ്ഥ സംരക്ഷിക്കുന്നതിനും ഏലതോട്ടങ്ങളിലെ മരംവെട്ടൽ തടയുന്നതിന് കർശന നടപടികൾ സ്വീകരിക്കേണ്ടതാവശ്യമാണ്.

ഔദ്യോഗിക കുടിയേറ്റ മേഖലയായ കോളനിയിലും പുറമ്പോക്കുഭൂമികളിലും പ്രധാനമായും കുരുമുളക്, കാപ്പി, തെങ്ങ് തുടങ്ങിയവയാണ് പ്രധാവിളയായി കൃഷി ചെയ്യുന്നത്. എങ്കിലും മറ്റു പ്രദേശങ്ങളിൽ (തോട്ടം മേഖല) ഏല കൃഷിയാണ് പ്രധാനമായും നടത്തുന്നത്. കാപ്പിതോട്ടങ്ങളും ഈ മേഖലയിൽ വ്യാപകമായി ഉണ്ട്.

ഉൽപാദനക്ഷമത പരിശോധിക്കുമ്പോൾ ഓരോവർഷം കഴിയും തോറും കുറഞ്ഞുവരുന്നതായി കാണുവാൻ കഴിയും. 1970കളിൽ ഒരേക്കറിന് ശരാശരി 1000 കിലോ കുരുമുളക് ലഭിച്ചിരുന്നിടത്ത് ഇപ്പോൾ 100 കിലോ ആയി കുറഞ്ഞു. ഉൽപാദനക്ഷമതയിൽ വന്ന കുറവിന്റെ ഒരു ഏകദേശകണക്ക് താഴെ കൊടുത്തിരിക്കുന്നു. കാർഷിക ഉൽപാദനത്തിൽ 70 ശതമാനത്തിന്റെ കുറവുവന്നിട്ടുണ്ട്.

ഉൽപാദനക്ഷമത ശരാശരി ഒരേക്കറിന്

വിള	60-70കളിലെ ഉൽപാദനം	1995ലെ ഉൽപാദനം
കുരുമുളക് (ഉണങ്ങിയത്)	1000kg.	200kg.
ഏലക്കായ (ഉണങ്ങിയത്)	150kg	60kg
കാപ്പി (ഉണങ്ങിയത്)	750kg	500kg.
കപ്പ (ഉണങ്ങിയത്)	8000kg	1800kg.

ഉൽപാദനക്ഷമത കുറയുവാൻ പ്രധാന കാരണം കാലാവസ്ഥയിലുണ്ടായ മാറ്റവും മണ്ണിലെ ജൈവസമ്പത്തിന്റെ നാശവും അശാസ്ത്രീയമായ കൃഷിരീതികളുമാണ്. 1983, 1987, 1989, 1993

തുടങ്ങിയ കാലങ്ങളിലെ വരൾച്ചയും അപ്രതീക്ഷിതമായെത്തുന്ന കൊടുങ്കാറ്റും പേമാരിയും ഒക്കെ കാർഷിക മേഖലയിലെ ഉൽപാദനം കുറയുവാൻ കാരണമായി. കൃഷിയെ ബാധിക്കുന്ന രോഗങ്ങൾ, കീടങ്ങൾ തുടങ്ങിയവയും അത്യുല്പാദന ശേഷിയുള്ള വിത്തിനങ്ങളുടെ അഭാവവും കൃഷി രീതികളുടെ അശാസ്ത്രീയവും ഉൽപാദനക്ഷമത കുറയുമാനുള്ള കാരണങ്ങളാണ്.

ഉൽപാദനം കുറയുവാനുള്ളകാരണങ്ങൾ നിരവധിയാണ്. കാലാവസ്ഥയിലുണ്ടായ മാറ്റത്തോടൊപ്പം തന്നെ ഉൽപാദന ചിലവിലുണ്ടായ വർദ്ധനവ് ഉൽപന്നങ്ങളുടെ വിലയിടിവ് ആധുനിക വിദ്യാഭ്യാസം വ്യാപകമായതോടെ പുതിയ തലമുറയ്ക്ക് കാർഷികരംഗത്തുണ്ടായ താൽപര്യക്കുറവ് വിപണിയിലെ തകർച്ച ഇതെല്ലാം ഉൽപാദനകുറവിനു കാരണങ്ങളായി കണക്കാക്കപ്പെടുന്നു.

പ്രധാനവിളകൾ

ചെറുകിട കൃഷിക്കാരെ സംബന്ധിച്ചിടത്തോളം തോട്ടവിളകൾ പ്രധാനമായും, കുരുമുളക്, കാപ്പി, ഏലം, തെങ്ങ്, കമുക്, റബർ, കൊക്കോ തുടങ്ങിയവയാണ്. ഇഞ്ചി, കമുക്, റബർ, കൊക്കോ, തുടങ്ങിയ കൃഷികളും ഉണ്ട്. സമിശ്രകൃഷിരീതിയാണ് ഭൂരിപക്ഷം കൃഷിക്കാരും അവലംബിച്ചിരിക്കുന്നത്. മിക്ക സ്ഥലങ്ങളിലും മഴയെമാത്രം ആശ്രയിച്ചുള്ളകൃഷിയാണ് നടക്കുന്നത്.

തോട്ടം മേഖലയിൽ പ്രധാനമായും ഏലം, കാപ്പി എന്നിവയാണ് കൃഷി ചെയ്യുന്നത്. ഇത്തരം തോട്ടങ്ങൾ ഒരു പരിധിവരെ ജലസേചനസൗകര്യങ്ങൾ ഉപയോഗപ്പെടുത്തുന്നതുകൊണ്ട് ഒരു പരിധിവരെ ഉൽപാദനം വർധിപ്പിക്കുവാൻ കഴിയുന്നുണ്ട്. ഏലത്തോട്ടങ്ങളിൽ ചിലയിടങ്ങളിൽ ഇടവിളയായി കുരുമുളകു കൃഷി ചെയ്യുന്നു.

ഇടവിളകൾ

കപ്പ, ചേന, കാച്ചിൽ, ചേമ്പ്, പയറുവർഗങ്ങൾ, പച്ചക്കറി, തീറ്റപ്പുല്ല് തുടങ്ങിയവയാണ് പ്രധാന ഇടവിളകൾ. പച്ചക്കറികൾ, പയറുവർഗ്ഗങ്ങൾ തുടങ്ങിയവ ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തതമൂലം സ്ഥിരമായി കൃഷിചെയ്യുവാൻ സാധിക്കുന്നില്ല. കാലാവസ്ഥാ വ്യതിയാനങ്ങളും മണ്ണിന്റെ ഫലഭൂയിഷ്ടത കുറവും, രോഗ, കീടബാധ്യതകളും, എലിശല്യവും മറ്റും കാരണം ഇടവിളകളിലും കാര്യമായ പുരോഗതി ഉണ്ടാവുന്നില്ല. എങ്കിലും ഇടവിളകൾ ഒരു പരിധിവരെ കൃഷിക്കാരെ സാമ്പത്തികമായി സഹായിക്കുന്നു.

വിളവിസ്തീർണ്ണം ഹെക്ടറിൽ

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)
പയർ	20
പച്ചക്കറികൾ	40
തെങ്ങ്	818
വാഴ	500
മരച്ചീനി	250
കുരുമുളക്	1200
കവുങ്ങ്	25

അവലംബം ദ്വിതീയ സ്ഥിതിവിവരണം.

വളം

സഹകരണമേഖലയിൽ മൂന്നും, സ്വകാര്യമേഖലയിൽ ഉള്ള രണ്ടും ഉൾപ്പെടെ അഞ്ചുവളം കീടനാശിനി വിതരണ കേന്ദ്രങ്ങളും, സ്വകാര്യ മേഖലയിൽ ഒരു ജൈവവള ഫാക്ടറിയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. മിക്കവീടുകളിലും കാലിവളർത്തൽ ഉള്ളതിനാൽ കാലിവളം വൻതോതിൽ ഉപയോഗിക്കുവാൻ കഴിയുന്നുണ്ട്.

പ്രധാനമായും ജൈവവളങ്ങളാണ് സാധാരണയായി ഉപയോഗിക്കപ്പെടുന്നത്. ജൈവവളങ്ങളിൽ കാലിവളം, കമ്പോസ്റ്റ്, വേപ്പിൻ പിണ്ണാക്ക്, തുടങ്ങിയ സാധാരണയായി ഉപയോഗിക്കപ്പെടുന്നു. സ്ഥായിയായ വളപ്രയോഗമാണിത്. ഈർപ്പം നിർത്തുന്നതിനും, മണ്ണിരകളുടെ വംശവർധനവിനും ജൈവരാസപ്രവർത്തനം ത്വരിതപ്പെടുത്തുന്നതിനും ഇതുമൂലം കഴിയുന്നു.

രാസവളങ്ങളും ഉപയോഗിക്കപ്പെടുന്നുണ്ട്. പ്രധാനമായും തോട്ടം മേഖലയിലാണ് രാസവളം ഉപയോഗിക്കപ്പെടുന്നത്. രാസവളത്തിന്റെ ഉപയോഗം മൂലം മണ്ണിന്റെ ഘടനയിൽ മാറ്റം ഉണ്ടാവുകയും ജൈവരാസപ്രവർത്തനത്തെ സാരമായി ബാധിക്കുകയും ചെയ്യുന്നതിനാൽ രാസവളങ്ങൾ മാത്രമുപയോഗിക്കുന്ന മേഖലയിൽ ഉൽപാദനക്ഷമത കുറയുന്നതായും ജല സംഗ്രഹണശേഷികുറയുന്നതായും കണ്ടുവരുന്നു. രാസവളത്തോടൊപ്പം ജൈവവളവും ഉപയോഗിക്കുന്നതിനാൽ ഈ പ്രശ്നം ഒരു പരിധിവരെ പരിഹരിക്കപ്പെടുന്നുണ്ട്.

കീടനാശിനികൾ

ഏലംകൃഷിക്കാണ് പ്രധാനമായും കീടനാശിനികൾ ഉപയോഗിക്കുന്നത്. മറ്റുമേഖലയിൽ കീടനാശിനി പ്രയോഗം വളരെ കുറവാണ്. അശാസ്ത്രീയമായ കീടനാശിനി പ്രയോഗം മൂലം ഉൽപാദനചിലവു വർധിക്കുകയും കൃഷിക്കും പരിസ്ഥിതിക്കും ഇതുമൂലം സാരമായ ദോഷം ഉണ്ടാവുകയും ചെയ്യുന്നു.

കൃഷിഭവൻ വഴിവിതരണം ചെയ്ത നടീൽ വസ്തുക്കൾ

ഇനം	എണ്ണം		
	1993–94	1994–95	1995–96
തെങ്ങ്	828	485	1850
കുരുമുളകുവള്ളി	27500	28500	51500
കൊക്കോ	100	x	x
കാപ്പി	8000	700	4200
ഗ്രാമ്പൂ	x	480	530
ജാതി	x	x	680

അവലംബം–ദ്വിതീയ സ്ഥിതി വിവരണം.

കാർഷികോപകരണങ്ങൾ

കുരുമുളകു വികസന സമിതികൾ മുഖേന 76 റോക്ക് സ്പ്രെയറുകൾ പഞ്ചായത്തിൽ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ 10 നാപ് സ്റ്റാക്ക് സ്പ്രെയർ എന്നിവയും വിതരണം ചെയ്തിട്ടുണ്ട്. കോളനികളിൽ കാർഷിക ഉപകരണങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

സമിതികൾ

കാർഷിക മേഖലയുടെ സമഗ്രപുരോഗതിയെ ലാക്കാക്കി ഗവൺമെന്റ് നിർദ്ദേശപ്രകാരം പഞ്ചായത്തിൽ പതിനൊന്നു കുരുമുളകുവികസന സമിതികൾ, ഒരു കേരവികസന സമിതി

എന്നിവയും പ്രവർത്തിക്കുന്നു. ഇത് ഒരു പരിധിവരെ കാർഷിക രംഗത്തെ പുരോഗതിക്ക് നിദാനമായിട്ടുണ്ട്.

കൂലിനിരക്ക്

കൃഷിക്കാരെ അപേക്ഷിച്ച് മിക്ക കുടുംബങ്ങളും കർഷക തൊഴിലാളി കുടുംബങ്ങളാണ്. തോട്ടം മേഖലയിലാണ് കർഷകതൊഴിലാളികൾ കൂടുതലായി ജോലി ചെയ്യുന്നത്. സ്ത്രീ തൊഴിലാളികളും തോട്ടം മേഖലയിലാണ് കൂടുതലായും പണിയെടുക്കുന്നത് നിരവധി നിർമാണതൊഴിലാളികളും പഞ്ചായത്തിലുണ്ട്. പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകൾക്ക് കൂലികുറവാണ്.

തൊഴിൽമേഖല	പുരുഷന്മാർ	സ്ത്രീകൾ
തോട്ടംമേഖല	55	55
മറ്റുകാർഷികമേഖല	60	50
നിർമാണതൊഴിലാളികൾ	75	60
കൽപണി	125	–
മരപ്പണി	125	–

കാർഷികവായ്പ്പ

രണ്ട് സർവീസ് സഹകരണബാങ്കുകളും അവയുടെ മൂന്ന് ശാഖകളും യൂണിയൻ ബാങ്കിന്റെ ഒരു ശാഖയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ ഒരു ശാഖയും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഈ ബാങ്കുകളെ കൂടാതെ സമീപ പ്രദേശങ്ങളിലെ ബാങ്കുകളേയും സ്വകാര്യസ്ഥാപനങ്ങളേയും കൃഷിക്കാർ ആശ്രയിക്കാറുണ്ട്. എന്നാൽ കൃഷിക്കുവേണ്ടി നൽകുന്ന വായ്പകൾ മിക്കപ്പോഴും മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഉപയോഗിക്കുന്നു. ഏക്കറിന് സാധാരണയായി 5000 മുതൽ 20000 രൂപവരെ വായ്പ ലഭിക്കാറുണ്ട്.

ബാങ്കുവായ്പയെ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

കാർഷികവായ്പകളെ സംബന്ധിച്ചവിവരം.

സ്ഥാപനത്തിന്റെ പേര്	വായ്പകളുടെ സ്വഭാവം		
	ഹ്രസ്വകാലം	മധ്യകാലം	ദീർഘകാലം
വലിയ തോവാള സർവീസ് സഹകരണ ബാങ്ക്	25,00, 000	16,00,000X	---
ബാലഗ്രാം സർവീസ് സഹകരണ ബാങ്ക്	57,60.368	8,67,081	1856,860
യൂണിയൻ ബാങ്ക് ഓഫ് ഇന്ത്യ പാമ്പാടുംപാറ	44,24,000	X	X

(അവലംബം ദ്വിതീയ സ്ഥിതി വിവരശേഖരണം)

ജലസേചനം

പഞ്ചായത്തിലെ മിക്ക കൃഷിക്കാരും മഴയെമാത്രം ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. രണ്ട് ഘട്ടങ്ങളിലായാണ് പ്രധാനമായും മഴ ലഭിക്കുന്നത്. ജൂൺമുതൽ ആഗസ്റ്റ് വരെ ലഭിക്കുന്ന കാലവർഷവും (തെക്കു പടിഞ്ഞാറൻ മൺസൂൺ) സെപ്റ്റംബർ മുതൽ നവംബർ വരെ ലഭിക്കുന്ന തുലാവർഷവും. (വടക്കുകിഴക്കൻ മൺസൂൺ) സാധാരണയായി വർഷത്തിൽ ശരാശരി 200 സെന്റീമീറ്റർ മഴ ലഭിക്കുന്നു. (പട്ടിക കാണുക).

തോടുകൾ, കുളങ്ങൾ, കിണറുകൾ തുടങ്ങിയവയെയും ജലസേചനത്തിനായി ഉപയോഗിക്കുന്നുണ്ട്. എങ്കിലും വേനൽകാലങ്ങളിൽ ഇവ പലതും കൃഷിക്ക് ഉപയുക്തമാകുന്നില്ല. പഞ്ചായത്ത് അതിർത്തിയായ കൂട്ടാർ വഴി ഒഴുകുന്ന പുഴയെയും ഫലപ്രദമായി കൃഷിവികസനത്തിന് ഉപയോഗിക്കുവാൻ കഴിയുന്നില്ല.

തോടുകൾ

വർഷംമുഴുവൻ ജലം ലഭിക്കുന്ന തോടുകൾ സന്യാസിഓട–ബാലഗ്രാം തോട്, പാമ്പാടും പാറ–വലിയതോവാള തോട് എന്നിവയാണ്. ആദിയാർപുരം–റാന്നിതോട്, പാമ്പാടുംപാറ തോവാള (പ്രാകണ്ടം വഴി) റോഡ്, ബാലഗ്രാം ഗജേന്ദ്രപുരം തോട് എന്നിവയുൾപ്പെടെ പതിനഞ്ചുതോടുകളാണ് പഞ്ചായത്തിൽ ഉള്ളത്. മിക്കതോടുകളിൽ നിന്നും ആറുമാസം മുതൽ പരമാവധി ഒൻപതുമാസം വരെയാണ് വെള്ളം ലഭിക്കുന്നത്. ഈ തോടുകളിലെ വെള്ളം ഇടുക്കി ജലസംഭരണിയിലാണ് ഒഴുകി എത്തുന്നത്. ചീർപ്പുകളും തടയണകളും സാധാരണയായി ഈ തോടുകളിൽ നിർമ്മിച്ചിട്ടില്ല. നാടൻ രീതികളുപയോഗിച്ച് വെള്ളം കെട്ടി നിറുത്തി നാമമാത്രമായി മാത്രം ഈ തോടുകളെ കൃഷിക്കുപയോഗിക്കുന്നു. ഈ തോടുകളിൽ തന്നെ ചിലവ ചെറിയ അരുവികളാണ്. സംരക്ഷണഭിത്തികളുടെ അഭാവം മൂലം വർഷകാലങ്ങളിൽ ഉണ്ടാവുന്ന ഉണ്ടാവുന്ന മണ്ണിടിച്ചിൽ തോടുകൾക്ക് ഭീഷണിയായിട്ടുണ്ട്. പാമ്പാടുംപാറ സന്യാസിഓട തോടിൽ (റാന്നിത്തോട്) ആദിയാർ പുരത്ത് ഹരിജൻ കോളനിയിൽ വെള്ളമെത്തിക്കുന്നതിനുവേണ്ടി ചെക്കുഡാം നിർമിച്ചിട്ടുണ്ട് എങ്കിലും മണ്ണുവന്നടിയുന്നതിനാലും വെള്ളം ചോർന്നുപോകുന്നതിനാലും പൂർണമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല. നീർച്ചാലുകളുടെ ഭാഗമായി പത്തിനിപ്പാറയിൽ ചെക്കുഡാം നിർമിച്ചിട്ടുണ്ട് എങ്കിലും പണിപൂർത്തിയാക്കാത്തതിനാൽ കൃഷിക്ക് ഉപയോഗിക്കുവാൻ കഴിയുന്നില്ല. ഈ ചെക്കുഡാമിന്റെ പണി പൂർത്തിയായാൽ ജലദൗർലഭ്യം ഏറെയുള്ള ഈ മേഖലയ്ക്ക് വളരെയധികം ഗുണം ചെയ്യും.

കുളം, കിണർ

നിലവിലുള്ള കുളങ്ങളിൽ കൂടുതലും തോട്ടം മേഖലയിലാണ്. മറ്റ് മേഖലകളിൽ ജലസേചനത്തിന് പര്യാപ്തമായ കുളങ്ങളും, കിണറുകളും വളരെ കുറവാണ്. മൈനർ ഇറിഗേഷന്റെ ഭാഗമായും, ഗ്രാമപഞ്ചായത്തും ബ്ലോക്കു പഞ്ചായത്തും പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കുളങ്ങളും കിണറുകളും കുഴിച്ചിട്ടുണ്ട്. സ്വകാര്യവ്യക്തികളുടേതായി ധാരാളം കുളങ്ങളും കിണറുകളുമുണ്ട്. നിലവിലുള്ളവയിൽ പലതും സ്ഥിരമായി വെള്ളം ലഭിക്കുന്നവയല്ല. മിക്കവയിലും ആറുമുതൽ പത്തുമാസം വരെയാണ് ജലദൗർലഭ്യതയുള്ളത്. സ്പൈസസ് ബോർഡ് കുളവും, കിണറുമായി 72 എണ്ണത്തിന് സാമ്പത്തിക സഹായം നൽകിയിട്ടുണ്ട്. കാർഷിക മേഖലയിൽ നിലവിലുള്ളവ അപര്യാപ്തമാണ്. മാർച്ച്, ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിൽ അനുഭവപ്പെടുന്നവരൾച്ച ഫലപ്രദമായി നേരിടുവാൻ കൂടുതൽ ജലസേചനമാർഗങ്ങൾ ഉണ്ടാവണം മൈനർ ഇറിഗേഷൻ വിഭാഗത്തിലും പഞ്ചായത്ത് വകയായും ഉള്ളവയുടെ പട്ടിക ചുവടെ ചേർക്കുന്നു.

വാർഡ്	പഞ്ചായത്തംവക		മൈനർ ഇറിഗേഷൻ	
	കിണർ	കുളം	കിണർ	കുളം
1	4	x	x	1
11	3	x	x	x
111	x	x	x	x
iV	2	x	x	x
V	2	x	x	x
VI	4	x	x	1
VII	4	1	x	x
VIII	5	1	x	x
IX	3	x	x	x
X	4	1	x	x

മണ്ണ് ജലസംരക്ഷണം

വനപ്രദേശമായിരുന്ന ഈ ഗ്രാമം മണ്ണിന്റെ ജൈവസമ്പത്തിന്റേയും ജലലഭ്യതയുടേയും കാര്യത്തിൽ സമ്പന്നമായിരുന്നു എങ്കിലും വനനശീകരണവും അശാസ്ത്രീയമായ കൃഷി രീതികളും കാരണം മണ്ണിന്റെ ഫലഭൂയിഷ്ഠതയും ജലലഭ്യതയും കുറഞ്ഞുകൊണ്ടിരിക്കുകയാണ് വരമ്പുകൾ നിർമിച്ചും, തീറ്റപ്പുൽകൃഷി നടത്തിയും, കൈയ്യാലകൾ നിർമ്മിച്ചും അപൂർവമായി മണ്ണ് സംരക്ഷണം നടത്തുന്നുണ്ട് എങ്കിലും തൃപ്തികരമായ രീതിയിലുള്ള മണ്ണ്, ജലസംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്നില്ല. വളരെ ചരിവുള്ള പ്രദേശങ്ങളാകയാൽ മണ്ണൊലിപ്പുമൂലം കൃഷി വൻ പ്രതിസന്ധിയെ നേരിടുന്നു.

നഴ്സറികൾ

പാമ്പാടും പാറയിലുള്ള കാർഡമം റിസർച്ച് സ്റ്റേഷനും ഏതാനും സ്വകാര്യനഴ്സറികളും പ്രവർത്തിക്കുന്നുണ്ട് എങ്കിലും കർഷകർക്ക് ഇവയുടെ സേവനം വേണ്ടത്ര പ്രയോജനപ്പെടുന്നില്ല.

കൃഷിഭവൻ

1987 സപ്തംബർ ഒന്നിനാണ് കൃഷിഭവൻ പഞ്ചായത്തിൽ നിലവിൽ വന്നത്. തികച്ചും കാർഷിക മേഖലയായ പഞ്ചായത്തിൽ വളരെ പ്രതീക്ഷയോടെ ആരംഭിച്ച കൃഷിഭവന്റെ പ്രവർത്തനം എല്ലാ പ്രദേശങ്ങളിലേയും കർഷകർക്ക് വേണ്ടത്ര രീതിയിൽ ലഭിക്കുന്നില്ല. കൃഷിഭവനിൽ കൃഷി ആഫീസറും, ഒരു സീപ്പറും ഒരു താൽക്കാലിക ജീവനക്കാരനും മാത്രമാണുള്ളത്. കൃഷിഭവന്റെ പ്രവർത്തനം പൂർണമായ തോതിൽ കൃഷിക്കാർക്കു ലഭിക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

പൂർണമായും കാർഷികമേഖലയായ പഞ്ചായത്തിൽ കൃഷി സംബന്ധമായ പ്രശ്നങ്ങൾ നിരവധിയാണ്. അശാസ്ത്രീയമായ കൃഷിരീതികളും കാലാവസ്ഥയിലുണ്ടാവുന്ന മാറ്റവും കാർഷികമേഖലയിലെ പ്രശ്നങ്ങൾ രൂക്ഷമാക്കുന്നു. ആവശ്യത്തിനു മണ്ണുസംരക്ഷണസംവിധാനങ്ങൾ നിലവിലില്ലാത്തതിനാൽ ഉയർന്ന പ്രദേശങ്ങളും കുന്നിൻ ചരിവുകളും ഏറെയുള്ള ഇവിടെ ഓരോ കാലവർഷവും അവസാനിക്കുമ്പോഴും മേൽമണ്ണ് വൻതോതിൽ ഒലിച്ചുപോകുന്നു അതുകൊണ്ടുതന്നെ മണ്ണിൽ ജൈവസമ്പത്തിന്റ അളവ് കുറഞ്ഞുവരുന്നു.

ജലസേചന സൗകര്യങ്ങളുടെ അപര്യാപ്തത മൂലം ചെറുകിടകൃഷിക്കാരിൽ ബഹുഭൂരിപക്ഷവും മഴയെമാത്രം ആശ്രയിച്ചുകൃഷി നടത്തുന്നവരാണ്. വേനൽക്കാലങ്ങളിൽ ഉണ്ടാവുന്ന രൂക്ഷമായ വരൾച്ച മൂലം വൻതോതിൽ കൃഷി നശിച്ചുകൊണ്ടിരിക്കുന്നു. രൂക്ഷമായി ഉണ്ടാവുന്ന വരൾച്ചയിൽ നിന്ന് കാർഷികവിളകളെ സംരക്ഷിക്കുന്നതിനാവശ്യമായ ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തത കാർഷികരംഗത്ത് വൻ പ്രതിസന്ധി സൃഷ്ടിക്കുന്നു. 15ഓളം തോടുകളുള്ളതിൽ മിക്കവയിലും കേവലം ആറുമാസം മാത്രമാണ് വെള്ളം കിട്ടുന്നത്.

രോഗബാധയും കീടബാധയും കാർഷിക രംഗം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളിൽപ്പെട്ടവയാണ്. കുരുമുളകു കൃഷിയെ ബാധിക്കുന്ന പ്രധാനരോഗങ്ങൾ ദ്രുതവാട്ടം, തിരിപൊഴിച്ചിൽ. സാവധാനവാട്ടം എന്നിവയാണ്. വൈറസ് ബാധയും, കുരുമുളകുകൃഷിക്ക് ഭീഷണിയാവുന്നു. അഴുകൽ, വെരുപുഴു, മഞ്ഞപിഞ്ചുപൊഴിയൽ, തണ്ടുതുരപ്പൻ, കറ്റരോഗം, കുറുനാമ്പ്, തട്ടമറിച്ചിൽ, ക്രിപ്സ് (ചൊറി) ഇവയെല്ലാം ഏലകൃഷിക്കു ഭീഷണിയാവുന്നു. ദ്രുതവാട്ടം, ചീയൽ, കൂമ്പുണക്ക്, തണ്ടുതുരപ്പൻ, പൊളളുവണ്ട് എന്നിവ കാപ്പിക്ക് പ്രതിസന്ധി സൃഷ്ടിക്കുന്നു. തെങ്ങിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ കാറ്റുവീഴ്ച, ഓലചീയൽ, ചെന്നീരൊലിപ്പ്, മഞ്ഞളിപ്പ്, കൂമ്പുചീയൽ, മച്ചിങ്ങാകൊഴിയൽ, മണ്ടമരപ്പ്, പേട് എന്നിവയാണ്. മഹാളി, പുപ്പൽ, മണ്ടചീയൽ ഇവയാണ് കമുകിനെ ബാധിക്കുന്ന പ്രധാന രോഗങ്ങൾ. ഈച്ചയുടേയും ചെറുകീടങ്ങളുടേയും ആക്രമണം പച്ചക്കറികൃഷിക്ക് ഭീഷണിയാവുന്നു.

ഉത്പാദനചിലവിൽ വന്ന വർധനവ്, വളങ്ങളുടേയും കീടനാശിനികളുടേയും വിലവർധനവ്, കർഷകതൊഴിലാളികളുടെ കൂലിവർധനവ്. മുതലായവയ്ക്കനുസൃതമായി ഉൽപന്നങ്ങൾക്ക് വില ലഭിക്കായ്മ. കാലാവസ്ഥാവ്യതിയാനങ്ങൾ മൂലമുണ്ടാകുന്ന ഉൽപാദന കുറവും, ഉൽപാദനക്ഷമതാ കുറവും കാർഷികരംഗത്ത് തിരിച്ചടിയായിട്ടുണ്ട്.

യഥാസമയം കിളയ്ക്കുകയും, വരമ്പുകൾ ഇടുകയും ചെയ്യാത്തതും ചരിവുപ്രദേശങ്ങളിൽ കയ്യാലയുടെ അഭാവം ഇതെല്ലാം മണ്ണൊലിപ്പിന് കാരണമാകുന്നു പഞ്ചായത്തിന്റെ മിക്ക മേഖലകളിലും മണ്ണൊലിപ്പിന്റെ പ്രശ്നങ്ങളുണ്ട്.

അപൂർവമായി മാത്രം ഉള്ള വയലുകൾ നികത്തി തെങ്ങ്, കവുങ്ങ് തുടങ്ങിയ കൃഷി ചെയ്യുകയും ജലസേചനസൗകര്യങ്ങളുടെ അപര്യാപ്തതയും മൂലം നെൽകൃഷി ഏതാണ്ട് പൂർണമായും നിലച്ചിരിക്കുന്നു.

ഇടവിളയായി കൃഷിചെയ്യുന്ന കപ്പ, ചേന, കാച്ചിൻ, ചേമ്പ്, തുടങ്ങിയവയ്ക്കുണ്ടാകുന്ന എലിശല്യം, അശാസ്ത്രീയമായ കൃഷി രീതികൾ എന്നിവയെല്ലാം കാർഷിക മേഖലയുടെ പ്രശ്നങ്ങളാണ്.

പഞ്ചായത്തിലെ മിക്ക പ്രദേശങ്ങളിലുള്ള മണ്ണു പരിശോധന നടത്തിയിട്ടില്ല. അതുകൊണ്ടുതന്നെ വളപ്രയോഗ രീതികൾ ശാസ്ത്രീയമാക്കുന്നതിനു കഴിയുന്നില്ല. വരൾച്ചയും അപ്രതീക്ഷിതമായി എത്തുന്ന കാര്യം പേമാരിയും കൃഷിയെ സാരമായി ബാധിക്കുന്നു.

ആധുനിക കൃഷി ഉപകരണങ്ങൾ വർദ്ദിച്ച തോതിൽ ഉപയോഗിച്ചു തുടങ്ങിയിട്ടില്ല. കൃഷിഭവന്റെ സഹായാകർഷകസമിതികളുടെ പ്രവർത്തനവും തൃപ്തികരമല്ല. കുരുമുളകുസമിതികൾ പോലെ മറ്റ് കൃഷികൾക്ക് സമിതികൾ പ്രവർത്തിക്കുന്നില്ല.

ആധുനിക വിദ്യാഭ്യാസത്തിന്റെ പ്രചാരത്തോടെ യുവതലമുറയ്ക്ക് കൃഷിയിൽ വന്ന താല്പര്യ കുറവ്. ആധുനിക സാങ്കേതികവിദ്യകളുടെ അപര്യാപ്ത അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ദൗർലഭ്യം കാർഷികാവശ്യത്തിന് വേണ്ടത്ര വൈദ്യുതി ലഭ്യമല്ലായ്ക. പരമ്പരാഗത രീതികൾ മാത്രം ആശ്രയിച്ചുള്ള കൃഷിരീതികൾ. ആധുനിക രീതിയിലുള്ള കാർഷിക വൈജ്ഞാനം ജനങ്ങളിൽ എത്താനുണ്ടായ കാലതാമസം വിപണന സൗകര്യങ്ങളുടെ അപര്യാപ്തത. കാർഷിക ഉല്പന്നങ്ങളെ വ്യാവസായികമായി ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥ ഇതെല്ലാം കാർഷിക മേഖല നേരിടുന്ന പ്രശ്നങ്ങളാണ്.

ബാങ്ക് വായ്പകൾ ആവശ്യത്തിനു കർഷകർക്കു ലഭിക്കാതിരിക്കുന്നതും ലഭ്യമാകുന്ന വായ്പകൾ തന്നെ കാർഷിക ആവശ്യത്തിനുപയോഗിക്കാതെ മറ്റു മേഖലകളിലേയ്ക്കു തിരിച്ചുവിടുന്നതും, ദീർഘവീഷണത്തോടെയല്ലാതുള്ള സംമിശ്ര കൃഷിരീതികൾ കാരണം എല്ലാ വിളകൾക്കും ഉണ്ടാകുന്ന ഉല്പാദനക്ഷമതകുറവും കാർഷികമേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

ഇഞ്ചി, തീറ്റപ്പുൽ കൃഷി തുടങ്ങിയവയ്ക്കും വളരെ സാദ്ധ്യതകൾ ഉണ്ട്. എങ്കിലും ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയുന്നില്ല. തീറ്റപ്പുൽകൃഷി നടത്തുകവഴി കാർഷിക മേഖലയുടെ വളരെയേറെ പ്രയോജനം ലഭിക്കും.

കുത്തകപ്പാടവ്യവസ്ഥയിൽ കൊടുത്തിരിക്കുന്ന ഏലത്തോട്ടങ്ങളിൽ വൻപിച്ച രീതിയിലുള്ള മരം ഉണ്ടാവുകയും സന്തുലിതാവസ്ഥ തകരാറിലാവുകയും ചെയ്യുന്നുണ്ട്.

ഏലത്തോട്ടം ഉടമകൾ മറ്റു സംസ്ഥാനങ്ങളിൽ നിന്നും തൊഴിലാളികളെ ഇറക്കുമതി ചെയ്യുന്നതുകൊണ്ട് കർഷകതൊഴിലാളികൾക്ക് തൊഴിൽ ലഭിക്കാതെ വരുകയും പ്രതിഫലതുകയിൽ കുറവുണ്ടാവുകയും ചെയ്യുന്നുണ്ട്.

നിർദേശങ്ങൾ

ഉല്പാദന ചിലവിനനുസൃതമായി കാർഷികോല്പന്നങ്ങൾക്ക് ന്യായമായ വില ഉറപ്പുവരുത്തുവാൻ കഴിയണം. വിപണനസൗകര്യങ്ങൾ കൂടുതലായി ഉണ്ടാവുകയും മധ്യവർത്തികളുടെ ചൂഷണം ഇല്ലാതാക്കുകയും ചെയ്യേണ്ടതാവശ്യമാണ്. പൊതുമേഖലയിൽ കാർഷികോല്പന്നങ്ങൾ സംഭരിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ഉണ്ടാവണം. എല്ലാ ഉല്പന്നങ്ങൾക്കും അടിസ്ഥാന വില നിശ്ചയിക്കേണ്ടത് ആവശ്യമാണ്.

കൃഷിക്കാർക്ക് കൈവശഭൂമിക്ക് സ്ഥിരമായ പട്ടയം ലഭിച്ചെങ്കിൽ മാത്രമേ ബാങ്ക് വായ്പകൾ ലഭ്യമാവുകയും കർഷകർക്ക് സുരക്ഷിതത്ത്വബോധം ഉണ്ടാവുകയും ചെയ്യുകയുള്ളു.

മണ്ണൊലിപ്പു തടയുന്നതിനാവശ്യമായ ശാസ്ത്രീയവും ദീർഘവീക്ഷണത്തോടുകൂടിയതുമായ പദ്ധതികൾ ആവിഷ്കരിക്കണം. കല്ല് കയ്യാല, മണ്ണ് കയ്യാല തുടങ്ങിയ നിർമിക്കുകയും കയ്യാലകളിലും വരമ്പുകളിലും തീറ്റപ്പുല്ല് വച്ചു പിടിപ്പിക്കുകയും ചെയ്താൽ ഒരു പരിധിവരെ മണ്ണൊലിപ്പു തടയുന്നതിനു സാധിക്കും. അതോടൊപ്പം ജലം ശേഖരിക്കുവാനും കഴിയും.

ശാസ്ത്രീയകൃഷി രീതികൾ അവലംബിക്കുന്നതിനാവശ്യമായ കാർഷിക വിദ്യാഭ്യാസം കർഷകർക്കു ലഭ്യമാക്കുകയും കാർഷികവിദഗ്ധരുടെ സേവനം ലഭിക്കുകയും വേണം. കൃഷിഭവന്റെ പ്രവർത്തനം വ്യാപകമാക്കുകയും അതോടൊപ്പം കാർഷിക സർവകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന പാമ്പാടുംപാറയിലെ ഏലം ഗവേഷണ കേന്ദ്രത്തിലെ ഉദ്യോഗസ്ഥരുടെ സേവനം പഞ്ചായത്തിലെ കൃഷിക്കാർക്ക് ലഭ്യമാകുന്നതിനുവേണ്ട നടപടികൾ ഉണ്ടാവുകയും കാർഷിക വിദഗ്ധരായ സ്വകാര്യ കൃഷിക്കാരുടെ സേവനവും സമന്വയിപ്പിച്ചുകൊണ്ട് കാർഷിക മേഖലയിൽ കൂട്ടായ്മയുടേതായ ഒരു അന്തരീക്ഷം സൃഷ്ടിക്കണം.

കാർഷികരംഗത്തെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്ന ആളുകളെ വിളരീതിയുടെ സ്വഭാവമനുസരിച്ചുള്ള കർഷക സംഘങ്ങളുടെ പ്രവർത്തനം സജീവമാക്കിയാൽ കർഷകർക്ക് പരസ്പരം ആശയവിനിമയത്തിനും സാങ്കേതിക പരിജ്ഞാനത്തിന്റെ കൈമാറ്റത്തിനും സാധിക്കും.

ഗ്രൂപ്പ് ഫാമിംഗ്

ഇഞ്ചി, തീറ്റപ്പുല്ല്, പയറുവർഗങ്ങൾ, പച്ചക്കറി, കിഴങ്ങുവർഗ്ഗങ്ങൾ, ഔഷധസസ്യങ്ങൾ മുതലായവയൊക്കെ ഗ്രൂപ്പ് ഫാമിംഗിലൂടെ വിപുലപ്പെടുത്തുവാൻ കഴിയുന്നവയാണ്. വളപ്രയോഗം, രോഗം, കീടനിയന്ത്രണം എന്നിവയൊക്കെ ചിലവു കുറഞ്ഞരീതിയിൽ നടത്തുന്നതിനും കൃഷിക്കാരുടെ സാങ്കേതിക വൈദഗ്ധ്യം കൂട്ടായി ഉപയോഗപ്പെടുത്തുന്നതിനും സാധിക്കും.

വിത്തിനങ്ങൾ

രോഗപ്രതിരോധ ശേഷി ഉള്ളതും അത്യുല്പാദന ശേഷി ഉള്ളതുമായ വിത്തിനങ്ങളുടേയും നടീൽ വസ്തുക്കളുടേയും വിതരണം കൃഷിഭവനുകൾ, കാർഷിക വികസന സമിതികൾ, സി.ആർ.എസ് (കാർഡമം റിസേർച്ച് സ്റ്റേഷൻ) തുടങ്ങിയവയിലൂടെ സന്നദ്ധ സംഘടനകളുടെ സഹായം ഉപയോഗപ്പെടുത്തികൊണ്ട് നടത്തിയാൽ കർഷകർക്ക് വളരെ പ്രയോജനപ്പെടുത്തുവാൻ കഴിയും.

ഔഷധസസ്യങ്ങൾ

പഞ്ചായത്തിന്റെ എല്ലാ മേഖലകളിലും വ്യവസായപ്രാധാന്യമുള്ള ഔഷധസസ്യങ്ങൾ വൻതോതിൽ കൃഷി ചെയ്യുന്നതിനു സാദ്ധ്യതയുണ്ട്. അത് ഉപയോഗപ്പെടുത്തുവാൻ കഴിഞ്ഞാൽ കൃഷിക്കാർക്ക് സാമ്പത്തികമായും ആരോഗ്യപരമായും നേട്ടം ഉണ്ടാക്കുവാൻ കഴിയും.

പച്ചക്കറി ഉല്പാദനം

പച്ചക്കറി കൃഷിക്ക് വളരെ അനുയോജ്യമായ മണ്ണാണ് ഈ പഞ്ചായത്തിലെ മിക്ക സ്ഥലങ്ങളിലും ഉള്ളത്. എന്നാൽ ഉപഭോഗസംസ്കാരത്തിന് അടിമപ്പെട്ടു കഴിയുന്നതുകൊണ്ട് ഭൂരിഭാഗം ആളുകളും ഈ സാധ്യതയെ ഉപയോഗപ്പെടുത്തുന്നില്ല. വ്യാവസായികാടിസ്ഥാനത്തിലും ഇടവിളയായും വളരെ ലാഭകരമായി നടത്തുവാൻ കഴിയുന്നതാണ്. അത്യുല്പാദനശേഷിയുള്ള വിത്തും ജൈവ-കീടനാശിനികളും ഉപയോഗിച്ചുകൊണ്ട് സാമ്പത്തികമായും ആരോഗ്യപരമായും നേട്ടം കൈവരിക്കുന്നതിന് സാധിക്കും.

കീടനാശിനി

അശാസ്ത്രീയമായ കീടനാശിനി പ്രയോഗം, ആരോഗ്യമേഖലയേയും കാർഷികോല്പാദനത്തേയും സമ്പദ്ഘടനയെതന്നെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. വിളകളുടെ പ്രത്യേകതകൾക്കനുസൃതമായി കീടനാശിനികൾ പ്രയോഗിക്കുന്നതിന് കർഷകർക്കുള്ള വൈദഗ്ദ്യക്കുറവാണ് ഇതിനു മുഖ്യകാരണം. ജൈവ കീടനാശിനിയുടെ ഉല്പാദനവും ഉപയോഗവും വ്യാപകമാക്കേണ്ടത് ആവശ്യമാണ്. കീടനാശിനികൾ ചുരുങ്ങിയ ചിലവിൽ കർഷകർക്ക് ലഭ്യമാവുന്നതിനുവേണ്ടി സർക്കാർ മേഖലയിലും സഹകരണമേകലയിലും സ്വകാര്യമേഖലയിലുമുള്ള സൗകര്യങ്ങൾ ഉപയോഗപ്പെടുത്തുവാൻ കഴിയണം.

വളങ്ങൾ

മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിലല്ലാത്ത അശാസ്ത്രീയമായ രാസവളപ്രയോഗം കാരണം കാർഷിക മേഖലയിൽ വിളനാശമുണ്ടായിട്ടുണ്ട്. മിക്ക വീടുകളിലും കന്നുകാലി വളർത്തൽ ഉള്ളതിനാൽ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുകവഴി ഊർജ്ജപ്രതിസന്ധിക്ക് പരിഹാരം കാണുന്നതോടൊപ്പം കാർഷികാഭിവൃദ്ധിക്ക് ആവശ്യമായ ജൈവവളം വൻപിച്ച തോതിൽ ഉല്പാദിപ്പിക്കുവാൻ സാധിക്കും. കുറഞ്ഞ ചിലവിൽ ജൈവവളമായ കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റ് ഉല്പാദിപ്പിക്കുന്നതിനാവശ്യമായ പരിശീലനം കർഷകർക്ക് ലഭ്യമാവണം. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി നിലവിലുള്ള സംവിധാനങ്ങൾ മുഖേനയും പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തികൊണ്ടും കർഷകർക്കും വളങ്ങൾ ലഭ്യമാക്കണം.

ജലസേചനം

നിലവിലുള്ള ജലസേചന സൗകര്യങ്ങൾ പോലും ഫലപ്രദ

മായി ഉപയോഗപ്പെടുത്താൻ കഴിയാത്തതുകൊണ്ട് ഭൂരിഭാഗം ചെറുകിടകൃഷിക്കാരും മഴയെമാത്രം ആശ്രയിച്ചാണ് കൃഷി നടത്തുന്നത്. പഞ്ചായത്തിലൂടെ ഒഴുകുന്ന പതിനഞ്ചോളം തോടുകളെ നിർമറി പ്രദേശ വികസന പദ്ധതിപ്രകാരം ഉപയോഗപ്പെടുത്തുകയും ജലസാദ്ധ്യതകൾ കണ്ടെത്തിക്കുളങ്ങളും കിണറുകളും നിർമിക്കുകയും നിലവിലുള്ളവയെ പലപ്രദമായി ഉപയോഗപ്പെടുത്തുകയും ചെയ്താൽ ഒരുപരിധിവരെ ജലസേചന സൗകര്യം മെച്ചപ്പെടുത്തുവാനും കൃഷിയെ അഭിവൃദ്ധിപ്പെടുത്തുവാനും സാധിക്കും.

ഇൻഷൂറൻസ് പദ്ധതി

നിലവിലുള്ള വിള ഇൻഷൂറൻസ് പദ്ധതികൾ അപര്യാപ്തമാണ്. കാലോചിതമായി ഇൻഷൂറൻസ് പദ്ധതികൾ പരിഷ്കരിക്കുകയും എല്ലാവിഭാഗം വിളകൾക്കും ഇൻഷൂരൻസ് സൗകര്യം ബാധകമാക്കുകയും വേണം. കാലാവസ്ഥാ വ്യതിയാനം കൊണ്ട് നശിക്കുന്ന വിളകൾക്കുമാത്രമല്ല രോഗകീടബാധകൾ കൊണ്ടു നശിക്കുന്നവയ്ക്കും ഇൻഷൂറൻസ് ആനുകൂല്യം ഉറപ്പുവരുത്തിയാൽ കൃഷിക്കാർക്ക് കൃഷിയോടുള്ള ആഭിമുഖ്യം വർദ്ധിക്കും.

പൊതുവിപണി

കാർഷിക ഉല്പന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതിനു മുഖ്യകാരണം. ഇടനിലക്കാരുടെ കടന്നുകയറ്റവും അന്യ സംസ്ഥാനങ്ങളിലേയ്ക്കുള്ള കള്ളക്കടത്തുമാണ്. പൊതുമേഖലയിൽ കർഷക ഉല്പന്നങ്ങൾ ശേഖരിക്കുന്നതിനുള്ള സൗകര്യം ഓരോ വാർഡിലേയും പ്രധാനകേന്ദ്രങ്ങളിൽ ആരംഭിച്ചാൽ ഇടനിലക്കാരുടെ ചൂഷണവും കള്ളക്കടത്തും ഒഴിവാക്കുവാൻ സാധിക്കും. അതോടൊപ്പം തന്നെ പൊതുവിപണികൾ വഴി കൃഷിക്കാർക്ക് ആവസ്യമായ നടീൽവസ്തുക്കൾ, കാർഷികോപകരണങ്ങൾ, വളങ്ങൾ, കീടനാശിനികൾ മുതലായവയും ലാഭകേരമായി വിതരണം ചെയ്യുവാൻ സാധിക്കും.

നഴ്സറി

നിലവിലുള്ള നഴ്സറികലുടെ പ്രവർത്തനം ത്വരിതമാക്കുകയും പുതിയ നഴ്സറികൾ ആരംഭിക്കുകയും ചെയ്താൽ കൃഷിക്കാർക്കാവശ്യമായ രോഗപ്രതിരോധ ശേഷിയുള്ളതും അത്യുല്പാദനശേഷിയുള്ളതുമായ നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുവാൻ സാധിക്കും.

പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ അത്യുൽപാദനശേഷിയുള്ള നടീൽവസ്തുക്കൾ വിതരണം ചെയ്യുന്നതിനായി ഒരു നഴ്സറി ആരംഭിക്കാം.

വൈദ്യുതി കടന്നുചെന്നിട്ടില്ലാത്ത മേഖലകളിൽ ഉള്ള കൃഷിക്കാർക്ക് അനർട്ടിന്റെ സേവനം ലഭ്യമാവുന്നതിനാവശ്യമായ നടപടി ഉണ്ടാവണം. ബയോഗ്യാസ് പ്ലാന്റുകളുടെ സബ്സിഡി വർധിപ്പിക്കുകയും ഇതിനാവശ്യമായ പ്രചാരണപ്രവർത്തനങ്ങൾ നടത്തുകയും ചെയ്താൽ കാർഷികരംഗത്തെ പുരോഗതിക്ക് വളരെയധികം പ്രയോജനപ്പെടുത്തുവാൻ കഴിയും. തീറ്റപ്പുൽ കൃഷി വ്യാപിപ്പിക്കുകവഴി കാലിവളർത്തൽ സുഗമമാക്കുന്നതിനും കൃഷിക്കാവശ്യമായ ജൈവവളം ഉല്പാദിപ്പിക്കുവാനും സാധിക്കും.

പാമ്പാടുംപാറയിൽ പ്രവർത്തിക്കുന്ന സി.ആർ.എസ് (C.R.S)ന്റെ കീഴിൽ നടന്നുവരുന്ന പുഷ്പച്ചെടികളുടെ ഉല്പാദനം വർധിപ്പിക്കുകയും താല്പര്യമുള്ള കർഷകരെ കണ്ടെത്തി സൗജന്യമായ രീതിയിൽ തൈകൾ നൽകുകയും ആവശ്യമായ സാങ്കേതിക നിർദേശങ്ങളും സഹായങ്ങളും ലഭ്യമാക്കുകയും ചെയ്താൽ പുഷ്പകൃഷിരംഗത്ത് ഒരു കുതിച്ചുചാട്ടം നടത്തുവാൻ സാധിക്കും. കയറ്റുമതി സാദ്ധ്യതയുള്ള ഒന്നാണ് പുഷ്പകൃഷി. നിലവിലുള്ള സംവിധാനങ്ങളെ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയണം.

ഗ്രാമസഭകളിൽ നിന്നുയർന്നുവന്നിട്ടുള്ള പ്രത്യേക നിർദേശങ്ങൾ (കൃഷി)

വാർഡ് –1

1. സ്പൈസസ് ബോർഡ്, കൃഷിഭവൻ മുതലായ സ്ഥാപനങ്ങൾവഴി കുമിൾ നാശിനികളും കീടനാശിനികളും യഥാസമയം സൗജന്യമായി വിതരണം ചെയ്യുക.
2. മണ്ണൊലിപ്പു തടയാൻ സോയിൽ കൺസർവേഷൻ മുഖാന്തിരം കയ്യാല പദ്ധതികൾ നടപ്പിലാക്കുക.
3. പച്ചക്കറികൃഷിക്കു സാദ്ധ്യതയുള്ളതിനാൽ പഞ്ചായത്തു വഴി സൗജന്യമായി നല്ലയിനം വിത്തിനങ്ങൾ വിതരണം ചെയ്യുക.
4. നിലവിലുള്ള ജല സ്രോതസുകൾ കൃഷിക്കുപയുക്തമാക്കാൻ വാട്ടർ ഇറിഗേഷൻ നടപ്പിലാക്കുക.
5. ഉല്പാദന ചിലവിന്റെ അടിസ്ഥാനത്തിൽ കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില നിശ്ചയിക്കുക.
6. സ്ഥിരമായ പട്ടയം നൽകുക.

വാർഡ് –2

1. K.S.E.Bയുടെ അധീനതയിലുള്ള ചതുപ്പുനിലങ്ങളിൽ വലിയ കുളങ്ങൾ നിർമിച്ച് ജലസേചനസൗകര്യം മെച്ചപ്പെടുത്തുക.
2. കയ്യാല വയ്ക്കുന്നതിനും വളം, കീടനാശിനികൾ എന്നിവയ്ക്കും പഞ്ചായത്തിൽ നിന്നും സഹായം ലഭ്യമാക്കുക.
3. രോഗപ്രതിരോധ ശേഷിയുള്ള കുരുമുളകു വള്ളികൾ ലഭ്യമാക്കുക.

വാർഡ്– 3

1. മണ്ണൊലിപ്പ് തടയുന്നതിന് കയ്യാലപദ്ധതി നടപ്പിലാക്കുക.
2. കാർഷികോല്പന്നങ്ങൾ വിറ്റഴിക്കാൻ വാർഡിൽ വിപണന സംവിധാനം ഏർപ്പെടുത്തണം.
3. കുറഞ്ഞ പലിശനിരക്കിൽ സാമ്പത്തിക സഹായം ഏർപ്പെടുത്തുക.
4. ശാസ്ത്രീയ കൃഷിരീതിയെക്കുറിച്ച് ബോധവൽകരണം നടത്തുക.

വാർഡ് –4

1. മണ്ണുപരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നതിനുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുക.
2. തേയില കൃഷിക്ക് വൻപിച്ച സാദ്ധ്യതകൾ ഉള്ളതിനാൽ തൈകൾ ലഭ്യമാക്കുകയും വിപണന സൗകര്യം കാര്യക്ഷമമാക്കുകയും വേണം.
3. ഉല്പാദനക്ഷമത കുറഞ്ഞ തെങ്ങ് കമുക് മുതലായവ വെട്ടിമാറ്റുന്നതിനും നല്ലയിനം തൈകൾ, വളം, കീടനാശിനികൾ മുതലായവ ലഭ്യമാക്കുന്നതിനും കൃഷിഭവൻ മുഖേന സൗകര്യങ്ങൾ ലഭിക്കണം.
4. പത്തിനിപ്പാറയിലുള്ള ചെക്കുഡാം പുനഃരുദ്ധരിക്കുകയും നിലവിലുള്ള അഞ്ചു ചെരുതോടുകളിൽ തടയണകൾ നിർമിച്ചും ജലസേചന സൗകര്യം മെച്ചപ്പെടുത്തണം.

വാർഡ് –5

1. ക്യാൻസൽ ബ്ലോക്കിൽ ഉള്ള തരിശുഭൂമിയിൽ ഔഷധ കൃഷി നടത്തുന്നതിനു വേണ്ട സഹായങ്ങൾ ലഭ്യമാക്കുക.
2. പച്ചക്കറി കൃഷിക്ക് വമ്പിച്ച സാദ്ധ്യതയുള്ളതിനാൽ സാമ്പത്തികസഹായവും നല്ലയിനം വിത്തിനങ്ങൾ, വളം, കീടനാശിനികൾ മുതലായവയും സാങ്കേതിക ഉപദേശങ്ങളും കൃഷിഭവൻ മുഖേന ലഭ്യമാക്കുക.
3. എടത്വാമുക്ക്–മുണ്ടിയെരുമ തോടിൽ തടയണകെട്ടിയും

999, 118 എന്നീ ബ്ലോക്കുകളിലും ആദിയാർപുരം, കുരിശുമല തുടങ്ങിയ സ്ഥലങ്ങളിൽ ജലലഭ്യതാ സാദ്ധ്യതയുള്ളതിനാൽ കുളങ്ങൾ നിർമിച്ചും ജലസേചനസൗകര്യം വർധിപ്പിക്കുക.

4. ആദിയാർപുരം, കുരിശുമല ഭാഗങ്ങളിലെ കൃഷി വളരെ മോശമായതിനാൽ പ്രത്യേക പരിചരണം ആവശ്യമാണ്.

5. മണ്ണൊലിപ്പു തടയുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കണം.

വാർഡ് –6

1. മണ്ണൊലിപ്പ് തടയുന്നതിന് ഗ്രൂപ്പടിസ്ഥാനത്തിൽ കയ്യാലകൾ നിർമിക്കണം. ഇതിനാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാവണം.

2. ആവർത്തന കൃഷി നടത്തുന്നതിനാവശ്യമായ സബ്സിഡിയോടുകൂടിയ സാമ്പത്തിക സഹായം ലഭ്യമാക്കണം.

3. കീടനാശിനികൾ, വളങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുക.

4. ഗുണനിലവാരമുള്ള നടീൽ വസ്തുക്കൾ കുറഞ്ഞനിരക്കിൽ ലഭ്യമാക്കുക.

5. ഭക്ഷ്യ ധാന്യങ്ങൾ, തേയില, കാപ്പി, വാഴ, ഇഞ്ചി, പച്ചമരുന്നുകൾ മുതലായവ കൃഷി ചെയ്യുന്നവരെ പ്രോത്സാഹിപ്പിക്കുക.

6. ജലസേചന സൗകര്യം ലഭ്യമാക്കുക.

7. കൃഷിഭവനുകളുടെ പ്രവർത്തനം സജീവമാക്കുകയും സമിതികൾ നിർത്തലാക്കി ഗ്രാമസഭകൾ തിരഞ്ഞെടുക്കുന്ന കമ്മിറ്റികൾ മുഖാന്തിരം ലഭ്യമാകുന്ന വളവും സഹായങ്ങളും നേരിട്ട് ലഭ്യമാക്കുക.

വാർഡ് –7

1. ബാലഗ്രാം–സന്യാസി ഓടതോട്, ബാലഗ്രാം– ഗജേന്ദ്രപുരം തോടുകൾക്ക് സംരക്ഷണഭിത്തി കെട്ടുക.

2. ഔഷധകൃഷിക്ക് സഹായകമായി ആരംഭിച്ച സഹകരണ സംഘത്തിന് അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക സഹായവും ലഭ്യമാക്കി ഔഷധതോട്ട നിർമാണം വ്യാപിപ്പിക്കുക.

3. നിർമ്മലാപുരം, സന്യാസിഓട, കുമരകംമെട്ട്, ഗജേന്ദ്രപുരം, കുമ്പൻപാറ ഭാഗത്ത് കയ്യാല നിർമിക്കുക.

4. ജലസേചന സൗകര്യങ്ങൾ വർധിപ്പിക്കുക.

5. നല്ലയിനം നടീൽ വസ്തുക്കൾ ഉല്പാദിപ്പിക്കുവാൻ കഴിയുന്ന നഴ്സറികൾ ആരംഭിക്കുക.

6. ജലസേചന സൗകര്യത്തിന് വൈദ്യുതി ലഭ്യമാക്കുക.

7. ഉല്പന്നങ്ങൾ വിപണിയിലെത്തിക്കുവാൻ റോഡുകൾ നിർമിക്കുക.

വാർഡ് –8

1. മണ്ണ് സംരക്ഷണത്തിന് കയ്യാലകൾ നിർമിക്കുവാൻ സബ്സിഡി നൽകണം.

2. കുഞ്ഞുചെറുക്കൻ പിടിയിൽ ആറിനു കുറുകെ ചെക്കുഡാം നിർമിക്കുക.

3. കുരുമുളക്, കാപ്പി, തെങ്ങ്, കമുക് എന്നീ വിളകൾക്ക് ആവർത്തന കൃഷിക്ക് സഹായം നൽകുക.

4. വളം, കീടനാശിനി, നടീൽ വസ്തുക്കൾ എന്നിവ സബ്സിഡിയോടെ ലഭ്യമാക്കുന്നതിന് കൃഷിഭവന്റെ സബ്സെന്റർ വാർഡിൽ ആരംഭിക്കുക.

5. കാർഷിക വിള ഇൻഷുറൻസ് കാര്യക്ഷമമാക്കണം.

6. ഉല്പന്നങ്ങൾ വിറ്റഴിക്കുവാൻ തേർഡ് ക്യാമ്പ് കേന്ദ്രമാക്കി വിപണന കേന്ദ്രം ആരംഭിക്കുക.

7. കൈവശഭൂമിക്ക് പട്ടയം ലഭിക്കുകയും മരങ്ങൾ വെട്ടുന്നതിനും വച്ചു പിടിപ്പിക്കുന്നതിനും അനുവാദം നൽകണം.

8. കർഷകർക്കുള്ള ക്ഷേമനിധിയും പെൻഷനും ഉദാരമാക്കുക.

9. സമഗ്ര എലി നശീകരണ പദ്ധതി നടപ്പിലാക്കുക.

10. കൃഷി വികസന സമിതികൾ കാര്യക്ഷമമാക്കുക.

11. കൊപ്ര ഉണങ്ങുന്നതിന് ആധുനിക യന്ത്രസംവിധാനം ഏർപ്പെടുത്തുക.

12. കാർഷിക രോഗപ്രതിരോധ നടപടികൾ ശക്തമാക്കുക.

വാർഡ് –9

1. ആവർത്തനകൃഷിയും പുതുതായി ആരംഭിക്കുന്ന കൃഷികൾക്കും സബ്സിഡി നൽകുക.

2. ഗവൺമെന്റ് സഹായം യഥാർത്ഥ കർഷകർക്ക് ലഭ്യമാക്കുന്നതിന് ഗ്രാമസഭാകമ്മിറ്റികൾ രൂപീകരിച്ച് സഹായവിതരണം കാര്യക്ഷമമാക്കുക.

3. രോഗകീടങ്ങളിൽ നിന്നു കൃഷിയെ സംരക്ഷിക്കുവാൻ വാർഡിൽ ലബോറട്ടറി സൗകര്യം ഏർപ്പെടുത്തുക.

4. കാർഷിക ഗവേഷണ കേന്ദ്രം വാർഡിൽ ആരംഭിക്കുകയും മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ വളപ്രയോഗം നടത്തുന്നതിന് കർഷകർക്ക് സഹായം നൽകുക.

5. കാർഷികോല്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനു വേണ്ട ഗതാഗത സൗകര്യം ഉണ്ടാവുകയും വിപണനകേന്ദ്രം വാർഡിൽ ആരംഭിക്കുകയും വേണം.

6. ഇഞ്ചികൃഷി, തീറ്റപ്പുൽ കൃഷി എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുക.

7. പച്ചമരുന്ന് കൃഷിക്കു വമ്പിച്ച സാധ്യതയുള്ളതിനാൽ സാമ്പത്തിക സാങ്കേതിക സൗകര്യങ്ങൾ നൽകുക.

8. അല്ലിയാർ, ഇടത്വാവെട്ട്, പള്ളിമെട്ട് തുടങ്ങിയ കേന്ദ്രങ്ങളിൽ ജലസേചനസൗകര്യം ഏർപ്പെടുത്തുകയും മറ്റുള്ള പ്രദേശങ്ങളിൽ ജലസേചന സൗകര്യം മെച്ചപ്പെടുത്തുകയും ചെയ്യുക.

9. വിറക് ഉല്പാദനം കുറഞ്ഞുവരുന്നതിനാൽ ഏലക്കായ ഉണങ്ങുന്നതിനുള്ള നൂതന മാർഗങ്ങൾ ആരംഭിക്കുക.

10. ഗോബർ ഗ്യാസ് പ്ലാന്റുകൾക്ക് സബ്സിഡി നൽകിയാൽ ജൈവവള ഉല്പാദനം കാര്യക്ഷമമാക്കുവാനും ഊർജക്ഷാമം പരിഹരിക്കുവാനും സാധിക്കും.

11. പച്ചക്കറി കൃഷിക്ക് ആവശ്യമായ സഹായം ലഭ്യമാക്കുക.

വാർഡ് –10

1. പഴകിയ കാപ്പിതോട്ടങ്ങൾ റീപ്ലാന്റു ചെയ്യുന്നതിനു വേണ്ട സഹായങ്ങൾ നൽകുക.

2. 50 സെന്റുവരെയുള്ള ചെറുകിട ഏലത്തോട്ടങ്ങൾക്കും ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുക.

3. അത്യുല്പാദനശേഷിയുള്ള നടീൽ വസ്തുക്കൾ വളം, കീടനാശിനികൾ മുതലായവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

4. ആശാൻ പടിമുതൽ പാമ്പാടുംപാറവരെയും ദേവഗിരി മുതൽ പത്തിനിപ്പാറവരെയുള്ള പ്രദേശങ്ങളിൽ ജലസേചന സൗകര്യങ്ങൾ ഏർപ്പെടുത്തുക.

5. പാമ്പാടുംപാറ റിസേർച്ച് സ്റ്റേഷൻ വക സ്ഥലം ആശാൻ പടിക്കുമുകൾഭാഗം, ചിറയ്ക്കൽ കമലാസനന്റെ സ്ഥലം, മുണ്ടിയെരുമ ആറ്, 209–ാം നമ്പർ ബ്ലോക്ക് എന്നിവിടങ്ങളിലെ ജലസ്രോതസുകൾ ഉപയോഗപ്പെടുത്തിയാൽ ജലക്ഷാമം ഒരു പരിധിവരെ പരിഹരിക്കുവാൻ സാധിക്കും.

6. മണ്ണുപരിശോധനാ സൗകര്യങ്ങൾ ഏർപ്പെടുത്തണം.

വർഷപാതത്തെ സംബന്ധിച്ച വിവരങ്ങൾ

വർഷം	JAN	FEB	MARCH	APRIL	MAY	JUNE	JULY	AUG.	SEPT.	OCT.	NOV.	DEC.	TOTAL
1957---													2244.3
1958													1826
1959													2168.3
1960													2186.9
1965													1330.1
1970													1945.9
1975													1790.1
1980	---	---	102.3	66.8	41.8	392	445.7	248	120.0	324.7	299.2	93.1	
1982	---	---	3.4	127.1	153.8	265	206.3	214	71.9	146.2	201.3	23.7	
1983	---	---	---	21.4	129.87	211.4	335.5	430.28	334.26	186.18	206.59	80.26	
1984	28.96	28.45	132.58	92.2	51.82	881.94	547.37	226.28	426.76	240.28	138.18	63.75	
1985	136.65	---	7.62	47.42	96.27	682.24	306.7	236.22	204.85	175.77	93.47	105.46	
1986	18.5	31.2	36.2	42.7	19	214.1	234.5	373.7	144.5	198.5	117.1	35.5	
1987	6	2.13	19	13.1	80.8	230.6	68.6	371.6	128.0	345	242	263.8	
1988	---	5.4	34.2	117.8	43.9	181	350.8	325.6	241.4	171.2	114.4	16.1	
1989	---	---	31.8	140.5	60.5	353.2	623.7	215.2	188.6	373.4	94.5	18.2	
1990	144.7	5.2	126.4	33	227.6	310.2	257.1	256.9	29.2	263.2	299.2	77.8	
1991	4.3	3.5	54	144	38	496.1	462.4	245.8	101.2	218.5	34.3	10	
1992	3	---	---	161.6	121.4	321.4	402.7	255.7	262.5	197.4	373.6	33.4	
1993	---	84.2	3.2	22	98.2	242	348.1	214.2	67.2	215.2	323	49.4	
1994	18.6	29	5.2	252.7	73.3	373	394	297.6	180.0	453.8	166.8	.6	
1995	26	.8	48.8	92.5	258.3	222.8	310.2	323.8	242.2	162	137.2	---	
1996	99	106	4.6	233.4	---	355.6	152.2	223.7					

അവലംബം–കാർഡമം റിസർച്ച് സ്റ്റേഷൻ, കേരള കാർഷിക സർവ്വകലാശാല, പാമ്പാടുംപാറ

മൃഗസംരക്ഷണം

പാമ്പാടുംപാറപഞ്ചായത്തിന്റെ സമ്പത്ഘടനയിൽ ഒരു സുപ്രധാന പങ്ക് വഹിക്കുന്ന മേഖലയാണ് മൃഗസംരക്ഷണ രംഗം. പഞ്ചായത്തിലെ ഭൂരിപക്ഷം വരുന്ന ജനങ്ങൾ ചെറുകിട കർഷകരും കർഷകതൊഴിലാളികളുമാണ്. മൃഗസംരക്ഷണ മേഖലയിൽ മുഴുവൻ സമയതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ അംഗസംഖ്യ വളരെ ഉയർന്നതോതിലാണ്. ഇത് ഒരു ഉപതൊഴിലായി സ്വീകരിച്ചിരിക്കുന്നവരുടെ എണ്ണവും തീരെ കുറവല്ല. ദരിദ്രജന വിഭാഗങ്ങളുടെ പ്രത്യേകിച്ചും പട്ടികജാതിക്കാർ, ആദിവാസികൾ എന്നിവരുടെ നിലവാരം മെച്ചപ്പെടുത്തുന്നതിൽ ആസൂത്രണ പ്രക്രിയയിൽ ഈ മേഖലയുടെ പങ്ക് വളരെ പ്രധാനമാണ്.

ഈ പഞ്ചായത്തിലെ മൃഗസംരക്ഷണ മേഖലയിൽ കാണുന്ന പ്രധാന ന്യൂനത ഇത് തെല്ലും സ്വയം പര്യാപ്തമല്ല എന്നുള്ളതാണ്. ഇതിൽ പ്രധാനമായും പഞ്ചായത്തിന് മൃഗസംരക്ഷണത്തിന് ആവശ്യമായ ഉപാധികളായ കാലിത്തീറ്റ ഉത്പന്നങ്ങളുടെ സംഭരണം, സംസ്കരണം, വിപണനം എന്നിവയ്ക്ക് അന്യസംസ്ഥാനങ്ങളെതന്നെ ആശ്രയിക്കുന്ന അവസ്ഥയാണ് ഇന്ന് നിലവിലുള്ളത്. 1982 മുതൽ 87വരെയുള്ള കാലിസമ്പത്തിന്റെ വർധനവ് സൂചിപ്പിക്കുന്നത് നാടൻ പശുക്കളിൽനിന്നും ഉയർന്ന ജനുസ്സുകളിൽപ്പെട്ട ജേഴ്സി, സിസ് ബ്രൗൺ, സുനന്ദിനി എന്നിവയിലേയ്ക്കുള്ള പരിവർത്തനവും അതുമൂലം പാലും, അനുബന്ധ ഉത്പന്നങ്ങളുടെയും ഉത്പാദനത്തിൽ ഈ അസംഘടിതമേഖല ഒരു കുതിച്ച് ചാട്ടം തന്നെ നടത്തിയിട്ടുണ്ട് എന്ന് മനസിലാക്കാം.

ഈ പഞ്ചായത്തിന്റെ ജൈവസമ്പത്ത് പൂർണ്ണമായും ഉപയോഗപ്പെടുത്തികൊണ്ട് വളരെ പ്രയോജനപ്രദമായ ഒരു ആടുവളർത്തൽ വളർന്ന് വന്നിട്ടുണ്ട് എന്ന് പറയുന്നത് അഭിമാനാർഹമാണ്. അത്യുൽപാദനശേഷിയുള്ള ആടുകളുടെ വംശനാശം ഒഴിവാക്കുവാൻ പ്രജനനത്തിന് ആവശ്യമായ ആടുവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കുകയും, മലയോരപ്രദേശങ്ങളിലെ ജൈവസമ്പത്ത് ഈ മേഖലയുടെ വളർച്ചയ്ക്ക് പൂർണ്ണമായും പ്രയോജനപ്പെടുത്തേണ്ടത് ആവശ്യമാണ്. അടുത്ത പദ്ധതികാലത്ത് ഉണ്ടാകുന്ന സമഗ്ര ആസൂത്രണത്തിൽ ജാഗ്രത പുലർത്തിയാൽ പാൽ, മുട്ട, മാംസ്യം എന്നിവയുടെ ഉത്പാദന മേഖലയിൽ ഒരു വൻകുതിച്ച് ചാട്ടത്തിന് പഞ്ചായത്തിൽ സാധ്യത ഉണ്ട്. പഞ്ചായത്തിലെ ഈ മേഖലയുടെ വളർച്ചക്ക് തടസ്സമായി നിൽക്കുന്ന പ്രധാനഘടകങ്ങൾ ഈ മേഖലയിലേയ്ക്ക് കടന്നുവരാനുള്ള അഭ്യസ്തവിദ്യരുടെ വിമുഖത ധനകാര്യവായ്പാസ്ഥാപനങ്ങൾ കാണിക്കുന്ന താൽപര്യമില്ലായ്മ, നാണ്യവിളകളിലേയ്ക്കും കെട്ടിട നിർമാണ മേഖലയിലേയ്ക്കും ശ്രദ്ധ കേന്ദ്രീകരിക്കുന്നതുമൂലം ചുരുങ്ങുന്ന മേച്ചിൽ സ്ഥലങ്ങൾ അത്യുത്പാദനശേഷിയുള്ള ജനുസുകളുടെ സ്വയം പര്യാപ്തതകുറവ്, കാലിത്തീറ്റ ഉത്പാദനത്തിന് ആവശ്യമായ അസംസ്കൃത വസ്തുക്കളുടെ ലഭ്യതകുറവ് എന്നിവയാണ്. പന്നിവളർത്തൽ കുറഞ്ഞുപോകുവാൻ ഉള്ള പ്രധാനകാരണം ആവശ്യം വേണ്ട പന്നികുഞ്ഞുങ്ങളെ ലഭ്യമല്ലാത്ത അവസ്ഥയും ആവശ്യം വേണ്ട ബോധവൽക്കരണ പ്രവർത്തനങ്ങളുടെ അഭാവവുമാണ്.

വളർത്തു പക്ഷികളിൽ പ്രധാനം കോഴിയാണ്. പഞ്ചായത്തിൽ വളർത്തുന്ന കോഴിയിനങ്ങളിൽ പ്രധാനം നാടൻ കോഴികളാണ്. ഈ രംഗത്തെ വളർച്ചയ്ക്ക് കൂടുതൽ വളർച്ചാശേഷിയുള്ള കുഞ്ഞുങ്ങളെ വിതരണം നടത്തുന്നതിലും കോഴിമുട്ടകൾ വിപണനം നടത്തുന്നതിനാവശ്യമായ വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുകയും ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കേണ്ടതും ആവശ്യമാണ്.

പഞ്ചായത്തിൽ ഉത്പാദിപ്പിക്കുന്ന പാൽ ശേഖരിക്കുന്നതിനായി പഞ്ചായത്തിന്റെ വിവിധ മേഖലകളിലായി ആപ്കോസിന്റെ അഞ്ചുകേന്ദ്രങ്ങളും മലനാടു ഡവലപ്പ്മെന്റ് സൊസൈറ്റിയുടെ ഒമ്പതു പാൽ സംഭരണ കേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു. ഇവയുടെ മത്സര രീതിയിലുള്ള പ്രവർത്തനം കാലിവളർത്തൽ കർഷകനെ പ്രോത്സാഹിപ്പിക്കുന്നുണ്ട്. ഈ സ്ഥാപനങ്ങളിൽ പ്രതിദിനം ലഭ്യമാകുന്ന മൊത്തം പാലിന്റെ അളവ് 11,743 ലിറ്ററാണ്.

വ്യാവസായിക അടിസ്ഥാനത്തിൽ ബാലഗ്രാം കേന്ദ്രമാക്കി ഒരു കോഴി വളർത്തൽ കേന്ദ്രവും പ്രവർത്തിച്ചു വരുന്നു. കാലിവളർത്തൽ കാർഷീകമേഖലയിലെ ജൈവവള ലഭ്യതയിൽ ഒരളവു വരെ സഹായിക്കുന്നുണ്ട്. ഇത്രയും അധികം കാലിവളർത്തൽ ഉണ്ടെങ്കിലും ഗോബർഗ്യാസ് പ്ലാന്റുകളുടെ നിർമാണത്തിൽ പഞ്ചായത്തിലെ ജനങ്ങൾ വളരെ പുറകിലാണ്. കാലിവളർത്തൽ കർഷകരിൽ രണ്ടു ശതമാനം മാത്രമേ വയോഗ്യാസ് പ്ലാന്റുകൾ നിർമ്മിച്ചിട്ടുള്ളു. ഈ രംഗത്ത് ബോധവൽക്കരണം ആവശ്യമാണ്.

പഞ്ചായത്തിൽ കാലിവളർത്തൽ ഒരു പ്രധാന തൊഴിലാണെങ്കിലും കാലികൾക്കുണ്ടാകുന്ന പകർച്ചവ്യാതികളും മറ്റു രോഗങ്ങളും യഥാസമയങ്ങളിൽ ചികിത്സിച്ചു ഭേദപ്പെടുത്തുന്നതിന് ആവശ്യമായ ആശുപത്രികളോ മറ്റു സൗകര്യങ്ങളോ ഇല്ല. ആകെയുള്ളത് മുണ്ടിയെരുമ കേന്ദ്രമായി പ്രവർത്തിക്കുന്ന ഒരു ഡിസ്പെൻസറിമാത്രമാണ്.

കാലികൾക്കുണ്ടാകുന്ന പ്രധാന രോഗങ്ങൾ കുളമ്പുരോഗം, അകിടു വീക്കം, മഞ്ഞപിത്തം, ഞൊണ്ടിപ്പനി, വന്ധ്യത, ബ്ലാക്ക് കോട്ടർ എന്നിവയും വൈറ്റാമിന്റെ കുറവുകൊണ്ടു ഉണ്ടാകുന്ന അനുബന്ധരോഗങ്ങളാണ്. 1995–96 കാലഘട്ടത്തിൽ കല്ലാർ വെറ്റനറി ഡിസ്പെൻസറിയിൽ രേഖപ്പെടുത്തപ്പെട്ട രോഗങ്ങളും പ്രതിരോധകുത്തിവയ്പുകളുടെ പൊതു സ്ഥിതിവിവരകണക്കുകളും സൂചിപ്പിക്കുന്നത് ചികിത്സാമേഖലയിലുള്ള അപര്യാപ്തതയാണ്.

പട്ടിക

പ്രതിരോധകുത്തിവയ്പ്

രോഗം	എണ്ണം
കുളമ്പുരോഗം	500
കോഴിവസന്ത	2150
ബ്ലാക്ക്കോട്ടർ	100

ഔട്ട്പേഷ്യന്റ് വിഭാഗത്തിൽ 1468 കേസുകൾ രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രസ്തുത വെറ്റിനറി സബ്സെന്റർ ഉടുമ്പൻഞ്ചോല താലൂക്കിലെ ആദ്യത്തെ സെന്ററാണ്. 3–1–1959ൽ ആണ് ഇത് സ്ഥാപിച്ചത്. 15–12–90ൽ ഇതു ഡിസ്പെൻസറി ആക്കി ഉയർത്തി. അടിസ്ഥാനസൗകര്യമുള്ള ഒരാശുപത്രിയായി ഉയർത്താത്തതിൽ ജനങ്ങൾ അസംതൃപ്തരാണ്.

ഇത്രയും വിസ്തൃതമായ പഞ്ചായത്തിൽ കാലി വളർത്തലിനു ആവശ്യമായ കാലിതീറ്റകൾ നിർമിക്കപ്പെടുന്നില്ല എന്നുള്ളത് ഈ രംഗത്ത് ഒരു പ്രശ്നമാണ്. കന്നുകാലിക്ക് ആവശ്യമുള്ള പോഷകാഹാരത്തിന്റെ 30% പോലും ലഭിക്കുന്നില്ല. ആഹാരസാധനങ്ങൾക്ക് അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരുന്നു. കാലിത്തീറ്റയുടെ ഗുണനിലവാരമില്ലായ്മയും അത്യുൽപാദനശേഷിയുള്ള ജനുസറുകളുടെ അപര്യാപ്ത, ഉത്പന്നങ്ങളുടെ ഏകീകൃതമല്ലാത്ത വിലനിലവാരം. കാലിത്തീറ്റയുടെ വർധിച്ചുവരുന്ന വിലകൾക്കാനുപാതികമായി പാൽവില വർധിക്കാതിരിക്കുന്നതും ഈ മേഖലയിലുള്ള കർഷകർക്ക് ഭീഷണിയായി മാറുന്നു. ശാസ്ത്രീയമായ തൊഴുത്തു നിർമാണത്തിനുള്ള പോരായ്മ ഈ വിഭാഗം നേരിടുന്ന പ്രശ്നങ്ങളാണ്.

പൊതുനിർദ്ദേശങ്ങൾ

നിലവിലുള്ള കാലിസമ്പത്തിനെ പോഷിപ്പിക്കുന്നതിനു ഗുണമേന്മ മെച്ചപ്പെടുത്തുന്നതിനും കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനും ഈ മേഖലയിൽ ദ്രുതഗതിയിൽ ഉള്ള ഇടപെടൽ അനിവാര്യമായിരിക്കുന്നു. ഇതിനായി നിലവിൽ പഞ്ചായത്തിലുള്ള ഡിസ്പൻസറി, ആശുപത്രിയായി ഉയർത്തുകയും എല്ലാ വാർഡുകളുടെയും പ്രധാന കേന്ദ്രങ്ങളിൽ സബ്സെന്ററുകൾ സ്ഥാപിക്കുകയും ചെയ്യണം. പഞ്ചായത്തിൽ തന്നെ സമ്പുഷ്ടമായ കാലിത്തീറ്റ നിർമിക്കുന്നതിന് പൊതുമേഖലയിലോ സഹകാര്യ മേഖലയിലോ ഫാക്ടറികൾ ആരംഭിക്കുകയും, വിവിധ കേന്ദ്രങ്ങളിലായി മിൽമാ, M.D.S എന്നീ സ്ഥാപനങ്ങളെ കേന്ദ്രീകരിച്ച് കാലിത്തീറ്റ സബ്സിഡി നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാനുള്ള വിതരണ കേന്ദ്രങ്ങൾ ആരംഭിക്കണം. മൃഗാശുപത്രികൾ കേന്ദ്രീകരിച്ച് പച്ചപുല്ലിന്റെ വിത്തിനങ്ങൾ നല്ലയിനം ഉരുക്കൾ എന്നിവ വിതരണം ചെയ്യുകയും അത് നൽകുന്ന മേഖലകൾ കൃത്യമായും പരിപാലിക്കപ്പെടുന്നു എന്ന് ഉറപ്പുവരുത്തുകയും ചെയ്യുക.

മാംസ്യത്തിനായി വളർത്തുന്നമൃഗങ്ങളുടെയും പക്ഷികളുടെ ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിന് ഏറ്റവും പരിഷ്കൃതമായ സംവിധാനം ഉണ്ടാവണം. കന്നുകാലികളെ വാങ്ങുന്നതിന് വിവിധങ്ങളായ സ്കീമുകൾ ആവിഷ്കരിച്ച് സാമ്പത്തികസഹായം നൽകുകയും ആവശ്യമായ ബോധവൽക്കരണപരിപാടികൾ പഞ്ചായത്ത് തലത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കണം. വളർത്ത് മൃഗങ്ങൾക്കും പക്ഷികൾക്കും പൂർണമായും ഇൻഷുറൻസ് സൗകര്യം ലഭ്യമാക്കണം. കാലിത്തൊഴുത്തിന്റെ നിർമാണത്തിന് ആവശ്യമായ പരിശീലന പരിപാടികളും ഗ്രാന്റായി കുറഞ്ഞത് അയ്യായിരം രൂപയും നൽകണം. ബയോഗ്യാസ് പ്ലാന്റുകളുടെ നിർമാണത്തിന് കർഷ സമിതികളെ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കുകയും സബ്സിഡി കുറഞ്ഞത് അയ്യായിരം രൂപ നൽകുകയും വേണം.

പഞ്ചായത്ത് കേന്ദ്രമാക്കി, ചെറുകിട, നാമമാത്രകർഷകരെയും, കർഷകതൊഴിലാളികളെയും, വിദ്യാർഥികളെയും, വീട്ടമ്മമാരെയും, പങ്കെടുപ്പിച്ചുകൊണ്ട് പാൽ ഉത്പാദനം വർധിപ്പിക്കുന്നതിന് വേണ്ടി ഡെയറി യൂണിറ്റ് സ്ഥാപിക്കണം. തൊഴിൽരഹിതരായ വനിതകളെ സംഘടിപ്പിച്ചുകൊണ്ട് ഒരാൾ കൺവീനറായി ചാരിറ്റബിൾ സൊസൈറ്റി ആക്ട്പ്രകാരം രജിസ്റ്റർ ചെയ്യാവുന്നതും ഗ്രാമവികസനവകുപ്പുമായി ബന്ധപ്പെടുത്തി. ഡി.ഡബ്ല്യു.സി.ആർ.എ. ധനസഹായം ലഭ്യമാക്കുകയും പാൽ ഉത്പാദനം വർധിപ്പിക്കുകയും ചെയ്യണം.

വീട്ടമ്മമാരെ ബോധവൽക്കരിച്ചുകൊണ്ട് അത്യുത്പാദനശേഷിയുള്ള കോഴികുഞ്ഞുങ്ങളെ ലഭ്യമാക്കി അതിന് ആവശ്യമായ പരിചരണം നൽകിയും വീടുകളിലേയ്ക്കും മറ്റും ആവശ്യമായ മുട്ടയും മാംസ്യവും ലഭ്യമാക്കുവാനും കഴിയണം. ഇത്തരത്തിൽ പഞ്ചായത്തിൽ ആയിരത്തിലധികം യൂണിറ്റുകൾ സ്ഥാപിക്കണം.

അഭ്യസ്തവിദ്യരും തൊഴിൽ രഹിതരുമായ യുവാക്കളെ സംഘടിപ്പിച്ചുകൊണ്ട് പ്രായോഗിക പരിശീലനം നൽകി എഗ്ഗർ നഴ്സറികൾ സ്ഥാപിക്കുകയും ഇതിന് ആവശ്യമായ സാമ്പത്തിക സഹായം ധനകാര്യസ്ഥാപനങ്ങളിൽനിന്നും ലഭ്യമാക്കുകയും വേണം. ഇങ്ങനെ 500 കുഞ്ഞുങ്ങൾ വീതമുള്ള ഓരോ യൂണിറ്റുകൾ എല്ലാ വാർഡിലും സ്ഥാപിക്കണം. വിദ്യാർഥികളിൽ സമ്പാദ്യശീലവും കോഴിവളർത്തലിൽ താൽപര്യവും ഉണ്ടാക്കുന്നതിന് സ്കൂൾ കേന്ദ്രീകരിച്ച് പൗൾട്രിക്ലബുകൾ സ്ഥാപിക്കണം.

അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരെയും ഗൾഫ് നാടുകളിൽ തൊഴിൽകഴിഞ്ഞ് തിരിച്ചെത്തുന്നവരെയും യോജിപ്പിച്ചുകൊണ്ട് സഹകരണാടിസ്ഥാനത്തിൽ ഇറച്ചികോഴി വളർത്തൽ, മുട്ട കോഴിവളർത്തൽ കേന്ദ്രങ്ങൾ സ്ഥാപിക്കണം.

പഞ്ചായത്തിൽ ആടുവളർത്തൽ ഒരു നല്ല വരുമാനമാർഗമാണ്. ഇതിന് ആവശ്യമായ പ്രോത്സാഹനം നൽകണം. പഞ്ചായത്തിൽ നാമമാത്രമായ രീതിയിൽ മാത്രമെ പന്നി വളർത്തൽ നടക്കുന്നുള്ളൂ. ശാസ്ത്രീയമായ രീതിയിൽ കുടുംബത്തിൽ മാത്രമായോ കുടുംബങ്ങൾ കൂട്ടായോ പന്നിയെ വളർത്തുകയും ഇതിന് ആവശ്യമായ പന്നികുഞ്ഞുങ്ങളെ ലഭ്യമാക്കുകയും ചെയ്യുക.

താറാവ്, മുയൽ എന്നിവയുടെ കൃഷിയിൽ നല്ല ശതമാനം ആളുകൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നുവെങ്കിലും ഇത് വിപണനം നടത്തുന്നതിനുള്ള വേദികൾ ഇല്ലാത്തത് കൂടുതൽ കൃഷിക്കാരും ഈ രംഗം വിടുവാൻ പ്രേരിതരാകുന്നു. ഇതിന് ആവശ്യമായ വിപണന കേന്ദ്രം സ്ഥാപിക്കണം.

പഞ്ചായത്തിലെ നിരവധി കേന്ദ്രങ്ങളിൽ ചെറുതും വലുതുമായ കുളങ്ങളിൽ മത്സ്യം നാമമാത്രമായി വളർത്തുന്നുണ്ട്. പഞ്ചായത്തിലെ ജല സ്രോതസുകളെ സംരക്ഷിച്ചുകൊണ്ട് ശാസ്ത്രീയാടിസ്ഥാനത്തിൽ മത്സ്യവളർത്തൽ വ്യാപകമാക്കണം. ഇതിന് ആവശ്യമായ സാമ്പത്തിക സഹായം പഞ്ചായത്ത് നടത്തുകയും ചെയ്യണം. ഇങ്ങനെ ജനകീയാസൂത്രണത്തിൽ മത്സ്യകൃഷിക്ക് പ്രാധാന്യം നൽകിയാൽ പഞ്ചായത്തിലെ ജനങ്ങൾക്ക് ആവശ്യമായ മത്സ്യം സ്വന്തമായി ഉത്പാദിപ്പിക്കുവാൻ കഴിയും.

വ്യവസായം

നമ്മുടെ പഞ്ചായത്തിന്റെ വ്യവസായിക മേഖല പരിശോധിക്കുമ്പോൾ കുടിയേറ്റകാലത്ത് തന്നെ കൃഷിയോടനുബന്ധമായി ചെറുകിട വ്യവസായവും ആരംഭിച്ചിരുന്നു എന്ന മനസിലാക്കുവാൻ സാധിക്കും. കാലാവസ്ഥയിൽ വന്നമാറ്റം നെല്ലിന്റെ കര കൃഷിയെ ബാധിക്കുകയും തെരുവപ്പുൽ, കരിമ്പ് എന്നീ കൃഷികൾ ശക്തിപ്പെടുകയും, ഇവ സംസ്കരിച്ച് പുൽതൈലം, ശർക്കര മുതലായവ ഉത്പാദിപ്പിച്ചിരുന്നു. എല്ലാ കൃഷിക്കാർക്കും തെരുവപ്പുല്ലും കരിമ്പും സ്വന്തമായി സംസ്കരിക്കുന്നതിനുള്ള സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ഓരോ പ്രദേശത്തെയും കർഷകർ സംയുക്തമായിട്ടാണ് ഇവ സംസ്കരിച്ചുപോന്നത്. നാണ്യവിളകളുടെ വ്യാപനത്തിനു മുൻപ് ഇവ കുടിയേറ്റ കൃഷിക്കാരുടെ നിലനിൽപ്പിന് ആധാരമായിരുന്നു. നാണ്യവിളകളിലേക്കുണ്ടായ മാറ്റവും വിപണിയിലെ വിലയിടിവും ഈ വ്യവസായത്തെ അപ്രസക്തമാക്കി. വിറക്, വെള്ളം ഇവ ആവശ്യത്തിനു ലഭിക്കാത്തതും ഈ രംഗത്തെ പ്രശ്നങ്ങളാണ്.

പപ്പട നിർമാണം, മധുരപലഹാരനിർമാണം, ചിപ്സ് നിർമാണം, തഴപ്പായ നെയ്ത്ത്, കുട്ട-മുറം മുതലായവയുടെ നിർമാണം ഇവയൊക്കെ പഞ്ചായത്തിലെ പരമ്പരാഗത ചെറുകിട വ്യവസായങ്ങളാണ്. ചുട്ട ഇഷ്ടിക, സിമന്റ് ഇഷ്ടിക, ഹോളോ ബ്രിക്സ്, കർഷിക - ഗാർഹിക ഉപകരണങ്ങൾ തുടങ്ങിയവയൊക്കെ പഞ്ചായത്തിലെ ചെറുകിട വ്യവസായങ്ങളിൽ ചിലതാണ്. സെറി കൾച്ചർ വ്യാപകമായി ഉണ്ടായിരുന്നെങ്കിലും കാലാവസ്ഥാവ്യതിയാനം ഈ രംഗം മന്ദീഭവിക്കുവാൻ കാരണമായി.

അസംസ്കൃത വസ്തുക്കളുടെ ലഭ്യതയിൽവന്ന കുറവ് ഉത്പാദനചിലവിനനുസൃതമായ വില ലഭിക്കായ്ക ഇതെല്ലാം നിലവിലുള്ള ചെറുകിട വ്യവസായങ്ങളെയും കുടിൽ വ്യവസായങ്ങളെയും കാര്യമായി ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ നിലവിലുള്ള ചെറുകിട വ്യവസായങ്ങളിൽ എടുത്തുപറയാൻ കഴിയുന്നതാണ് ഒന്നാംവാർഡിൽ വട്ടപ്പാറ ഭാഗത്ത് പ്രവർത്തിക്കുന്ന വേപ്പിൻ പിണ്ണാക്ക് നിർമാണശാല, നാലാം വാർഡിൽ താന്നിമൂട് ഭാഗത്ത് പ്രവർത്തിക്കുന്ന പച്ചകുരുമുളക് സംസ്കരണശാല, അഞ്ചാംവാർഡിലെ ബാലഗ്രാം, ആറാം വാർഡിൽ സന്യാസി ഓട, എട്ടാംവാർഡിൽ തേർഡ് ക്യാമ്പ് എന്നീ സിമന്റ് ഇഷ്ടിക യൂണിറ്റുകൾ. ഇവയെല്ലാം തന്നെ സ്വകാര്യമേഖലയിൽ പ്രവർത്തിക്കുന്നവയാണ്. ഈ സ്ഥാപനങ്ങളിൽ ഏകദേശം അറുപതോളം തൊഴിലാളികളാണുള്ളത്. ഇതിൽ വനിതാ പ്രാതിനിധ്യം കേവലം ഇരുപത് ശതമാനത്തോളം മാത്രമാണ്.

കാർഷികമേഖലയായ പഞ്ചായത്തിൽ കാർഷികോത്പന്നങ്ങൾ ഉപയോഗിച്ച് നടത്തുവാൻ കഴിയുന്ന വ്യവസായസാധ്യതകളെ പ്രയോജനപ്പെടുത്തുവാൻ കഴിയുന്നില്ല. പശ്ചാത്തല സൗകര്യങ്ങളുടെ അഭാവം, സാമ്പത്തിക പ്രതിസന്ധി, സാങ്കേതിക പരിജ്ഞാനക്കുറവ്, വിപണന സൗകര്യത്തിന്റെ അഭാവനം എന്നിവ വ്യവസായികരംഗത്തുള്ള പഞ്ചായത്തിന്റെ പ്രശ്നങ്ങളാണ്.

കാർഷികവൃത്തിയെ മാത്രം അടിസ്ഥാനമാക്കി വികസനത്തെക്കുറിച്ച് ചിന്തിക്കുന്നവരാണ് അധികം ആളുകളും. അഭ്യസ്തവിദ്യരായ തൊഴിൽരഹിതർ പോലും വ്യവസായ യൂണിറ്റുകളുടെ സാധ്യതകൾ ഉപയോഗപ്പെടുത്തുവാൻ തയാറാവാത്തതുമെല്ലാം ഇവിടുത്തെ വ്യവസായിക താൽപര്യത്തേയും കാഴ്ചപ്പാടിനേയും പിന്നിലാക്കി.

പ്രശ്നങ്ങൾ

ഈ പഞ്ചായത്തിന്റെ ഗതാഗതസൗകര്യങ്ങളുടെ അപര്യാപ്തത ഒരു പ്രധാനപ്രശ്നമാണ്. മൂന്നാർ സ്റ്റേറ്റ് ഹൈവേ ബാലഗ്രാം പുളിയൻമല പി.ഡബ്ല്യു.ഡി റോഡ് എന്നിവ മാത്രമാണ് ഗതാഗതയോഗ്യമായ റോഡുകൾ.

പശ്ചാത്തലമേഖലയിലെ മറ്റൊരു പ്രധാന പ്രശ്നമാണ് വൈദ്യുതിയുടെ അപര്യാപ്തത. ഇന്ത്യയിലെ വളരെ പ്രധാനപ്പെട്ട ജലവൈദ്യുതപദ്ധതിയായ ഇടുക്കി പദ്ധതിയുടെ സമീപത്തുള്ള പഞ്ചായത്തായിട്ടുകൂടി ഈ പഞ്ചായത്തിന്റെ മിക്ക മേഖലയിലും വൈദ്യുതി എത്തിയിട്ടില്ല എന്നുള്ളത് അത്ഭുതാവഹമാണ്. പഞ്ചായത്തിലുള്ള പതിനഞ്ചോളം തോടുകളിലെ വെള്ളം ഇടുക്കി പദ്ധതിക്ക് അനുകൂലമാകുന്നുണ്ട് എങ്കിലും അതിനനുസൃതമായിപ്പോലും പഞ്ചായത്തിൽ വൈദ്യുതി എത്തിയിട്ടില്ല.

വ്യവസായ സംരംഭകർക്ക് ആവശ്യമായ സാങ്കേതിക പരിജ്ഞാനത്തിന്റെ അപര്യാപ്തത ഒരു മുഖ്യഘടകമാണ്. വ്യവസായസംരംഭകരെ കണ്ടെത്തുന്നതിനും അവരെ പ്രോത്സാഹിപ്പിക്കുന്നതിനും സാങ്കേതിക സാമ്പത്തിക സഹായങ്ങൾ ലഭ്യമാക്കുന്നതിനും വിപുലമായ പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്.

മൂലധനത്തിന്റെ അപര്യാപ്തത വ്യവസായ സംരംഭകരെ സംബന്ധിച്ചിടത്തോളം ഒരു പ്രധാന പ്രശ്നമാണ്. ലഭ്യമാകുന്ന സാമ്പത്തിക സ്രോതസുകൾപോലും ഉത്പാദനമേഖലയിൽ ഫലപ്രദമായി ഉപയോഗിക്കപ്പെടാൻ സാധിക്കുന്നില്ല. ഇതിനൊരു ജനകീയ ബോധവത്കരണം ആവശ്യമാണ്. വരുമാനമാർഗങ്ങൾ ഉത്പാദനമേഖലയിൽ പ്രയോജനപ്പെടുത്താതെ കമ്പോളസംസ്കാരത്തിന് അടിമപ്പെട്ട് വൻകിട കുത്തക കമ്പനികളുടെ പരസ്യത്തിൽ മയങ്ങി ആഡംബരവസ്തുക്കൾ വാങ്ങികൂട്ടുവാനും ഉപയോഗിക്കുന്ന പണം ഉത്പാദനമേഖലയിലേക്കു തിരിച്ചുവിടുവാൻ കഴിഞ്ഞാൽ നാടിന്റെ സമഗ്രപുരോഗതിക്കും തൊഴിൽ ഇല്ലായ്മപരിഹരിക്കുന്നതിനും സാധിക്കും.

വ്യവസായാവശ്യത്തിനു കിട്ടുന്ന വായ്പകൾപോലും കല്യാണം നടത്താനും ഭൈക്ക് വാങ്ങിക്കുവാനും പേർഷ്യയ്ക്കുപോകുവാനും ഉപയോഗിക്കുന്നു. അഭ്യസ്തവിദ്യരായ തൊഴിൽ രഹിതരുടെ മനസിലിരിപ്പ് വിദേശത്തുപോയി എന്തു തൊഴിലും ചെയ്യാം, പക്ഷെ സ്വന്തം നാട്ടിൽ കഷ്ടപ്പെടാൻ വയ്യ എന്നാണ്. തൊഴിൽ സങ്കല്പത്തെക്കുറിച്ചുള്ള കാഴ്ചപ്പാടുതന്നെ മാറേണ്ടതുണ്ട്.

വ്യവസായമേഖലയിൽ പഞ്ചായത്തനുഭവിക്കുന്ന മുഖ്യ പ്രശ്നങ്ങൾ

വമ്പിച്ച തോതിൽ ഉത്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉത്പന്നങ്ങളായ കുരുമുളക്, ഏലം, കാപ്പി, തേയില ഇവയൊന്നും വ്യവസായരംഗത്ത് പ്രയോജനപ്പെടുത്താൻ സാധിക്കുന്നില്ല.

1. വ്യവസായ യൂണിറ്റുകൾ തുടങ്ങുവാനുള്ള മൂലധനത്തിന്റെ അഭാവം
2. വിപണനസൗകര്യത്തിന്റെ അഭാവം, വൻ കിടമത്സരം
3. പശ്ചാത്തലസൗകര്യങ്ങളുടെ പ്രത്യേകിച്ചും വൈദ്യുത, ഗതാഗതസൗകര്യം എന്നിവയുടെ അപര്യാപ്തത.
4. മിക്ക പ്രദേശങ്ങളിലും അനുഭവപ്പെടുന്ന ജലദൗർലഭ്യം.
5. ഈ മേഖലയിൽ നിന്നുള്ള വിദഗ്ധ തൊഴിലാളികളുടെ കയറ്റുമതി.
6. വ്യവസായപുരോഗതിക്കുതകുന്ന സാങ്കേതിക പരിശീലന സ്ഥാപനങ്ങളുടെ അപര്യാപ്തത.
7. മാനസിക തയാറെടുപ്പിനുവേണ്ട പ്രോത്സാഹന ലഭിക്കായ്ക.
8. മുൻകാലങ്ങളിൽ കാർഷികോത്പാദനരംഗത്ത് ഉണ്ടായിരിക്കുന്ന പുരോഗതിക്കു കാരണം വ്യവസായികരംഗത്ത് ശ്രദ്ധിക്കുവാൻ കഴിയാതിരുന്നത്.
9. സർക്കാരുദ്യോഗം നേടാനുള്ള തൊഴിലില്ലാത്തവരുടെ പര

ക്കംപാച്ചിൽ.

10. സർക്കാരുദ്യോഗങ്ങളിൽ നിന്നു ലഭിക്കുന്ന സുരക്ഷിതത്വബോധം വ്യവസായ മേഖലയിൽ ലഭിക്കുന്നില്ല.
11. വ്യവസായസംരംഭകരെ പ്രോത്സാഹിപ്പിക്കുന്നതിനും സഹായിക്കുന്നതിനുമുള്ള ധനകാര്യസ്ഥാപനങ്ങളുടെ വിമുഖത.

സാധ്യതകൾ

നമ്മുടെ വിഭവസാധ്യതകൾ ഉപയോഗപ്പെടുത്തി തന്നെ പുതിയ വ്യവസായ യൂണിറ്റുകൾ ആരംഭിക്കുവാനും അതുവഴി തൊഴിൽപ്രതിസന്ധി പരിഹരിക്കുവാനും സമഗ്രമായ പുരോഗതി കൈവരിക്കുവാനും സാധിക്കും.

നമ്മുടെ മുഖ്യകാർമിക ഉത്പന്നങ്ങളായ ഏലം, കുരുമുളക് മുതലായവ വമ്പിച്ച വ്യവസായസാധ്യതകൾ ഉള്ളതാണ്. അത് ഉപയോഗപ്പെടുത്തുവാൻ കഴിയാത്തതുകാരണം ഇവയുടെ ശരിയായ ഉത്പന്നമൂല്യം മറ്റു രാജ്യങ്ങളും ഇടത്തട്ടുകാരും സ്വന്തമാക്കുന്നു.

സഹകരണമേഖലയിൽ ഇവ സംഭരിച്ച് സംസ്കരിക്കുവാനും പല രൂപത്തിലുള്ള വ്യവസായ ഉത്പന്നങ്ങൾ നിർമിക്കുവാനും കഴിയും. ഔഷധനിർമാണരംഗത്ത് ഏലം, കുരുമുളക്, ഇഞ്ചി തുടങ്ങി നമ്മൾ കൃഷി ചെയ്യുന്ന വിളകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ സാധിക്കും. ഇവയുടെ സാധ്യതകൾ കണ്ടെത്തുന്നിനും ഉപയോഗിക്കപ്പെടുന്നതിനുമായി ഒരു സംസ്കരണ വിപണന കോംപ്ലക്സ് പഞ്ചായത്തിൽ ആരംഭിക്കണം.

ഒരു പ്രധാന വിളയായ തെങ്ങിന്റെ ഉത്പന്നങ്ങൾ ഉപയോഗിച്ചുകൊണ്ട് യന്ത്രവത്കൃത ചകിരി വ്യവസായം, കയർവ്യവസായം, കരകൗശല വസ്തുക്കളുടെ നിർമാണം, ജൈവവള നിർമാണം തുടങ്ങിയവ ആരംഭിക്കുവാൻ സാധിക്കും.

വികേന്ദ്രീകൃതവും വൈവിദ്ധ്യവൽകൃതവുമായ രീതിയിൽ അച്ചാറുകൾ, കറിപൗഡറുകൾ, ചങ്ങനത്തിരി, മെഴുകുതിരി, തീപ്പെട്ടി, ചിപ്സ്, സോപ്പ്, ഹോളോ ബ്രിക്സ്, റെഡിമെയ്ഡ് വസ്ത്രങ്ങൾ, സുഗന്ധതൈലം, പാലുത്പന്നങ്ങൾ, ബിസ്കറ്റ്, റൊട്ടി, മറ്റു മധുരപലഹാരങ്ങൾ മുതലായവയൊക്കെ ഉത്പാദിപ്പിക്കുവാനും വിപണനം നടത്തുവാനും സാധിക്കും.

ചെറുകിട വ്യവസായങ്ങൾ

കാലിത്തീറ്റ നിർമാണം, ഫർണിച്ചർ നിർമാണം, പാഴ്ത്തടി സംസ്കരണം, ജൈവവള നിർമാണം, മെറ്റൽ ക്രഷർ യൂണിറ്റ് തുടങ്ങി നിരവധി സാധ്യതകൾ ഉണ്ട്.

ചുരുങ്ങിയ മുതൽമുടക്കിൽ കമ്പോളസാധ്യതയുള്ള വ്യവസായങ്ങളിൽ ചിലവ താഴെകൊടുക്കുന്നു.

1. ശാസ്ത്രീയ കോഴി വളർത്തൽ
2. ആയുർവേദ ഔഷധ നിർമാണം
3. ഫർണിച്ചർ
4. ലികിഡ് ഡിറ്റർജന്റ്
5. ക്ലീനിംഗ് പൗഡർ
6. ഡിസ്പോസിബിൾ സിറിഞ്ച് നിർമാണം
7. ആധുനിക രീതിയിലുള്ള ഓട്ടോ വർക്ക്ഷോപ്പ്
8. ഇലക്ട്രോണിക്ക് ചോക്കു നിർമാണം
9. സിന്തറ്റിക് വിനാഗിരി
10. റെഡിമെയ്ഡ് വസ്ത്രങ്ങൾ
11. സോപ്പു നിർമാണം
12. പേപ്പർ കവർ നിർമാണം
13. കോൺക്രീറ്റ് ജനാലകൾ, കട്ടിള, കെട്ടിട നിർമാണത്തിനാവശ്യമായ മറ്റനുബന്ധസാധനങ്ങൾ.
14. ഇഷ്ടികനിർമാണം
15. കിടക്കനിർമാണം
16 നെയ്ത്ത് ശാല
17. ചന്ദനത്തിരി നിർമാണ ശാല

ഇങ്ങനെ നിരവധി സാധ്യതകൾ നമുക്കുണ്ട്. ഇവ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിഞ്ഞാൽ വ്യവസായികരംഗത്ത് ഒരു മുന്നേറ്റം സൃഷ്ടിക്കാൻ നമുക്ക് കഴിയും. ഇവയിൽ പലതും കൂടിൽ വ്യവസായങ്ങളായി നടത്തുവാൻ കഴിയുന്നവയാണ്. വിദ്യാർത്ഥികൾ, വീട്ടമ്മമാർ, ഉദ്യോഗാർഥികൾ തുടങ്ങിയവർക്കൊക്കെ നമ്മുടെ സമയപരിമിതികൾക്കുള്ളിൽ ഒതുങ്ങിനിന്നുകൊണ്ടുപോലും ഈ വ്യവസായങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്തുവാൻ സാധിക്കും.

വൈദ്യുതവിതരണം

ഈ മേഖലയിൽ ഇപ്പോൾ ലഭിച്ചുകൊണ്ടിരിക്കുന്ന കുറഞ്ഞ വോൾട്ടിലുള്ള വൈദ്യുതവിതരണം വ്യവസായ സാധ്യതകളെ തടസപ്പെടുത്തുന്നതിനാൽ കല്ലാറ്റിൽ നിർമിക്കാൻ ഉദ്ദേശിക്കുന്ന 66 KV സബ്സ്റ്റേഷൻ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കുകയും പ്രസരണശൃംഖല ശക്തിപ്പെടുത്തുകയുംവേണം.

പഞ്ചായത്തിൽ വിവിധ ചെറുകിട വ്യവസായങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സർക്കാർ ഉടമസ്ഥതയിൽ ഒരു വ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ചാൽ പഞ്ചായത്തിന്റെ വ്യവസായിക പുരോഗതിക്ക് ഒരു സുപ്രധാന നാഴികക്കല്ലാകും.

നിർദേശങ്ങൾ

1. വ്യവസായം ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നവരുടെ സെൻസസ് തയാറാക്കി അവർക്കായി സെമിനാറുകളും ശില്പശാലകളും സംഘടിപ്പിക്കുക. ഇതിന് ജില്ലാതലത്തിൽ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
2. വ്യവസായ സംരംഭകരെ ഉൾപ്പെടുത്തിക്കൊണ്ട് ജില്ലയിലും പുറത്തും നല്ല രീതിയിൽ നടക്കുന്ന ചെറുകിട – വൻകിട വ്യവസായങ്ങൾ നേരിൽ കാണുവാൻ പഠനയാത്രകൾ സംഘടിപ്പിക്കുക.
3. ജില്ലാതലത്തിൽ സുതാര്യമായ ഒരു വ്യവസായം നടപ്പിലാക്കുക.

ചെറിയ മുതൽമുടക്കുകൊണ്ടുപോലും കഠിനപ്രയത്നവും, ശുഭാപ്തി വിശ്വാസവും ഉണ്ടെങ്കിൽ വിജയത്തിലെത്താൻ സാധിക്കും എന്നതിന് നിരവധി ഉദാഹരണങ്ങളുണ്ട്.

നിരന്തരമായ പരിശ്രമം പുരോഗതിയുടെ അഭിവാജ്യഘടകമാണെന്ന് സ്വജീവിതംകൊണ്ട് തെളിയിച്ച ഗുജറാത്തുകാരൻ കസൻഭായിയുടെ കഥ നമുക്ക് മാർഗദർശകമാകേണ്ടതാണ്.

കസൻഭായി പ്രതിമാസം 450 രൂപ മാത്രം പ്രതിഫലം വാങ്ങിയിരുന്ന ഒരു കെമിസ്റ്റായിരുന്നു. അനുദിന ജീവിത്തിനുപോലും തികയാത്ത ശമ്പളംകൊണ്ട് പിടിച്ചുനിൽക്കാൻ കഴിയാതെവന്നപ്പോഴാണ് വ്യവസായസംരംഭത്തിന് തുടക്കമിട്ടത്. കൈയ്യിലുള്ള തുച്ഛമായ തുകയ്ക്ക് രാസവസ്തുക്കൾ വാങ്ങി തനിയെ സോപ്പുപൊടിയുണ്ടാക്കി മഞ്ഞനിറവും കലർത്തി വീടുതോറും നടന്നുവിറ്റു. വ്യാപാരികൾ വില്പനയ്ക്ക് സഹായിച്ചില്ല എങ്കിലും തനിച്ചുതന്നെ ആവശ്യക്കാരന്റെ വാതിൽക്കൽമുട്ടി കച്ചവടം മുന്നോട്ടുനീങ്ങി. മൂന്ന് കൊല്ലംകൊണ്ട് പ്രതിമാസം 500 കിലോവരെ വിൽക്കാൻ കഴിഞ്ഞു. 1984 ആയപ്പോൾ ആറുകോടിരൂപയുടെ ഉത്പന്നങ്ങൾ വിറ്റഴിക്കാൻ കഴിഞ്ഞു. ഒന്നരവ്യാഴവട്ടക്കാലം മുൻപ് എളിയ നിലയിൽ ആരംഭിച്ച വൻകിട കുത്തക കമ്പനികളോടുപോലും മത്സരിച്ച് 'നിർമ്മ' എന്ന സോപ്പുപൊടി വിപണിയിലിറക്കി ഇത്രയും വിജയം നേടുവാൻ കഴിഞ്ഞത് നിരന്തര പരിശ്രമം ഒന്നുകൊണ്ടുമാത്രമാണ്. "ഉറങ്ങിക്കിടന്ന സിംഹത്തിന്റെ വായിലേക്ക് മുയലുകൾ ഓടിച്ചെന്ന് കയറാറില്ല" എന്നൊരു ആപ്തവാക്യം സംസ്കൃതത്തിലുണ്ട്.

നിരന്തരമായ പരിശ്രമംകൊണ്ടേ ജീവിത വിജയം നേടാനാവൂ.

വിദ്യാഭ്യാസം

1956 ജൂലൈമാസം 17-ാം തിയ്യതി പട്ടം കോളനിയുടെ ആസ്ഥാനമായ മുങ്ങിയെരുമ എന്ന സ്ഥലത്താണ്. പഞ്ചായത്തിലെ ആദ്യസ്കൂൾ സ്ഥാപിക്കപ്പെട്ടത്. കോളനൈസേഷൻ സ്കീം അനുസരിച്ച് പുനരധിവസിപ്പിക്കപ്പെട്ട നൂറുകണക്കിന് കോളനിനിവാസികൾക്കായിട്ടാണ് ഈ സ്കൂൾ അനുവദിച്ചത്. കോളനി അളന്നു തിട്ടപ്പെടുത്തുന്നതിനായെത്തിയ ഭൂ സർവ്വെ ടീമിന്റെ താമസസൗകര്യാർത്ഥം ട്രെഞ്ചിനുള്ളിൽ നിർമിച്ച ക്യാമ്പുഷെഡിലാണ് ആദ്യമായി ക്ലാസ് ആരംഭിച്ചത്. ശ്രീ.മാമൻ മാസ്റ്ററാണ് ആദ്യകാലത്തെ അദ്ധ്യാപകൻ.

1958-ൽ ശ്രീ മുണ്ടശ്ശേരി മാസ്റ്റർ വിദ്യാഭ്യാസമന്ത്രിയായിരുന്ന കാലത്ത് കർഷകസംഘ പ്രതിനിധികൾ അദ്ദേഹത്തെ സന്ദർശിച്ച് കോളനിയിലെ മറ്റു ക്യാമ്പുകളിലെ ജനങ്ങൾക്ക് പ്രയോജനപ്പെടത്തക്കവിധത്തിൽ സ്കൂളുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ടു. അതിന്റെ അടിസ്ഥാനത്തിൽ തേർഡ് ക്യാമ്പ്, ചോറ്റുപാറ, രാമക്കൽമേട് എന്നിവിടങ്ങളിൽ ഓരോ എൽ.പി.സ്കൂളുകളും, ചോറ്റുപാറയിൽ ഒരു യു.പി.സ്കൂളും അനുവദിച്ചു. ചോറ്റുപാറ, രാമക്കൽമേട് സ്കൂളുകൾ ഇപ്പോൾ കരുണാപുരം പഞ്ചായത്തിലാണ്. തേർഡ് ക്യാമ്പ് എൽ.പിസ്കൂൾ ആദ്യകാലത്ത് കർഷകസംഘം നേരിട്ട് നടത്തുകയും പിന്നീട് സഹകാര്യമാനേജുമെന്റിന്റെ കീഴിലാവുകയും ചെയ്തു. 1991ൽ ഈ സ്കൂൾ സർക്കാർ ഏറ്റെടുക്കുകയുണ്ടായി.

മുണ്ടിയെരുമയിൽ ആരംഭിച്ച സ്കൂൾ 1961-ൽ ഹൈസ്കൂളായി ഉയർത്തപ്പെട്ടു. 1960-കളിൽ ഉടുമ്പൻചോല താലൂക്കിലെ വിദ്യാർഥികൾക്ക് ആശ്രയിക്കാമായിരുന്ന ഏക ഹൈസ്കൂളും, ഇടുക്കി ജില്ലയിലെ ഏറ്റവും കൂടുതൽ കുട്ടികൾ പഠിച്ചിരുന്ന വിദ്യാലയവും ആയിരുന്നു. കല്ലാർ ഗവ. ഹൈസ്കൂൾ ഏകദേശം 18 കി.മീറ്റർ കാൽനടയായി വന്ന് കുട്ടികൾ

വർഷം	ക്ലാസിലെ കുട്ടികളുടെ എണ്ണം						
	V	VI	VII	VIII	IX	X	Total
1966-67	331	317	322	286	173	98	1527
1967-68	312	357	243	310	223	94	1539
1968-69							
1969-70	322	293	234	327	277	142	1595
1970-71	379	293	241	379	278	189	1759
1971-72	397	320	269	510	324	164	1984
1973-74	500	332	256	524	346	164	2122
1974-75	691	664	476	623	289	193	2956
1975-76	781	628	568	518	418	229	3149
1976-77	627	600	498	511	398	321	2955
1977-78	556	524	541	511	447	290	2869
1978-79	475	517	536	547	480	318	2873
1979-80	485	465	490	658	463	356	2917
1980-81	475	481	411	617	568	309	2861
1981-82	536	450	449	585	587	385	2992
1982-83	460	499	458	540	561	419	2937
1983-84	495	428	470	583	470	389	2835
1984-85	403	481	422	545	509	344	2704
1985-86	371	406	467	504	516	354	2618
1986-87	368	366	412	603	472	397	2618
1987-88	283	351	352	589	516	264	2355
1988-89	330	305	331	480	534	382	2362
1989-90	316	330	313	465	459	383	2266
1990-91	292	303	319	469	407	330	2120
1991-92	278	274	317	447	442	306	2064
1992-93	237	268	283	483	392	314	1947
1993-94	228	219	270	231	397	392	1872
1994-95	194	198	242	395	373	313	1715
1995-96	188	193	238	345	348	282	1595
1996-97	188	203	226	385	322	281	1605

വിദ്യ അഭ്യസിച്ചിരുന്ന സ്ഥാപനമാണ് ഇത്. 1961-ൽ തന്നെ ഈ സ്ഥാപനത്തിൽ പ്രവർത്തിച്ചിരുന്ന എൽ.പി. വിഭാഗം വേർപെടുത്തി പ്രത്യേകം സ്കൂളാക്കി. ഹൈസ്കൂളിന് സമീപത്താണ് സ്ഥിതിചെയ്യുന്നതെങ്കിലും ഈ എൽ.പിസ്കൂൾ ഇപ്പോൾ നെടുങ്കണ്ടം പഞ്ചായത്തിലാണ്. പാമ്പാടുംപാറ, നെടുംകണ്ടം, കരുണാപുരം പഞ്ചായത്തുകളിൽ നിന്നുള്ള 1600 ഓളം കുട്ടികൾ ഹൈസ്കൂളിലും 350ഓളം കുട്ടികൾ എൽ.പിസ്കൂളിലും വിദ്യാഭ്യാസം നടത്തുന്നു. 1980 കളിൽ 3000 ത്തോളം വിദ്യാർഥികളും 100-ഓളം അദ്ധ്യാപകരും കല്ലാർ ഹൈസ്കൂളിലുണ്ടായിരുന്നു. തൊട്ടടുത്ത പഞ്ചായത്തുകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങളും സൗകര്യങ്ങളും മെച്ചപ്പെട്ടതോടെയാണ് ഈ കുറവ് അനുഭവപ്പെട്ടു വരുന്നത്. 1990-ൽ ഇത് ഹയർസെക്കന്ററി സ്കൂളായി ഉയർത്തപ്പെട്ടു. 100-ഓളം വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസ സൗകര്യം ഇവിടെ ലഭിക്കുന്നുണ്ട്. മാനവികവിഷയങ്ങൾ മാത്രമേ ഇവിടെ ആരംഭിച്ചിട്ടുള്ളൂ. പ്രാദേശിക പരിഗണന വച്ചുകൊണ്ട് സയൻസ് ഗ്രൂപ്പും, കമ്പ്യൂട്ടർ കോഴ്സും ആരംഭിക്കേണ്ടത് അത്യാവശ്യമാണ്. 1967-68 മുതൽ 1995-96 വരെ സെഷനൽ സിസ്റ്റം ആണ് നിലനിന്നിരുന്നത്. ഇപ്പോഴും 7 കി.മി അകലെനിന്നുവരെ ഇവിടെ കുട്ടികളെത്തുന്നുണ്ട്.

പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിൽ വിദ്യാഭ്യാസ സൗകര്യത്തിനായി തോവാള കേന്ദ്രമാക്കി 1957-ൽ ക്രിസ്തുരാജ് എൽ.പിസ്കൂൾ (സ്വകാര്യ മാനേജ്മെന്റ്) ആരംഭിച്ചു. 1968-ൽ ഇത് ഹൈസ്കൂളായി ഉയർത്തപ്പെട്ടു. ഇരട്ടയാർ പഞ്ചായത്തിൽപെടുന്ന ജനങ്ങൾക്കും ആശ്രയകേന്ദ്രമായിരുന്ന ഈ സ്കൂൾ. പഞ്ചായത്തിലെ ആദ്യകാലകുടിയേറ്റ മേഖലകളിലൊന്നാണ് തോവാള. ഈ പ്രദേശത്തെ ജനങ്ങൾക്ക് വിദ്യാഭ്യാസപരമായ വളർച്ചയുണ്ടാക്കുന്നതിൽ നിർണായകപങ്കുവഹിച്ച വിദ്യാലയമാണിത്. ഹൈസ്കൂൾ വിദ്യാഭ്യാസത്തിന് 1968 വരെ ഈ മേഖലയിലെ കുട്ടികൾക്ക് കല്ലാർ ഹൈസ്കൂളിലായിരുന്നു ആശ്രയം.

അപ്പർ പ്രൈമറി വിദ്യാഭ്യാസ സൗകര്യം കിഴക്കൻ മേഖലയിൽ കല്ലാർ ഗവ. എച്ച്.എസിലും പടിഞ്ഞാറൻ മേഖലയിൽ ക്രിസ്തുരാജ് എച്ച്.എസ്സിലുമാണ് ഉള്ളത്. പഞ്ചായത്തിലെ എച്ച്.എസ്, യു.പി വിഭാഗം കുട്ടികളുടെയും അധ്യാപകരുടെയും വിവരം പട്ടിക 1Aനോക്കുക.

പ്രൈമറിവിദ്യാഭ്യാസ സൗകര്യം വടക്കൻ മേഖലയിൽ നെടുങ്കണ്ടം പഞ്ചായത്തിൽ സ്ഥിതിചെയ്യുന്നതും കോളനിയിലെ ആദ്യസ്കൂളുമായ കല്ലാർ ഗവ. എൽ.പി.സ്കൂളിലും സെന്റ് മേരീസ് എൽ.പിസ്കൂൾ മുണ്ടിയെരുമയിലും (അൺ എയിഡഡ്) ആണുള്ളത്. കിഴക്കൻ മേഖലയിൽ തേർഡ് ക്യാമ്പ് ഗവ.

പട്ടിക 1-A

ക്രമനമ്പർ	സ്കൂളിന്റെ പേര്	ഉടമസ്ഥ	സ്ഥിതിചെയ്യുന്ന വാർഡ്	UP/HS	കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം		
					ആൺ	പെൺ	ആകെ	പുരു.	സ്ത്രീ	ആകെ
1.	Govt. H.S.S, Kallar	Govt.	V	UP	310	307	617	9	9	18
				HS	473	515	988	13	29	42
				HSS	38	56	94	4	1	5
2.	C.R.H.S Valiyatho	Aided	II	LP	130	137	267	4	17	21
				UP	152	125	277			
				HS	143	159	302	4	10	14

പട്ടിക 1-B

ക്രമനമ്പർ	സ്കൂളിന്റെ പേര്	ഉടമസ്ഥത	സ്ഥിതിചെയ്യുന്ന വാർഡ്	കുട്ടികളുടെ എണ്ണം			അധ്യാപകരുടെ എണ്ണം		
				ആൺ	പെൺ	ആകെ	പുരു	സ്ത്രീ	ആകെ
1.	St. Mary's LPS, Mundieruma, Kallar	Unai ded (Un Regi)	V						
2.	Govt. LPS Third Camp	Govt	VIII	124	149	273	4	7	11
3.	St. Sebastian's LPS Third Camp	Unaided (Un Regi)	VIII	62	70	132	___	4	4
4.	Panchayat LPS Pampadumgavu (Tamil-Mal)	Panchayat	I	100	93	193	7	1	8
5.	St. Mary's LPS Chemblam	Aided	III	138	125	263	___	8	8
6.	C.R.H.S, Veliyathovala	Aided	II	130	137	267			
7.	P.M.G.L.P.S Sanyasioda	Govt	VI	58	69	127	3	2	5

എൽ.പി.സ്കൂളിലും 1992ൽ സ്ഥാപിച്ച സെന്റ് സെബാസ്റ്റ്യൻസ് എൽ.പിസ്കൂൾ (അൺ-എയ്ഡഡ്) ലും ആണുള്ളത്. പടിഞ്ഞാറൻ മേഖലയിൽ തമിഴ്-മലയാളം മീഡിയം പഞ്ചായത്ത് എൽ.പിസ്കൂളിലും, ചേമ്പളം, സെന്റ്മേരീസ് എൽ.പി.സ്കൂളിലും ക്രിസ്തുരാജ് ഹൈസ്കൂളിലെ എൽ.പി.വിഭാഗത്തിലും ആണുള്ളത് തെക്കൻ മേഖലയിൽ സന്ന്യാസി ഓട പട്ടം മെമ്മോറിയൽ ഗവ. എൽ.പിസ്കൂളിലുമാണുള്ളത്. പഞ്ചായത്തിലെ എൽ.പി.സ്കൂളുകളുടെയും, കുട്ടികളുടെയും, അധ്യാപകരുടെയും വിവരം പട്ടിക IB നോക്കുക.

പ്രീപ്രൈമറി വിദ്യാഭ്യാസരംഗത്തെ നിർണായകസ്ഥാപനങ്ങളാണ് അംഗൻവാടികളും, നേഴ്സറി സ്കൂളുകളും. വടക്കൻ മേഖലയിൽ ഏഴും, കിഴക്കൻ മേഖലയിൽ അഞ്ചും തെക്കൻ മേഖലയിൽ 4 ഉം പടിഞ്ഞാറൻ മേഖലയിൽ നാലും അഗൻവാടികളാണുള്ളത്. പൊതുമേഖലയിൽ ഒരു നഴ്സറിസ്കൂളും, സഹകാര്യമേഖലയിൽ 7 നഴ്സറി സ്കൂളുകളുമാണുള്ളത്. പരിമിതമായ സൗകര്യങ്ങളേ ഈ സ്ഥാപനങ്ങൾക്കുള്ളു. സാമൂഹ്യക്ഷേമ വകുപ്പിന്റെ കീഴിലുള്ള അംഗനവാടികൾക്ക് പലതിനും സ്വന്തമായി കെട്ടിടമോ അടിസ്ഥാന സൗകര്യമോ ഇല്ല. ഭൗതീക സാഹചര്യങ്ങൾ മോശമാണെങ്കിലും വളരെയധികം കുട്ടികൾ ഈ സ്ഥാപനങ്ങളിൽ എത്തുന്നുണ്ട് എന്നത് ശ്രദ്ധേയമാണ്.

1982ൽ മുസ്ലീം എഡ്യൂക്കേഷൻ സൊസൈറ്റിയുടെ കീഴിൽ വട്ടപ്പാറയിൽ ഒരു ജൂണിയർ കോളജ് പ്രവർത്തനമാരംഭിച്ചു. തൊട്ടടുത്ത പഞ്ചായത്തുകളിലെ കുട്ടികൾക്കും ഉപരിപഠനത്തിനുള്ള ഏക ആശ്രമാണ് ഈ കോളജ് 1991-ൽ ഡിഗ്രി ക്ലാസുകൾ അനുവദിച്ചു. 1995-ലാണ് ബിരുദാനന്തരബിരുദ കോഴ്സുകൾ അനുവദിച്ചുകിട്ടിയത്. സയൻസ് വിഷയങ്ങളിൽ പലതിനും ഇനിയും കോഴ്സുകളാരംഭിക്കേണ്ടിയിരിക്കുന്നു. കായികരംഗത്ത് യൂണിവേഴ്സിറ്റിതലത്തിൽ മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിഞ്ഞിട്ടുണ്ട്. എൻ.സി.സി, എൻ.എസ്.എസ് യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഭൗതീക സാഹചര്യങ്ങളിൽ ഇനിയും നില മെച്ചപ്പെടേണ്ടിയിരിക്കുന്നു.

സർക്കാർ വിദ്യാലയങ്ങൾക്ക് പൂർണമായ തോതിൽകെട്ടിട സൗകര്യങ്ങളില്ല. കളിസ്ഥലം എല്ലാവിദ്യാലയങ്ങളിലും അപര്യാപ്തമാണ്. എൽ.പിസ്കൂളുകൾക്ക് പഠനോപകരണങ്ങൾ ഓപ്പറേഷൻ ബ്ലാക്ക് ബോർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി കുറെയൊക്കെ ലഭ്യമാക്കിയിട്ടുണ്ട്. ഹൈസ്കൂളുകളിൽ ലൈബ്രറി, ലാബറട്ടറി സൗകര്യങ്ങൾ ഉണ്ട്. സ്ഥലപരിമിതിമൂലം ഇവ വേണ്ടത്ര പ്രയോജനപ്പെടുത്താനാകുന്നില്ല. എൽ.പിസ്കൂളിൽ മാതൃസംഗമ പ്രവർത്തനങ്ങൾ കാര്യമായി നടക്കുന്നുണ്ട്. രക്ഷകർതൃസമിതികൾ എല്ലാ സ്കൂളുകളിലും പ്രവർത്തിക്കുന്നുണ്ട്. മറ്റു പ്രാഥമിക സൗകര്യങ്ങൾ എല്ലാ സ്കൂളുകളിലും ഉണ്ട്. വേനൽകാലങ്ങളിൽ കുടിവെള്ളത്തിന് ക്ഷാമം അനുഭവപ്പെടാറുണ്ട്.

കോളജിന്റെ പേര്	കോഴ്സുകൾ	ആരംഭിച്ച വർഷം	വിദ്യാർത്ഥികൾ			അധ്യാപകർ		വർഷം	വിജയനിലവാരം		
			ആൺ	പെൺ	ആകെ	ആൺ	പെൺ		കോഴ്സുകൾ		
									PDC	BA	BSc
M.E.S.Collage, Vattappara, Nedumkandum	PDC	1982	390	440	830	23	12	1984	34.3		
	DC	1991	131	113	244			85	36.96		
	PG	1995	11	6	17			86	41.17		
								87	34.7		
								88	36.56		
								89	42.58		
								90	41.1		
								91	39.72		
								92	49.3		
								93	63.24	-	76.38
								94	56	-	50.
								95	51.9	-	78.17
									56.31	76.36	89.28

പഞ്ചായത്തിലെ എൽ.പി.സ്കൂളുകൾ പഠനനിലവാരത്തിൽ പൊതുവേ ശരാശരിക്കുമുകളിലാണ്. കലാകായിക മത്സരങ്ങളിലും നല്ല പങ്കാളിത്തം ഉണ്ട്. രണ്ട് ഹൈസ്കൂളുകളിൽ ക്രിസ്തുരാജ് ഹൈസ്കൂളിലെ 50%ത്തിലധികം കുട്ടികൾ എസ്. എസ്.എൽ.സി. പരീക്ഷയിൽ കഴിഞ്ഞ 5 വർഷമായി വിജയം കൈവരിച്ചിട്ടുണ്ട്. എന്നാൽ ഏറ്റവും കൂടുതലായി കുട്ടികളെ പരീക്ഷക്കിരുത്തുന്ന കല്ലാർ ഹൈസ്കൂളിന്റെ വിജയശതമാനം 30% ത്തിൽ താഴെയാണ്.

പഞ്ചായത്തിൽ സാങ്കേതിക വിദ്യാഭ്യാസ സൗകര്യങ്ങൾ ഒട്ടും തന്നെയില്ല. ഉടമ്പൻ ചോലതാലൂക്കിലെ പൊതുസ്ഥാപനമായ കട്ടപ്പന ഐടിഐയും നരിയമ്പാറയിലെ കോമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂട്ടുമാണ് സാങ്കേതിക വിദ്യാഭ്യാസ സൗകര്യത്തിന് ആശ്രയം. പഞ്ചായത്തിൽ ഒരു പാരലൽകോളേജും രണ്ട് ടൈപ്പ്റൈറ്റിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളുമാണുള്ളത്. കമ്പ്യൂട്ടർ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഇല്ല.

സാക്ഷരത

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറിൽ സമ്പൂർണ സാക്ഷരതാ പദ്ധതി ആരംഭിക്കുന്നതിന് മുൻപ്, ഈ പഞ്ചായത്തിൽ അനൗപചാരിക വിദ്യാഭ്യാസ പ്രവർത്തനം നാമമാത്രമായി നടന്നിട്ടുണ്ടെങ്കിലും, ഈ രംഗത്ത് നേട്ടങ്ങൾ കൈവരിച്ചത് സാക്ഷരതാ പ്രവർത്തനം ആരംഭിച്ചതിന് ശേഷം ആണ്. 1990-ൽ 62 ശതമാനം സാക്ഷരത മാത്രമേ ഉണ്ടായിരുന്നുള്ളു എന്നാൽ 1, 2 ഘട്ട പ്രവർത്തനങ്ങൾക്ക് ശേഷം സാക്ഷരതാ നിരക്ക് 80 ശതമാനം ഉയർത്തുവാൻ കഴിഞ്ഞിട്ടുണ്ട്. 2, 3 ഘട്ടങ്ങളിൽ, സാക്ഷരതാ പ്രവർത്തനങ്ങളും, അനുബന്ധ പരിപാടികളും ഏറ്റവും കൂടുതൽ ക്ഷേമപ്രവർത്തനങ്ങളും വിജയകരമായി നടപ്പാക്കിയ പഞ്ചായത്ത് എന്ന ബഹുമതിയും ഈ പഞ്ചായത്തിനുണ്ട്. 1993-94 വർഷത്തെ ഏറ്റവും നല്ല പ്രവർത്തകൻ എന്ന ബഹുമതി (പീരുമേട്, ഉടമ്പൻചോല, ദേവികുളം താലൂക്കിലെ/ കട്ടപ്പന പ്രോജക്ടിലെ) പാമ്പാടുംപാറ, അസിസ്റ്റന്റ് പ്രോജക്ട് ഓഫീസറായി പ്രവർത്തിക്കുന്ന ശ്രീ പി.കെ. സോമന് ലഭിച്ചിട്ടുണ്ട്. ഇടുക്കി ജില്ലയിലെ ഏറ്റവും നല്ല പ്രവർത്തനം നടത്തിയ രണ്ടാമത്തെ പഞ്ചായത്തായി ഈ പഞ്ചായത്തിനെ പ്രഖ്യാപിച്ചിട്ടുണ്ട്. മലയാളം 108, തമിഴ് 15, ആദിവാസി 7 ഉൾപ്പെടെ 130 സാക്ഷരതാ കേന്ദ്രങ്ങൾ ആരംഭിച്ചു. തുടർ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ 24- അക്ഷരസംഘങ്ങളും, 2 ജനവിദ്യാകേന്ദ്രങ്ങളും ആരംഭിച്ചു. എന്നാൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ സമീപകാലത്തായി നടത്താത്തതിനാൽ നവസാക്ഷരർ, നിരക്ഷരതയിലേക്ക് വഴുതി വീഴുന്ന സാഹചര്യമാണുള്ളത്. ഗ്രാമസഭകളിലെ ഏകകണ്ഠമായ തീരുമാനം തുടർ സാക്ഷരതാ പ്രവർത്തനം ശക്തിപ്പെടുത്തിയെങ്കിൽ മാത്രമേ വികസനം സ്ഥായിയായും, പ്രയോജനകരമായും നടത്തുവാൻ കഴിയൂ എന്നാണ് ആയതിനാൽ ജനവിദ്യാകേന്ദ്രം ഗവ. ഇൻഫെർമേഷൻ സെന്ററുകളിലായി അംഗീകരിച്ച് അടിസ്ഥാന സൗകര്യങ്ങളും സാമ്പത്തിക സഹായങ്ങളും നല്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

1. സാക്ഷരതാ/തുടർ വിദ്യാഭ്യാസപ്രവർത്തനം അടിയന്തിരമായി കാര്യക്ഷമമാക്കണം.

2. ജനവിദ്യാകേന്ദ്രങ്ങളെ സർക്കാരിന്റെ വികസനപ്രവർത്തനങ്ങളും, ക്ഷേമപ്രവർത്തനങ്ങളും ജനങ്ങളെ അറിയിക്കുന്നതിനുള്ള ഇൻഫെർമേഷൻ സെന്ററും പഠനകേന്ദ്രവുമാക്കി മാറ്റി മാറ്റി എല്ലാ വാർഡിലും സ്ഥാപിക്കുക.

3. ജനവിദ്യാകേന്ദ്രങ്ങൾക്ക്, സ്വന്തമായി കെട്ടിടം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ, സാമ്പത്തിക സഹായം ഇവ നല്കുക.

4. അക്ഷരസംഘങ്ങൾ പുനരുദ്ധരിച്ച്, പ്രവർത്തകർക്ക്-സാമ്പത്തിക ആനുകൂല്യം അനുവദിക്കുക.

5. സാക്ഷരതയും, വികസനവലും, ആരോഗ്യവുമായി ബന്ധി

ക്രമനമ്പർ	വാർഡ്	അക്ഷരസംഘം	ജനവിദ്യാകേന്ദ്രം	നവ സാക്ഷരർ			നിരക്ഷരർ			തമിഴ്			ആദിവാസികൾ		
				ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
1	I	2	-	17	28	45	34	57	91	118	134	252	48	96	144
2	II	2	-	20	24	44	32	44	76	-	-	-	-	-	-
3	III	2	1	14	20	34	33	44	77	-	-	-	-	-	-
4	IV	3	-	28	34	62	87	96	183	58	107	165	2	4	6
5	V	3	-	19	23	42	103	99	202	-	-	-	-	-	-
6	VI	3	-	23	31	54	93	108	201	110	154	264	-	-	-
7	VII	2	-	16	18	34	87	104	191	-	-	-	4	5	9
8	VIII	4	1	26	32	58	87	96	183	-	-	-	2	2	4
9	IX	2		18	24	42	96	118	214	87	115	202	-	-	-
10	X	1	-	9	17	26	47	64	111	-	-	-	-	-	-
ആകെ		24	2	190	251	441	699	830	1529	373	510	883	56		163

പ്പിച്ച് പ്രവർത്തനം കാര്യക്ഷമമാക്കുക.

ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ വേണ്ട വിദ്യാഭ്യാസ പ്രവർത്തനങ്ങളുടെ വിശദവിവരം താഴെ നൽകുന്നു.

I

a. 3-ാം വാർഡിൽ പ്രവർത്തിക്കുന്ന സെന്റ് മേരീസ് എൽ.പി.എസ് യു.പി.എസ് ആയി അപ്ഗ്രേഡ് ചെയ്യുക

b. 5-ാം വാർഡിൽ ആദിയാർപുരം കേന്ദ്രമാക്കി ഒരു എൽ.പി.എസ്

c. 4-ാം വാർഡിൽ ഒരു എൽ.പി.എസും യു.പി.എസും

d. 6-ാം വാർഡിൽ പിഎംജിഎൽപിഎസ് യുപിഎസ് ആയി അപ്ഗ്രേഡ് ചെയ്യുക.

7-ാം വാർഡിൽ ഒരു യു.പി.എസ് ആരംഭിക്കണം

e. 8-ാം വാർഡിൽ ജിഎൽപിഎസ്, യുപിഎസ്, എച്ച് എസ് ആയി അപ്ഗ്രേഡ് ചെയ്യുക.

f. 9-ാം വാർഡിൽ എൽപിഎസ് അനുവദിക്കണം.

II

a. 4-ാം വാർഡിൽ പത്തിനിപ്പാറ കേന്ദ്രമാക്കി ഒരു തമിഴ് നഴ്സറി സ്കൂൾ.

b. 9-ാം വാർഡിൽ തെക്കേകുരിശുമല കേന്ദ്രമാക്കി ഒരു തമിഴ് നേഴ്സറി സ്കൂൾ.

c. 9-ാം വാർഡിൽ ഒരു നഴ്സറിസ്കൂൾ.

III

a. 3-ാം വാർഡിൽ തഴക്കണ്ടം കേന്ദ്രമാക്കി അംഗൻവാടി

b. 6-ാം വാർഡിൽ വടക്കേകുരിശുമല, പനക്കൽ സിറ്റി, മാമൂട് ഇവിടങ്ങളിൽ അംഗൻവാടി.

c. 10-ാം വാർഡിൽ നെല്ലിപ്പാറ, കുരിശുമല ഇവിടങ്ങളിൽ അംഗൻവാടി.

IV

a. 6-ാം വാർഡിൽ ആദിയാർപുരം, സന്യാസിഓട കേന്ദ്രമാക്കി ഏകാദ്ധ്യാപക സ്കൂളുകൾ.

Vകല്ലാർ ഗവ. എച്ച്.എസിൽ സയൻസ് ഗ്രൂപ്പ്, കംപ്യൂട്ടർ കോഴ്സ്, കളിസ്ഥലം കല്ലുകെട്ടി ഉയർത്തൽ, ചുറ്റുമതിൽ.

VI കെട്ടിടങ്ങളോ അടിസ്ഥാനസൗകര്യങ്ങളോ ഇല്ലാത്ത അംഗനവാടികൾക്ക് സൗകര്യം ഉണ്ടാക്കികൊടുക്കുക.

VII വായനശാലകൾ ഇല്ലാത്ത വാർഡുകളിൽ വായനശാല 3-ാം വാർഡിൽ തഴക്കണ്ടത്തും, 6-ാം വാർഡിൽ പനക്കൽ സിറ്റിയിലും 10-ാം വാർഡിൽ ദേവഗിരിയിലും.

VIII തുടർ സാക്ഷരതാപരിപാടിയും ജനവിദ്യാകേന്ദ്രങ്ങളും ശക്തമാക്കുക. വിശേഷിച്ചും കോളനി മേഖലകളിൽ ക്ലാസെടുക്കുന്നവർക്ക് സാമ്പത്തിക സഹായം.

IX അധ്യാപകപ്രശ്നങ്ങൾ, പാഠപുസ്തകങ്ങൾ യഥാസമയം ലഭിക്കായ്ക, ഗതാഗത അസൗകര്യം ഇവ പരിഹരിക്കുക.

X രക്ഷകർതൃസമിതികാര്യക്ഷമമാക്കുക.

XIതൊഴിലധിഷ്ഠിത കോഴ്സുകൾ ആരംഭിക്കുക.

XII സ്കൂളുകൾക്ക് ചുറ്റുമതിൽ, കളിസ്ഥലം, കലാകായികാദ്ധ്യാപകർ.

XIII കാർഷികമേഖലയായതുകൊണ്ടും റിസർച്ച് സെന്റർ പാമ്പാട്ടുംപാറയിലുള്ളതുകൊണ്ടും കാർഷികകോളേജ് സ്ഥാപിക്കുക.

XIV ഉച്ചക്കഞ്ഞി ഊർജിതമാക്കുക, ഉത്തരവാദിത്വം ഏറ്റെടുക്കുക.

XV തോട്ടം തൊഴിലാളികളുടെ കുട്ടികളെ സ്കൂളിൽ എത്തിക്കുന്നതിനും, വിദ്യാഭ്യാസം ലഭിക്കുന്നതിനും സൗകര്യം ഏർപ്പെടുത്തുക.

XVI അധ്യാപകർക്ക് റിഫ്രഷർ കോഴ്സുകൾ

XVII തമിഴ് മേഖലയിലെ കുട്ടികൾക്ക് നാലാംക്ലാസിനുശേഷംപഠനസൗകര്യം ലഭ്യമാക്കുക.

XVIII പഠനനിലവാരം മെച്ചപ്പെടുത്തുന്നതിന് അധ്യാപകരക്ഷകർതൃ- വിദ്യാർത്ഥി ബന്ധം ദൃഢമാക്കുക. രക്ഷകർത്താക്കൾ വിദ്യാലയസന്ദർശനം നടത്തുക, കുട്ടികളുടെ പഠനപുരോഗതി അറിയുക. നിരന്തര സമ്പർക്കം ഉണ്ടാകണം.

9-ാം വാർഡിൽ ഒരു തമിഴ്-മലയാളം സ്കൂൾ അനുവദിക്കണം.

കുടിവെള്ളവും-പൊതുജനാരോഗ്യവും

ആരോഗ്യ മേഖലയിൽ നൂറ്റാണ്ടുകളായുള്ള തീവ്രയത്നങ്ങളുടെ ഫലമായി പ്രതീക്ഷയ്ക്കതീതമായുള്ള ആരോഗ്യ രംഗത്ത് നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞിട്ടുണ്ടെങ്കിലും എന്നന്നേയ്ക്കുമായി ഒഴിവാക്കിയെന്ന് വിചാരിച്ചിരുന്ന പല രോഗങ്ങളും തിരിച്ചു വരുന്നതിന്റെ ലക്ഷണങ്ങൾ പാമ്പാടും പാറ പഞ്ചായത്തിലും പ്രകടമാണ്. തോട്ടം മേഖലയും കോളനി പ്രദേശങ്ങളും ഉൾപ്പെടുന്ന ഈ പഞ്ചായത്തിൽ രൂക്ഷമായ കുടിവെള്ളക്ഷാമവും അനുഭവപ്പെടുന്നു. ആകെ വിസ്തൃതിയുടെ 90% കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളാണ് ആകെയുള്ള 4191 കുടുംബങ്ങളിൽ കൂടുതൽ കിണറുകളിലും 6 മാസത്തിലധികം ജലം ലഭിയ്ക്കാറില്ല. ശുദ്ധജല വിതരണത്തിന് വേണ്ട കാര്യക്ഷമമായ പ്രവർത്തനങ്ങളൊന്നും തന്നെ ഒരു ഏജൻസികളും നടപ്പിലാക്കിയിട്ടില്ല. 1400 അടി ഉയരമുള്ള പൂവേഴ്സ് മൗൺ ഉൾപ്പെടെ 50-ാളം വലിയ കുന്നുകളും അതിന്റെ താഴ്വാരങ്ങളും ഉൾപ്പെടുന്ന ഈ പ്രദേശത്ത് മലമുകളിലും ചരിവ് പ്രദേശങ്ങളിലും വരെ ജനങ്ങൾ സ്ഥിരവാസമുറപ്പിച്ചിട്ടുണ്ട്. കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഈ പഞ്ചായത്തിൽ ആകെ 15 ഓളം പൊതു ടാപ്പുകളും 20 ഓളം ഹൗസ് കണക്ഷനുകളും മാത്രമാണുള്ളത്. ജലക്ഷാമം മൂലം നിർമ്മിയ്ക്കപ്പെട്ട കക്കൂസുകൾ ഉപയോഗിയ്ക്കാതെ വെളിസ്ഥലങ്ങൾ മലിനമാക്കുന്നതായിവരെ ഗ്രാമസഭാ റിപ്പോർട്ടുകൾ ചൂണ്ടിക്കാണിക്കുന്നു. രണ്ടു മുതൽ 3 വരെ കിലോമീറ്റർ ദൂരം നടന്ന് കുടിവെള്ളം ശേഖരിയ്ക്കുന്ന കുടുംബങ്ങൾ വാർഡുകളിൽ ഉണ്ട്. വേനൽക്കാലത്ത് കുടിവെള്ളത്തിനായി പല സ്ഥലങ്ങളിലും സംഘർഷം വരെ ഉണ്ടാകാറുണ്ട്. ഇക്കാലത്ത് രാത്രിയും പകലും മുഴുവൻ സമയവും മുതൽ കിണറിന് സമീപം കാത്തിരുന്ന് കുടിവെള്ളം ശേഖരിയ്ക്കുന്ന സ്ഥിതിവിശേഷവും ഇവിടെ ഉണ്ട്. പഞ്ചായത്തിലെ കോളനി പ്രദേശങ്ങളിൽ മിക്കവയും കുന്നിൻമുകളിലാണ്. ഇവിടെങ്ങളിൽ രൂക്ഷമായ ജല ദൗർലഭ്യം അനുഭവപ്പെടുന്നുമുണ്ട്. ചരിവുള്ള പ്രദേശങ്ങളിലും താഴ്ന്ന പ്രദേശങ്ങളിലും വർഷകാലത്ത് ലഭിയ്ക്കുന്ന ജലം ശേഖരിച്ച് വയ്ക്കുന്നതിനുള്ള പ്രായോഗികമായ ശ്രമങ്ങളൊന്നും നടന്നിട്ടില്ല. ഈ പഞ്ചായത്തിലെ വിശേഷാൽ ഗ്രാമസഭകളിൽ ഉയർന്നുവന്ന ഏറ്റവും സങ്കീർണ്ണമായ പ്രശ്നവും കുടിവെള്ള ക്ഷാമം ആയിരുന്നു. ഇത് പരിഹരിക്കുന്നതിന് പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വറ്റാത്ത ജല സ്രോതസ്സുകൾ ഉണ്ട്.

പൈപ്പ് വെള്ളം	കിണറുകൾ						കുഴൽ കിണറുകൾ		മൊത്ത കിണറുകൾ
പൊതു പൈപ്പ്	ഹൗസ് കണക്ഷൻ	പൊതുകിണറുകൾ		സ്വകാര്യ കിണറുകൾ					
		വെള്ള മുള്ളത്	വെള്ള മില്ലാത്തത്	വെള്ള മുള്ളത്	വെള്ള മില്ലാത്തത്	കുഴൽ സൗകര്യം			
11	20	21	11	700	2500	50	1		3232

പകർച്ചവ്യാധികൾ മുൻവർഷങ്ങളിലുള്ളതിനേക്കാൾ ഇരട്ടിയിലധികം വർദ്ധിച്ചിരിക്കുന്നു. (ആരോഗ് സ്ഥാപനങ്ങളിൽനിന്നുള്ള വിവരം) ഇവയിലധികവും ജലജന്യരോഗങ്ങളാണ്.

1-ാം വാർഡ്
പ്രശ്നമേഖല

1. പാമ്പാടുംപാറ ടൗൺ
2. പ്രാക്കണ്ടം
3. മന്നാക്കുടി ഗിരിവർഗ്ഗ കോളനി
4. പൂവേഴ്സ് മൗണ്ട്

പരിഹാരങ്ങൾ

പഞ്ചായത്ത് കോമ്പൗണ്ട് വാട്ടർ ടാങ്കിൽനിന്നും പൈപ്പ് ലൈൻ നീട്ടുക.

ഡി.എച്ച്.സി. കുളത്തിൽനിന്നും വടക്കോടത്ത് ജനാർദ്ദനന്റെ വീടിന് മുൻഭാഗത്ത് വാട്ടർ ടാങ്ക് നിർമ്മിച്ച് ജലവിതരണം നടത്തുക.

മാടത്താനി കുന്നേൽ തങ്കപ്പന്റെ പുരയിടത്തിൽ കുഴുമ്പിട്ടുള്ള കുളത്തിൽനിന്നും പൈപ്പ് ലൈൻ സ്ഥാപിച്ച് ജലക്ഷാമം പരിഹരിക്കുക കെ.എസ്.ഇ ബോർഡ് കുളം

പാമ്പാടും പാറ എസ്റ്റേറ്റിലെ കാവേരി ഡിവിഷനിൽനിന്നും വെള്ളം ശേഖരിച്ചു വിതരണം ചെയ്യാം (കട്ടപ്പന പാമ്പാടുംപാറ പഞ്ചായത്തുകളുടെ സംയുക്ത സംരംഭമായി പൂവേഴ്സ് മൗണ്ടിൽ ജലവിതരണം നടത്താം.

5. കുഞ്ചിമെട്ട്

II-ാം വാർഡ്

1. മന്നാക്കുടി

2. ചക്കക്കാനം

3. ചീത്തലാർ മെട്ട്

III-ാം വാർഡ്

പ്രശ്നമേഖല

1. കവുന്തി-ചങ്ങാലികുന്നേൽ പടി

2. വട്ടപ്പാറ-കുരിശുമലമെട്ട്

3. M.E.S. കോളജ് തഴക്കണ്ടം ആറ്റുചാലിമെട്ട്

4. കോഴിമലമെട്ട്-പൂവേലിമെട്ട്

5. അമ്പലമേട് ഭാഗം

6. ചീന്തലാർ കുന്ന്

വാർഡ് IV
പ്രശ്നമേഖല

നെല്ലിപ്പാറ മെട്ട്
പണിനിപ്പാറ
കല്ലാർ
കല്ലാർമെട്ട്

വാർഡ് V
പ്രശ്നമേഖല

1.കുരിശുമല

2.ക്യാൻസൽ ബ്ലോക്ക്
തൂക്കുപാലം

കുഞ്ചിമെട്ട് പാറക്ക് സമീപം കുളം കുഴിയ്ക്കുവാൻ സൗകര്യമുണ്ട്.

പരിഹാരങ്ങൾ

വട്ടമല സ്കറിയായുടെ പുരയിടത്തിൽ കുളം കുത്തുക.

മന്നാക്കുടിയിൽ E.A.S. പദ്ധതിയിൽപ്പെടുത്തി തീർത്തിരിക്കുന്ന കുളത്തിൽനിന്നും K.S.E.B. ഉപേക്ഷിച്ചുപോയ ടാങ്കിൽ ശേഖരിച്ച് മന്നാക്കുടി തോവാള മേഖലയിൽ ജലവിതരണം നടത്താം.

പൂവേഴ്സ് മൗണ്ടിൽ സംയുക്തമായി പദ്ധതി നടപ്പിലാക്കിയാൽ ചക്കക്കാനം പ്രദേശത്തെ ജലക്ഷാമം പരിഹരിക്കാം.

പരിഹാരങ്ങൾ നിർദ്ദേശങ്ങൾ

1. അഞ്ചേരിയിൽ കുളം കുഴിച്ചു ടാങ്ക് കെട്ടി ജല വിതരണം നടത്തുക.

2. കുന്നത്തുപുരയിടം ചാക്കോച്ചന്റെ നിലവിലുള്ള പുരയിടത്തിൽ കുളം കുഴിച്ച് വട്ടപ്പാറയിൽ ടാങ്കെ കെട്ടി ജല വിതരണം നടത്തുക. പണിനിപ്പാറ എസ്റ്റേറ്റിൽ കുളം കുഴിക്കു.

3. തോട്ടുമാക്കൽ ശ്രീധരന്റെ പുരയിടത്തിൽ കുളം കുഴിച്ച് ഉയർന്ന സ്ഥലത്ത് ടാങ്ക് കെട്ടി ജലവിതരണം നടത്തുക. വട്ടക്കുഴി പുരയിടത്തിൽ കുളം നിർമിക്കുക.

4. കോഴിമല പുരയിടത്തിലോ 10 ഏക്കറിലോ കുളം കുഴിച്ച് പൂവേലി മെട്ടിൽ ടാങ്ക് കെട്ടി ജല വിതരണം നടത്തുക. നെടുംകുന്നം രഘുദേവിന്റെ പുരയിടത്തിൽ കുളം നിർമിക്കുക.

5. തകടിപ്പുറം ബേബിച്ചന്റെ പുരയിടത്തിൽ കുളം നിർമിച്ച് അമ്പല മേടിലേക്ക് പമ്പ് ചെയ്യുക.

6. നിലവിലുള്ള പഞ്ചായത്ത് സ്ഥലത്ത് വലിയ കുളം നിർമിക്കുക.

പുള്ളോലിപ്പടിയിൽ കുളം നിർമിക്കുക.

പണിനിപ്പാറ എസ്റ്റേറ്റിൽനിന്നും നെല്ലിപ്പാറയിലേക്ക് വെള്ളം പമ്പ് ചെയ്തു ടാങ്കുകെട്ടി രണ്ടു വാർഡുകളിൽ പ്രയോജനപ്പെടും.

ബഷീർപടി പ്രദേശത്ത് ശുദ്ധജലം വിതരണത്തിനായി നിലവിലുള്ള വാട്ടർ സപ്ലേ സ്കീം വികസിപ്പിച്ചെടുക്കുക. K.S.E.B പടിക്കൽ ശുദ്ധജല വിതരണത്തിനായി കൊച്ചപ്പൻ പടിയിൽ കുളം കുഴിച്ച് പമ്പു ചെയ്യുക. കല്ലാർമെട്ടിൽ രണ്ടു സ്ഥലത്തായിട്ടുള്ള പ്രകൃതി ശ്രോതസിൽനിന്നും ഹോസ് കണക്ഷൻ നൽകുക.

പരിഹാര നിർദ്ദേശങ്ങൾ

1.ലൂക്കോസ് പാണപ്ലാക്കൽ എന്ന ആളുടെ പുരയിടത്തിൽ 12 മാസവും ജലം ലഭിക്കും. ഇവിടെ നിർമ്മിച്ചിരിക്കുന്ന കുളം വലുതാക്കി കുരിശുമലയിൽ ടാങ്ക് കെട്ടി വെള്ളം ശേഖരിച്ചാൽ കുരിശുമലയിൽ ജലം എത്തിക്കാം.

2. വി.ബാലകൃഷ്ണപിള്ളയുടെ പുരയിടത്തിൽ 12 മാസവും ജലം ലഭിക്കും. ഇവിടെ ഒരു കുളം കുഴിച്ച് ക്യാൻസൽ ബ്ലോക്കിൽ ടാങ്ക് നിർമിച്ചു ജലക്ഷാമം പരിഹരിക്കാം.

3. ആദിയാർപുരം

4. ബാലഗ്രാം, മുണ്ടിയെരുമ

വാർഡ് VI

1. വടക്കേകുരിശുമല

2. തെക്കേ കുരിശുമല

3. ആദിയാർ പുരം ഹരിജൻ കോളനി

4. പാമ്പാടും പാറ

വാർഡ് VII

1. നിർമ്മലാപുരം

2. കുമ്പൻപാറ

3. ബാലഗ്രാം

4. പൊന്നൻകുടി

വാർഡ് VIII

1. 30-ഏക്കർ ലക്ഷം വീട് ഹരിജൻ കോളനി

2.കുമരകം മെട്ട്

3. അല്ലിയാർ മെട്ട്-കുഞ്ഞൻ കോളനി

നിലവിലുള്ള കുളം വലുതാക്കി പൈപ്പ് ലൈൻ നീട്ടിയാൽ പ്രശ്നം പരിഹരിക്കാം. രവിലാലിന്റെ പുരയിടത്തിൽനിന്നും ജലം ലാഭിക്കാം.

1. ബാലഗ്രാമിൽ ഗോവിന്ദർപടിയിൽ ഒരു കുഴൽകിണർ കുഴിച്ചാൽ മുണ്ടൻ കോളനി നിവാസികൾക്ക് പ്രയോജനകരമാണ്.

2. മുണ്ടിയെരുമ ആശുപത്രിപടിയിൽ ഒരു കുഴൽ കിണർ കുഴിച്ചാൽ. ആശുപത്രി സ്കൂൾ പ്രദേശത്തെ ജലക്ഷാമം പരിഹരിയ്ക്കാം.

പരിഹാര നിർദ്ദേശങ്ങൾ

ഔസേപ്പച്ചന്റെ വക സ്ഥലത്ത് ഒരു കുളം കുഴിച്ച് ടാങ്ക് കെട്ടി വെള്ളം ശേഖരിച്ച് ജലക്ഷാമം പരിഹരിയ്ക്കാം. 12 മാസവും ജലം ലഭിയ്ക്കുന്ന ഈ സ്ഥലം സൗജന്യമായി ലഭിക്കും.

ഇവിടെ സണ്ണിയുടെ പുരയിടത്തിൽ 12 മാസവും വെള്ളം ലഭിക്കുന്ന ഒരു സ്വകാര്യ കുളം ഉണ്ട്. ഇതിന് മുടക്ക് മുതൽ നല്കിയാൽ പഞ്ചായത്തിന് വിട്ടുതരുവാൻ സന്നദ്ധനാണ്. ഈ കുളത്തിൽനിന്ന് തെക്കേ കുരിശുമല, മാമുട്, നൂറേക്കർ എന്നീ സ്ഥലങ്ങളിലെ ജലക്ഷാമം പരിഹരിക്കാം. സിൽവർ ഗിരി കുര്യാച്ചന്റെ എടസ്റ്റേറ്റിൽ കുളംകുഴിച്ച് ജലവിതരണം നടത്താം.

ആദിയാർപുരത്ത് പാറീസ് മാമയുടെ സ്ഥലത്ത് കുളം കുഴിച്ച് ജലവിതരണം നടത്താം.

പാമ്പാടും പാറയിൽ ഒരു കുഴൽകിണർ കുഴിച്ചാൽ റിസർച്ച്, പഞ്ചായത്ത് ഓഫീസിന് സമീപം, എന്നിവിടങ്ങളിലെ ജലക്ഷാമം പരിഹരിയ്ക്കാം.

1259-ാം നമ്പർ ബ്ലോക്കിൽ കുളംകുഴിച്ച് ജലവിതരണം നടത്താം

1. നിർമ്മലാപുരത്ത് കുളം കുഴിച്ച് പഞ്ചായത്ത് നിർമ്മിച്ചിരിക്കുന്ന ടാങ്കിൽ നിറച്ച് പൈപ്പ് ലൈൻ ഇട്ടാൽ ഈ സ്ഥലങ്ങളിൽ കുടിവെള്ളം ലഭ്യമാക്കാം.

2. പൊന്നൻ കുടിയിൽ കുളം നിർമ്മിച്ച് ജലവിതരണം നടത്തിയാൽ ഈ ഭാഗത്തെ ജലക്ഷാമം പരിഹരിക്കാം.

3. അറക്കുളം പടിയിൽനിന്നും കല്ലാർ ആറ്റിലെ ജലം ശേഖരിച്ച് ശുദ്ധീകരിച്ച് നിർമ്മലാപുരത്ത് ടാങ്ക് കെട്ടി ജലവിതരണം നടത്തിയാൽ 9- ാം വാർഡിന്റെ എല്ലാ മേഖലകളിലും കുടിവെള്ളം എത്തിക്കാം.

കുട്ടാർ-കല്ലാർ ആറ്റിൽനിന്ന്, IIIrd camp സ്കൂൾ ജംഗ്ഷനിൽ നിന്നും വെള്ളം ശുദ്ധീകരിച്ച് കാഞ്ചിയാൽ പാറയിൽ ടാങ്ക് നിർമ്മിച്ച് കോളനിയിലും പരിസരപ്രദേശത്തുമുള്ള 280 ഓളം വീടുകൾക്ക് ജലവിതരണം നടത്താം. 7-ാം വാർഡിലും പ്രയോജനം ലഭിക്കും.

(ഇപ്പോൾ രണ്ടു കിലോമീറ്റർ കുന്നിറങ്ങി വേണം ജലം ശേഖരിയ്ക്കുവാൻ).

നിലവിലുള്ള വാട്ടർ സപ്ലൈ സ്കീമിന്റെ വിസ്തൃതി വർദ്ധിപ്പിച്ചും. പുതിയ ഒരു കുളം നിർമ്മിച്ചും ഈ പ്രദേശത്തെ ജലദൗർലഭ്യം പരിഹരിക്കാം.

അല്ലിയാറിൽ (ഉണ്ണി) ഭാരതികൃഷ്ണൻ പാൽസ്വാമി തേവർവക ഏലത്തോട്ടത്തിൽ എന്നും 12 മാസവും വറ്റാത്ത ജലം ലഭിക്കും. അവിടെ കുളം കുഴിച്ച് അല്ലിയാർ മെട്ടിൽ ടാങ്ക്

4. IIIrd camp ഒറ്റക്കട തീരേറ്റുപുരം പടി

5. കുമരകം മെട്ട്, IIIrd Camp

വാർഡ് IX

1. നിർമ്മലപുരം
   പള്ളിമെട്ട്
   അല്ലിയാർ
   അന്യാർ തൊളു

2. എടത്യാമെട്ട്

വാർഡ് X
പ്രശ്ന മേഖല

1. കുരിശു മല

2. പത്തിനിപ്പാറ
3. ആദിയാർ പുരം

ആശാൻ പടി
ദേവഗിരി

നിർമ്മിച്ച് ജലവിതരണം നടത്തിയാൽ VII, IX വാർഡുകളിലെ 20-ാളം കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിയ്ക്കാം. (പാൽ സ്വാമി സ്ഥലം വിട്ടുതന്നിട്ടുണ്ട്).

ഇവിടങ്ങളിൽ 12 മാസവും വറ്റാത്ത ജലം ലഭിക്കും. വലിയ കുളങ്ങൾ നിർമ്മിച്ച് പ്രശ്നം പരിഹരിക്കാം.

IIIrd camp ആയുർവ്വേദ ജംഗ്ഷനിൽ കുമരകംമെട്ട് ഒറ്റക്കടം എന്നിവിടങ്ങളിൽ കുഴൽകിണറുകൾ കുഴിയ്ക്കേണ്ടതാണ്.

പള്ളിമെട്ടിൽ നിർമ്മിച്ചിരിക്കുന്ന ടാങ്കിൽ വെള്ളം ശേഖരിച്ച് നിർമ്മലാപുരത്ത് എത്തിക്കാം. പത്തുകുട് എന്ന സ്ഥലത്ത് നിലവിലുള്ള പഞ്ചായത്ത് കിണർ വലിയ കുളമാക്കി, അമ്പല മെട്ടിൽ ടാങ്ക് നിർമ്മിച്ച് ശുദ്ധജലവിതരണം ആരംഭിച്ചാൽ IX-ാം വാർഡിലെ ജലക്ഷാമം 90%ഉം പരിഹരിക്കാം.

അല്ലിയാറ്റിൽനിന്ന് ജലംശേഖരിച്ച് എടത്യാമെട്ടിൽ ടാങ്കു നിർമ്മിച്ച് ജലവിതരണം നടത്താം.

വാട്ടർ അതോറിറ്റിയുടെ ടാങ്ക് വലുതാക്കി ഏരിയ വർധിപ്പിക്കാം. വാട്ടർ ടാങ്ക് നിർമ്മിച്ച് നിലവിലുള്ള കുളം വലുതാക്കി ശുദ്ധജല വിതരണം നടത്താം.

നിലവിലുള്ള കുളം വലുതാക്കി ജലവിതരണം നടത്താം.

കുരിശു മലഭാഗത്ത് BI: NO: 219-ൽ കുളം നിർമ്മിച്ച് പ്രശ്നം പരിഹരിക്കാം.

മുണ്ടിയെരുമ ആറ്റിൽനിന്നും ജലം ശുദ്ധീകരിച്ച് കുരിശു മലയിൽ ടാങ്കുകെട്ടി 5, 10, 4 എന്നീ വാർഡുകളിൽ ജലവിതരണം നടത്താം.

ദേവഗിരി കമലന്റെ വസ്തുവിൽ കുളം കുഴിച്ച് ആശാൻപടിയിൽ ടാങ്കുകെട്ടി ജലവിതരണം നടത്താം.

ഈ പഞ്ചായത്തിൽ ചെറുകിട ഇടത്തരം ശുദ്ധജല പദ്ധതികൾ നിലവിലില്ല. പഞ്ചായത്ത് തല പദ്ധതി ഒരെണ്ണം ഉണ്ട് എങ്കിലും തൃപ്തികരമായ രീതിയിൽ പ്രവർത്തിക്കുന്നില്ല. ഈ പഞ്ചായത്തിലെ ഏറ്റവും സങ്കീർണമായ പ്രശ്നം കുടിവെള്ള ക്ഷാമമായതിനാൽ മറ്റെല്ലാ പദ്ധതികളെക്കാളും മുൻഗണന നല്കി യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിയ്ക്കേണ്ടതാണ്. അതിനായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾകൂടി പരിഗണനയ്ക്ക് വിധേയമാക്കണം.

പ്രാവർത്തികമാക്കാവുന്ന മറ്റു നിർദ്ദേശങ്ങൾ

1. ഉയർന്ന പ്രദേശങ്ങളിൽ നീർക്കുഴികൾ കുഴിച്ചും വരമ്പുകളിട്ടും മഴവെള്ള സംഭരണം നടത്തുക.

2. ഇതിലേയ്ക്കായി പഞ്ചായത്ത് തലത്തിൽ ഗ്രാന്റുകളോ സബ്സിഡികളോ കർഷകർക്ക് നല്കുക.

3. ജല മലിനമാക്കുന്നതിന് എതിരെയും ശുദ്ധജലത്തിന്റെ ആവശ്യകതയെയും കുറിച്ച് ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

4. ശാസ്ത്രീയ സർവ്വേയുടെ അടിസ്ഥാനത്തിൽ ജലം ലഭ്യമാകുന്ന സ്ഥലങ്ങളിൽ മാത്രം കിണറുകളോ, കുളങ്ങളോ കുഴിക്കുക.

5. നിലവിലുള്ള തോടുകളിൽ ചെറിയ ബണ്ടുകൾ നിർമ്മിച്ച് ജലം പാഴാകുന്നത് തടയുക.

6. പൊട്ടക്കിണറുകളും, കുഴികളും മഴവെള്ള സംഭരണത്തിന് ഉപയോഗിക്കുക.

പൊതുജനാരോഗ്യവും കുടിവെള്ളവും

ആരോഗ്യ മേഖലയിൽ പാമ്പാടും പാറ പഞ്ചായത്തിൽ ആനുപാതികമായ മുന്നേറ്റങ്ങൾ നടന്നിട്ടുണ്ടെന്ന് ഗ്രാമസഭ റിപ്പോർട്ടുകൾപ്രകാരം പറയുവാൻ കഴിയുന്നില്ല. ആരോഗ്യമുള്ള ജനത നാടിന്റെ സമ്പത്ത് ആണെങ്കിലും മറ്റു പഞ്ചായത്തുകളെപോലെ ആരോഗ്യ ക്ഷേമരംഗത്ത് കാര്യക്ഷമമായ പ്രവർത്തനങ്ങൾ നാളിതുവരെ നടന്നിട്ടില്ല. രണ്ട് പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളും 4 സബ് സെന്ററുകളും ആയുർവ്വേദ ആശുപത്രിയും 1 ഹോമിയോ ഡിസ്പെൻസറിയും ഉൾക്കൊള്ളുന്നതാണ് ഈ പഞ്ചായത്തിലെ ഔദ്യോഗിക പൊതു ജനാരോഗ്യ സംവിധാനം.

1. പ്രാഥമിക ആരോഗ്യകേന്ദ്രം, കല്ലാർ പട്ടം കോളനി.

പട്ടം കോളനിയുടെ കേന്ദ്രപ്രദേശമായ മുണ്ടിയെരുമയിൽ 1956-ൽ, കുടിയേറ്റ കാലത്തുതന്നെ മുന്നുമുറികളുള്ള ഒരു കെട്ടിടത്തിന്റെ ഒരു മുറിയിൽ ഡിസ്പെൻസറിയായി പ്രവർത്തനം ആരംഭിച്ചു. മറ്റു രണ്ടു മുറികളിൽ, ഒന്നിൽ ഒരു ആയുർവ്വേദ ഡിസ്പെൻസറിയും മറ്റൊന്നിൽ ഒരു മൃഗാശുപത്രിയുമാണ് ആരംഭിച്ചത്. രണ്ടു വർഷങ്ങൾക്ക് ശേഷം ഇപ്പോൾ നിലവിലിരിക്കുന്ന കെട്ടിടത്തിലേക്ക് മാറ്റി സ്ഥാപിച്ചു. പട്ടം കോളനി മേഖലയിലെ ആദ്യത്തെ ആരോഗ്യ സ്ഥാപനമായതിനാൽ

സമീപ പഞ്ചായത്തുകളിലെ മുഴുവൻ രോഗികളും ചികിത്സ യ്ക്കായി ഇവിടെ എത്തിയിരുന്നു. എന്നാൽ രോഗികളെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യം ഉണ്ടായിരുന്നില്ല. 1969–70 കാലഘട്ടങ്ങളിൽ പട്ടം കോളനി വാസികളും നിർലോ ഭമായ സഹായ സഹകരണങ്ങൾകൊണ്ട് 30 കിടക്കകൾക്ക് സൗകര്യമുള്ള ഒരു വാർഡ് പണികഴിപ്പിച്ച് 1971–ൽ ഉദ്ഘാടനം നടത്തി. 1980 വരെ നൂറുകണക്കിന് രോഗികൾ നിത്യേന ചികിത്സ നേടുകയും ചെയ്തിരുന്നതാണ്. എന്നാൽ 1991–മുതൽ ഈ സ്ഥാപനത്തിൽ സ്ഥിരമായി ഡോക്ടറെ നിയമിച്ചിട്ടില്ല. പൊതു ജനങ്ങൾ നിർമ്മിച്ച വാർഡിലെ കിടക്കകൾ നശിച്ചുപോകു കയും ഉപകരണങ്ങൾ തുരുമ്പെടുക്കുകയും, രോഗികൾ 8 km വരെ അകലെയുള്ള ആശുപത്രികളെ അഭയം പ്രാപിയ്ക്കു കയും ചെയ്തുവരുന്നു. കാർട്ടേഴ്സ് സൗകര്യം ഉണ്ടെങ്കിലും അപര്യാപ്തമാണ്. സ്ഥിരമായി ഡോക്ടറെ നിയമിക്കുന്നതിന് പലതവണ ബഹുജന സമരങ്ങൾ സംഘടിപ്പിച്ചെങ്കിലും യാതൊരു പ്രയോജനവും ലഭിച്ചില്ല.

2. പ്രൈമറി ഹെൽത്ത് സെന്റർ പാമ്പാടും പാറ

1982–83 ൽ പാമ്പാടും പാറ പ്രൈമറി ഹെൽത്ത് സെന്റർ, താത്കാലിക വാടക കെട്ടിടത്തിലാണ് പ്രവർത്തനം ആരംഭി ച്ചത്. ആശുപത്രിയുടെ പ്രവർത്തനത്തിനാവശ്യമായ രണ്ട് ഏക്കർ പട്ടയഭൂമി നാട്ടുകാരുടെ സഹകരണത്തോടുകൂടി പ്രാക്കണ്ടം ഭാഗത്ത് ആശുപത്രിക്കുവേണ്ടി സർക്കാരിലേക്ക് സമർപ്പിക്കപ്പെട്ടു. ആശുപത്രിയുടെ സുഗമമായ പ്രവർത്തന ത്തിനുവേണ്ടി ഒരു ജനകീയ കമ്മിറ്റി രൂപപ്പെടുത്തുകയും തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് ഈ ജനകീയ കമ്മിറ്റിയാണ് നേതൃത്വം നല്കിയിട്ടുള്ളത്. ആശുപത്രിയിലേക്ക് വന്നു ചേരു ന്നതിനുള്ള അപ്രോച്ച് റോഡും ആശുപത്രിയ്ക്ക് വേണ്ടിയുള്ള സ്ഥലം വാങ്ങുന്നതിന് ആവശ്യമായ പണം സ്വരൂപിച്ചതും ജന കീയ കമ്മിറ്റിയുടെ (ആശുപത്രി വികസന സമിതി) നേട്ടങ്ങ ളിൽ പെടുന്നതാണ്. സമിതിയുടെ പ്രവർത്തനഫലമായി ആശു പത്രി പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടങ്ങളും, ഡോക്ടർമാർക്ക് താമസിക്കുന്നതിനുമുള്ള ക്വോർട്ടേഴ്സുകളും, നെഴ്സസ് ക്വോർട്ടേഴ്സുകളും, അഭയാർഥികൾക്ക് താത്കാലി കമായി താമസിയ്ക്കേണ്ട സംഹചര്യം വന്നാൽ, താമസിക്കുന്ന തിനുള്ള അഭയാർഥി കേന്ദ്രവും പണികഴിപ്പിച്ചിട്ടുണ്ട്. ഫീൽഡു സ്റ്റാഫുകൾക്കും മറ്റും സമ്മേളിക്കുന്നതിനുള്ള കോൺഫറൻസ് ഹാളും നിലവിലുണ്ട്. അഭയാർഥി കേന്ദ്രം ഉപയോഗമില്ലാതെ കിടക്കുന്നതിനാൽ, പ്രസ്തു കെട്ടിടത്തിൽ 20–ൽ പരം രോഗി കളെ കിടത്തി ചികിത്സിക്കുവാനുള്ള സൗകര്യം ഉപയോഗപ്പെ ടുത്താതെ കിടക്കുന്നു. ആശുപത്രിയുടെ ആവശ്യത്തിലേക്ക് പണികഴിപ്പിച്ചിട്ടുള്ള പമ്പുഹൗസും കിണറും, വൈദ്യുതി കണ ക്ഷൻ കിട്ടാത്തതിനാൽ പ്രവർത്തന രഹിതമാണ്. തന്മൂലം ഡോക്ടർമാർക്കും നെഴ്സുമാർക്കും പണികഴിപ്പിച്ചിട്ടുള്ള ക്വോർട്ടേഴ്സിൽ താമസിക്കുന്നില്ല. 100–ൽ താഴെ രോഗികൾ ശരാശരി ദിവസംതോറും ആശുപത്രിയിൽ എത്തുന്നു. രോഗി കൾക്ക് ആവിശ്യമായ മരുന്നുകൾ യഥാസമയം കൊടുക്കു വാൻ കഴിയുന്നില്ല. ആശുപത്രിയുടെ പ്രവർത്തനത്തിന് ആവ ശ്യമായ സ്റ്റാഫുമില്ല. ആശുപത്രിയിലേക്ക് എത്തുവാനുള്ള റോഡും ശോചനീയാവസ്ഥയിലാണ്.

3.ഹോമിയോ ആശുപത്രി വലിയ തോവാള

പ്രാഥമിക ചികിത്സാ സൗകര്യങ്ങൾക്കായി വളരെയധികം കഷ്ടപ്പെട്ടിരുന്ന വലിയ തോവാള നിവാസികൾക്കായി 1979ൽ ആരംഭിച്ചതാണ് വലിയതോവാള ഹോമിയോ ആശുപത്രി. പ്രസ്തുത സ്ഥാപനത്തിന്റെ നടത്തിപ്പിനായി അന്നത്തെ പഞ്ചാ യത്ത് മെമ്പറായിരുന്ന മാത്യു ജോസഫ് ഇലുപുലിക്കാട്ടിന്റെ നേതൃത്വത്തിൽ ഒരു 9 അംഗ കമ്മിറ്റി പ്രാഥമിക പ്രവർത്തന ങ്ങൾ ആരംഭിച്ചു. ആശുപത്രി ആദ്യമായി പ്രവർത്തനം ആരംഭി ച്ചത് വലിയതോവാള കവലിയിലുള്ള വാടക കെട്ടിടത്തിലായി രുന്നു. എന്നാൽ നാട്ടുകാരുടേയും ആശുപത്രി ജീവനക്കാരു ടേയും അക്ഷീണമായ യത്നം കൊണ്ട് പ്രസ്തുത സ്ഥാപന ത്തിന് സ്വന്തമായി സ്ഥലവും അത്യാവിശ്യ സൗകര്യങ്ങളോടു കൂടിയ കെട്ടിടവും നിർമ്മിയ്ക്കുവാൻ കഴിഞ്ഞു. എന്നാൽ ഇപ്പോഴും അപര്യാപ്തകളുടെ ഒരു നീണ്ട നിര ഈ സ്ഥാപന ത്തിനുണ്ട്. എല്ലായ്പ്പോഴും ഡോക്ടർമാർ ഇല്ലാത്തത് ഈ ആശുപത്രിയുടെ വലിയൊരു ശാപമാണ്. കൂടാതെ ആശുപത്രി ആവശ്യങ്ങൾക്കുവേണ്ടിയുള്ള വെള്ളത്തിനായി അരക്കിലോ മീറ്ററോളം സഞ്ചരിയ്ക്കേണ്ടിവരുന്ന സാഹചര്യമാണ് ഇപ്പോ ഴുള്ളത്. കൂടുതൽ ജീവനക്കാരെ നിയമിയ്ക്കേണ്ടതും, ഡോക്ടറെ സ്ഥിരമാക്കേണ്ടതും, ഈ ആശുപത്രിയുടെ സുഗമ മായ പ്രവർത്തനത്തിന് അത്യന്താപേക്ഷിതമാമ്. രോഗികൾക്ക് വന്നെത്തുവാനായി, റോഡ് ഉണ്ടെങ്കിലും വാഹനങ്ങൾ ഇല്ലാ ത്തത് വലിയൊരു പോരായ്മയാണ്. എങ്കിലും ഇപ്പോഴും ഇതിന്റെ പുരോഗതിയ്ക്കായി അക്ഷീണം യത്നിക്കുന്ന ജനകീയ കമ്മി റ്റിയും, പഞ്ചായത്ത് അധികാരികളും ഈ പ്രസ്ഥാനത്തിന് പുതുജീവൻ നല്കുന്നു.

4. ഗവൺമെന്റ് ആയുർവ്വേദ ആശുപത്രി

1956–ൽ മുണ്ടിയെരുമയിൽ ആരംഭിച്ച ആയുർവ്വേദ ഡിസ്പെൻസറി 1966–ൽ IIIrd camp സെ.സെബാസ്റ്റ്യൻ പള്ളി വക കെട്ടിടത്തിലേക്ക് മാറ്റി പ്രവർത്തനം ആരംഭിച്ചു. ആയുർവ്വേദ ചികിത്സാ മേഖലയിൽ ഈ പഞ്ചായത്തിൽ വള രെയധികം പരിശ്രമങ്ങളുടെ ഫലമായി ട്രെഞ്ച് കോളനി ക്യാമ്പ് ഷെഡ്സ് ഇരുന്ന സ്ഥലത്ത് വാർഡുകളോട് കൂടിയ ആശുപത്രി യായി ഉയർത്തപ്പെട്ടു. 10 കിടക്കകളോടുകൂടി പ്രവർത്തനം ആരംഭിച്ച ഈ ആശുപത്രി ഇപ്പോൾ 30 കിടക്കകളായി ഉയർത്തി യിട്ടുണ്ട്. ഒരു ചീഫ് മെഡിക്കൽ ഓഫീസർ ഉൾപ്പെടെ മൂന്ന് ഡോക്ടർമാരും, മറ്റു ജീവനക്കാരും ഇവിടെ സേവനം അനു ഷ്ഠിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും, അന്യ സംസ്ഥാനങ്ങളിൽനിന്നുപോലും ഒട്ടേറെ രോഗികൾ ചികിത്സ തേടുന്ന ഈ സ്ഥാപനത്തിൽ അടിസ്ഥാന സൗകര്യ ങ്ങൾ തുലോം കുറവാണ്. ജീവനക്കാർക്ക് താമസിക്കുവാൻ

ആവശ്യമായ ക്വോർട്ടേഴ്സുകൾ നിർമ്മിച്ചിട്ടില്ല. രോഗികളുടെ തിരക്കിന് ആനുപാതികമായി ഔഷധങ്ങൾ ലഭ്യമല്ല. ഈ ആശുപത്രിയ്ക്ക് കൂടുതൽ കിടക്കകൾക്കുള്ള സൗകര്യങ്ങളും, അടിസ്ഥാന സൗകര്യങ്ങളും വേണ്ടത്ര ഔഷധങ്ങളും ലഭ്യമാക്കിയാൽ ആയുർവ്വേദ ചികിത്സാ രംഗത്ത് മികച്ച നേട്ടങ്ങൾ കൈവരിക്കാൻ സാധിക്കും.

സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

നമ്പർ	സ്ഥാപനങ്ങൾ	വാർഡ്	സ്ഥാപിച്ചവർഷം	ജീവനക്കാരുടെ എണ്ണം	സ്ഥാപനപരമായ പ്രശ്നങ്ങൾ
1.	പ്രാഥമിക ആരോഗ്യ കേന്ദ്രം പാമ്പാടും പാറ	I		18	
2.	ഗവ.കുടുംബക്ഷേമി കേന്ദ്രം ഗവ.ഹോമിയോ ഡിസ്പെൻസറി	II			
3.	–	III	–	–	–
4.	–	IV	–	–	–
5.	കുടുംബക്ഷേമ കേന്ദ്രം പ്രാഥമിക ആരോഗ്യ കേന്ദ്രം	V	1956	30	4 വർഷക്കാലമായി സ്ഥിരമായി ഡോക്ടറില്ല. എക്സ്റേ-ലാബ് സൗകര്യങ്ങളില്ല
6.	കുടുംബക്ഷേമകേന്ദ്രം	VI			ഫീൽഡു സ്റ്റാഫിന്റെ പ്രവർത്തനം തൃപ്തികരമല്ല ശുദ്ധജലം ആവശ്യത്തിനു ലഭ്യമല്ല.
7	–				
8.	ഗവ.ആയുർവേദ ആശുപത്രി	VIII		30	കിടക്കകളുടെ എണ്ണം കുറവാണ്. അടിസ്ഥാന സൗകര്യങ്ങൾ കുറവ്. ക്വാർട്ടേഴ്സ് ഇല്ല.
9.	കുടുംബക്ഷേമകേന്ദ്ര	IX			പ്രവർത്തനം തൃപ്തികരമല്ല.
10.	–	X	–	–	-

5. കുടുംബ ക്ഷേമ കേന്ദ്രങ്ങൾ

1. വലിയതോവാള, മുണ്ടിയെരുമ, സന്യാസിഓടി, അന്യാർതൊളു എന്നീ സ്ഥലങ്ങളിൽ ഓരോ കുടുംബക്ഷേമ കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ യഥാ സമയങ്ങളിൽ തുറക്കുകയോ, ആരോഗ്യ പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്യാതിരിക്കുന്നതിനാൽ ഈ കേന്ദ്രങ്ങൾ ജനങ്ങൾക്ക് യാതൊരു പ്രയോജനവും ചെയ്യുന്നില്ല. ഈ കുടുംബക്ഷേമ കേന്ദ്രങ്ങൾ എല്ലാം, പരിസരം കാടുകയറി പ്രവർത്തന രഹിതമായി കിടക്കുകയാണ്.

6. ഇന്ദിരാഗാന്ധി ആയുർവ്വേദ സർവ്വീസ് സഹകരണ സംഘം

ഈ പഞ്ചായത്തിലെ സഹകരണ മേഖലയിലുള്ള ഏക ആരോഗ്യ പ്രവർത്തന സ്ഥാപനമാണ് ഇന്ദിരാഗാന്ധി ആയുർവ്വേദ സഹകരണ സംഘം. ഔഷധ സസ്യതോട്ട നിർമ്മാണം, ഔഷധ നിർമ്മാണം ആയുർവ്വേദ ചികിത്സ. എന്നീ ലക്ഷ്യങ്ങളോടു കൂടി രജിസ്റ്റർ ചെയ്തിട്ടുള്ളതാണെങ്കിലും വേണ്ടത്ര അടിസ്ഥാനസൗകര്യങ്ങളോ, സാമ്പത്തിക സഹായങ്ങളോ ലഭിക്കാത്തതിനാൽ വേണ്ട രീതിയിൽ പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

സ്വകാര്യ മേഖലയിൽ 100 കിടക്കകളുള്ള ഒരു ആശുപത്രിയും, 10 കിടക്കകളുള്ള മറ്റൊരു ആശുപത്രിയും, ഒരു ഹോമിയോ ഡിസ്പെൻസറിയും ഒരു ആയുർവേദ ഡിസ്പെൻസറിയും ഉണ്ടെങ്കിലും അലോപതി മേഖലയിലെ അമിതമായ ഫീസ് ഈടാക്കലും. വേണ്ടത്ര യോഗ്യതയില്ലാത്ത ജീവനക്കാരുമാണുള്ളത്. ആയതിനാൽ സാധാരണ ജനങ്ങൾക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല.

പട്ടിക1–2 സ്വകാര്യ ആരോഗ്യകേന്ദ്രങ്ങൾ

1	സ്ഥാപനങ്ങൾ	– വാർഡ്	– സ്ഥാപിച്ച വർഷം	– ജീവനക്കാരുടെ എണ്ണം	– കിടക്കകൾ
2	അൽഫോൺസാ ഹോസ്പിറ്റൽ	II	1986	4	–
3	––	–	–	–	–
4	––	–	–	–	–
5	അർഷണാ ആശുപത്രി	V	1990	–	100
6	സഹ്യാദ്രി ആയുർവേദാശുപത്രി	VI	1989	–	–
7	ശാന്തിനികേതൻ ഹോമിയോ ഡിസ്പൻസറി	VII	–1985	2	–
8	–	–	–	–	–
9	സഹ്യാദ്രി ആയുർവേദാശുപത്രി	IX		1	
10	യുനാനി. ആയുർവേദ സിദ്ധ വൈദ്യശാല	X	1960 1976	1 1	–

പാമ്പാടുംപാറ പഞ്ചായത്തിലെ III, VI, VIII, IX, VIII എന്നീ വാർഡുകളിൽനിന്നും രോഗികൾ നാലുമുതൽ 10 വരെ കിലോ മീറ്ററുകൾ സഞ്ചരിച്ച് എത്തേണ്ടിവരുന്നു. സമൂഹത്തിൽനിന്നും ഉന്മൂലനാശനംചെയ്ത അഞ്ചാംപനി, മലമ്പനി എന്നീ രോഗങ്ങൾ അപൂർവമായാണെങ്കിലും, പഞ്ചായത്തിന്റെ ചില ഭാഗങ്ങളിൽ കണ്ടുവരുന്നുണ്ട്. മഞ്ഞപ്പിത്തം, വയറുകടി, പനി, ചെങ്കണ്ണ്, ശ്വാസംമുട്ടൽ തുടങ്ങിയ രോഗങ്ങളാണ് കൂടുതലും. ജനങ്ങൾ ഏറെയും പകർച്ചവ്യാധികൾമൂലം കഷ്ടപ്പെടുന്നു. പോഷകാഹാരക്കുറവുമൂലവും രോഗങ്ങൾ ഉണ്ടാകാറുണ്ട്. പഞ്ചായത്തിലെ 90% വീടുകൾക്കും കക്കൂസില്ല. എല്ലാ കോളനികളിലും കക്കൂസ് ഇല്ലാത്ത വീടുകൾ ഉണ്ട്.

പൊതുജനാരോഗ്യത്തിൽ കൂടിവെള്ളത്തിനൊപ്പം പ്രാധാന്യമുള്ളതാണ് ശുചിത്വം. ഇതിന് അവശ്യം വേണ്ടത് കക്കൂസാണ്. അതുകൊണ്ടുതന്നെ രോഗികളിൽ നല്ലൊരു ശതമാനവും വയറിളക്കരോഗവും കൊക്കപ്പുഴു വിരശല്യവും ബാധിച്ചവരുമാണ്. ജലജന്യ രോഗങ്ങൾ കൂടുതലായി കണ്ടുവരുന്നുണ്ട്. കക്കൂസ് നിർമാണത്തിന്റെ പ്രധാന പ്രശ്നങ്ങൾ താഴെ പട്ടികയിൽ വിവരിക്കുന്നു.

പട്ടിക

	പ്രശ്നം	പരിഹാര നിർദേശം
1.	സാമ്പത്തിക പരാധീനത	സർക്കാർ അർധസർക്കാർ സ്ഥാപനങ്ങളിൽനിന്നും സാമ്പത്തിക സഹായം ലഭ്യമാക്കി സമഗ്ര കക്കൂസ് നിർമാണ ഏജൻസി രൂപീകരിക്കണം.
2.	കോളനികളിൽ സ്ഥലപരിമിതി	പൊതുവായി ഒരു സേഫ്റ്റി ടാങ്ക് നിർമ്മിക്കണം.
	ജലലഭ്യത കുറവ്–	ആവശ്യമായ ജലം എത്തിച്ചുകൊടുക്കണം.
3.	ബോധവത്കരണത്തിന്റെ അഭാവം–	ആരോഗ്യപ്രവർത്തകരെ കാര്യക്ഷമമാക്കുക. ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കുക.

ഗ്രാമപ്രദേശമായതിനാൽ ശബ്ദമലിനീകരണമോ അന്തരീക്ഷ മലിനീകരണമോ ജനജീവിതത്തെ കൂടുതൽ ബാധിക്കുന്നില്ലെങ്കിലും പരിസരമലിനീകരണം ഏറ്റവും കൂടുതൽ അനുഭവപ്പെടുന്ന ഒരു പഞ്ചായത്താണിത്. ഗ്രാമസഭാ റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ജലലഭ്യതയുടെ കുറവുകൊണ്ട് കക്കൂസുകൾ ഉപയോഗിക്കാതെ തുറസായ സ്ഥലത്ത് മലമൂത്ര വിസർജനം ചെയ്യുന്ന കോളനി പ്രദേശങ്ങൾ ഉണ്ട്. 90% വീടുകൾക്കും കക്കൂസില്ലാത്തതിനാൽ പരിസര മലിനീകരണം രൂക്ഷമാണ്. കടകളിൽനിന്നുള്ള മാലിന്യം, മാംസ വില്പനശാലകളിൽനിന്നുള്ള അവശിഷ്ടങ്ങൾ, ഓടകളുടെ കുറവ് എന്നിവയും മലിനീകരണത്തിന് നിദാനമായ ഘടകങ്ങളാണ്.

പട്ടിക S-5

മലിനീകരണം ഉണ്ടാകുന്ന സ്ഥലങ്ങൾ

മറ്റു പഞ്ചായത്തുകളിൽ നൂറ്റാണ്ടുകളായി ആർജിച്ച ആരോഗ്യമേഖലയിലെ നേട്ടങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ 40 വർഷം മാത്രം പഴക്കമുള്ള പാമ്പാടുംപാറ പഞ്ചായത്തിന് ആരോഗ്യരംഗങ്ങളിൽ വേണ്ടത്ര നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞില്ലെന്നുള്ള വസ്തുത സ്ഥിതിവിവരക്കണക്കുകളിൽനിന്ന് മനസിലാക്കാം. ദാരിദ്ര്യത്തോടും ഭീകര ജന്തുക്കളോടും മനുഷ്യവാസയോഗ്യമല്ലാത്ത കാലാവസ്ഥയോടും മല്ലിട്ട് ജീവിതം ആരംഭിച്ച ഈ പ്രദേശവാസികൾക്ക് ആരോഗ്യസ്ഥാപനങ്ങൾ അനുവദിച്ചുകൊടുക്കുന്ന കാര്യത്തിൽ ഒരു സർക്കാരും കാര്യമായ ശ്രദ്ധചെലുത്തിയില്ല. ആരംഭകാലത്തേക്കാൾ ജനസാന്ദ്രത വർധിച്ചുവരുന്ന ഈ കാലഘട്ടത്തിൽ പ്രതിരോധ കുത്തിവെയ്പുകളുടെ കാര്യത്തിലും രോഗചികിത്സാ സൗകര്യങ്ങളുടെ കാര്യത്തിലും 15-ാം നൂറ്റാണ്ടിൽ തന്നെയാണ്. വേണ്ടത്ര ആരോഗ്യകേന്ദ്രങ്ങൾ ഇല്ലാത്തതും ആരോഗ്യസേവന രംഗങ്ങളിലെ മൂല്യച്യുതിയുമാണ് ഇതിന്റെ പ്രധാന കാരണങ്ങൾ.

പട്ടിക 5-6.....

പ്രശ്നങ്ങൾ

1. പ്രധാന ആരോഗ്യകേന്ദ്രങ്ങളായി P.H.C പാമ്പാടുംപാറ, P.H.C. കല്ലാർ പട്ടം കോളനി എന്നിവിടങ്ങളിൽ എല്ലാ ദിവസവും ഡോക്ടർ എത്താതിരിക്കുന്നതും വാർഡുകൾ പ്രവർത്തിപ്പിക്കാതിരിക്കുന്നതും ഈ പഞ്ചായത്തിലെ ആരോഗ്യരംഗത്തെ ഒരു ദുരവസ്ഥയാണ്.

2. ആരോഗ്യകേന്ദ്രങ്ങളേക്കാൾ പ്രാധാന്യം വീടുകൾക്ക് കക്കൂസില്ലാത്തതാണ്.

3. അന്യാർതൊളു, തോവാള, സന്യാസി ഓട, മുണ്ടിയെരുമ എന്നീ സ്ഥലങ്ങളിൽ സ്ഥിരം കെട്ടിടത്തോടുകൂടിയ കുടുംബക്ഷേമ കേന്ദ്രങ്ങൾ ഉണ്ടെങ്കിലും പ്രതിരോധ ചികിത്സ നടത്താതിരിക്കുകയും ഭവനസന്ദർശനം നടത്താതിരിക്കുക, ആരോഗ്യബോധവത്കരണ ക്ലാസുകൾ നടത്താതിരിക്കുക, ആവശ്യമായ മരുന്നുകൾ ലഭിക്കാതിരിക്കുക എന്നിവമൂലം ടി ആരോഗ്യകേന്ദ്രങ്ങൾ ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്നില്ല.

4. P.H.C കളിലെ ഹെൽത്ത് ഇൻസ്പെക്ടർമാരുൾപ്പെടെയുള്ള ഫീൽഡ് സ്റ്റാഫുകൾ യാതൊരുവിധ സേവനപ്രവർത്തനങ്ങളും നടത്തുന്നില്ല.

5. 2-ാം വാർഡിൽ പ്രവർത്തിക്കുന്ന ഹോമിയോ ഡിസ്പെൻസറിയുടെ പ്രവർത്തനം തൃപ്തികരമല്ല, ആവശ്യമായ മരുന്നുകൾ ലഭിക്കുന്നില്ല.

6. പഞ്ചായത്തിലെ 30 കിടക്കകളുള്ള ആയുർവേദ ആശുപത്രിയുടെ പ്രവർത്തനം തൃപ്തികരമാണെങ്കിലും ആവശ്യമായ മരുന്നുകൾ ലഭിക്കാതിരിക്കുക, വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാതിരിക്കുക എന്നീ പോരായ്മകൾ ഉണ്ട്.

7. ആരോഗ്യ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ആവശ്യമായ ക്വാർട്ടേഴ്സ് സൗകര്യം ഇല്ല.

8. 1-ാം വാർഡിലെ ഒറ്റപ്പെട്ട പ്രദേശമായ പുവേഴ്സ് മൗണ്ടിൽ ആരോഗ്യ സേവന പ്രവർത്തനങ്ങൾ ലഭ്യമാകുന്നില്ല.

9. 2-ാം വാർഡിൽനിന്ന് കിടത്തി ചികിത്സിക്കുന്ന ആശുപത്രി 15 km അകലെയാണ്.

10. 5-ാം വാർഡിലെ പ്രാഥമിക ആരോഗ്യകേന്ദ്രത്തിൽ 1992-93 വർഷത്തിൽ 76894 രോഗികൾ എത്തി. എന്നാൽ അതിനുശേഷം ഈ സ്ഥാപനത്തിൽ സ്ഥിരമായി ഡോക്ടർ ഇല്ലാത്തതുമൂലം രോഗികൾക്ക് 8 km അകലെയുള്ള താലൂക്ക് ആശുപത്രിയിൽ പോകേണ്ടിവരുന്നു.

11. പകർച്ചവ്യാധികൾ ഉണ്ടാകുന്നതിന്റെ പ്രധാന കാരണം കക്കൂസില്ലാത്തതും ബോധവത്കരണത്തിന്റെ കുറവുമാണ്.

12. പഞ്ചായത്തിലെ അംഗനവാടികളിൽ, ആരോഗ്യ ചികിത്സ നടത്തുന്നതിനും രോഗപ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നതിനും പ്രത്യേകമായി ഒരു ഡോക്ടറെ നിയമിക്കണം.

പ്രധാന നിർദേശങ്ങൾ

1. കല്ലാർ P.H.C യിൽ സ്ഥിരമായി ഡോക്ടറെ നിയമിക്കുക. അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുക. X-റേ യൂണിറ്റ് ആരംഭിക്കുക, ഓപ്പറേഷൻ തീയേറ്റർ സ്ഥാപിക്കുക, ശുദ്ധജലമെത്തിക്കുക എന്നീ കാര്യങ്ങൾ അടിയന്തരമായി നടപ്പിലാക്കിയാൽ പഞ്ചായത്തുകളിലെ രോഗികൾക്ക് ഉപകാരപ്രദമാകും.

2. കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുകയും ഫീൽഡ് സ്റ്റാഫിന്റെ പ്രവർത്തനം ഏകീകരിച്ച് ഫലവത്താക്കുക.

3. കക്കൂസില്ലാത്ത വീടുകൾക്ക് കക്കൂസ് നിർമിക്കുന്നതിനാവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായം നൽകിയാൽ പകർച്ചവ്യാധികളെ ഗണ്യമായി നിയന്ത്രിക്കാൻ കഴിയും.

4. IIIrd camp ആയുർവേദ ആശുപത്രിയുടെ കിടക്കകളുടെ എണ്ണം 100 ആയി വർധിപ്പിക്കുക, ഒരു കുഴൽകിണർ കുഴിക്കുക, ചുറ്റുമതിൽ ബലപ്പെടുത്തുക, ആവശ്യമായ മരുന്നുകൾ ലഭ്യമാക്കുക, ജീവനക്കാർക്ക് ആവശ്യമായ ക്വാർട്ടേഴ്സ് നിർമിക്കുക തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിച്ചാൽ ഈ മേഖല സ്വയംപര്യാപ്തമാക്കാം.

5. IIIrd camp, വടക്കേ കുരിശുമല എന്നിവിടങ്ങളിൽ ഹോമിയോ ഡിസ്പെൻസറി സ്ഥാപിച്ചാൽ ഹോമിയോ ചികിത്സ ഫലപ്രദമായി ജനങ്ങളിൽ എത്തിക്കാം.

6. ബാലഗ്രാമിലെ ഇന്ദിരാഗാന്ധി ആയുർവേദ സഹകരണ മേഖലയിൽ രജിസ്റ്റർചെയ്തിരിക്കുന്ന --------- ആയുർവേദ സ്ഥാപനത്തിന് ഔഷധകൃഷി നടത്തുക, ഔഷധനിർമാണം, ആശുപത്രി സൗകര്യങ്ങൾ എന്നിവയ്ക്ക് സാമ്പത്തികസഹായം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവ നൽകിയാൽ ആയുർവേദരംഗത്ത് ഫലപ്രദമായ മുന്നേറ്റം നടത്തുവാൻ സാധിക്കും.

7. IIIrd camp, പുവേഴ്സ് മൗണ്ട് എന്നിവിടങ്ങളിൽ ഹെൽത്ത് സെന്ററുകൾ സ്ഥാപിച്ചാൽ പ്രതിരോധ ചികിത്സയ്ക്കും പ്രാഥമിക ചികിത്സയ്ക്കും സഹായകരമായിരിക്കും.

8. പാമ്പാടുംപാറ P.H.C. യിലേക്കുള്ള ഗതാഗതസൗകര്യം മെച്ചപ്പെടുത്തുക.

9. തോവാള, അന്യാർതൊളു, ബാലഗ്രാം, തൂക്കുപാലം എന്നിവിടങ്ങളിൽ മലിനജലം ഒഴുക്കികളയുന്നതിന് ഓടനിർമിക്കണം.

10. അറവുശാലകളിൽ നിന്നുള്ള മാലിന്യം നിക്ഷേപിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കണം.

11. പാമ്പാടുംപാറ പ്രാഥമികാരോഗ്യകേന്ദ്രത്തിൽ കിടക്കകൾക്ക് സൗകര്യമുണ്ട്. ആയതിനാൽ രോഗികളെ കിടത്തി ചികിത്സ ആരംഭിക്കുകയും ജീവനക്കാർ ക്വാർട്ടേഴ്സിൽ താമസിക്കുകയും ചെയ്യുക.

12. S.T.B കോളനികളിലേക്കുള്ള വാട്ടർ ടാങ്കിന്റെ സമീപത്താണ് അഴുക്കുചാൽ - അത് മാറ്റുന്നതിനുള്ള ശ്രമം ആരംഭിക്കണം.

പഞ്ചായത്തുതലത്തിൽ പ്രാവർത്തികമാക്കാവുന്ന നിർദേശങ്ങൾ

1. യോഗകേന്ദ്രം

പഞ്ചായത്തിലെ ജനങ്ങളുടെ കായിക പരിശീലനത്തിനും യോഗാഭ്യാസത്തിനും ഉതകുന്ന ഒരു യോഗ പരിശീലനകേന്ദ്രം പഞ്ചായത്തിന്റെ കീഴിൽ സ്ഥാപിച്ചാൽ ശരിയായ പരിശീലനം നൽകി ജനതയുടെ കായികവും മാനസികവുമായ ആരോഗ്യം മെച്ചപ്പെടുത്താം.

2. പൊതു ശ്മശാനം

പഞ്ചായത്തിൽ ഒരു പൊതു ശ്മശാനമുണ്ട്. എന്നാൽ മണ്ണിന് ആഴമില്ലാത്തതിനാൽ സംസ്ക്കരിക്കുന്ന ശവം – പക്ഷി മൃഗാദികൾ വലിച്ചിഴച്ച് മാലിന്യമുണ്ടാക്കുന്നു. കൂടാതെ വാഹനസൗകര്യം കുറവാണ്. ആയതിനാൽ മറ്റൊരു സ്ഥലത്തേക്ക് മാറ്റി സ്ഥാപിക്കുന്നത് ഉചിതമായിരിക്കും.

3. വയോജന ആരോഗ്യകേന്ദ്രം

പ്രായമായവരുടെ മാനസികവും ശാരീരികവുമായ പ്രശ്നങ്ങൾ കൈകാര്യംചെയ്യുന്നതിന് പ്രത്യേകം സ്ഥാപനം ആരംഭിക്കണം. പഞ്ചായത്തിൽ ഇതിനായി ഒരു വൃദ്ധസദനം തുടങ്ങുന്നത് നല്ലതായിരിക്കും.

4. പാരമ്പര്യ വൈദ്യമേഖല

കാലഹരണപ്പെട്ടുകൊണ്ടിരിക്കുന്ന ഒരു പ്രധാന ചികിത്സാരീതിയാണ് പാരമ്പര്യ വൈദ്യം – വാമൊഴിയും, വരമൊഴിയും തലമുറകളിലൂടെ പകർന്നുനൽകുന്നു – ഔഷധങ്ങളുടെ ലഭ്യതകുറവ്, ഔഷ സസ്യകൃഷിയുടെ അപര്യാപ്തത ഇവയ്ക്കെല്ലാം അടിയന്തര പരിഹാരം കാണേണ്ടതാണ്. വിഷവൈദ്യത്തിനും ചികിത്സയ്ക്കും സൗകര്യം കുറവാണ്. പുറമ്പോക്ക് സ്ഥലങ്ങൾ, സർക്കാർവക സ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഔഷധ സസ്യം കൃഷിചെയ്യുന്നതിനുള്ള ഒരു തീവ്രയത്നം തന്നെ നടത്തേണ്ടതാണ്.

പ്രദേശവാസികളുടെ പൊതു ആരോഗ്യത്തെ നശിപ്പിക്കുന്ന പുകവലി, മദ്യപാനം, മുറുക്കൽ എന്നിവ പ്രചരണ ബോധവത്കരത്തിലൂടെ നിയന്ത്രിക്കേണ്ടതും അനിവാര്യമാണ്. രക്തദാനം, നേത്രദാനം ഇവയുടെ മഹത്വം ജനങ്ങൾക്കു മനസിലാകുന്ന തരത്തിൽ ലഘുലേഖകൾ അടിച്ചിറക്കുകയും സെമിനാറുകൾ സംഘടിപ്പിക്കുകയും ചെയ്യാം. ഇടുക്കി ജില്ലയിൽപോലും രക്തബാങ്ക്, നേത്രബാങ്കുകൾ ഇല്ലാത്തതിനാൽ ആരംഭിക്കുന്നതിനുവേണ്ട സത്വരനടപടികൾ സ്വീകരിക്കണം.

നിലവിലുള്ള സാഹചര്യങ്ങൾ പൂർണമായി പ്രയോജനകരമായി വിനിയോഗിക്കുകയും കൂടുതൽ ആരോഗ്യപ്രവർത്തനങ്ങൾ നടത്തുകയും ചെയ്ത് രാജ്യത്തിന്റെ ഭാവി കരുപ്പിടിപ്പിക്കുന്നതിന് ആരോഗ്യമുള്ള ജനതയെ വാർത്തെടുക്കുവാനുള്ള പ്രവർത്തനങ്ങൾ ബഹുജന പങ്കാളിത്തത്തോടെ നമുക്ക് ആരംഭിക്കാം.

പട്ടിക :5–6

ആരോഗ്യ സ്ഥിതി വിവരകണക്കുകൾ. ആരോഗ്യസ്ഥാപനങ്ങളിൽ നിന്നും ലഭിച്ചത്

ആകെ വീടുകൾ				കക്കൂസുള്ള വീടുകൾ			കുടിവെള്ള സ്രോതസ്					തൊഴുത്ത്		കമ്പോസ്റ്റ് കുഴി	
കോൺക്രീറ്റ്	ഓടിട്ടത്	ഓലമേഞ്ഞത്	കുടിൽ	സെപ്റ്റിടാങ്ക്	ഇ.എസ്.പി.	മറ്റുള്ളവ	സാധാരണകിണർ	കുളം	നദി	പൈപ്പ്	പൊതു വിതരണം	വീടിനോട് ചേർന്ന്	പ്രത്യേകിച്ച്	ഉള്ളത്	ഇല്ലാത്തത്
81095	1866	1586	980	500	2000	–	3200	18		30	20	2500	1200	530	

ആകെ. 5337

വൈദ്യുതി		ജനസംഖ്യ			ദമ്പതിമാർ				അമ്മമാരുടെ എണ്ണം		
വൈദ്യുതീകരിച്ചത്	അല്ലാത്തത്	പുരുഷന്മാർ	സ്ത്രീകൾ	കുട്ടികൾ	19 വയസിൽ താഴെ	35 വയസിൽ താഴെ	55 വയസിൽ താഴെ	55 ന് മുകളിൽ	1 കുട്ടികൾ	2 കുട്ടികൾ	2 ൽ കൂടുതൽ കുട്ടികൾ
	9854	9454	1236	1212 1038	280	1200	1400	548	1012	625	

ആകെ19308

പട്ടിക S-5
മലിനീകരണം ഉണ്ടാകുന്ന സ്ഥലങ്ങൾ
(അവലംബം:- ഗ്രാമസഭാ റിപ്പോർട്ട്)

നമ്പർ	വാർഡ്	സ്ഥലം	കാരണം	പകർച്ച വ്യാധികൾ	പരിഹാരം
1	II	പുതുക്കാട്, മന്നാകുടി	കക്കൂസ് കുറവാണ് വേനൽ ക്കാലത്ത് ജലദൗർലഭ്യം മൂലം തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം നടത്തുന്നു. മലിനജലം കെട്ടിക്കിടക്കുന്നു.	കോളറ,മലമ്പനി മഞ്ഞപ്പിത്തം, ചെങ്കണ്ണ്, നവയറുകടി, അഞ്ചാംപനികൊക്കോ പുഴു.	കക്കൂസുകൾ നിർമ്മിക്കുക. ശുദ്ധജലവിതരണം നടത്തുക മലിനജലം ഒഴുക്കിക്കളയുന്നതിന് ഓടകൾ നിർമ്മിക്കുക
2	II	ചീന്തലാർ മെട്ട് തോവാള	കക്കൂസുകൾ ഇല്ല. തോവാളപ്രദേശത്ത് ചായക്കടകളിൽ നിന്നുള്ള മലിന ജലം, റോഡുവക്കിൽ കെട്ടികിടക്കുന്നു. ഇറച്ചികാടകളിലെ അവശിഷ്ടങ്ങളിൽ നിന്നുള്ള ദുർഗന്ധം	-do-	കക്കൂസുകൾ നിർമ്മിച്ച് നല്കുക, മാലിന്യങ്ങൾ ഒഴുക്കി കളയുന്നതിന് ഓടകൾ നിർമ്മിക്കുക. അവശിഷ്ടങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേകിച്ച് സൗകര്യം. ഇറച്ചി വില്പന കേന്ദ്രങ്ങൾക്ക് സമീപം കശാപ്പ് ചെയ്യാതിരിക്കുക.
3	III	ചീന്തലാർമെട്ട്കൗവുന്തി	കക്കൂസുകളില്ല	-do-	കക്കൂസുകൾ നിർമ്മിച്ച് നല്കുക
4	IV	പത്തിനിപ്പാറ താന്നിമൂട്	കക്കൂസുകൾ ഇല്ല. സ്വകാര്യ ഫാക്ടറിയിൽ നിന്നുള്ള മലിന ജലം റോഡുകളിലേക്ക് ഒഴുകിയെത്തുന്നു. വഴിവക്കിലുള്ള ഇറച്ചിക്കട	- do-	കക്കൂസ് നിർമ്മിക്കുക,മലിന ജലം ഒഴുക്കിക്കളയുന്നതിന് ഓടകൾ നിർമ്മിക്കുക. അസ്ഥി ക്കൂഴി റോഡു സൈഡിൽ നിന്നും മാറ്റിസ്ഥാപിക്കുക.
5	V	ബാലഗ്രാം	തോടിന് സമീപത്തായി ഇറച്ചിക്കട. മാലിന്യങ്ങൾ തോട്ടിലെ ജലം അശുദ്ധമാക്കുന്നു.	-do-	മാലിന്യങ്ങൾ നിക്ഷേപിക്കുന്നതിന് പ്രത്യേക സൗകര്യം
6	VI	തെക്കേകുരിശുമല	കക്കൂസില്ല	-do-	കക്കൂസുകൾ നിർമ്മിച്ച് നൽകുക
7	VII	--	--	--	--
8	VIII	മുപ്പത്ഏക്കർകോളനി ആശുപത്രി സ്കൂൾ കവല	കോളനിയിൽ ആളുകൾ തിങ്ങിപാർക്കുന്നു. കക്കൂസ് ഇല്ല. പഞ്ചായത്ത് കിണറിന് സമീപം മലിന ജലംകെട്ടിക്കിടന്ന് കിറ്റിലെ ജലംഅശുദ്ധമാകുന്നു.	- do-	കക്കൂസ് നിർമ്മിക്കുക. കിണറിന് സമീപമുള്ള മലിനജലം ഒഴുക്കി കളയുന്നതിന് ഓട നിർമ്മിക്കുക.
9	IX	അന്യാർ തൊളു	ചായക്കടയിൽ നിന്നുള്ള മാലിന്യങ്ങളും,കാലിത്തൊഴുത്തിൽ നിന്നുള്ള മാലിന്യങ്ങളും റോഡിലേക്ക് ഒഴുകിയെത്തുന്നു.	-do-	മാലിന്യങ്ങൾ ഒഴുക്കികളയുന്നതിന് ഓടകൾ നിർമ്മിക്കുക
10	X	ദേവഗിരി	കക്കൂസുകൾ ഇല്ല	-do-	കക്കൂസുകൾ നിർമ്മിച്ച് നല്കുക

കുടുംബാസൂത്രണം സ്വീകരിച്ചഅമ്മമാർ			അംഗവൈകല്യമുള്ളവർ					മന്ദബുദ്ധികൾ			സ്ഥായിയായരോഗമുള്ളവർ					
1 കുട്ടി	2 കുട്ടികൾ	2 ൽ കൂടുതൽ കുട്ടികൾ	അന്ധർ	ബധിരർ	മൂകർ	ബധിരമൂകർ	ചലനവൈകല്യമുള്ളവർ	10 വയസ്സിൽ താഴെ	10-20 വയസ്സ്	20 വയസ്സിന് മുകളിൽ	രക്തസമ്മർദ്ദം	പ്രമേഹം	കാൻസർ	കുഷ്ഠം	ക്ഷയം	ഹൃദ്രോഗം
134	840	600	50	48	25	18	120	16	15	35	2000	1200	800	10	11	700

പട്ടിക 5-3

പഞ്ചായത്തിലെ ആരോഗ്യരംഗവും വാർഡ് തിരിച്ച് സ്ഥിതി വിശേഷവും
(അവലംബം: ഗ്രാമസഭാ റിപ്പോർട്ട്, പഠനപര്യടനം)

വാർഡ്	സ്ഥാപനങ്ങൾ		കിടക്കകളുടെ എണ്ണം	കാണപ്പെടുന്ന രോഗങ്ങൾ	പ്രവർത്തനങ്ങളെക്കുറിച്ചുള്ള വിലയിരുത്തൽ	മെച്ചപ്പെടുത്തുവാനുള്ള നിർദ്ദേശങ്ങൾ
	പൊതുസ്ഥാപനങ്ങൾ	സഹകാര്യ സ്ഥാപനങ്ങൾ				
1	പ്രാഥമികാരോഗ്യകേന്ദ്രം	-	20	കോളറ, മഞ്ഞപ്പിത്തം,വയറുകടി, ചെങ്കണ്ണ്, ചൂടു പനി, മലമ്പനി, അഞ്ചാം പനി, രോമംകൊഴിച്ചിൽ.	ഫീൽഡ്സ്റ്റാഫ് 1% പോലും ആത്മാർത്ഥത കാണിക്കുന്നില്ല. അംഗീകരിച്ചിരിക്കുന്ന 10 കിടക്കകൾ, കിടത്തി ചികിൽസിക്കുവാൻ ഉപയോഗിക്കുന്നില്ല. കുടുംബസന്ദർശനം, പ്രതിരോധചികിൽസ, ബോധവൽക്കരണ ക്ലാസുകൾ എന്നിവ നടത്തുന്നില്ല.	ഫീൽഡുസ്റ്റാഫിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക, രോഗികളെ കിടത്തി ചികിൽസിക്കുക, പ്ലോക്കു നിയന്ത്രണത്തിൽനിന്നു പഞ്ചായത്ത് നിയന്ത്രണത്തിലാക്കുക
2	കുടുംബക്ഷേമ കേന്ദ്രം ആശുപത്രി	അൽഫോൺസാ	-	--	കുടുംബക്ഷേമകേന്ദ്രത്തിൽ ജീവനക്കാരെത്തുന്നില്ല. കാടുകയറി ഉപയോഗശൂന്യമാകുന്നു.	കുടുംബക്ഷേമകേന്ദ്രങ്ങൾ എല്ലാദിവസവും തുറന്ന് പ്രവർത്തിക്കുന്നതിനു വേണ്ട നടപടി സ്വീകരിക്കണം.
3		ആരോഗ്യസ്ഥാപനങ്ങളൊന്നുമില്ല				
4		ആരോഗ്യസ്ഥാപനങ്ങളൊന്നുമില്ല				
5	പ്രാഥമികാരോഗ്യകേന്ദ്രം കുടുംബക്ഷേമകേന്ദ്രം		30	--	4 വർഷമായി സ്ഥിരമായി ഡോക്ടറില്ല. ഉപകരണങ്ങൾ തുരുമ്പെടുത്തുപോകുന്നു. ഫീൽഡ്സ്റ്റാഫ് തൃപ്തികരമായി പ്രവർത്തനം നടത്തുന്നില്ല. എക്സ്റേ, ലാബ് സൗകര്യങ്ങളില്ല. ശുദ്ധജല സൗകര്യമില്ല.	സ്ഥിരം ഡോക്ടറില്ലാത്തതിനാൽ ഡോക്ടറെ അടിയന്തിരമായി നിയമിക്കണം. ഫീൽഡുസ്റ്റാഫിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുക. എക്സ്റേ, ലാബ് സൗകര്യങ്ങൾ ഉണ്ടാക്കണം. ശുദ്ധജലമെത്തിക്കണം.
		അർപ്പണ ആശുപത്രി	100	--	വേണ്ടത്ര യോഗ്യതയുള്ള സ്റ്റാഫുകളില്ല.	യോഗ്യതയുള്ള സ്റ്റാഫുകളെ നിയമിക്കുക.
6	കുടുംബക്ഷേമ കേന്ദ്രം	സഹ്യാദ്രി ആയുർവേദ ഫാർമസി	--	--	കുടുംബക്ഷേമകേന്ദ്രം തുറന്ന് പ്രവർത്തിക്കുന്നില്ല	എല്ലാദിവസവും തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക
7	--	ശാന്തിനികേതൻ ഹോമിയോ ഡിസ്പെൻസറി	--	--	--	--
8	ആയുർവേദ ആശുപത്രി	--	30	വാതരോഗം, വായു, പിത്തം, കഫം	പ്രവർത്തനം തൃപ്തികരമാണെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്രയില്ല	അടിസ്ഥാന സൗകര്യങ്ങൾ പൂർണമായും അനുവദിക്കുക
9	കുടുംബക്ഷേമകേന്ദ്രം	--	--	--	കുടുംബക്ഷേമ കേന്ദ്രത്തിലെ പ്രവർത്തനം തൃപ്തികരമല്ല	പ്രവർത്തനം തൃപ്തികരമാക്കണം
10	ആരോഗ്യസ്ഥാപനങ്ങളൊന്നുമില്ല				--	--
6	കുടുംബക്ഷേമ കേന്ദ്രം	സഹ്യാദ്രി ആയുർവേദ ഫാർമസി	--	--	കുടുംബക്ഷേമകേന്ദ്രം തുറന്ന് പ്രവർത്തിക്കുന്നില്ല	എല്ലാദിവസവും തുറന്നു പ്രവർത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കുക
7	--	ശാന്തിനികേതൻ ഹോമിയോ ഡിസ്പെൻസറി	--	--	--	--
8	ആയുർവേദ ആശുപത്രി	--	30	വാതരോഗം, വായു, പിത്തം, കഫം	പ്രവർത്തനം തൃപ്തികരമാണെങ്കിലും അടിസ്ഥാന സൗകര്യങ്ങൾ വേണ്ടത്രയില്ല	അടിസ്ഥാന സൗകര്യങ്ങൾ പൂർണമായും അനുവദിക്കുക
9	കുടുംബക്ഷേമകേന്ദ്രം	--	--	--	കുടുംബക്ഷേമകേന്ദ്രത്തിലെ പ്രവർത്തനം തൃപ്തികരമല്ല	പ്രവർത്തനം തൃപ്തികരമാക്കണം
10	ആരോഗ്യസ്ഥാപനങ്ങളൊന്നുമില്ല					

ഗതാഗതം ഊർജ്ജം-മാർക്കറ്റ്

കേരളത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്ന് ജീവിതം കരുപിടിപ്പിക്കുവാൻ ജനങ്ങൾ ഈ ഗ്രാമത്തിൽ എത്തുമ്പോൾ കൊടുംശൈത്യമുള്ള കാലാവസ്ഥയും വന്യമൃഗങ്ങൾ സഞ്ചരിച്ച പാതകളും, തേരട്ടയും, കാടീച്ചകളും വിഹരിച്ചിരുന്നു. മലമടക്കിലേക്കുള്ള ആദ്യത്തെ റോഡ് കോട്ടയത്തുനിന്നാരംഭിച്ച് പാമ്പാടും പാറ വഴി പോകുന്ന ഇന്നത്തെ സ്റ്റേറ്റ് ഹൈവേയായ കുമളി-മൂന്നാർ റോഡായിരുന്നു. ജന്മനാട്ടിൽനിന്നും അനേകം കാതം അകലെ നാടിന്റെ മണവുമായി ആദ്യമെത്തിയ ബസ് 'സ്വരാജ്', 'കിംഗ്' എന്നിവ. ഇതിനെക്കുറിച്ച് പറയുമ്പോൾ ഈ ഗ്രാമത്തിലെ വൃദ്ധജനങ്ങളിൽ അവർ കടന്നുവന്ന വഴികളുടെ ഓർമ്മത്തിളക്കം മിന്നിത്തെളിയുന്നത് കാണാം. ഇത് നടന്നത് ഈ നൂറ്റാണ്ടിന്റെ ആദ്യപകുതിയിലാണ്. വളരെയധികം നേട്ടങ്ങൾ ഈ രംഗത്ത് കൈവരിച്ചിട്ടുണ്ട്. കഴിഞ്ഞ തലമുറയുടെ കൂട്ടായ്മയുടെയും ദിശാബോധത്തിന്റെയും ഫലമായി മനുഷ്യാധ്വാനശേഷി ഈ സഹ്യസാനുക്കളുടെ പ്രാന്തങ്ങളിൽ പണിയായുധങ്ങളുമേന്തി ഇന്ന് ആദ്യമെത്തിയ പാമ്പാടുംപാറ റോഡിന് ശൃംഖലകളായും ഒറ്റപ്പെട്ടും 165.08 കിലോമീറ്ററായി വ്യാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ഈ റോഡുകളിൽ 44.50 കിലോമീറ്റർ മാത്രമാണ് ഗതാഗത യോഗ്യമായിട്ടുള്ളത്. ബാക്കി 120.58 കിലോമീറ്ററും റോഡുകളുടെ പ്രാകൃതാവസ്ഥയിൽ തന്നെയാണ്. ഗതാഗതം സുഗമമാക്കുന്നതിന് വീണ്ടും ഉയർന്ന ജനകീയ പങ്കാളിത്വവും ഉയർന്ന മുതൽമുടക്കും ആവശ്യമായിരിക്കുന്നു. പഞ്ചായത്തിന്റെ ഭൂപ്രകൃതി അനുസരിച്ച് എല്ലാ റോഡുകളും വിഭവത്തിന്റെ അപര്യാപ്തതമൂലം ഉടൻ പൂർണ്ണമാക്കാൻ സാധിക്കുകയില്ലെങ്കിലും ലഭ്യമായ സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്നത് ടാർ റോഡ് 44.55 കി. മീറ്റർ മാത്രമാണ്. (പട്ടിക 1 കാണുക). വിവിധങ്ങളായ സ്കീമുകൾ ആവിഷ്കരിച്ച് ഏകദേശം 9.800 കി. മീറ്ററോളം സോളിംഗ്, മെറ്റലിംഗ് ഇവ നടത്തിയിട്ടുണ്ട്. (പട്ടിക 2 നോക്കുക). എന്നാൽ നിലവിലുള്ള സ്ഥിതി പരിശോധിച്ചാൽ കാലവർഷം മൂലവും മറ്റ് പ്രകൃതി ക്ഷോഭങ്ങളും ഇവയെ വീണ്ടും മൺറോഡുകളാക്കിമാറ്റിയിരിക്കുന്നു. കേരളത്തിന്റെ വിവിധ പ്രദേശങ്ങളെ നെടുംങ്കണ്ടം, മൂന്നാർ എന്നിവയുമായി ബന്ധിപ്പിക്കുന്ന കുമളി-മൂന്നാർ സ്റ്റേറ്റ് ഹൈവേ ഒന്നാം വാർഡിന്റെ അപ്പാപ്പൻപടി മുതൽ വട്ടപ്പാറ വരെയുള്ള ഭാഗം ഈ പഞ്ചായത്തിന്റെ ഒന്ന്, പത്ത്, നാല്, ആറ് എന്നീ വാർഡുകളുടെ അതിർത്തിയിലൂടെ കടന്നുപോകുന്നു. ഇതാണ് പഞ്ചായത്തിലെ പ്രധാന ഗതാഗതമാർഗം. ഒന്നാം വാർഡിൽ പ്രധാനമായുള്ളത് ചക്കക്കാനം-പൂവേഴ്സ്മൗണ്ട്, പാമ്പാടുംപാറ- മന്നാക്കുടി റോഡ് എന്നിവയാണ്. ചക്കക്കാനം-പൂവേഴ്സ് മൗണ്ട് റോഡിന്റെ വികസനം ഇടുക്കി, തേക്കടി എന്നീ സ്ഥലങ്ങളെ നെടുംങ്കണ്ടവുമായി കുറഞ്ഞ ദൂരത്തിൽ എത്തിച്ചേരുവാൻ സാധിക്കും. P.W.D ഏറ്റെടുത്ത റോഡുകൾ മാനന്തടുപടിയിൽ ഒരു പാലം ഇല്ലാത്തതുമൂലം ഗതാഗതം സ്തംഭിച്ചിരിക്കുകയാണ്. P.W.Dയും K.S.E.Bയും തമ്മിൽ ഇപ്പോഴും ഈ പ്രശ്നത്തിൽ അനാവശ്യമായ പിടിവാശി കാണിക്കുന്നു എന്ന് നാട്ടുകാർ ആക്ഷേപം ഉന്നയിക്കുന്നു. ചേമ്പളം തഴക്കണ്ടം റോഡിന്റെ നിർമാണംമൂലം കട്ടപ്പന- നെടുങ്കണ്ടവുമായി 5 കി. മീറ്ററോളം ദൂരം ലാഭിക്കുവാൻ കഴിയും. പത്തിനിപ്പാറ-മുണ്ടിയെരുമ റോഡും യാത്രാപ്രാധാന്യം അർഹിക്കുന്നതാണ്. പത്തിനിപ്പാറ നിവാസികൾക്കുള്ള ഏക ഗതാഗതമാർഗമാണ് ഈ റോഡ്. എന്നാൽ കാലാകാലങ്ങളിൽ ഒരു ഫണ്ടും നൽകിവരുന്നതിൽ സർക്കാർ ഈ ഭാഗത്തെ അവഗണിക്കുന്നതായാണ് കണ്ടുവരുന്നത്. മുണ്ടിയെരുമ-ബാലഗ്രാം റോഡിനും നീണ്ട അവഗണനയാണ് കണ്ടുവരുന്നത്. ഇപ്പോൾ ഇത് പഞ്ചായത്ത് സജീവ പരിഗണനയിൽ എടുത്ത് ഫണ്ട് അനുവദിക്കുന്നു എന്നുള്ളത് ആശ്വാസകരമാണ്. പഞ്ചായത്തിലെ ആറ്, ഏഴ് വാർഡുകളിലൂടെ കടന്നുപോകുന്ന P.W.D റോഡ് മാത്രമാണ് ആ പ്രദേശങ്ങളുടെ ഗതാഗത ആവശ്യങ്ങൾ അല്പമെങ്കിലും നിറവേകുന്നത്. മറ്റ് റോഡുകൾ എല്ലാംതന്നെ പ്രാകൃതാവസ്ഥയിലാണ്. പഞ്ചായത്തിന്റെ അതിർത്തിപ്രദേശങ്ങളുടെ സ്ഥിതിയും വ്യത്യസ്തമല്ല. (നിലവിലുള്ള റോഡുകളുടെ ഒരു പൊതുസ്ഥിതി പട്ടിക-3ൽ കാണിച്ചിട്ടുണ്ട്).

ഈ ഗ്രാമത്തിന്റെ പ്രാന്തപ്രദേശങ്ങളിൽക്കൂടി കടന്നുപോകുന്ന സ്റ്റേറ്റ് ഹൈവേയ്ക്കുപോലും ഓടകൾ ഇല്ലാ എന്നത് ശ്രദ്ധിക്കപ്പെടേണ്ടതാണ്. ആവശ്യത്തിന് ട്രാഫിക് സിഗ്നലുകളോ, അമിതവേഗം നിയന്ത്രിക്കുന്നതിനുള്ള ഉപാധികളോ ഇല്ല എന്നതും പ്രത്യേകം പ്രസ്താവയോഗ്യമാകുന്നു. റോഡുകൾ എല്ലാംതന്നെ കോൺട്രാക്ട് വ്യവസ്ഥയിൽ നിർമിച്ചതുമൂലം, സമൂഹത്തെ ആകെ ബാധിച്ചിരിക്കുന്ന അഴിമതിയുടെ ചെളി ഇവയുടെ നിർമാണത്തിലും വ്യാപിച്ചിരിക്കുന്നു. പല റോഡുകളും കാലവർഷത്തിൽ തകർന്നടിയുന്ന പതിവ് കാഴ്ച ഇവിടെയും സുലഭമാണ്. എല്ലാ സാമൂഹിക വികസനവും ലാഭം എന്ന ആഗോള ചിന്താഗതിക്ക് ഈ ഗ്രാമവികസന പ്രക്രിയയും വിലങ്ങുതടിയായി. പ്രധാന റോഡുകളിൽ സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കപ്പെട്ടിട്ടില്ല. സ്ഥിതിവിവരക്കണക്കുകൾ കാണിക്കുന്ന ഇത്രയും വിശാലമായ പ്രദേശത്താകമാനം 128 സ്ട്രീറ്റ് ലൈറ്റുകൾ മാത്രമാണ് സ്ഥാപിക്കപ്പെട്ടിട്ടുള്ളത്. പാമ്പാടുംപാറ പഞ്ചായത്തിന്റെ ഒരു പ്രദേശത്തും ബസ് സ്റ്റാൻഡ്, ഓട്ടോസ്റ്റാൻഡ്, ജീപ്പ് സ്റ്റാൻഡ് എന്നിവ ഒന്നുപോലുമില്ല. തൂക്കുപാലം, അന്യാർതൊളു ബാലഗ്രാം മുതലായ പ്രദേശങ്ങളിൽ റോഡിന്റെ ഓരങ്ങളിലാണ് ഈ വാഹനങ്ങൾ വിശ്രമിക്കുന്നത്. കാലവർഷത്തെ തുടർന്നുണ്ടാകുന്ന മലവെള്ളപ്പാച്ചിൽമൂലം ഓടകളുടെ അപര്യാപ്തതമൂലം റോഡുകൾ ഓടകളായിമാറുന്നു. ഇവയുടെ അപകടഭീഷണി കുറവ് ചെയ്യുന്നതിന് ഈ റോഡുകളുടെ നിർമ്മാണസമയത്ത് സാങ്കേതിക വിദഗ്ധരുടെ സേവനം അധികൃതർ പ്രയോജനപ്പെടുത്തണം. കൂത്തകപ്പാട്ടം നൽകിയിട്ടുള്ളതും പട്ടയം ലഭിച്ചിട്ടുള്ളതും പ്രദേശങ്ങളിൽ തോട്ടമുടമകളുടെ എതിർപ്പുമൂലം ഗതാഗതവികസനത്തിന് തടസമുണ്ടാക്കുന്നു. ഇത് പരിഹരിക്കുവാൻ ആവശ്യമായ നിയമഭേദഗതികൾ പ്രാദേശിക വികസനത്തിന് അനിവാര്യമാണ്. പ്രാദേശിക പഞ്ചായത്തിന്റെ റോഡുകളുടെ ശൃംഖല തയാറാക്കുകയും പൂർണമായും മുൻഗണനാക്രമത്തിൽ ഓരോ വാർഡിലും കുറഞ്ഞപക്ഷം ഒരു റോഡെങ്കിലും പൂർണ്ണമായും ഗതാഗതയോഗ്യമാക്കുന്നതിലേക്ക് അടിയന്തിര ശ്രദ്ധ പതിപ്പിക്കുക.

2. നിലവിൽ ഉള്ള റോഡുകൾ നാശം വരാതെ സംരക്ഷിക്കുന്നതിന് എല്ലാ വാർഡിലും റോഡ് സംരക്ഷണസമിതികൾ രൂപീകരിക്കുക.

3. പഞ്ചായത്തിലെ എല്ലാ പ്രധാന റോഡുകളുടെയും പ്രധാന ബസ് സ്റ്റോപ്പുകളിൽ വിശ്രമകേന്ദ്രങ്ങൾ പണിയുക.

4. എല്ലാ റോഡുകൾക്കും ഓടകൾ നിർമിക്കുവാൻ സന്നദ്ധ പ്രവർത്തകരെ പ്രോത്സാഹിപ്പിക്കുന്നതിന് പഞ്ചായത്ത് തലത്തിൽ പരിപാടികൾ ിക്കുക.

5. നിലവിൽ വിവിധ പദ്ധതികളിലുൾപ്പെടുത്തിയിട്ടുള്ള റോഡുകൾ (പട്ടിക- 3 കാണുക) നിർമാണ പൂർത്തീകരണം കഴിഞ്ഞതിനുശേഷം അടുത്ത റോഡ് പരിഗണിക്കുക.

6. തോവാള മാനാന്തരം പടിയിൽ റോഡുകളെ ബന്ധിപ്പിക്കുന്നതിനുള്ള ചപ്പാത്തിന്റെ നിർമാണം തേർഡ് ക്യാമ്പ് സ്കൂളിനു സമീപം പാലം നിർമിക്കണം എന്നിവയ്ക്കും പനയ്ക്കൽ നിർമ്മലാപുരം പാലം നിർമാണം 7. പുതുതായി നിർമ്മിക്കപ്പെടേണ്ട റോഡുകൾക്ക് (പട്ടിക 4 കാണുക) അടിയന്തിര പ്രാധാന്യം

നൽകുക. അതിനായി മനുഷ്യവിഭവശേഷി പ്രയോജനപ്പെടുത്തിക്കൊണ്ട് റോഡ് ഗതാഗതത്തിന് പഞ്ചായത്തിലെ എല്ലാ ജനങ്ങൾക്കും പരിപൂർണ്ണ സമത്വം നൽകുന്ന ഒരു പ്രക്രിയ ആരംഭിക്കേണ്ടതും അതിനായി സന്നദ്ധമായ വിഭവങ്ങൾ പ്രയോജനപ്പെടുത്തുന്നതിന് അതീവ ശ്രദ്ധ പതിപ്പിക്കേണ്ടത് എല്ലാ വികസനത്തിന്റെയും അടിസ്ഥാനമാണ്. ഗതാഗതവികസനമെന്ന യാഥാർത്ഥ്യബോധത്തോടെയും ഈ മേഖലയെ തൊട്ടുണർത്തുകയും പരിപാലിപ്പിക്കുകയും ചെയ്യേണ്ടത് കാലഘട്ടത്തിന്റെ ആവശ്യകതയും പുതിയ സംസ്കാര രൂപീകരണത്തിന് അനിവാര്യവുമായിത്തീർന്നിരിക്കുന്നതുമാണ്. പരാമർശിക്കപ്പെട്ട പട്ടികകൾ എല്ലാംതന്നെ ഗ്രാമസഭാ റിപ്പോർട്ടുകളിൽനിന്ന് ഉത്ഭവിച്ചിട്ടുള്ളവയുമാണ്.

പട്ടിക 5

വെയിറ്റിംഗ് ഷെഡുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ	
1.	പാമ്പാടുംപാറ (തോവാളപ്പടി)
2.	മീരാൻപടി
3.	കല്ലാർ
4.	ബാലഗ്രാം
5.	തേർഡ് ക്യാമ്പ് (ആയുർവേദപ്പടി)
6.	മുണ്ടിയെരുമ
7.	സന്യാസിയോട്
8.	ഗണപതിപ്പാലം
9.	ചേമ്പളം
10.	തോവാള
11.	ചേമ്പളം സ്കൂൾ പടി
12.	പനയ്ക്കൽ സിറ്റി
13.	മുണ്ടിയെരുമ സ്കൂൾ പടി
14.	തൂക്കുപാലം
15	അന്യാർതൊളു

ഊർജ്ജം

ഊർജ്ജരംഗത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ നമ്മിൽ ആദ്യം ഉളവാകുന്ന വികാരം വൈദ്യുതിയെ സംബന്ധിച്ചാണ്. കഴിഞ്ഞ നൂറ്റാണ്ടിലെ വിസ്മയമായിരുന്ന വൈദ്യുതി ആദ്യം നമ്മുടെ ഗ്രാമത്തിലെത്തിയത് പാമ്പാടുംപാറയിലാണെന്ന് പറയപ്പെടുന്നു. ഈ നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഈ പ്രദേശത്തു വിതരണം ആരംഭിച്ചു എങ്കിലും അടുത്ത നൂറ്റാണ്ടിന്റെ പടിവാതുക്കൽ എത്തുമ്പോഴും നാമിന്നും വളരെ പിന്നിലാണ്. ഇതിന്റെ പ്രധാന കാരണം പരിശോധിക്കുമ്പോൾ വ്യക്തമാകുന്നത് പഞ്ചായത്തിന്റെ വിഭവ ലഭ്യതയുടെ അപര്യാപ്തതയും ഈ മേഖലയിൽ അധികൃതരുടെ അവഗണനയുമാണ്. പഞ്ചായത്തിലാകമാനമുള്ള പ്രധാന റോഡുകളിൽപോലും തെരുവു വിളക്കുകൾ സ്ഥാപിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നത് സവിശേഷ ശ്രദ്ധയാകർഷിക്കുന്നു. ചെറുകിട കർഷകരും വിവിധ തുറകളിലെ തൊഴിലാളികളും തിങ്ങിപ്പാർക്കുന്ന ഈ മേഖലയിലെ പ്രധാന ഗാർഹിക ഇന്ധനം വിറകാണ്. ബയോഗ്യാസും L.P.Gയും ഉപയോഗിക്കുന്നവരുടെ കൃത്യമായ വിവരം ലഭ്യമല്ല. എന്നിരുന്നാലും ഗ്രാമസഭാ റിപ്പോർട്ടുകളിൽനിന്നും ലഭ്യമായ കണക്കനുസരിച്ച് പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ 2% മാത്രമാണ് ഇവ ഉപയോഗിക്കുന്നത്. ഏലം, കുരുമുളക് ഇവയുടെ സംസ്കരണ സംവിധാനങ്ങളിലും വിറകാണ് മുഖ്യ ഇന്ധനം. കാലിസമ്പത്താൽ സമൃദ്ധമാണെങ്കിലും ബയോഗ്യാസ് പ്ലാന്റുകൾ സുലഭമല്ലാത്തതിനു കാരണം ജനത്തിന് ആവശ്യമായ ബോധവത്കരണം ഈ മേഖലയിൽ നടന്നിട്ടില്ലാ എന്നുള്ളതും. പുകയില്ലാത്ത അടുപ്പുകൾ സ്ഥാപിക്കുന്ന കാര്യത്തിൽ ശാസ്ത്രസാഹിത്യ പരിഷത്തിന്റെയും അനർട്ടിന്റെയും പ്രവർത്തനങ്ങളും ജനങ്ങളിൽ വ്യാപകമായെത്തീട്ടില്ല എന്നു കാണുന്നു. വൈദ്യുതി ലഭ്യമല്ലാത്ത പ്രദേശങ്ങളിൽ ജനങ്ങൾ മുഖ്യ ഇന്ധനമായി ഉപയോഗിക്കുന്നത് മണ്ണെണ്ണയാണ്. പഞ്ചായത്തിൽ ആകെയുള്ള തെരുവുവിളക്കുകളുടെ എണ്ണം 128 മാത്രമാണ് (പട്ടിക കാണുക).

പട്ടിക 1

പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം (കി.മീ)	വീതി (മീ)	യാത്രാസൗകര്യം
1	അപ്പാപ്പൻപടി–കല്ലാർ (S.H)	P.W.D	14		ഉണ്ട്
2.	കല്ലാർ–തൂക്കുപാലം	P.W.D	7	8	ഉണ്ട്
3.	കൂട്ടാർ–ബാലഗ്രാം	P.W.D	4.5		ഉണ്ട്
4.	ബാലഗ്രാം–പുളിയന്മല	P.W.D8	8		ഉണ്ട്
5.	ഗണപതിപാലം–അന്യാർതൊളു	പഞ്ചായത്ത്	1.5	8	ഉണ്ട്
6.	ചേമ്പളം–തോവാള	P.W.D	6.5	8	ഉണ്ട്
7.	വട്ടപ്പാറ–കൗന്തി	ബ്ലോക്ക്	2.5	8	ഉണ്ട്
8.	തോവാള–ചക്കക്കാനം	P.W.D	1.5	8	ഇല്ല

പട്ടിക 2

ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ

നമ്പർ	കോഡ്	വാർഡ് റോഡിന്റെ പേര്	ടാർ ചെയ്യേണ്ട ദൂരം കി.മീ.	വീതി മീ
1		പാമ്പാടുംപാറ–വട്ടപ്പാറ	1	8
2.		തോവാള–മണാക്കുടി	1	8
3.		അഞ്ചുമുക്ക്–കൗന്തി	1.5	8
4.		മുണ്ടിയെരുമ–ബാലഗ്രാം	0.8	8
5.		മുണ്ടിയെരുമ–ദേവഗിരി	1.58	
6.		ഇടാർ–കുമരകംമെട്ട്	1–800	8
7.		ബാലഗ്രാം–അനാർതൊളു	8	
8.		മുണ്ടിയെരുമ	–പാമ്പാടുംപാറ	1–800

വൈദ്യുത വിതരണ ലൈനുകളുടെ ദൈർഘ്യം ഏകദേശം 32 കി. മീ. മാത്രമാണ്. ഇത് സൂചിപ്പിക്കുന്നത് വൈദ്യുതോർജ്ജരംഗത്ത് നമ്മുടെ പ്രദേശത്തിന്റെ പരാധീനതയാണ്. മുഖ്യ ഗാർഹിക ഇന്ധനമായുപയോഗിക്കുന്ന വിറകിന് കിലോയ്ക്ക് 80 പൈസയോളം വിലയുണ്ട്. തോട്ടം മേഖലയായതുകൊണ്ട് ഗണ്യമായതോതിൽ ദൈർലഭ്യമനുഭവപ്പെടുന്നില്ല.

ഗ്രാമസഭാ റിപ്പോർട്ടുകളിൽ ഏറ്റവുമധികം പരാതികൾ ഉയർന്നിട്ടുള്ളത് വൈദ്യുതി വിതരണരംഗത്തും അതിന്റെ ബില്ലിംഗിലുള്ള അപര്യാപ്തതയുമാണ്. എല്ലാ പ്രദേശങ്ങളിലും കനത്ത വോൾട്ടേജ്ക്ഷാമം അനുഭവപ്പെടുന്നു. പീക്ലോഡ് സമയത്തെ ശരാശരി വോൾട്ടേജ് ലഭ്യത 25% മാത്രമാണ്. കൃാൻസൽ ബ്ലോക്ക് പ്രദേശത്ത് ഇതിന്റെ തോത് 15% വരെയാണ്. ഈ പ്രദേശത്തുള്ള ആറോളം പഞ്ചായത്തുകളുടെ നിയന്ത്രണ ചുമതലയുള്ള സെക്ഷൻ ഓഫീസ് കല്ലാർ-ചേമ്പളം ഭാഗത്തായി സ്ഥിതി ചെയ്യുന്നു. ഈ പ്രദേശത്തിന്റെ വിവിധ ഭാഗങ്ങളിലായി 16 ട്രാൻസ്ഫോർമറുകളാണുള്ളത് (പട്ടിക 2 കാണുക). ഇവയിൽ പുതുക്കാട്, ദേവഗിരി K.S.E.B കോളനി എന്നിവിടങ്ങളിൽ സ്ഥാപിച്ചിരിക്കുന്ന ട്രാൻസ്ഫോർമറുകൾ മാത്രമാണ് ഓവർ ലോഡില്ലാത്തത്. ഇവയിൽ അഞ്ച് ട്രാൻസ്ഫോർമറുകളിൽനിന്നു മാത്രമാണ് പഞ്ചായത്തിന് പൂർണമായും പ്രയോജനം ലഭിക്കുന്നത്. പഞ്ചായത്ത് പ്രദേശത്തുകൂടി കടന്നു പോകുന്ന ഏകദേശം 16 കി.മീറ്ററോളം നീളം വരുന്ന 11 K.V ലൈനിന്റെ പോസ്റ്റുകൾ എല്ലാംതന്നെ പഴകി ദ്രവിച്ചവയാണ്. പല പ്രദേശങ്ങളിലും കോൺക്രീറ്റ് പോസ്റ്റുകൾ ഗതാഗത തടസം സൃഷ്ടിച്ചുകൊണ്ട് വിന്യസിച്ചിട്ടുണ്ട് എങ്കിലും ഇവ യഥാകാലം ഉപയോഗപ്പെടുത്തുന്നതിൽ അധികൃതർ കുറ്റകരമായ അനാസ്ഥ കാണിക്കുന്നു. ഈ കാര്യത്തിൽ K.S.E.B സെക്ഷൻ ഓഫീസിനെ പൂർണമായും കുറ്റപ്പെടുത്തുവാൻ കഴിയില്ല. കാരണം നമ്മുടെ പഞ്ചായത്തടക്കം ആറ് പഞ്ചായത്തുകളുടെ ചുമതലയാണ് പ്രസ്തുത ഓഫീസിനുള്ളത്. വൈവിധ്യമാർന്ന ഭൂപ്രകൃതിയും ഗതാഗത സൗകര്യങ്ങൾ കുറവായതുമായ ഇത്രയും വ്യാപ്തിയുള്ള പ്രദേശങ്ങൾക്കായി ആകെ 12 ലൈൻമാൻമാരും 6 വർക്കർമാരും മാത്രമാണുള്ളത്. അതുകൊണ്ടുതന്നെ ഇവർക്ക് എല്ലാ പ്രദേശങ്ങളിലും അത്യാവശ്യ സന്ദർഭങ്ങളിൽ ഫലപ്രദമായി ഇടപെടുവാൻ സാധിക്കുന്നില്ല. ഈ ഓഫീസിലെ കണക്ഷനുകളുടെ എണ്ണം 7800 ഓളമായിരിക്കുന്നു. സാധാരണയായി 4500 കണക്ഷനുകൾ ലഭ്യമാക്കിക്കഴിഞ്ഞാൽ ഓഫീസ് വിഭജിക്കണമെന്നാണ് ചട്ടം. ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുന്നതിന്റെയും ബില്ലിംഗിന്റെയും ചുമതല മേജർ ഓഫീസിലാണ് നിക്ഷിപ്തമായിരിക്കുന്നത്. ഇതുമൂലം ജനങ്ങൾക്കുണ്ടാകുന്ന പരാതികൾ പരിഹരിക്കുവാൻ അസിസ്റ്റന്റ് എഞ്ചിനിയർക്ക് അധികാരമില്ല. നെടുംകണ്ടം 66 K.V സബ് സ്റ്റേഷന്റെ തറക്കല്ലിടീൽ നടത്തി എങ്കിലും തുടർന്ന് യാതൊരുവിധ പ്രവർത്തനങ്ങളും നടത്തിയിട്ടില്ല. 1992 ഒമ്പതാം മാസം വരെ C.D. അടച്ചവർക്കു മാത്രമേ വൈദ്യുതി ലഭ്യമാക്കുവാൻ സാധിച്ചിട്ടുള്ളൂ.

വൈദ്യുത ബോർഡു ജീവനക്കാരുടെ നിരുത്തരവാദപരമായ പ്രവർത്തനം മൂലം ഉപഭോക്താക്കൾ വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കുന്നു. പലപ്പോഴും ജീവനക്കാരുടെ ഭാഗത്തുനിന്നുണ്ടാവുന്ന ഉത്തരവാദിത്വരഹിതമായ പ്രവർത്തനങ്ങൾമൂലം നിസാര പ്രശ്നങ്ങൾക്കുപോലും ഉപഭോക്താക്കൾക്ക് കോടതിയെ സമീപിക്കേണ്ട അവസ്ഥയാണുള്ളത്. ഗുണനിലവാരം കുറഞ്ഞ തെരുവു വിളക്കുകൾ ഉപയോഗിക്കുന്നതുമൂലം ജനങ്ങൾക്ക് പലപ്പോഴും ഇതിന്റെ പ്രയോജനം ലഭിക്കുന്നില്ല. തെരുവു വിളക്കുകൾക്ക് കേന്ദ്രീകൃതമായ ഓൺ-ഓഫ് സംവിധാനമില്ലാത്തതിനാൽ വൻതോതിലുള്ള വൈദ്യുതനഷ്ടം ഉണ്ടാവുന്നു.

പാചകാവശ്യത്തിനും കാർഷികോല്പന്നങ്ങളുടെ സംസ്കരണത്തിനും മറ്റും വിറക് മുഖ്യ ഇന്ധനമായി ഉപയോഗിക്കുന്നതിനാലും മറ്റ് ഊർജ്ജസ്രോതസുകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയാത്തതിനാലും വൻതോതിലുള്ള വനനശീകരണം ഉണ്ടാവുന്നു.

ഊർജ്ജപ്രതിസന്ധിക്കുള്ള പ്രധാന കാരണം

1. ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ വ്യാപകമായതോതിൽ ലഭിക്കായ്ക.

2. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ ആവശ്യമായ ബോധവല്കരണത്തിന്റെ അഭാവം.

3. ഗുണനിലാവരം കുറഞ്ഞ അടുപ്പുകളുടെ വ്യാപകമായ ഉപയോഗം.

4. ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളിൽ ശാസ്ത്രസാഹിത്യ പരിഷത്ത്, അനർട്ട് മുതലായവയുടെ സാങ്കേതിക വിദ്യകൾ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയാത്ത അവസ്ഥ.

5. വൈദ്യുതി വിതരണ ലൈനുകളുടെ സംരക്ഷണത്തിൽ വരുന്ന വീഴ്ചകൾ.

6. അശ്രദ്ധമൂലമുണ്ടാകുന്ന ഊർജ്ജനഷ്ടം.

നിർദേശങ്ങൾ

കാർഷിക വ്യാവസായിക രംഗത്തെ പുരോഗതിക്ക് മുഖ്യ ഘടകമായ വൈദ്യുതി വർദ്ധകമായ തോതിൽ ഉണ്ടാവേണ്ടത് നാടിന്റെ സമഗ്രമായ പുരോഗതിക്ക് അനിവാര്യമാണ്. നിലവിലുള്ള ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിന് ഗ്രാമസഭകളിൽ ധാരാളം പ്രോത്സാഹജനകമായ നിർദേശങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

1. പുകയില്ലാത്ത അടുപ്പുകൾ സന്നദ്ധ പ്രവർത്തകരുടെ സഹായത്തോടെ സബ്സീഡി നല്കി വിതരണം ചെയ്യുക.

2. ബയോഗ്യാസ് പ്ലാന്റുകൾ നിർമിക്കുന്നതിന് സബ്സിഡിയും സാങ്കേതിക സഹായങ്ങളും നല്കുക.

3. I.R.E.P വഴി വിതരണം ചെയ്യുന്ന പ്രഷർ കുക്കറുകൾ, ക്ഷമത കൂടിയ മറ്റ് ഉപകരണങ്ങളും പഞ്ചായത്തുകൾവഴി വിതരണം ചെയ്യുക.

4. അനർട്ടിന്റെ മേഖലാകേന്ദ്രം പഞ്ചായത്തിൽ പ്രവർത്തനം ആരംഭിക്കുക.

5. വോൾട്ടേജ് ക്ഷമത നല്കുന്ന C.F ലൈറ്റുകൾ കുറഞ്ഞനിരക്കിൽ പഞ്ചായത്തുതലത്തിൽ വിതരണം ചെയ്യുക.

6. തെരുവു വിളക്കുകളുടെ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിന് ലൈൻമാൻമാരെകൂടി പങ്കെടുപ്പിച്ച് പ്രാദേശിക തലത്തിൽ ജനകീയ കമ്മിറ്റികൾ രൂപീകരിക്കുക.

7. കല്ലാർ K.S.E.B സെക്ഷൻ ഓഫീസിനെ മേജർ സെക്ഷനായി ഉയർത്തുകയും 66 K.V സബ്സ്റ്റേഷന്റെ പണി ഉടൻ ആരംഭിക്കുക.

8. നിലവിലുള്ള അപാകതകൾ പരിഹരിക്കുകയും ബില്ലിംഗ് സംവിധാനം സെക്ഷൻ ഓഫീസ് തലത്തിൽ ആക്കുകയും ചെയ്യുക.

9. കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും നിലവിലുള്ളവയുടെ കപ്പാസിറ്റി വർധിപ്പിക്കുകയും ചെയ്യുക.

10. പ്രധാന വീഥികളിൽ വഴിവിളക്കുകൾ സ്ഥാപിക്കുക.

11. വൈദ്യുതിവിതരണ ലൈനുകളുടെ സംരക്ഷണം ഉറപ്പുവരുത്തി പ്രസരണനഷ്ടം ഒഴിവാക്കുക.

12. ജനകീയ ബോധവല്കരണം നടത്തി വൈദ്യുതിയുടെ

പാഴ്ച്ചെലവ് ഒഴിവാക്കുക.

13. സ്രോതസുകൾ കണ്ടെത്തി ചെറുകിട വൈദ്യുത പദ്ധതികൾ പഞ്ചായത്തുതലത്തിൽ ആരംഭിക്കുക.

14. L.P ഗ്യാസ് കണക്ഷൻ പരിധിയിൽ പാമ്പാടുംപാറ പഞ്ചായത്തിനെ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ പാമ്പാടും പാറയിൽ ഒരു ഗ്യാസ് ഏജൻസി അനുവദിക്കുക.

കാറ്റിൽനിന്നു വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധ്യതയുള്ള പ്രദേശങ്ങൾ പഞ്ചായത്തിൽ ഉണ്ട്. കല്ലാർമെട്ട്, അല്ലിയാർ പ്രദേശത്ത് 8, 9 വാർഡുകളിലുള്ള രണ്ട് മെട്ട് എന്നിവ ചില ഉദാഹരണങ്ങളാണ്. വട്ടപ്പാറ തോടിന് ഒരു തടയണ നിർമിച്ച് അവിടെ സംഭരിക്കപ്പെടുന്ന ജലം മന്നാകുടി ടണലുമായി ബന്ധപ്പെടുത്തി ജലവൈദ്യുത പദ്ധതിക്ക് സാധ്യതയുണ്ട്. 2 K.V എങ്കിലും.

കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ 3-ാം വാർഡിൽ പൂവേലിമെട്ടിൽ വളരെ സാധ്യതകളുണ്ട്. 2-ാം വാർഡിൽ ചിന്താർമണി മെട്ടുഭാഗത്ത് കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധ്യതകളുണ്ട്. 1-ാം വാർഡിലെ പൂവേഴ്സ് മൗണ്ടിന്റെ പടിഞ്ഞാറേ അറ്റം കാറ്റിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുവാൻ സാധ്യതയുള്ളതാണ്. പാമ്പാടുംപാറ ജംഗ്ഷൻ മുതൽ P.H.C വരെ വഴിവിളക്കുകൾ സ്ഥാപിക്കുക.

വട്ടപ്പാറ ജംഗ്ഷൻ മുതൽ കോളജുപടി വരെ വഴിവിളക്കുകൾ സ്ഥാപിക്കുക.

പട്ടിക 2

വാർഡ്	ബൾബ്	മറ്റുള്ളവ	ആകെ
1	16	--	16
2	5	--	5
3	5	--	5
4	12	--	12
5	16	--	16
6	17	--	17
7	15	--	15
8	20	--	20
9	--	--	--
10	20	--	20
			128

മാർക്കറ്റ്

കാർഷികോത്പന്നങ്ങൾ ധാരാളം ഉത്പാദിപ്പിക്കുന്ന ഒരു മേഖലയാണെങ്കിലും പൊതുമാർക്കറ്റുകളുടെ സ്ഥിതി ശോചനീയമാണ്. കാർഷികോത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും ജനസാന്ദ്രതയുള്ള പ്രദേശങ്ങളിൽ പുതുമാർക്കറ്റുകൾ ഉയർന്നുവരേണ്ടതും ആവശ്യമാണ്. പഞ്ചായത്തിൽ മുൻകാലങ്ങളിൽ മുണ്ടിയെരുമ കേന്ദ്രമായും തോവള കേന്ദ്രമായും മാർക്കറ്റുകൾ പ്രവർത്തിച്ചിരുന്നു എങ്കിലും ഇന്ന് അവ ഓർമ്മ മാത്രമായിരിക്കുന്നു. പഞ്ചായത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ റോഡരുകിലായി മത്സ്യമാർക്കറ്റും മാംസമാർക്കറ്റും പ്രവർത്തിക്കുന്നു. കരുണാപുരം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന തൂക്കുപാലം മാർക്കറ്റും നെടുംകണ്ടം പടിഞ്ഞാറെക്കവലയിൽ പ്രവർത്തിക്കുന്ന മാർക്കറ്റിലും തമിഴ്നാട്ടിലെ കമ്പവും കട്ടപ്പന പഞ്ചായത്തിലെ കട്ടപ്പന മാർക്കറ്റിലുമായി പഞ്ചായത്തിന്റെ ജനങ്ങൾ അവരുടെ ആവശ്യം നിറവേറ്റുന്നത്. പഞ്ചായത്തിൽ പ്രധാനമായും ഉത്പാദിപ്പിക്കപ്പെടുന്ന ഏലം, കുരുമുളക്, കാപ്പി, തേയില എന്നിവയുടെ വിറ്റുവരവിൽ യാതൊന്നും പഞ്ചായത്തിന് ലഭ്യമല്ലാത്ത അവസ്ഥയാണുള്ളത്. ആയതിനാൽ മുണ്ടിയെരുമ, വലിയതോവാള എന്നിവിടങ്ങളിൽ മാർക്കറ്റ് പുനരുജ്ജീവിപ്പിക്കുകയും പുതിയ സാധ്യതകൾ കണ്ടെത്തുകയും ചെയ്യേണ്ടതാവശ്യമാണ്.

1-7	റോഡിന്റെ പേര്, ജംഗ്ഷനുകൾ	ദൂരം (കി.മീ)
II	ചക്കകാനം-പൂവേഴ്സ്മൗണ്ട് പാക്കണ്ടപ്പെടി-വട്ടപ്പാറ മന്നാക്കുടി-മാണികുളംപടി കുമ്പളന്താനംപടി തോവാളമെട്ട്	2 1 1 1.5
III	ചീന്നലാർകുന്ന്-കോളജ്പടി മുള്ളൻകുഴിപ്പഴി-അഞ്ചുമുക്ക് വട്ടപ്പാറ-തോവാള	1.5 1.5 3
IV	പരമാനന്ദപ്പടി-കറുത്തകുഞ്ഞ്പടി 16-ൽപടി-പത്തിനിപ്പാറ പി.ഡബ്ല്യൂ.ഡി.മുക്ക്-കല്ലാർമെട്ട് പത്തിനിപ്പാറ വെസ്റ്റ്-വട്ടപ്പാറ	0.8 2.5 1.5 1.5
V	കുരിശുമലആദിയാർപുരം	1
VI	ക്യാൻസൽബ്ലോക്ക്-മത്തൻപടി ആദിയപുരം-പനയ്ക്കൽസിറ്റി. പനയ്ക്കൽ-പുളിന്താനംമെട്ട്. അറക്കുളംപടി-ചപ്പാത്ത്	1
VII	പനയ്ക്കൽ-നിർമ്മലാപുരംചപ്പാത്ത് ഉദയപുരംപണിയ്ക്കർപടി. പണിയ്ക്കർ പടി	
VII	കോടിയാട്ടപ്പടി, സ്റ്റേഡിയം വടി, കുന്നിതിപ്പടി, പള്ളിപ്പടി, മുല്ലക്കരപ്പടി, മല്ലപ്പള്ളിപ്പടി എന്നിവിടങ്ങളിൽ തടിപ്പാലം കുമരകം മെട്ടിൽനിന്നും കാനംപടി	
	കൂട്ടാർ-അല്ലിയാർ, കുമരകമെട്ട്-അല്ലിയാർലിങ്ക്റോഡ്.ലൂക്കോസപടി-പുളിക്കപ്പെടിലിങ്ക്റോഡ് നീലേറ്റുപുറംപടി-തേർഡ്ക്യാമ്പ് എസ്.സി.കോളനിറോഡ് ആയുർവേദപ്പടി-ഉദയപുരം അമ്പലപ്പടി-ആറ്റുകടവ് ആയുർപവേദപ്പടി-ആറ്റുകടവ് ആയുർവേദപ്പടി-എസ്.സി.കോളനിറോഡ്	0.500 0.500 1.00 1.500 0.3 .250 0.500
	തൂളസിക്കവല-പാലക്കട അന്യർതൊളു-മാമൂട് ഗജേന്ദ്രപുരം-അല്ലിയാർ	1.00 2 3
	റഷീദ്പടി-ആശാൻപ്പടി ആശാൻപടി-റിസേർച്ച് ദേവഗിരി-കുരിശുമല	
	കാസിംപ്പടി-പള്ളിപ്പടി ബാലഗ്രാം-ക്യാൻസൽബ്ലോക്ക്. മുണ്ടിയെരുമ. ജാസ്മിൻപടി-ക്യാൻസൽ ബ്ലോക്ക്	

പട്ടിക-3

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ചെലവഴിച്ച പൊതുഫണ്ട്	മെറ്റൽ		ഓട		കലുങ്ക്			ഒരു വർഷത്തിൽ ശ്രമദാനം		
						ചെയ്തത്	ചെയ്യേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	അറ്റകുറ്റപ്പണി	സംഭാവന	ശ്രമദാന ദിനം	ആകെ രൂ.
1		സ്റ്റേറ്റ് ഹൈവേ	14	10		TAR			-	-		-			
		പാമ്പാടുംപാറ-മന്നാക്കുടി തോവാള	3.5	8			-		-		-	-			
		പാമ്പാടുംപാറ-പൂവേഴ്സ് മൗണ്ട്	6	6			-		-		-	-			
		മന്നാക്കുടി-പുതുക്കാട്	2	6			-		-		-	-			
		പാമ്പാടുംപാറ-പി.എ.സി	2	6			-		-		-	-			
		പാമ്പാടുംപാറ-വട്ടപ്പാറ	2	6			-		-		-	-			
		പ്രാക്കണ്ടം-വട്ടപ്പാറ	1.5	6			-		-						
2		കട്ടപ്പന-തോവാളം-ചേമ്പളം													
		തോവാള-വട്ടപ്പാറ	2.5	8		TAR	-		-	-					
		കാഞ്ഞിരത്തിങ്കൽ-പുവേഴസ് മൗണ്ട്	3								-	-			
		മാനാന്തടംപടി-പുവേഴസ് മൗണ്ട്	1.5						-						
		മന്നാക്കുടി-മാനാന്തടംപടി	1.5						-						
		പാമ്പാടുംപാറ-തേവാള													
3		വട്ടപ്പാറ-തോവാള	6.5	8			-		-	-	2				
		ചേമ്പളം-താഴക്കണ്ടം	1.5	8					-						
		കുന്തി-അഞ്ചുമുക്ക്	2.5	8					-						
		അഞ്ചുമുക്ക്-മുള്ളൻകുഴി	2						-						
		അഞ്ചുമുക്ക്-വെള്ളുകുന്നേൽ പടി	3						-		-				
		വലിയകല്ല്-വട്ടപ്പാറ	2.5				-		-		-	-			
		വട്ടക്കുഴി-ചിന്തലാർകുന്ന്	1.5												

പട്ടിക-3

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ചെലവഴിച്ച പൊതുഫണ്ട്	മെറ്റൽ		ഓട		കലുങ്ക്			ഒരു വർഷത്തിൽ ശ്രമദാനം		
						ചെയ്തത്	ചെയ്യേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	അറ്റകുറ്റപ്പണി	സംഭാവന	ശ്രമദാന ദിനം	ആകെ രൂ.
4		പത്തിനിപ്പാറ-മുണ്ടിയെരുമ	3.5						-		-				
		കല്ലാർ കല്ലാർമെട്ട്	2.5				-		-		-				
		താന്നിമുട്ട്-പത്തിനിപ്പാറ	1				-		-		-				
		ദേവഗിരി-നെല്ലിപ്പാറ	1.5				-		-		-				
		കൈനകരിപ്പടി-പത്തിരിപ്പാറ	1				-		-		-				
		15-ാം പടി പത്തിനിപ്പാറ	2				-								
		കല്ലാർ-മുണ്ടിയെരുമ													
5		ബാലഗ്രാം-മുണ്ടിയെരുമ	3			-			-		-	-			
		എടത്വാമുക്ക്-ആദിയാർപുരം	2			-			-		-	-			
		മുണ്ടിയെരുമ-ക്യാൻസൽ ബ്ലോക്ക്	1.5			-			-		-	-			
		ക്യാൻസൽബ്ലോക്ക്-എടത്വാമുക്ക് 101-ാം പടി തൂക്കുപാലം	0.800			-					-	-			
6		ബാലഗ്രാം-പളിയന്മല തെക്കേ കുരിശുമല - സന്യാസിഓട	8						-	-		-			
		പാമ്പാടുംപാറ-കുരിശുമല-സന്യാസിയോട	2				-		-		-	-			
		പനയ്ക്കൽസിറ്റി-ആദിയാർപുരം	1.5				-		-		-	-			
		കൊന്നക്കൽപ്പടി-ആദിയാർപുരം	3				-		-		-	-			
		പനയ്ക്കൽ-വടക്കേ കുരിശുമല	1				-		-		-	-			
		തെക്കെകുരിശുമല-വടക്കെ കുരിശുമല	1.5				-		-		-	-			
		തെക്കെ കുരിശുമല-40 ഏക്കർ	2				-		-		-	-			
		കടുക്കാസിറ്റി-തെക്കേ കുരിശുമല	1				-		-		-	-			
		ആദിയാർപുരം പനയ്ക്കൽസിറ്റി	3.5				-		-		-	-			

പട്ടിക-3

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ചെലവഴിച്ച പൊതുഫണ്ട്	മെറ്റൽ		ഓട		കലുങ്ക്			ഒരു വർഷത്തിൽ ശ്രമദാനം		
						ചെയ്തത്	ചെയ്യേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	അറ്റകുറ്റപ്പണി	സംഭാവന	ശ്രമദാന ദിനം	ആകെ രൂ.
7		തൂക്കുപാലം-കമ്പംമെട്ട്	1.5			tar			-	-		-			
	1	ബാലഗ്രാം-അന്യാർതൊളു	6				-		-		-	-			
	2	ബാലഗ്രാം-കൂമ്പൻപാറ എസ്.സി.കോളനി	3				-								
	4	ഇന്ദിരാനഗർ-തുളസിക്കാമല	2						-			-			
	3	തേർഡ് ക്യാമ്പ്-അല്ലിയാർ	3				-		-		-	-			
	6	പനയ്ക്കൽ-പൊന്നൻകുടി	1				-		-		-	-			
	5	പന്നിക്കർപ്പടി-അല്ലിയാർ	1.5				-		-		-	-			
	7	ഉദയപുരം-പണിക്കർപടി	1.5				-		-		-	-			
8			1.5												
		തേർഡ് ക്യാമ്പ്-അല്ലിയാർ	3				-		-	-	-	-			
		കൂട്ടാർ-അല്ലിയാർ അന്യാർതൊളു	5				-		-	-	-	-			
		നീലേറ്റുപുറം-കുമരകംമെട്ട്	2				-		-	-	-	-			
		കുമരകംമെട്ട്-കൂട്ടാർ	1.00				-		-	-	-	-			
		അല്ലിയാർ	2				-		-	-	-	-			
		ആയുർവേദപടി-കുമരകംമെട്ട്	2.50				-		-	-	-	-			
		30 ഏക്കർ റോഡ്-അഞ്ച് സെന്റ് കോളനി	0.8				-		-	-	-	-			
		തേർഡ് ക്യാമ്പ്-ഉദയപുരം	1.5				-		-	-	-	-			

പട്ടിക-3

വാർഡ്	കോഡ്	റോഡിന്റെ പേര്	ദൂരം കി.മീ.	വീതി മീ.	ഒരു വർഷത്തിൽ ചെലവഴിച്ച പൊതുഫണ്ട്	മെറ്റൽ		ഓട		കലുങ്ക്			ഒരു വർഷത്തിൽ ശ്രമദാനം		
						ചെയ്തത്	ചെയ്യേണ്ടത്	ഉള്ളത്	വേണ്ടത്	ഉള്ളത്	വേണ്ടത്	അറ്റകുറ്റപ്പണി	സംഭാവന	ശ്രമദാന ദിനം	ആകെ രൂ.
9			2	6			–		–	1	2	–			
		അന്യാർതൊളു-നിർമ്മലാപുരം ഗജേന്ദ്രപുരം	4.5				–		–			–			
		അന്യാർതൊളു-അല്ലിയാർ	2.5				–								
		പൂനട-അല്ലിയാർ	1.5				–		–		–	–			
		നിർമ്മലാപുരം-എടത്വാമെട്ട്	1.5				–		–		–	–			
		പണിയ്ക്കർപടി-അല്ലിയാർ	1.5				–		–		–	–			
		കുമരകമെട്ട്-അല്ലിയാർ	1.5				–		–		–	–			
10		പാമ്പാടുംപാറ-മുണ്ടിയെരുമ	3.5				–		–		2	–			
		മുണ്ടിയെരുമ-കുരിശുമല	2.5				–		–		–	–			
		71-ാം പടി, 210-ാം പടി റോഡ്	1.5				–		–		–	–			
		ആശാൻ പടി-ചന്ദ്രൻപടി	1.1				–		–		–	–			
		ദേവഗിരി-നെല്ലിപ്പാറ	1.5				–		–		3	–			

പട്ടിക 1

പഞ്ചായത്തിൽ സ്ഥാപിക്കപ്പെട്ട ട്രാൻസ്ഫോർമറുകളുടെ എണ്ണവിവരം

നമ്പർ	ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിരിക്കുന്ന സ്ഥലം	ട്രാൻസ്ഫോർമറുകളുടെ കപ്പാസിറ്റി	പഞ്ചായത്തിന്റെ ലഭ്യത	ഓവർലോഡ്
1	പുതുക്കാട് കോളനി	100 KV	100%	ഇല്ല
2	പാമ്പാടുംപാറ	100 KV	100%	ഉണ്ട്
3	വട്ടപ്പാറ	100 KV	100%	ഉണ്ട്
4	ചേമ്പളം	100 KV	40%	ഉണ്ട്
5	K.S.E.B കോളനി	500 KV	10%	ഉണ്ട്
6	കല്ലാർ	63 KV		ഇല്ല
7	താന്നിമൂട്	100 KV	50%	ഉണ്ട്
8	മുണ്ടിയെരുമ	100 KV	50%	ഉണ്ട്
9	ദേവഗിരി	63 KV		ഇല്ല
10	തൂക്കുപാലം	150 KV	60%	ഉണ്ട്
11	ബാലഗ്രാം	100 KV	100%	ഉണ്ട്
12	കൂട്ടാർ	100 KV	30%	ഉണ്ട്
13	പുളിയന്മല East	100 KV	30%	ഉണ്ട്
14	അന്യാർ ഉതാളും	100 KV	70%	ഉണ്ട്
15	മറ്റാക്കുടി	63 KV	100%	ഉണ്ട്
16	വലിയതോവാള	50 KV	50%	ഉണ്ട്
				ഉണ്ട്

പട്ടിക 2

വാർഡ്	ബൾബ്	മറ്റുള്ളവ	ആകെ
1	16	–	16
2	5	–	5
3	5	–	5
4	12	–	12
5	16	–	16
6	19	–	19
7	15	–	15
8	20	–	20
9	–	–	–
10	20	–	20
			128

പട്ടിക–3

പുതിയ സ്ട്രീറ്റ്ലൈറ്റുകൾ സ്ഥാപിക്കേണ്ട സ്ഥലങ്ങൾ

വാർഡ്	വേപ്പർ ലാമ്പുകൾ നിർദേശിക്കപ്പെട്ടത്	സ്ട്രീറ്റ് ലൈറ്റുകൾ സ്ഥാപിക്കപ്പെട്ടത്	സ്ട്രീറ്റ് ലൈറ്റ് നിലവിലുള്ളവ
1	ശൂലക്കവല	പുതുക്കാട് കോളനി ,മന്നാകുടി പബ്ലിക് ലൈബ്രറി, പുവേഴ്സ് മൗണ്ട് സെറ്റിൽമെന്റ് കോളനി	16
2	തോവാളക്കവല	തോവാള മന്നാക്കുടി	5
3	ചേമ്പളം	കോളജ്പടി വട്ടപ്പാറ ജംഗ്ഷൻ, കുന്നി, ചേമ്പളം, അഞ്ചുമുക്ക്	5
4	കല്ലാർ	മുണ്ടിയെരുമ – പാമ്പാടുംപാറ പാമ്പാടുംപാറ –ദേവഗിരി	12
5	മുണ്ടിയെരുമ	മുണ്ടിയെരുമ–എടത്വമുക്ക് എടത്വമുക്ക് –ആദിയാർപുരം	16
6		ബാലഗ്രാംമാമൂട് റോഡ്	19
7	ബാലഗ്രാം–ഇന്ദിരാനഗർ	ബാലഗ്രാം – തേർഡ് ക്യാമ്പ് തേർഡ് ക്യാമ്പ് – നിർമ്മലാപുരം	
8		ആശുപത്രിക്ക് നേർക്കുന്ന് – അല്ലിയാർ	
9	അന്യർതെളു , തിയർ ജംഗ്ഷൻ	അന്യാർതൊളു – നിർമ്മലാപുരം	
10		മുണ്ടിയെരുമ – പാമ്പാടുംപാറ ദേവഗിരി – നെല്ലിപ്പാറ	

വൈദ്യുതി എത്തിക്കേണ്ട സ്ഥലങ്ങൾ

നംപർ	വാർഡ്	വൈദ്യുതീകരിക്കേണ്ട സ്ഥലം	ചെയ്ത പ്രവർത്തനങ്ങൾ
		നിർമലാപുരം സന്യാസിയോട കുമാരകം മൊട്ട്, കുമ്പൻപാറ അല്ലിയാർ, ചിന്നൻ കോളനി എടത്വാമൊട്ട്, 10 കൂട്, നിർമ്മലാപുരം, പള്ളിമൊട്ട് പത്തിരിപ്പാറ, നെല്ലിപ്പാറ, താന്നിമൂട്., കുരിശുമല, പുവേഴ്സ് മൗണ്ട്, കുരിശുമല– തെക്കെ കുരിശുമല, കാനംമേഖല	മിനിമം ഗ്യാരണ്ടി അടച്ചിട്ടുണ്ട് റോഡിൽ ലൈൻ എത്തിയിട്ടുണ്ട് അന്യാർതൊളു–നിർമലാപുരം

പാർപ്പിടവും സാമൂഹ്യക്ഷേമവും

* പാർപ്പിടം

കർഷകരും കർഷകത്തൊഴിലാളികളും ബഹുഭൂരിപക്ഷമായ ഒരു പഞ്ചായത്താണ് പാമ്പാടുംപാറ. കാർഷികരംഗം കഴിഞ്ഞ 10 വർഷക്കാലമായി തകർച്ചയെ നേരിടുകയാണ്. അതുകൊണ്ടുതന്നെ പഞ്ചായത്തിലെ പാർപ്പിടരംഗത്തെ പ്രശ്നങ്ങൾ നിരവധിയാണ്. പഞ്ചായത്തിൽ ആകെയുള്ള 5337 വീടുകളിൽ 48%ഉം മൺകട്ടകൊണ്ടു കെട്ടിയുണ്ടാക്കിയതും ചാണകം മെഴുകിയതും, പുല്ലോ, കോറ ഷീറ്റോ ഉപയോഗിച്ച് മേഞ്ഞതും ആണ്. 17% വീടുകൾ കോൺക്രീറ്റ് ചെയ്തവയാണ്. 35% ഇടത്തരം വീടുകളാണ്.

വിവിധ സ്കീം അനുസരിച്ച് നമ്മുടെ പഞ്ചായത്തിൽ ലഭ്യമാക്കിയ വീടുകൾ 1995-96 വരെ 708 ആണ് എന്ന് കണക്കുകൾ കാണിക്കുന്നു. ഭവനനിർമാണസാമഗ്രികളുടെ അമിതമായ വിലക്കയറ്റം കാരണവും, കൂലിനിരക്കിലെ ക്രമാതീതമായ വർധനവ് നിമിത്തവും പാവപ്പെട്ടവന്റെ സ്വന്തമായൊരു വീട് എന്ന ആഗ്രഹം വെറും ആഗ്രഹമായിത്തന്നെ ശേഷിക്കുന്നു. പ്രാദേശികമായി കെട്ടിടസാമഗ്രികൾ എത്തിക്കുന്നതിന് ഗതാഗത ബുദ്ധിമുട്ടുകളും പാർപ്പിടരംഗത്തെ അഭിവൃദ്ധിക്ക് തടസമായിത്തീർന്നിട്ടുണ്ട്.

കെട്ടിടനിർമാണരംഗത്ത്, വിദഗ്ധതൊഴിലാളികളുടെ അഭാവം ഉണ്ട്. നിർമാണപ്രവർത്തനങ്ങളിൽ അവിദഗ്ധരാണെങ്കിലും സ്ത്രീകൾ ഗണ്യമായ പങ്കുവഹിക്കുന്നുണ്ട്. ചുമടെടുക്കുന്ന ജോലി ഉൾപ്പെടെ ഭാരിച്ച ജോലികളിലാണ് ഇവർ ഏർപ്പെട്ടിരിക്കുന്നത്. എന്നാൽ പുരുഷതൊഴിലാളികളെപ്പോലെ തുല്യ ജോലിയിൽ ഏർപ്പെടുന്ന സ്ത്രീതൊഴിലാളികൾക്ക് തുല്യവേതനം ലഭിക്കുന്നില്ല എന്ന ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു. 1991-92 കാലയളവിൽ വിദഗ്ധതൊഴിലാളിക്ക് ശരാശരി 80 രൂപയും 95-96ൽ 125 മുതൽ 150 വരെയും ആണ് കൂലിനിരക്ക്. അവിദഗ്ധതൊഴിലാളികൾക്ക് ഇത് 50-60ഉം 75 രൂപയും ആണ്.

പട്ടിക No.1
വീടുകളുടെ തരംതിരിവ് പട്ടിക വാർഡ് തലത്തിൽ

വാർഡ്	കെട്ടിടങ്ങളുടെ എണ്ണം	ഒന്നിൽ കൂടുതൽ നിലയുള്ളത്	കോൺക്രീറ്റ്	ഓട്	കോറ	പുല്ല്/മറ്റുള്ളവ
I	565	7	63	191	115	189
II	460	10	35	179	157	79
III	442	5	37	185	62	153
IV	728	1	43	307	265	112
V	544	17	87	128	175	137
VI	477	12	115	107	201	42
VII	470	5	44	172	184	65
VIII	534	9	76	169	165	115
IX	673	22	93	215	198	145
X	444	7	117	213	64	43
Total	5337	95	810	1866	1586	980

അടുത്തകാലത്തായി കോൺക്രീറ്റ് വീടു നിർമാണത്തിൽ ആർഭാടത്തിന്റെ പ്രവണത കണ്ടുവരുന്നുണ്ട്. ലൈഫ് ഇൻഷുറൻസ്, ഭൂപണയബാങ്ക്, ഹൗസിംഗ് ബോർഡ്, കേരളാ സ്റ്റേറ്റ് ഫൈനാൻഷ്യൽ എന്റർപ്രൈസസ് തുടങ്ങിയ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്ത് ഇടത്തരക്കാർ വീടുനിർമിക്കാൻ തുടങ്ങിയിട്ടുണ്ട്. എന്നാൽ അമിതമായ പലിശയും സങ്കീർണമായ ജാമ്യവ്യവസ്ഥയും യഥാസമയം വായ്പ ലഭിക്കായ്കയും കാരണം ഈ വായ്പ സാധാരണക്കാരന് അപ്രാപ്യമായ അവസ്ഥയാണുള്ളത്. ഈ വായ്പകൾ സാധാരണക്കാരനും ലഭിക്കത്തക്കരീതിയിൽ ഭവനവായ്പാവ്യവസ്ഥകൾ ഉദാരമാക്കേണ്ടതുണ്ട്.

ഈ പഞ്ചായത്തിൽ സ്വന്തമായി വീടില്ലാത്ത ആളുകളും ഉണ്ടെന്ന് ഗ്രാമസഭാ റിപ്പോർട്ട് വ്യക്തമാക്കുന്നു. സർക്കാർ ഭവനനിർമാണ ബോർഡുവഴി ദുർബല ഇടത്തര വിഭാഗക്കാർക്ക് നടപ്പാക്കിക്കൊണ്ടിരിക്കുന്ന ഭവനവായ്പ ലഭ്യമാക്കേണ്ടതുണ്ട്. ദുർബലവിഭാഗക്കാർക്ക് വീടുവയ്ക്കാനും ഇടത്തരക്കാർക്ക് നിർമാണത്തിനും പുതുക്കിപണിയാനുമുള്ള സഹായങ്ങളോ വായ്പകളോ ലഭ്യമാക്കേണ്ടിയിരിക്കുന്നു.

വിവിധ പദ്ധതികൾ പ്രകാരം വാർഡിൽ നിർമ്മിച്ച വീടുകളുടെ വിവരപട്ടിക താഴെ കൊടുക്കുന്നു.

പഞ്ചായത്തിൽ ആകെ 9 കോളനികളിലായി 400-ഓളം കുടുംബങ്ങളുണ്ട്. ഇതിൽ ഒരു കോളനിയായ തേർഡ് ക്യാമ്പിൽ ലക്ഷം വീട് പദ്ധതി പ്രകാരം സ്ഥലം നല്കുകയും വിവിധ പദ്ധതികളിലൂടെ 50-ഓളം വീടുകൾ നിർമ്മാണം പൂർത്തിയാക്കിയിട്ടുമുണ്ട്. ഒന്നാം വാർഡിലെ ആദിവാസികളെ പുനരധിവസിപ്പിക്കുന്നതിനുവേണ്ടി വീടുനിർമ്മിച്ച് കോളനി രൂപീകരിച്ചിട്ടുണ്ട്. ആറാം വാർഡിൽ തെക്കേ കുരിശുമല, ആദിയാർപുരം എന്നിവിടങ്ങളിലായി രണ്ട് കോളനികളുണ്ട്. പൂർണ്ണമായും വീടോ സൗകര്യങ്ങളോ ലഭ്യമാക്കിയിട്ടില്ലാത്ത കോളനികളാണിവ. ഏഴാം വാർഡിൽ കോളനിയുണ്ട്. വാസയോഗ്യമായ വീടില്ലാത്ത കോളനികളാണ് പലതും എന്ന് ഗ്രാമസഭാ റിപ്പോർട്ടുകൾ വ്യക്തമാക്കുന്നു.

വാർഡുകൾ	I	II	III	IV	V	VI	VII	VIII	IX	X	Total
വീടുകളുടെ എണ്ണം	147	15	11	173	37	31	64	89	110	31	708

IRDP ഗുണഭോക്താക്കൾക്ക് വിവിധ പദ്ധതികൾപ്രകാരം നടപ്പുപദ്ധതിക്കാലത്ത് പഞ്ചായത്തിൽ നിർമ്മിച്ച വീടുകളുടെ പട്ടിക.

പദ്ധതികൾ	1992-93		93-94		94-95		95-96	
	പൂർത്തീകരിച്ചവ	ബാക്കി	പൂർത്തീകരിച്ചവ	ബാക്കി	പൂർത്തീകരിച്ചവ	ബാക്കി	പൂർത്തീകരിച്ചവ	ബാക്കി
M.W.S.	28	1						
JRY			5	–	18	–		
IAY			9	–	14	4	12	12

1996-97 വർഷത്തിൽ IAY സ്കീമിൽ 15 വീടുകളും (10 എണ്ണം പട്ടികജാതി വിഭാഗത്തിന്) MWS-ൽ 10 വീടുകളും അനുവദിച്ചിട്ടുണ്ട്.

* പ്രശ്നങ്ങൾ

1. കെട്ടിടനിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം, വിലക്കയറ്റം.
2. സാധനസാമഗ്രികൾ എത്തിക്കുന്നതിനുള്ള ഗതാഗതബുദ്ധിമുട്ട്.
3. വായ്പകൾ ലഭ്യമാകാനുള്ള ബുദ്ധിമുട്ട്.
4. ഭൂരഹിതരുടെ പ്രശ്നങ്ങൾ, പട്ടയം ലഭിക്കാത്തതും.
5. ദുർവ്യയമില്ലാത്ത വീടുകൾ നിർമ്മിക്കുന്നതിന് വിദഗ്ധരുടെ അഭാവം.
6. സാമ്പത്തിക പിന്നോക്കാവസ്ഥ.
7. ആവശ്യത്തിന് നിർമ്മാണത്തൊഴിലാളികളില്ലാത്തത്.

* സാധ്യതകൾ

1. പഞ്ചായത്തുതലത്തിൽ ഭവനനിർമ്മാണ സഹകരണ സംഘം ഭവനനിർമ്മാണകേന്ദ്രവും സ്ഥാപിക്കുക.
2. കെട്ടിടനിർമ്മാണരംഗത്തും സാമഗ്രികളുടെ വിതരണത്തിലും സഹകരണസംഘങ്ങൾ ഇഷ്ടപ്പെടുക.
3. ദുർവ്യയ (ആർഭാട) ഭവനനിർമ്മാണം നിരുത്സാഹപ്പെടുത്താൻ കർശനമായ നിയമം, നികുതി സംവിധാനം.
4. വായ്പകൾക്കുള്ള സാങ്കേതികവും സാമ്പത്തികവുമായ ബുദ്ധിമുട്ടുകളും കാലതാമസവും ഒഴിവാക്കുക.
5. ചെലവു കുറഞ്ഞ വീടുകൾക്ക് പ്രചാരം നൽകുക.
6. ഭവന നിർമ്മാണവായ്പകളുടെ സംഖ്യ വർദ്ധിപ്പിക്കുക.
7. ഭൂരഹിതർക്ക് ഭൂമിയും, പട്ടയവിതരണവും നടത്തുക.
8. നിർമ്മാണത്തൊഴിലാളികളുടെ കൂലി നിജപ്പെടുത്തുക.
9. കോളനികൾക്കും, പിന്നോക്കജനവിഭാഗങ്ങൾക്കും ലഭിക്കുന്ന ആനുകൂല്യങ്ങൾ സന്നദ്ധ യുവജനസംഘടനകളുടെയും മനുഷ്യാദ്ധ്വാനവും ഉപയോഗിച്ച് കാര്യക്ഷമമാക്കുക.
10. സർക്കാരിന്റെ ക്ഷേമപരിപാടികളും പദ്ധതികളും കാലാകാലങ്ങളിൽ ജനങ്ങൾക്ക് അറിയുന്നതിനായി ഇൻഫർമേഷൻ സെന്റർ സ്ഥാപിക്കുക.
11. ഇടത്തരം വരുമാനക്കാർക്കായി ഹൗസിംഗ് ബോർഡിന്റെ ഹൗസിംഗ് കോളനി സ്ഥാപിക്കുക.

* സാമൂഹ്യക്ഷേമം

സാമൂഹ്യക്ഷേമരംഗത്ത് ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരെ ഉദ്ധരിക്കാനുള്ള ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും സംഘടിത-അസംഘടിത തൊഴിലാളികളുടെ ക്ഷേമത്തിനായുള്ള ക്ഷേമപദ്ധതികളുമാണ് നിലവിലുള്ളത്. പൂർണ്ണമായും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ വഹിക്കുന്ന ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതിയും തൊഴിലാളി-തൊഴിലുടമാ സഹകരണത്തോടെ ക്ഷേമനിധി ബോർഡുകൾ വഴി നടപ്പാക്കപ്പെടുന്നവയുമായി ഇതിനെ രണ്ടായി തരംതിരിക്കാം. ഈ പദ്ധതികൾക്കു പുറമേ പട്ടികജാതി വികസനത്തിനും ഉന്നമനത്തിനുമായി പട്ടികജാതി വികസന കോർപറേഷനും വനിതകളുടെ പുരോഗതിക്കായി വനിതാ വികസന കോർപ്പറേഷനും പ്രവർത്തിക്കുന്നുണ്ട്.

ഈ പദ്ധതികളിൽ ദാരിദ്ര്യനിർമ്മാർജ്ജന പദ്ധതികൾ മുഖേനയുള്ള സഹായങ്ങളാണ് പഞ്ചായത്തിൽ ലഭിക്കുന്നത്. തൊഴിലാളി ക്ഷേമപദ്ധതികളും, വനിതാ ക്ഷേമപദ്ധതികളും, പട്ടികജാതി ക്ഷേമ പദ്ധതികളും ചെറിയതോതിൽ പഞ്ചായത്തിൽ പ്രയോജനപ്പെട്ടിട്ടുണ്ട്. കർഷകത്തൊഴിലാളി ക്ഷേമനിധി ഓഫീസ് വാഴത്തോപ്പിലും, വനിതാ ക്ഷേമനിധി ഓഫീസ് പൈനാവിലും (കളക്ടറേറ്റ്) പട്ടികജാതി ക്ഷേമനിധി ഓഫീസ് മൂലമറ്റത്തും, പട്ടികജാതി/വർഗ്ഗ വികസന ഓഫീസ് കട്ടപ്പനയിലുമാണ് പ്രവർത്തിക്കുന്നത്.

കർഷകത്തൊഴിലാളികൾ, തോട്ടംതൊഴിലാളികൾ, കെട്ടിടനിർമ്മാണത്തൊഴിലാളികൾ, ചുമടുതൊഴിലാളികൾ എന്നിവർ കൂടുതലുണ്ടെങ്കിലും എല്ലാ തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളല്ലെന്നുള്ളതാണ് വസ്തുത. ഈ പ്രദേശത്ത് ക്ഷേമനിധിബോർഡുകളുടെ പ്രവർത്തനം തൃപ്തികരമല്ലെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. പട്ടികജാതി വികസന കോർപറേഷൻ വഴിയുള്ള ആനുകൂല്യങ്ങൾ ഫലപ്രദമായി ലഭിക്കുന്നില്ല. കാരണം ക്ഷേമനിധി ഓഫീസ് പ്രവർത്തിക്കുന്നത് 100 KM അകലെ മൂലമറ്റത്താണ്. വനിതാ വികസന കോർപറേഷൻ വഴിയുള്ള ആനുകൂല്യം ഈ പഞ്ചായത്തിൽ ലഭിക്കുന്നില്ല എന്നുതന്നെ പറയാം. കാരണം ഇതിന്റെ ആസ്ഥാനം തിരുവനന്തപുരത്തായതിനാലും, ക്ഷേമപദ്ധതികളെക്കുറിച്ച് പൊതുപ്രവർത്തകരുൾപ്പെടെ വനിതകൾക്ക് അന്യമാണെന്നുള്ളതാണ്.

സാമൂഹ്യക്ഷേമരംഗത്ത് കാര്യമായി പ്രവർത്തിച്ചുകൊണ്ട് പഞ്ചായത്തിൽ സഹായം ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് നെടുങ്കണ്ടം ബ്ലോക്ക് ഡവലപ്മെന്റ് ആപ്പീസിന് താഴെയുള്ള 5-ാം വാർഡിലും, ഒന്നാം വാർഡിലുമുള്ള രണ്ട് വില്ലേജ് എക്സ്റ്റൻഷൻ ഓഫീസുകൾ ആണ്. ഐ.ആർ.ഡി.പി., ട്രൈസം, ടൂൾ കിറ്റ് വിതരണം, കന്നുകാലി വളർത്തൽ, സഹായം, കച്ചവടസഹായം, വനിതാ സ്വയംതൊഴിൽ പദ്ധതികൾ മുതലായവയാണ് ഇവരുടെ സഹായ പദ്ധതികൾ.

മൊത്തം ജനസംഖ്യയിൽ 12.55% വും ദാരിദ്ര്യരേഖയ്ക്കു താഴെയാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരിൽ 12.17% പട്ടികജാതി പട്ടികവർഗ്ഗകുടുംബങ്ങളാണ്. നാളിതുവരെ 168 പേർക്ക് സഹായം ലഭിച്ചപ്പോൾ ഇവരിൽ 89 പേരും പട്ടികജാതി/വർഗ്ഗവിഭാഗക്കാരാണ്.

ട്രൈസം പദ്ധതിയുടെ കീഴിൽ സ്വയംതൊഴിൽ കണ്ടെത്തുന്നതിനായി കട്ടിംഗ്, ടൈലറിംഗ്, ടൈപ്പ്റൈറ്ററിംഗ്, ഓട്ടോമൊബൈൽ, ഇലക്ട്രീഷ്യൻ, എംബ്രോയിഡറി, കംപ്യൂട്ടർ, റേഡിയോ, T.V മെക്കാനിസം, തുടങ്ങിയ ഇനങ്ങളിൽ പരിശീലനം നൽകിയിട്ടുണ്ട്. പഞ്ചായത്ത് അതിർത്തിയിൽ പരിശീ

IRDP സർവ്വേ പ്രകാരം ദാരിദ്ര്യരേഖയ്ക്കു താഴെയുള്ളവരുടെ പഞ്ചായത്തുതല വിവരം

വാർഡുകൾ	സർവ്വേപ്രകാരം കണ്ടെത്തിയ ആകെ കുടുംബങ്ങൾ	ഇതിൽ SC/ST കുടുംബങ്ങൾ	നാളിതുവരെ സാമ്പത്തിക സഹായം ലഭിച്ച കുടുംബങ്ങൾ	ഇതിൽ SC/ST	സഹായം ലഭിച്ചതുവഴി ദാരിദ്ര്യരേഖയ്ക്കു മുകളിലെത്തിയ കുടുംബങ്ങൾ	ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള ആകെ കുടുംബങ്ങൾ (സഹായം ലഭിച്ചവർ ഉൾപ്പെടെ)
I	249	80	18	15	7	242
II	109	7	8	1	2	107
III	152	16	4	0	0	152
IV	127	35	15	3	5	265
V	139	20				
VI	269	48				
VII	223	12				
VIII	449	15	115	68	27	1450
IX	397	24				
X	166	37	8	2	4	162
ആകെ	2423	290	168	84	45	2378

ലനം നേടിയവർക്ക് 200 രൂപ പ്രതിമാസം സ്റ്റൈപന്റും, പഞ്ചായത്തിനു വെളിയിൽ പോയി പഠിച്ചവർക്ക് 500 രൂപ സ്റ്റൈപന്റും കൂടാതെ ട്യൂഷൻഫീസും നൽകിയിട്ടുണ്ട്. ടൈപ്റൈറ്റിംഗ് പരിശീലനത്തിന് പട്ടികജാതി/വർഗ്ഗ വിദ്യാർത്ഥികളേ മാത്രമേ അയച്ചിട്ടുള്ളൂ.

പഞ്ചായത്തിൽ ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

1992 മുതൽ 95–96 വരെ CRSP പദ്ധതിപ്രകാരം 43 കക്കൂസുകൾ അനുവദിക്കുകയും 40 എണ്ണം പണിപൂർത്തിയാക്കിയിട്ടുമുണ്ട്. 96–97 വർഷത്തേക്ക് 10 എണ്ണമാണ് പഞ്ചായത്തിന് അനുവദിച്ചിട്ടുള്ളത്.

പഞ്ചായത്തിൽ ട്രൈസം തൊഴിൽ പരിശീലനം നേടിയവരുടെ വിവരം

പരിശീലനം ലഭിച്ചവർ	സ്വയംതൊഴിൽ കണ്ടെത്തിയവരുടെ എണ്ണം	ഇതര തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ	അവശേഷിക്കുന്നവർ
49	16	25	8

സാമൂഹ്യ വനവൽക്കരണപരിപാടിയുടെ ഭാഗമായി 1992–93–ൽ വൃക്ഷത്തൈകൾ ഉൽപാദിപ്പിച്ച് വിതരണം നടത്തിയിട്ടുണ്ട്. കശുമാവ്, പ്ലാവ്, കാപ്പി, ആഞ്ഞിലി, പുളി, വാക തുടങ്ങിയ വൃക്ഷത്തൈകൾ മഹിളാ സമാജങ്ങൾ മുഖേന 30,000 എണ്ണത്തോളം വിതരണം ചെയ്തിട്ടുണ്ട്. DWCRA പദ്ധതിപ്രകാരം തേനീച്ച വളർത്തൽ, പശുവളർത്തൽ എന്നിവയ്ക്കായി '92–'93 വർഷത്തിൽ 24 പേർക്ക് ധനസഹായം നൽകിയിട്ടുണ്ട്. '96–'97 വർഷത്തേക്ക് 1, 2, 3 വാർഡുകളിൽ ഈ സ്കീം നടപ്പിലാക്കാൻ പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്. IRDP ഗുണഭോക്താക്കൾക്ക് നടപ്പുപഞ്ചവൽസരപദ്ധതിക്കാലത്ത് JRY, MWS, IAY സ്കീമുകളിലായി 103 വീടുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. 95–96 സാമ്പത്തികവർഷം വരെ പട്ടികജാതി/വർഗ്ഗ വിഭാഗങ്ങളെ മാത്രമേ ഇതിന്റെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിരുന്നുള്ളൂ. നടപ്പു സാമ്പത്തികവർഷത്തിൽ 40% ഗുണഭോക്താക്കളെ മറ്റു വിഭാഗത്തിൽനിന്നും പരിഗണിക്കുന്നുണ്ട്. 15 വീടുകളാണ് നടപ്പുവർഷത്തിൽ പഞ്ചായത്തിന് അനുവദിച്ചു കിട്ടിയിരിക്കുന്നത്. (10 എണ്ണം SC/ST യ്ക്കും 5 എണ്ണം മറ്റുള്ളവർക്കും)

* കേന്ദ്രാവിഷ്കൃത ഗ്രാമീണ ശുചിത്വ പരിപാടി (C.R.S.P)

ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്ക് കക്കൂസ് നിർമ്മിക്കാൻ ധനസഹായം നൽകുന്ന പദ്ധതിയാണിത്. കക്കൂസുകളില്ലാത്ത 1792 വീടുകളാണ് IRDP സർവ്വേപ്രകാരം പഞ്ചായത്തിലുള്ളത്.

ബ്ലോക്കു മുഖേന സ്കൂൾ കെട്ടിടങ്ങൾ, റോഡുകൾ, കുളങ്ങൾ മുതലായവ വിവിധ പദ്ധതിവിഹിതങ്ങളിലായി പഞ്ചായത്തിൽ ഏറ്റെടുത്തു നടത്തിയിട്ടുണ്ട്. അവയെ സംബന്ധിച്ചുള്ള വിവരം

സ്കൂൾ കെട്ടിടം	ആശുപത്രി കെട്ടിടം	പാലം	കൾവർട്ട്	കുളം	ജലസേചന കിണറുകൾ	കുടിവെള്ള കിണറുകൾ	ടാർ ചെയ്തത്				ഓഡിറ്റോറിയം
4	2	1	13	38	38	12					1

എംപ്ലോയ്മെന്റ് അഷ്വറൻസ് സ്കീം (EAS) പ്രകാരം GLPS Kallar, തേർഡ് ക്യാമ്പിന് 60 x 20 അടി കെട്ടിടം നിർമ്മിച്ചിട്ടുണ്ട്. ഗണപതിപ്പാലം– അന്യാർതൊളു റോഡ് ടാർ ചെയ്തിട്ടുണ്ട്. കൂടാതെ തേർഡ് ക്യാമ്പ്– കുമരകംമെട്ട്, ഒറ്റക്കട–കുമരകം മെട്ട് എന്നീ റോഡുകളുടെ വികസനപ്രവർത്തനങ്ങൾ നടത്തി.

ഗ്രാമീണ കൈത്തൊഴിലുകാർക്ക് നവീന തൊഴിലുപകരണങ്ങൾ ലഭ്യമാക്കുന്ന പദ്ധതിയാണ് ടൂൾകിറ്റ്. പഞ്ചായത്തുതലത്തിൽ 165 ഗ്രാമീണ കൈത്തൊഴിൽകാരെ കണ്ടെത്തിയിട്ടുണ്ട് (VEO Report) അവരിൽ 39 പേർക്ക് തൊഴിലുപകരണങ്ങൾ നൽകിയിട്ടുണ്ട്.

വില്ലേജ് ആഫീസുകൾ വഴി വിതരണം നടത്തിവന്നിരുന്ന

വിവിധ പെൻഷനുകൾ ഇപ്പോൾ ഗ്രാമപഞ്ചായത്തുവഴി വിതരണം ചെയ്യാൻ ക്രമീകരണങ്ങളായിട്ടുണ്ട്. അർഹരായ മുഴുവനാളുകൾക്കും ധനസഹായം ലഭിക്കുന്നില്ല. വിതരണത്തിൽ കാലതാമസവും ഉണ്ടാകുന്നുണ്ട്. പെൻഷനുകളെക്കുറിച്ച് വേണ്ടത്ര അറിവില്ലാത്തതുകൊണ്ട് അപേക്ഷ നൽകാത്ത കുറെയേറെ ആളുകൾ പഞ്ചായത്തിൽ ഉണ്ടെന്നാണ് ഗ്രാമസഭാ റിപ്പോർട്ട് വ്യക്തമാക്കുന്നത്.

പെൻഷനുകൾ, ധനസഹായം സംബന്ധിച്ച വിവരങ്ങൾ

വർഷം	വിധവാ പെൻഷൻ	വികലാംഗ പെൻഷൻ	വാർധക്യ പെൻഷൻ	കുഷ്ഠരോഗി പെൻഷൻ	കാൻസർ രോഗി പെൻഷൻ
1991–92	–	25	18	1	1
1992–93	27	26	18	1	1
1993–94	27	27	19	1	1
1994–95	27	27	19	1	1
1995–96	27	27	19	1	–

(അവലംബം: ദ്വിതീയ സ്ഥിതിവിവര ശേഖരണം, പെൻഷൻ രജിസ്റ്റർ)

* അങ്കൺവാടികൾ

സാമൂഹ്യസേവനരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനം കാഴ്ചവയ്ക്കുന്ന അങ്കൺവാടികൾ നമ്മുടെ പഞ്ചായത്തിലെ ഒമ്പതു വാർഡുകളിലും പ്രവർത്തിക്കുന്നുണ്ട്. പത്താം വാർഡിൽ നിലവിൽ അംഗൺവാടി ഇല്ല.

പഞ്ചായത്തിൽ ആകെ 18 അങ്കൺവാടികളാണുള്ളത്. എന്നാൽ 13 അങ്കൺവാടികൾക്കും സ്വന്തമായി കെട്ടിടമോ സൗകര്യമോ ഇല്ലെന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. അതുപോലെതന്നെ 2, 3 വാർഡുകളിൽ ഓരോ അംഗൺവാടികളാണുള്ളത്. പ്രാഥമിക സൗകര്യങ്ങളോ, ആവശ്യത്തിനുള്ള ഉപകരണങ്ങളോ ഇല്ലെന്നുള്ളതാണ് ഇവ നേരിടുന്ന മറ്റു പ്രശ്നങ്ങൾ. അംഗൺവാടികളിലെ ജീവനക്കാരുടെ സ്ഥിതിയും മെച്ചമല്ല. രാവിലെ 10 മണിമുതൽ 3 മണിവരെ ജോലിചെയ്യുകയും ഗൃഹസന്ദർശനമുൾപ്പെടെയുള്ള കർത്തവ്യം നിറവേറ്റേണ്ടവരുമായ ഇവർക്ക് നൽകിവരുന്ന വേതനം തുച്ഛമാണ്.

*നിർദ്ദേശങ്ങൾ

1. അംഗൺവാടികൾക്ക് സ്ഥലവും, കെട്ടിടവും, പ്രാഥമിക സൗകര്യങ്ങളും.
2. ജീവനക്കാർക്ക് മെച്ചപ്പെട്ട വേതനം.
3. അംഗൺവാടികളില്ലാത്തതും, അത്യാവശ്യമായി ബോധ്യപ്പെട്ടിട്ടുള്ളതുമായ സ്ഥലങ്ങളിൽ പുതിയ അംഗൺവാടികൾ സ്ഥാപിക്കുക.

* ക്ഷേമനിധികൾ

പഞ്ചായത്തിൽ കെട്ടിടനിർമ്മാണതൊഴിലാളി ക്ഷേമനിധി, ചുമട്ടുതൊഴിലാളി ക്ഷേമനിധി, ചെത്തുതൊഴിലാളി ക്ഷേമനിധി, കർഷകത്തൊഴിലാളി ക്ഷേമനിധി, തയ്യൽ, ബാർബർ തൊഴിലാളി ക്ഷേമനിധികൾ പ്രവർത്തിക്കുന്നുണ്ടെങ്കിലും ഇവയുടെ പ്രവർത്തനം തൃപ്തികരമല്ല എന്നാണ് റിപ്പോർട്ടുകളിൽനിന്ന് വ്യക്തമാകുന്നത്. ഇതിൽ ചെത്തുതൊഴിലാളി ക്ഷേമനിധി മാത്രമാണ് നല്ലനിലയിൽ പ്രവർത്തിക്കുന്നത്. മുഴുവൻ തൊഴിലാളികളെയും ക്ഷേമനിധിയിൽ അംഗങ്ങളാക്കാൻ ഊർജ്ജിതശ്രമം നടത്തേണ്ടിയിരിക്കുന്നു. ക്ഷേമനിധി ഓഫീസുകളുടെ പ്രവർത്തനം ഊർജ്ജിതമാക്കണം. തൊഴിലാളികളുടെ വിഹിതം കൃത്യമായടക്കുന്നതിൽ വീഴ്ചവരുത്തുന്നതായി ശ്രദ്ധയിൽപെടുത്തിയിട്ടുണ്ട്.

*നിർദേശങ്ങൾ

1. ക്ഷേമനിധി സംബന്ധിച്ച പ്രവർത്തനങ്ങൾ ജനങ്ങളിലേക്കെത്തിക്കാൻ ബോധവൽക്കരണം
2. ക്ഷേമനിധി അർഹരായവർക്ക് ലഭിക്കാൻ പഞ്ചായത്തുതല കമ്മിറ്റി രൂപീകരിക്കുക.
3. ഓഫീസുകളുടെ പ്രവർത്തനം വികേന്ദ്രീകരിക്കണം.

*പൊതുവിതരണം

പഞ്ചായത്തിൽ ആകെ 12 പൊതുവിതരണകേന്ദ്രങ്ങളുണ്ട്; മാവേലി സ്റ്റോറുകളൊന്നും തന്നെ ഇല്ല. തൊട്ടടുത്ത പഞ്ചായത്തിൽ തൂക്കുപാലം, നെടുങ്കണ്ടം എന്നിവിടങ്ങളിലെ മാവേലി സ്റ്റോറുകളെയാണ് ജനങ്ങൾ ആശ്രയിക്കുന്നത്. സഹകരണ ബാങ്കുകൾ ഓണച്ചന്തകൾ നടത്താറുണ്ട്. പഞ്ചായത്തിൽ എത്ര

പഞ്ചായത്തിലെ അങ്കൺവാടികളെക്കുറിച്ചുള്ള വിവരം

ക്രമ നമ്പർ	വാർഡ് നമ്പർ	എണ്ണം	അങ്കൺവാടി നമ്പർ			കെട്ടിടം ഉള്ളത്	കെട്ടിടം ഇല്ലാത്തത്	സ്ഥലം ഉള്ളത്	സ്ഥലം ഇല്ലാത്തത്	സ്ഥലം ഉണ്ടെങ്കിലും കെട്ടിടം ഇല്ലാത്തത്	സാമഗ്രികൾ		
											ഡസ്ക്	സ്റ്റൂൾ	ബഞ്ച്
1	I	2	96	112		1	1	1	1	1	2	2	10
2	II	1	97			-	1	1	-	-	1	1	5
3	III	1	98			-	1	1	-	-	1	1	5
4	IV	3	99	100	101	2	1	3	-	-	3	3	15
5	V	3	102	103	വ്യക്തമല്ല	-	2	1	1	-	2	2	10
6	VI	2	104	105		1	1	1	1	-	2	2	10
7	VII	3	106	107	110	3	-	3	-	-	3	3	15
8	VIII	3	108	109		1	1	2	-	-	2	2	10
9	IX	2	111	വ്യക്തമല്ല		1	-	-	-	-	1	1	5
10	X	-		-		-	-	-	-	-	-	-	-

(അവലംബം: ദ്വിതീയ സ്ഥിതിവിവര ശേഖരണം)

റേഷൻ കാർഡുടമകൾ ഉണ്ട് എന്ന കൃത്യമായ കണക്ക് ശേഖരിക്കാനായിട്ടില്ല. റേഷൻ കാർഡ് ലഭിക്കാത്ത ചുരുക്കം ആളുകളും ഉണ്ട്. സബ്സിഡി നിരക്കിലുള്ള അരി 90% കാർഡുടമകളും വാങ്ങുന്നുണ്ട് എന്ന് കണക്കുകൾ സൂചിപ്പിക്കുന്നു. ചില കാലങ്ങളിൽ ലഭിക്കുന്ന അരി ഗുണനിലവാരം കുറഞ്ഞതാണ്. ഗോതമ്പ് മിക്കവാറും ലഭിക്കാറുണ്ടെങ്കിലും റവ, മാവ് മുതലായവ ചില സമയങ്ങളിൽ മാത്രമേ ലഭിക്കാറുള്ളൂ. മണ്ണെണ്ണ പൂർണ്ണമായി ലഭിക്കാറില്ലെന്നുള്ളതാണ് പൊതുവിതരണകേന്ദ്രത്തെക്കുറിച്ച് ഏറെക്കാലമായി കേട്ടുവരുന്ന പരാതി. പൊതുവിതരണകേന്ദ്രങ്ങളിൽനിന്ന് വാങ്ങുന്ന സാധനങ്ങൾക്ക് ബില്ല് കൊടുക്കുന്നില്ല എന്ന പരാതി വ്യാപകമാണ്. മാവേലി സ്റ്റോറുകളിൽ ഗുണനിലവാരമുള്ള സാധനങ്ങൾ കുറഞ്ഞവിലയിൽ ലഭിക്കുന്നതാണെങ്കിലും ജനങ്ങൾ ഈ വിതരണ കേന്ദ്രത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് ബോധവാന്മാരല്ല.

നിർദ്ദേശങ്ങൾ

1. മണ്ണെണ്ണ പൂർണ്ണമായ തോതിൽ യഥാസമയങ്ങളിൽ വിതരണം നടത്തുക.
2. അവശ്യസാധനങ്ങളെല്ലാം പൊതുവിതരണകേന്ദ്രംവഴി കുറഞ്ഞവിലക്ക് ലഭ്യമാക്കുക.
3. പഞ്ചായത്തിലെ ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പിന്നോക്ക പ്രദേശങ്ങളിൽ (ആദിയാർപുരം, നിർമ്മലാപുരം ഉദാഹരണം) പുതിയ പൊതുവിതരണകേന്ദ്രങ്ങൾ.
4. പഞ്ചായത്തിലെ കൂടുതൽ ആളുകൾക്ക് പ്രയോജനപ്പെടുന്ന സ്ഥലങ്ങളിൽ (മുണ്ടിയെരുമ, തേർഡ് ക്യാമ്പ്, പാമ്പാടുംപാറ ഉദാഹരണം) പുതിയ മാവേലിസ്റ്റോറുകൾ.
5. പൊതുവിതരണകേന്ദ്രങ്ങളിലെ വിതരണ ഇടപാടുകൾ സുതാര്യമാക്കുക.
6. നിർമ്മലാപുരത്ത് ഒരു പൊതുവിതരണകേന്ദ്രം

* സാമൂഹ്യക്ഷേമരംഗത്ത് പുതിയ നിർദേശങ്ങൾ

1. സംയോജിത ഗ്രാമവികസനപദ്ധതിയുടെ (IRDP) വരുമാനപരിധി 25,000 രൂപവരെയാക്കുക.
2. ഗ്രാമപഞ്ചായത്തുതലത്തിൽ ഒരു മോണിട്ടറിംഗ് കമ്മിറ്റി രൂപീകരിക്കണം (പ്രവർത്തനങ്ങളും, പുരോഗതിയും, ഫണ്ട് ഉപയോഗപ്പെടുത്തുന്നതു ശ്രദ്ധിക്കൽ ഉൾപ്പെടെ).
3. തൊഴിലില്ലായ്മാ വേതനത്തിന്റെ വരുമാനപരിധി ഉയർത്തുക, വേതനം ഉയർത്തുക.
4. തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുൻഗണന നൽകുക.

സംസ്കാരം

വിവിധ പ്രദേശങ്ങളിൽ നിന്നും എത്തിച്ചേർന്ന വിവിധ സമുദായങ്ങളിൽപ്പെട്ട അധ്വാനശീലരായ കർഷകരുടെ ചരിത്രമാണ് പാമ്പാടുംപാറ ഗ്രാമപഞ്ചായത്തിന്റെ സംസ്കാരിക ചിത്രം.

നാനാത്വത്തിൽ ഏകത്വം എന്ന തത്വത്തെ മുറുകെ പിടിക്കുന്നതായ ഒരു ജനതയുടെ പ്രതിഫലനം ഇവിടെ ഇപ്പോഴും ജ്വലിച്ചു നിൽക്കുന്നു. ദേശീയ പ്രസ്ഥാനത്തിന്റെയും രണ്ടാം ലോകമഹായുദ്ധത്തിന്റെയും കണ്ണികളിൽ സജീവമായി പങ്കെടുത്ത്, സ്വാതന്ത്ര്യത്തിനുശേഷം ഭാരതത്തിന്റെയും കൊച്ചു കേരളത്തിന്റെയും സമ്പദ്സമൃദ്ധിക്കായി കാട്ടുമൃഗങ്ങളോടും പ്രകൃതിശക്തികളോടും മലമ്പനിയോടും മല്ലിട്ട അധ്വാനത്തിന്റെ വീരേതിഹാസം ഈ മണ്ണിനെ സമ്പുഷ്ടമാക്കുന്നു. കന്നി മണ്ണിനോടു മല്ലിട്ട് സമ്പദ്സമൃദ്ധിയുടെ പുതിയ ദൂരങ്ങൾ താണ്ടിയ ഒരു ജനത, പട്ടിണിക്കും ദാരിദ്ര്യത്തിനുമെതിരെ സന്ധിയില്ലാത്ത സമരം പ്രഖ്യാപിച്ച ജനത, ഈ പ്രദേശത്തേക്കുള്ള കുടിയേറ്റത്തിനു പിന്നിൽ മറ്റൊരു ചരിത്രംകൂടി ഉറങ്ങിക്കിടക്കുന്നു. 1956ലെ ഭാഷാടിസ്ഥാനത്തിൽ സംസ്ഥാന പുനഃസംഘടനത്തിന് മുന്നോടിയായി ജനവാസമില്ലാതിരുന്നതും തമിഴ്നാട് അതിർത്തിയോടും ചേർന്നു കിടക്കുന്ന പ്രദേശമായതുകൊണ്ട് സംസ്ഥാന രൂപീകരണത്തിൽ ഈ പ്രദേശം തിരുവിതാംകൂറിൽ നിന്നും മദ്രാസ് പ്രവിശ്യയോടു കൂട്ടിച്ചേർക്കാതിരുന്നതിനുംവേണ്ടി 1955ൽ മുഖ്യമന്ത്രി ആയിരുന്ന പട്ടം താണുപിള്ള മുൻകയ്യെടുത്തു കർഷകർക്ക് പതിച്ചു നൽകിയതോടെ ഈ പഞ്ചായത്തിന്റെ ചരിത്രം ആരംഭിക്കുന്നു. കൂടാതെ രണ്ടാംലോകമഹായുദ്ധത്തിനുശേഷമുണ്ടായ രൂക്ഷമായ ഭക്ഷ്യക്ഷാമം പരിഹരിക്കുവാൻ മുഖ്യമന്ത്രി ആവിഷ്കരിച്ച ഗ്രോമോർ ഫുഡ് പദ്ധതി പ്രകാരം കൂടുതൽ ഭക്ഷ്യധാന്യം ഉത്പാദിപ്പിക്കുവാൻ കൂടിയുമാണ് കർഷകർക്ക് ഈ മലയോര മേഖലയിലേക്ക് കുടിയേറ്റത്തിന് കടന്നു വന്നത്. അങ്ങനെ വിവിധ ജാതി മതങ്ങളിൽപ്പെട്ട വിവിധ സംസ്കാര രീതികളിൽപ്പെട്ട അനേകർ ഒന്നിച്ചു വസിക്കുന്ന കേരളത്തിന്റെ യഥാർഥമായ എല്ലാ സംസ്കാരങ്ങളുടെയും സംഗമഭൂമിയുമാണ് ഈ ഗ്രാമപഞ്ചായത്ത്.

ജാതിമതഘടന

എല്ലാ ജാതിമത വിഭാഗത്തിൽപ്പെട്ട ആളുകളും അധിവസിക്കുന്ന ഒരു പ്രദേശമാണ് നമ്മുടെ പഞ്ചായത്ത്. ഹിന്ദു, ക്രിസ്ത്യൻ, മുസ്ലിം വിഭാഗങ്ങൾ ഇവിടെ ഇടകലർന്നു വസിക്കുന്നു. കൂടാതെ തമിഴ്നാട്ടിൽ നിന്നും വിവിധ ജോലികൾക്കായി കടന്നുവന്ന തമിഴരും ഈ മേഖലയിൽ വസിക്കുന്നുണ്ട്.

എല്ലാ വർഷവും ഈ പഞ്ചായത്തിൽ വിവിധ മതക്കാരുടെ ഉത്സവങ്ങളും പെരുന്നാളുകളും തിരുനാളുകളും ആഘോഷിക്കാറുണ്ട്. എല്ലാ മതവിഭാഗങ്ങളിലുംപെട്ട ആൾക്കാർ ആഘോഷങ്ങളിൽ പങ്കെടുത്തുകൊണ്ട് ഈ പഞ്ചായത്തിന്റെ മാനവ മൈത്രി ഉയർത്തികാട്ടുന്നു.

എല്ലാ ജാതിമത വിഭാഗങ്ങളും ഒരുമിച്ചു ആഘോഷിക്കുന്ന നമ്മുടെ ദേശീയോത്സവമായ ഓണം ഇവിടെയും വലിയ പരിപാടികളോടുകൂടി ആഘോഷിക്കാറുണ്ട്. കൂടാതെ മറ്റ് ഉത്സവങ്ങളായ വിഷു, ദീപാവലി, ശിവരാത്രി, വിജയദശമി, മണ്ഡലമഹോത്സവം എന്നിവ ഇവിടത്തെ പ്രധാന ഉത്സവങ്ങളാണ്. കൂടാതെ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന ക്ഷേത്രങ്ങളിൽ എല്ലാ വർഷവും ആഘോഷമായ രീതിയിൽ കൊണ്ടാടപ്പെടുന്ന ഉത്സവങ്ങൾ ഇവിടത്തെ സംസ്കാരത്തനിമയെ എടുത്തുകാട്ടുന്നു. കൂടാതെ ക്രിസ്തുമസ്, ഈസ്റ്റർ എന്നിവ ഈ പഞ്ചായത്തിൽ ആഘോഷിക്കുന്നുണ്ട്. ഈ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലായി സ്ഥിതി ചെയ്യുന്ന 13 ഓളം ക്രിസ്തീയൻ ദേവാലയങ്ങളിൽ എല്ലാ വർഷവും വിശുദ്ധർമാരുടെ – തിരുനാളുകൾ ആഘോഷിക്കുന്ന നാനാജാതി മതസ്ഥരായ എല്ലാ ആളുകളും പങ്കെടുക്കുന്നു.

റംസാൻ, ബക്രീദ് എന്നീ മുസ്ലിം പെരുന്നാളുകളും ഇവിടെ ആഘോഷിക്കുന്നു സാമുദായിക സൗഹാർദത്തിന്റെ വലിയ മാതൃകകളാണ് ഈ പെരുന്നാൾ. 6 മുസ്ലിം ദേവാലയവും ഈ പഞ്ചായത്തിൽ സ്ഥിതി ചെയ്യുന്നു. ഇവിടത്തെ സംസ്കാരപോഷണത്തിന് ഈ ദേവാലയങ്ങൾ എല്ലാംതന്നെ ഗണ്യമായ സംഭാവന ചെയ്യുന്നു.

ഈ പഞ്ചായത്തിന്റെ 1–ാം വാർഡിൽപ്പെട്ട ആദിവാസികളായ മന്നാൻ വർഗക്കാരുടെ ഒരു കോളനിയുണ്ട്. അവരുടെ തനത് കലാരൂപമായ കൂത്ത് മാർച്ച്, ഏപ്രിൽ മാസങ്ങളിൽ ആഘോഷിക്കപ്പെടുന്നു. പഞ്ചായത്തിലെ എല്ലാ വിഭാഗം ജനങ്ങളും ഈ കലാരൂപം കാണുകയും ആസ്വദിക്കുകയും ചെയ്യുന്നു.

പരമ്പരാഗത കലാരൂപങ്ങളായ കോൽക്കളിയും പരിചമുട്ടുകളിയും ഈ പ്രദേശത്ത് കാണാവുന്നതാണ്. കൂടാതെ കേരളീയ കലാരൂപങ്ങളായ നാടകം, ഭരതനാട്യം, വിൽപ്പാട്ട്, മോഹിനിയാട്ടം, തിരുവാതിര, കടുവാക്കളി, കഥാപ്രസംഗം, കരകയാട്ടം, വാദ്യമേളം, ഓട്ടംതുള്ളൽ, കഥകളി, പൊങ്കൽ, ബാലെ തുടങ്ങിയവയും ഇവിടെ കാണപ്പെടുന്നു.

ആചാരങ്ങളും അനുഷ്ഠാനങ്ങളും

ഈ പഞ്ചായത്തിൽ അധിവസിക്കുന്ന വലിയൊരു വിഭാഗം തമിഴ്നാട്ടുകാർക്ക് പ്രത്യേക ആചാര അനുഷ്ഠാനങ്ങളുണ്ട്. അവരുടെ പ്രധാന ആഘോഷമായ അടി എന്നൊരു അനുഷ്ടാനത്തിൽ ആട്, കോഴി എന്നിവയെ ബലിയർപ്പിച്ചു പ്രത്യേക പൂജ നടത്താറുണ്ട്. കൂടാതെ സമൃദ്ധമായ വിളവു നൽകിയതിന് ഈശ്വരന് നന്ദി അർപ്പിച്ചുകൊണ്ട് തങ്ങളുടെ കൃഷി ഇടങ്ങളിലേക്ക് കോഴിയെ പറപ്പിച്ചു വിടുന്ന ആഘോഷമായ ഒരാചാരം ഇന്നും തമിഴ്നാട്ടുകാരുടെ ഇടയിൽ ഇവിടെ നിലനിൽക്കുന്നു.

തമിഴ്നാട്ടുകാരുടെ ശവസംസ്കാരത്തിൽ നിലനിൽക്കുന്ന പ്രത്യേകതകളിൽ ഒന്നാണ് കസേരയിൽ ഇരുത്തി നാടുകാണിച്ച് പ്രത്യേക രീതിയിൽ കുഴിയുണ്ടാക്കി അതിന്റെ തിട്ടയിൽ ചെറിയ ഒരു ഗുഹ ഉണ്ടാക്കി ശവത്തിന്റെ തല അതിനുള്ളിലാക്കി അടക്കുന്ന സംസ്കാരം ഇപ്പോഴും നിലനിൽക്കുന്നു. മറ്റൊന്ന് ഒരാളുടെ മരണത്തിൽ ദുഃഖം രേഖപ്പെടുത്തി കരയുവാനായി കൂലിക്ക് വക്കുന്ന സംഘങ്ങൾ ഇപ്പോഴും ഇവിടെ നിലനിൽക്കുന്നു. ഇവരെ മോങ്ങൽ സംഘങ്ങൾ എന്നു പറയുന്നു.

കലാസാംസ്കാരിക സ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക സാമ്പത്തിക വിദ്യാഭ്യാസ ആരോഗ്യ രംഗങ്ങളിലും കലാ കായിക രംഗത്തും ഒട്ടേറെ സംഭാവനകൾ നൽകിക്കൊണ്ടിരുന്ന ചില കലാസംസ്കാരിക സ്ഥാപനങ്ങളും മഹിളാ സമാജങ്ങളും സാംസ്കാരിക സംഘടനകളും സന്നദ്ധ സംഘടനകളും ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണാവുന്നതാണ്. ഈ പഞ്ചായത്തിലെ പ്രധാനപ്പെട്ട ക്ലബുകൾ, എസ്.എൻ. ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് പൂവേഴ്സ് മൗണ്ട്, ഐശ്വര്യ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് പാമ്പാടുംപാറ, നേതാജി റിക്രിയേഷൻ ക്ലബ് വലിയ തോവാള, നെഹ്യ യുവകേന്ദ്ര മന്നാക്കുടി, അഞ്ചുമുക്കിൽ പ്രവർത്തിക്കുന്ന ഗ്രാമോദ്ധാരണ സമിതി, ദേശബന്ധു ആർട്സ് ക്ലബ് പഞ്ഞിനിപ്പാറ പുലരി സാംസ്കാരിക കേന്ദ്രം ബഷീർപടി യുവജന ആർട്സ് കല്ലാർ, ഗാന്ധിജി ദേവഗിരി, യുവശക്തി താന്നിമൂട്, പട്ടം മെമ്മോറിയൽ മുണ്ടിയെരുമ, നേതാജി ആർട്സ് ക്ലബ് മുണ്ടിയെരുമ, ശോഭനോ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, ബാലഗ്രാം ജനത ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് തേർഡ് ക്യാമ്പ്, പട്ടം മെമ്മോറിയൽ ആർട്സ്

ആന്റ് സ്പോർട്സ് ക്ലബ് കുമറംകമെട്ട്, യുവധാര അല്ലിയാർ, ബാപ്പുജി ക്ലബ് നിർമ്മലാപുരം (ബി.എസ്.എസ്) താറ അന്യാർതൊളു, തമിഴ്നൽപണി മൻറം അന്യാർതൊളു എന്നിവ ഈ പഞ്ചായത്തിന്റെ കലാ സാംസ്കാരിക രംഗത്തു പ്രശോഭിച്ചു നിൽക്കുന്ന സ്ഥാപനങ്ങളാണ്. 1958 പ്രവർത്തനം ആരംഭിച്ച കർഷകമിത്രം ആർട്സ് ആന്റ് സ്പോർട്സ് ക്ലബ് ആണ് ഇന്നത്തെ പഞ്ചായത്ത് വായനശാല ആയി രൂപാന്തരപ്പെട്ടത്.

മഹിളാ സമാജം

പാമ്പാടുംപാറ 1-ാം വാർഡിൽ പ്രവർത്തിക്കുന്ന നവോദയ മഹിളാ സമാജം, മന്നാക്കുടിയിൽ പ്രവർത്തിക്കുന്ന പ്രിയദർശിനി മഹിളാ സമാജം, ദേശസേവിനി മഹിളാ സമാജം വട്ടപ്പാറ, താന്നിമൂടിൽ പ്രവർത്തിക്കുന്ന മഹിളാ സമാജം, അല്ലിയാറ്റിൽ പ്രവർത്തിക്കുന്ന രശ്മി മഹിളാ സമാജം നിർമ്മലപുരം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന ഐശ്വര്യാ മഹിളാ സമാജം ബാലഗ്രാം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന അക്കോവ വിമൻസ് ഫെഡറേഷൻ, ത്സാൻസി റാണി മഹിളാ സമാജം, ബാലഗ്രാം നവരശ്മി മഹിളാ സമാജം തേർഡ് ക്യാമ്പ് എന്നിവ ഈ പഞ്ചായത്തിലെ വനിതകളുടെ ഉന്നമനത്തിനും സാമൂഹിക അസമത്വത്തിനെതിരായും വലിയ കർമ്മ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്.

വായനശാല

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന വായനശാലകളുടെ കുറവും മറ്റു സാമ്പത്തിക പരാധീനതകളും മൂലം ജനങ്ങളുടെ വായനാശീലം ഒട്ടുംതന്നെ വർധിക്കാത്ത സാഹചര്യമാണുള്ളത്. മന്നാക്കുടിയിൽ പ്രവർത്തിക്കുന്ന ടാഗോർ മെമ്മോറിയൽ വായനശാല, മുണ്ടിയെരുമയിൽ പ്രവർത്തിക്കുന്ന പഞ്ചായത്ത് വായനശാല, പട്ടം മെമ്മോറിയൽ ലൈബ്രറി കുമരകംമെട്ട്, ശോഭനാ ആർട്സ് ആന്റ് സ്പോർട്സ് ആന്റ് റീഡിംഗ് റൂം, ബാലഗ്രാം എന്നീ വിരലിൽ എണ്ണാവുന്നത്ര വായനശാലകൾ മാത്രമേയുള്ളൂ. ഇതിനായി വിപുലമായ ശ്രമങ്ങൾ ഉണ്ടാകേണ്ടിയിരിക്കുന്നു.

സന്നദ്ധ സംഘടകൾ

ഈ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ഏക സന്നദ്ധ സംഘടന ആയ അക്കോവ (All Kerala Orphens Welfare Association)യുടെ പ്രവർത്തനങ്ങൾ വളരെ സ്തുത്യർഹമാണ്. ഈ പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ജീവകാരുണ്യ പ്രവർത്തനങ്ങൾ ആരോഗ്യ വിദ്യാഭ്യാസ പ്രവർത്തനങ്ങൾ ആരോഗ്യവിദ്യാഭ്യാസ പ്രവർത്തനങ്ങൾ, കൗൺസിലിംഗ് സ്വയം തൊഴിൽ പദ്ധതി, ക്രെഡിറ്റ് യൂണിയൻ, ബോധവത്കരണ പ്രവർത്തനങ്ങൾ എന്നിവയിൽ സംഘടന പ്രശംസനീയമായ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു.

കായിക സ്ഥാപനങ്ങൾ

മേൽവിവരിച്ച ആർട്സ് ആൻഡ് സ്പോർട്സ് ക്ലബിനോടനുബന്ധിച്ച് വളരെ ചെറിയതോതിൽ കായികോന്നമനത്തിനായി പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ മാത്രമേയുള്ളൂ. അവയുടെ പ്രവർത്തനം തൃപ്തികരല്ല.

പത്രമാസികകൾ

ഈ പഞ്ചായത്തിൽ പത്രമാസികകൾ പ്രചാരം നേടിയിട്ടുണ്ടെങ്കിലും പ്രചുരപ്രചാരമില്ല. ദിനപത്രങ്ങൾ വരുത്തുന്നവരുടെ എണ്ണം ഗണ്യമായി കുറവാണ് കാണിക്കുന്നത്. എന്നാൽ ആഴ്ചപ്പതിപ്പുകൾ സാമാന്യം നല്ല തോതിൽ വായിക്കപ്പെടുന്നതായാണ് കണക്കുകൾ കാണിക്കുന്നത്. ഇതു കണിക്കുന്നത് വായനയുടെ ശൈലി പുരോഗമനപരമല്ല എന്നാണ്.

നമ്മുടെ പഞ്ചായത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങളിൽ ടെലിവിഷന്റെ ഉപയോഗം ഏകദേശം 2 ശതമാനത്തിൽ താഴെ മാത്രമാണ് ടെലിഫോൺ സ്വന്തമായുള്ളവർ. ഒരു ശതമാനത്തിനും താഴെയാണ് മിക്ക വീടുകളിലും റേഡിയോ ഉപയോഗിക്കുന്നു.

പരിഹാരങ്ങൾ

ആനുപാതികമായി നമ്മുടെ ഗ്രാമപഞ്ചായത്തിലെ സംസ്കാരിക പ്രവർത്തനം തൃപ്തികരമല്ല എന്നുള്ളത് ഒരു വസ്തുതയാണ്. പഞ്ചായത്ത് ആസ്ഥാനമായ പാമ്പാടുംപാറയിൽ വളരെ വിപുലമായ ഒരു വായനശാലയും തമിഴ് വായനശാലയും ടെലിവിഷനും സ്ഥാപിക്കേണ്ടതാണ്. ഇതിന് പഞ്ചായത്തിന്റെ സ്ഥലം വിട്ടുകൊടുക്കേണ്ടതാണ്. കൂടാതെ കെട്ടിടം പണി ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് വൻതോതിൽ ജനസേവനം ലഭിക്കുന്നതാണ്. ഒന്നാംവാർഡിൽപ്പെട്ട മന്നാക്കുടിയിൽ പ്രവർത്തിക്കുന്ന ക്ലബുകളുടെയും മഹിളാ സമാജത്തിന്റെയും പ്രവർത്തനം മെച്ചപ്പെടുത്തുവാൻ കൂടുതൽ സാമ്പത്തിക സഹായം അനുവദിക്കുക, കൂടുതൽ ജനപങ്കാളിത്തം ഉറപ്പുവരുത്തുകയും ചെയ്യുക, മന്നാക്കുടി ആദിവാസി കോളനിയിൽ ഒരു സാംസ്കാരിക നിലയവും ടി.വി. സെറ്റും സ്ഥാപിക്കുകയും ജനവിദ്യാ കേന്ദ്രസ്ഥാപിക്കുകയും ചെയ്യുക, ആദിവാസികളുടെ സംസ്കാര സാമൂഹ്യ ക്ഷേമത്തിനായി ഒരു ക്ഷേമഓഫീസറെ നിയമിക്കേണ്ടതാണ്.

ഈ പഞ്ചായത്തിന്റെ 2-ാം വാർഡിന്റെ ആസ്ഥാനമായ വലിയ തോവാളയിൽ ഒരു പൊതുലൈബ്രേറിക്ക് സാമ്പത്തിക സഹായം നൽകുകയും ലൈബ്രേറിയനെ നിയമിക്കുകയും ചെയ്യണം. വർത്തമാനപത്രങ്ങൾ രണ്ടുമൂന്നു എണ്ണമെങ്കിലും വരുത്തുവാനുള്ള സംവിധാനങ്ങൾ ഉണ്ടാകണം.

ഒന്നാംവാർഡിൽപ്പെട്ട ഒരു തുരുത്തായ പൂവേഴ്സ് മൗണ്ടിൽ നിലവിലുള്ള ലൈബ്രേറി സംവിധാനം പുനരുദ്ധീകരണം നെഹ്റു യുവകേന്ദ്രയുമായി അഫിലിയേഷൻ നൽകുകയും കൂടുതൽ പുസ്തകങ്ങൾ വാങ്ങുവാൻ സാമ്പത്തിക സഹായം നൽകുകയും ചെയ്യേണ്ടതാണ്. നിലവിൽ ജോലി ചെയ്യുന്ന സന്നദ്ധ പ്രവർത്തകനായ ലൈബ്രേറിയന് ഓണറേറിയം അനുവദിക്കുന്നത് ഉചിതമായിരിക്കും.

നമ്മുടെ പഞ്ചായത്തിന്റെ മൂന്നാംവാർഡിൽപ്പെട്ട അഞ്ചുമുക്കിൽ ഒരു ഗ്രാമോദ്ധാരണ സമിതി പ്രവർത്തനം നടത്തുന്നുണ്ട്. പ്രസ്തുത സമിതിക്ക് ഇതുവരെയും യാതൊരുവിധ ഗ്രാന്റുകളോ സാമ്പത്തിക സഹായങ്ങളോ ലഭിച്ചിട്ടില്ല. ഗ്രാന്റുകൾ അനുവദിക്കുകയാണെങ്കിൽ കൂടുതൽ ഫലപ്രദമായി പ്രവർത്തനം നടത്തുവാൻ സധിക്കുന്നതാണ്. കൂടാതെ ഈ വാർഡിന്റെ ഏറ്റവും സുപ്രധാന കേന്ദ്രങ്ങളിലൊന്നായ നെടുംകണ്ടം എം.ഇ.എസ് കോളജിന്റെ ആസ്ഥാനകേന്ദ്രമായ തഴക്കണ്ടം കോളജുപടിക്കൽ പഞ്ചായത്തിന്റെ നേരിട്ടുള്ള ഒരു ലൈബ്രേറിയും സാംസ്കാരിക കേന്ദ്രവും ടി.വി. നിലയവും സ്ഥാപിക്കേണ്ടതാണ്.

ഈ കേന്ദ്രത്തെ ജനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ഒരു മാതൃക സാംസ്കാരിക കോംപ്ലക്സ് ആക്കി മാറ്റിയെടുക്കുകയും അതിന്റെ പ്രവർത്തനം ഇന്ന് രോഗാതുരമായിരിക്കുന്ന ഗ്രന്ഥശാലക്കും സാംസ്കാരിക കേന്ദ്രങ്ങൾക്കും ഒരു മാതൃക ആയിരിക്കുകയും ചെയ്യണം.

. ഈ പഞ്ചായത്തിൽ 4-ാം വാർഡിൽപ്പെട്ട പഞ്ഞിനിപ്പാറ എസ്.സി കോളനിയിൽ ടി.വി സെന്റർ രൂപീകരിക്കാനാവശ്യ

മായ ടെലിവിഷൻ ഉണ്ട്. എന്നാൽ അത് സ്ഥാപിക്കുന്നതിനാവശ്യമായ കെട്ടിടം ഉണ്ടാകേണ്ടിയിരിക്കുന്നു. കൂടാതെ ഇവിടെ ഒരു റിക്രിയേഷൻ ക്ലബും സ്ഥാപിക്കേണ്ടതാണ്. കല്ലാറ്റിൽ പ്രവർത്തിക്കുന്ന ക്ലബിന്റെ ലൈബ്രറിക്ക് ഗ്രാന്റ് അനുവദിച്ചുകൊടുക്കുകയും വർത്തമാനപത്രങ്ങൾ രണ്ടെണ്ണം എങ്കിലും വരുത്തുവാനുള്ള സംവിധാനം ഉണ്ടാക്കുകയും ചെയ്യേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിന്റെ 10-ാം വാർഡിൽപ്പെട്ട ദേവഗിരിയിൽ ഉള്ള ക്ലബിന് വായനശാലക്ക് ആവശ്യമായ കെട്ടിടം ഉണ്ടാകേണ്ടിയിരിക്കുന്നു. അതിന് സ്വന്തമായി സ്ഥലം സന്നദ്ധ പ്രവർത്തനത്തിലൂടെ നേടിയെടുക്കുവാൻ നാട്ടുകാർ സഹകരിക്കുന്നതാണ്.

പഞ്ചായത്തിലെ 5-ാം വാർഡിൽപ്പെട്ട മുണ്ടെയെരുമ പട്ടം മെമ്മോറിയൽ ഈ നാട്ടിലെ ഏറ്റവും പഴക്കം ചെന്ന ക്ലബാണ്. 1957ൽ പ്രവർത്തനം ആരംഭിച്ച ഇവിടെ വായനശാലയും പ്രവർത്തിച്ചിരുന്നു. എന്നാൽ വായനശാലയുടെ പ്രവർത്തനം പഞ്ചായത്ത് ഏറ്റെടുക്കുകയും ക്ലബിന്റെ പ്രവർത്തനം കലാ-കായിക രംഗങ്ങളിൽ മാത്രമായി ഒതുങ്ങിപ്പോകുകയും ചെയ്യുകയും ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിമൂലം ഇതിന്റെ പ്രവർത്തനം മന്ദീഭവിച്ചു കിടക്കുകയാണ്. ഈ ക്ലബിനെ പുനരുദ്ധീകരിച്ചുകൊണ്ടു ഈ നാടിന്റെ ചരിത്രമുറങ്ങുന്ന പ്രസ്ഥാനമാക്കി വളർത്തിയെടുക്കേണ്ടതാണ്.

1957ൽ പ്രവർത്തനം ആരംഭിച്ച് പിന്നീടു പഞ്ചായത്ത് ഏറ്റെടുത്ത ലൈബ്രറിയുടെ ഇന്നത്തെ സ്ഥിതി അത്ര ആശാവഹമല്ല. ഏതാണ്ട് 1600 പുസ്തകങ്ങൾ മാത്രമാണ് ഇവിടെയുള്ളത്. കൂടുതൽ പുസ്തകങ്ങൾ വാങ്ങി ലൈബ്രറിയുടെ പ്രവർത്തനം മെച്ചപ്പെടുത്തേണ്ടതുണ്ട്.

പഞ്ചായത്തിന്റെ 6-ാം വാർഡിൽപ്പെട്ട ആദിയാർപുറം എസ്.സി കോളനിയിൽ ഉള്ള സംസ്കാരിക നിലയത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുകയും ഒരു ലൈബ്രറി അനുവദിക്കുകയും ചെയ്യേണ്ടതാണ്. സന്ന്യാസിയോടയിൽ ഒരു കളിസ്ഥലം സ്ഥാപിക്കുകയും ഒരു വോളിബോൾ ക്ലബ് രൂപീകരിക്കുകയും ചെയ്യേണ്ടതാണ്. കൂടാതെ പനക്കൽ സിറ്റിയിൽ ഒരു മഹിളാ വായനശാല തുടങ്ങേണ്ടതാണ്.

ഏഴാംവാർഡിൽപ്പെട്ട ബാലഗ്രാമിൽ നിലവിലുള്ള ശോഭന ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് പുനരുദ്ധരിക്കേണ്ടതാണ്. ഒരു വോളിബോൾ ക്ലബിനു വേണ്ട സഹായം നൽകേണ്ടതുമാണ്. ടി.വി. അനുവദിക്കുകയും ചെയ്യേണ്ടതാണ്.

എട്ടാംവാർഡിൽപ്പെട്ട അല്ലിയാറ്റിൽ ഒരു പഞ്ചായത്ത് വായനശാല രൂപീകരിക്കേണ്ടതാണ്. തേർഡ് ക്യാമ്പിൽ സാക്ഷരതാപ്രവർത്തനം തുടരുന്നതിന് ഒരു ജനവിദ്യാ കേന്ദ്രം തുടങ്ങണം. അതിന് സ്ഥിരകെട്ടിടവും അനുബന്ധിച്ച് സംസ്കാരിക നിലയവും ടി.വി. സെന്ററും ആരംഭിക്കേണ്ടതാണ്. ഇവിടെ ഇപ്പോൾ തുടരുന്ന പാരമ്പര്യകലകളായ വിൽപ്പാട്ട് കോൽക്കളി എന്നിവർക്കായി ഒരു കേന്ദ്രം സ്ഥാപിക്കുകയും സാമ്പത്തിക സഹായം നൽകുകയും ചെയ്യുക.

നമ്മുടെ പഞ്ചായത്തിൽപ്പെട്ട അന്യാർതൊളുവിൽ ഇപ്പോൾ പ്രവർത്തിക്കുന്ന ക്ലബുകൾ സാമ്പത്തിക സഹായം അനുവദിക്കുകയും ലൈബ്രറികൾ ആരംഭിക്കുകയും ചെയ്യേണ്ടതാണ്.

എട്ടാംവാർഡിൽ പ്രവർത്തിക്കുന്ന സന്നദ്ധ സംഘടനയായ അക്കോവക്ക് സാമ്പത്തിക സഹായം അനുവദിക്കുകയും സന്നദ്ധപ്രവർത്തകർക്ക് നൽകേണ്ട പ്രോത്സാഹനങ്ങൾ നല്കുവാൻ ശിപാർശ ഗവൺമെന്റിലേക്കു കൊടുക്കേണ്ടതാണ്.

ഈ പഞ്ചായത്തിന്റെ 8-ാം വാർഡിൽപ്പെട്ട നിർമലപുരത്ത് പ്രവർത്തനം നടന്നു വരുന്ന 'തൃപ്പൂര തീയേറ്റേഴ്സ്' നാടകസംഘത്തിന് സഹായം നൽകി അതിനെ ജീർണ്ണാവസ്ഥയിൽനിന്നും പുനരുദ്ധരിക്കേണ്ടതുണ്ട്.

കൂടാതെ ഈ പ്രദേശങ്ങളിൽ ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന വിൽപാട്ട് കരകാട്ടപെണ്ട എന്നീ കലാപ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുകയും അവശകലാകാരന്മാർക്ക് പഞ്ചായത്തുതലത്തിൽ സഹായം നൽകുകയും വേണം. അതുപോലെ ഇവിടെ പ്രചാരത്തിരിക്കുന്ന മറ്റു പാരമ്പര്യ കലാരൂപങ്ങളായ കോൽകളി, പരിചമുട്ട് എന്നിവ പുനരുദ്ധരിക്കുവാൻ നടപടി ഉണ്ടാകേണ്ടിയിരിക്കുന്നു.

ഭൗതിക പുരോഗതിയോടൊപ്പംതന്നെ മനുഷ്യന്റെ വികാസത്തിന് അത്യന്താപേക്ഷിതമാണ് സാംസ്കാരിക കലാപുരോഗതിയും. ഈ സത്യം മനസിലാക്കുവാനും ഇന്നു നടന്നുകൊണ്ടിരിക്കുന്ന സാമൂഹിക ധാർമിക അപചയങ്ങൾക്ക് വലിയൊരളവുവരെ പരിഹാരം കാണുവാനും സാംസ്കാരികരംഗത്തെ പുരോഗതിക്ക് ഊന്നൽ നൽകേണ്ടതാണ്.

വനിത

പാമ്പാടും പഞ്ചായത്തിൽ മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് സ്ത്രീകളുടെ ശതമാനം കുറവാണ്. (49.6) പട്ടികജാതി പട്ടികവർഗത്തിൽ സ്ത്രീകളുടെ എണ്ണം കൂടുതൽ ആണ്. മൊത്തം ജനസംഖ്യ 19308. അതിൽ 9454 സ്ത്രീകൾ. 1994 ജനുവരിയിലെ കണക്കനുസരിച്ച് മൊത്തം വീടുകളുടെ എണ്ണത്തിൽ 30% സ്ത്രീകളുടെ നിയന്ത്രണത്തിലാണ്. വിദ്യാഭ്യാസയോഗ്യതയിൽ പുരുഷന്മാരെ അപേക്ഷിച്ച് സ്ത്രീകളുടെ എണ്ണം കൂടുതലാണ്. തൊഴിൽ പങ്കാളിത്തപട്ടിക താഴെ കൊടുക്കുന്നു.

ആകെ തൊഴിലാളികൾ 20%

തൊഴിൽ പങ്കാളിത്തം

തൊഴിൽമേഖല	പുരുഷൻ	സ്ത്രീ
കർഷകർ	527	74
കർഷകതൊഴിലാളി	721	208
മൃസംരക്ഷണം		
കുടിൽ വ്യവസായം	2878	754
മറ്റു വ്യവസായങ്ങൾ	388	26
കെട്ടിടനിർമാണം	103	13
ഗതാഗതം, വാർത്താവിനിമയം	109	10
മറ്റുള്ളവ	388	247
Otherthan household Indu.	92	9
Household Indu.	33	4
Cultivativators		57
---------		2
ആകെ	5270	1347

കർഷകതൊഴിലാളികൾ, അധ്യാപകർ, കുടിവൽവ്യവസായം, തയ്യൽ എന്നീ മേഖലകളിലാണ് സ്ത്രീകൾക്ക് മുൻഗണന ഉള്ളത്. പൊതുപ്രവർത്തനത്തിന്റെ വിവിധ മേഖലകളിൽ വനിതകളുടെ പങ്കാളിത്തം വളരെ കുറവാണ്. പഞ്ചായത്തുതലത്തിലോ വില്ലേജ് തലത്തിലോ പ്രവർത്തിക്കുന്ന ബഹുജനസംഘനകളുടെ ഭാരവാഹികൾ വളരെ കുറവാണ്.

കോളജുകളിലും സ്കൂളുകളിലും കൂടുതൽ പെൺകുട്ടികളാണ്. തൊഴിലാളിമേഖലയിൽ പുരുഷന്മാരേക്കാൾ സ്ത്രീകളാണ് കൂടുതൽ. മഹിളാസമാജങ്ങളിലും ബഹുജനസംഘടനകളിലും പൊതുപ്രവർത്തനങ്ങളിലും സ്ത്രീകളുടെ എണ്ണം വളരെ കുറവാണ്.

മദ്യപാനംമൂലം ദുരിതം അനുഭവിക്കുന്ന സ്ത്രീകൾ വളരെയധികം ഉണ്ട്. സ്ത്രീപീഡനം, സ്ത്രീധനം, അശ്ലീലപോസ്റ്റുകൾ എന്നിവ മൂലം സ്ത്രീകളെ സമൂഹത്തിൽ വളരെ തരംതാഴ്ത്തപ്പെടുന്നു. മാർക്കറ്റിൽ പോകുന്നത് കൂടുതലും സ്ത്രീകളാണ്. ആശുപത്രികളിൽ കൂടുതലും സ്ത്രീരോഗികളാണ് എത്തുന്നത്. വനിതകളുടെ മാത്രമായിട്ടുള്ള തൊഴിൽ സ്ഥാപനങ്ങൾ ഇല്ല.

മറ്റു പഞ്ചായത്തുകളിലെപോലെ മഹിളാസംഘടനകളും മറ്റും മറ്റും ഈ പഞ്ചായത്തിലുമുണ്ടെങ്കിലും സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾക്കും സ്ത്രീക്ഷേമപ്രവർത്തനങ്ങൾക്കും മുൻതൂക്കം കൊടുക്കുന്ന സംഘടനകൾ ഇവിടെ വിരളമാണ്. സെക്കൻഡറി വിദ്യാഭ്യാസത്തിനുശേഷം ഈ പഞ്ചായത്തിലെ മിക്ക പെൺകുട്ടികളും പഠനം നിർത്തുന്ന സ്ഥിതിവിശേഷമാണിവിടുള്ളത്.

ഈ മേഖലയിലെ സ്ത്രീകൾ വലിയ തോട്ടങ്ങളിലും ചെറുകിട കർഷകത്തോട്ടങ്ങളിലും മുഖ്യമായും പണിയെടുക്കുന്നു. കൂടാതെ കന്നുകാലി വളർത്തൽ, തയ്യൽ എന്നിവയും ഇവിടത്തെ വനിതകളുടെ മുഖ്യതൊഴിലാണ്. D.W.C.R.A പോലുള്ള വരുമാനവർധന യൂണിറ്റുകൾ ഇവിടെ വളരെ കുറവാണ്.

തൊഴിൽമേഖലയിലും സാമൂഹ്യസാംസ്കാരിക രംഗത്തും ബുദ്ധിയിലും കഴിവിലും പുരുഷനോടൊപ്പം നിൽക്കുന്ന ഇവിടത്തെ വനിതകൾ അതുവേണ്ട വേദികളിൽ പ്രകടിപ്പിക്കുവാനും മുന്നോട്ടുവരേണ്ടിയിരിക്കുന്നു.

സ്ത്രീകളുടെ കൂട്ടായ പ്രവർത്തനത്തിനും അതിലൂടെ അവരുടെ ക്ഷേമത്തിനും വളർച്ചയ്ക്കുംവേണ്ടിയും മഹിളാസംഘനടകളുടെ പഞ്ചായത്തുതല ഏകോപനസമിതി ഉണ്ടാക്കുന്നത് നന്നായിരിക്കും. അയൽക്കൂട്ടങ്ങളിലും മാതൃസംഗമങ്ങളിലും ഗ്രാമസഭകളിലും സ്ത്രീകൾ പങ്കാളിത്തം ഉറപ്പാക്കേണ്ടതാണ്.

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കാണുന്ന തൊഴില്ലില്ലായ്മ പരിഹരിക്കുന്നതിനായി വനിതാ വ്യവസായ യൂണിറ്റുകളും സഹകരണസംരംഭങ്ങളും D.W.C.R.A യൂണിറ്റുകളും സ്ഥാപിക്കേണ്ടതുണ്ട്. ഈ പഞ്ചായത്തിന്റെ ഭൂപ്രകൃതിക്ക് അനുയോജ്യമായ പച്ചക്കറി കൃഷിത്തോട്ടവും ആടുവളർത്തലും കന്നുകാലി വളർത്തലും പ്രോത്സാഹിപ്പിക്കുവാനുതകുന്ന പദ്ധതികൾക്ക് മുൻതൂക്കം കൊടുക്കേണ്ടതുണ്ട്.

ആവശ്യങ്ങൾ

1. സ്വയംതൊഴിൽ വായ്പകൾ ലഭ്യമാക്കുക.
2. ചെറുകിട വ്യവസായ യൂണിറ്റുകൾ, D.W.C.R.A യൂണിറ്റുകൾ, വനിതാ സഹകരണസംഘങ്ങൾ, സ്വയംസഹായസംഘങ്ങൾ എന്നിവ രൂപീകരിക്കും.
3. തൊഴിൽമേഖലകളിൽ ക്രഷ് അനുവദിക്കുക.
4. തൊഴിൽമേഖലകളിൽ മൂത്രപ്പുര, കക്കൂസ് എന്നിവ സ്ഥാപിക്കുക.
5. ഭർത്താക്കന്മാരുടെ മദ്യപാനംമൂലം ദുരിതമനുഭവിക്കുന്ന സ്ത്രീകൾക്ക് ദുരിതത്തന് അറുതി വരുത്തുക.
6. വിധവകളുടെയും അനാഥരുടേയും പ്രശ്നങ്ങൾക്കു പരിഹാരം കണ്ടെത്തുക.
7. സ്ത്രീധനം, സാമൂഹ്യക്ഷേമം തുടങ്ങിയ സ്ത്രീകളുമായി ബന്ധപ്പെട്ടിട്ടുള്ള പ്രധാന വിഷയങ്ങളിൽ ബോധവൽക്കരണപ്രവർത്തനങ്ങൾ നടത്തുക.
8. വികസനപ്രവർത്തനങ്ങളിൽ സ്ത്രീപങ്കാളിത്തം ഉറപ്പാക്കുക.
9. സ്ത്രീവിദ്യാഭ്യാസത്തിനും ആരോഗ്യ കുടുംബക്ഷേമപ്രവർത്തനങ്ങൾക്കും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകുക.
10. മഹിളാ സംഘടനകൾക്ക് ധനസഹായങ്ങൾ നൽകുക.

സഹകരണം

പട്ടം കോളനി രൂപീകരിച്ച കാലഘട്ടത്തിൽ തന്നെ ഈ മേഖലയിൽ സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് പട്ടം കോളനിയുടെ ചരിത്രപശ്ചാത്തലം വ്യക്തമാക്കുന്നു. ''വിവിധോദ്ദേശ സഹകരണ സംഘം'' എന്ന പേരിൽ അന്ന് അറിയപ്പെട്ട ഈ പ്രസ്ഥാനം കുറേ കാലങ്ങൾക്കുശേഷം നാമാവശേഷമായി. ഈ പ്രസ്ഥാനത്തിന്റെ ഓർമ്മനിലനിർത്തുന്ന ഒരു സ്ഥാപനമാണ് ചോറ്റുപാറയിൽ സ്ഥിതിചെയ്യുന്ന സി.എസ്.യു.പി. സ്കൂൾ. 1962-ൽ വലിയ തോവാള കേന്ദ്രമാക്കി ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്ത് 1963-ൽ പ്രവർത്തനം ആരംഭിക്കുകയും ചെയ്തു. ഈ സംഘത്തിൽ 4485- അംഗങ്ങളാണ് നിലവിലുള്ളത്. ഇതിന്റെ ഒരു ശാഖ മുണ്ടിയൊരുമ കേന്ദ്രമാക്കി ആരംഭിച്ചിട്ടുണ്ട്. 5-ാം വാർഡിന്റെ പടിഞ്ഞാറെ പകുതിയും 1, 2, 3, 4, 10 വാർഡുകളും ഈ ബാങ്കിന്റെ പരിധിയിൽ വരുന്നു.

പഞ്ചായത്തിലെ മറ്റൊരു പ്രധാന സഹകരണ സ്ഥാപനമാണ് 1982-ൽ ആരംഭിച്ച ബാലഗ്രാം സർവീസ് സഹകരണ ബാങ്ക്. ഇതിൽ 4486 അംഗങ്ങളും അന്യാർതൊളു, മുണ്ടിയൊരുമ എന്നീ സ്ഥലങ്ങളിലായി രണ്ടു ബ്രാഞ്ചുകളും നിലവിലുണ്ട്. 5-ാം വാർഡിന്റെ കിഴക്കേ പകുതിയും 6, 7, 8, 9 വാർഡുകളും ഈ ബാങ്കിൻരെ പരിധിയിൽ വരുന്നു.

പഞ്ചായത്തിന്റെ ജനസംഖ്യയിൽ പകുതിയോളം ഈ രണ്ടു ബാങ്കുകളിലായി അംഗങ്ങളാണെന്ന് കണക്കുകൾ വ്യക്തമാക്കുന്നു. കാർഷിക വായ്പകളാണ് ((ഹ്രസ്വകാലം) കൂടുതലായും ഈ ബാങ്കുകൾ നൽകുന്നത്. സാധാരണ വായ്പയും, ബിസിനസ് വായ്പയും സ്വർണപണയവും ഉണ്ട്. സ്വയംതൊഴിൽ വായ്പകൾ, കഞ്ഞഉ തുടങ്ങി പ്രത്യേകഇനം വായ്പകളും നൽകുന്നുണ്ട്. കമ്മീഷൻ വ്യവസ്ഥയിൽ കളക്ഷൻ ഏജന്റുമാരെ നിയമിച്ച് ദിവസച്ചിട്ടിയും കച്ചവടവായ്പയും നടത്തുന്നുണ്ട്.

പ്രശ്നങ്ങൾ

1. കാർഷിക വായ്പ മുഴുവൻ കർഷകർക്കും നൽകാൻ കഴിയുന്നില്ല, ഫണ്ടിന്റെ അപര്യാപ്തത.
2. കാർഷിക വായ്പ യഥാസമയങ്ങളിൽ ലഭിക്കുന്നില്ല.
3. വായ്പകൾ യഥാസമയം തിരിച്ചടക്കാത്തതുകൊണ്ടും കുടിശിഖ വരുത്തുന്നതുകൊണ്ടും ബാങ്കുകൾ സാമ്പത്തിക പ്രതിസന്ധി നേരിടുന്നു.
4. പലിശനിരക്ക് (കാർഷിക മേഖലയ്ക്ക്) കൂടുതലാണ്.
5. ഉൽപാദനം കുറയുന്നതുകൊണ്ട് ഉൽപന്നങ്ങൾക്ക് ന്യായവില ലഭിക്കാത്തതുകൊണ്ടും കർഷകർക്ക് യഥാസമയം വായ്പ തിരിച്ചടക്കാൻ കഴിയുന്നില്ല.
6. സഹകരണ ബാങ്കുകളിൽ നിക്ഷേപം നൽകാൻ ജനങ്ങൾ വിമുഖത കാണിക്കുന്നു.

പരിഹാര നിർദേശങ്ങൾ

1. കാർഷിക വായ്പാപരിധി ഉയർത്തുക
2. ജില്ലാ ബാങ്കും നബാഡും കാർഷിക വായ്പകൾക്ക് കൂടുതൽ തുക വകയിരുത്തി വിതരണം ചെയ്യുക.
3. കാർഷിക വായ്പക്ക് പലിശ സബ്സിഡി അനുവദിക്കുക.
4. പലിശനിരക്കു കുറയ്ക്കുക.
5. ഉൽപാദനം വർദ്ധിപ്പിക്കാനുള്ള സത്വര നടപടിയും ഉൽപന്നങ്ങൾക്ക് ന്യായവിലയും ലഭ്യമാക്കുക.
6. കൃഷിക്കാരുടെ ഉൽപന്നങ്ങൾക്ക് വിലയിടിവ് വരുമ്പോൾ

അവ സെക്യൂരിറ്റിയായി സ്വീകരിച്ചുകൊണ്ട് ഈടിന്മേൽ വായ്പ അനുവദിക്കുക.

7. ബാങ്കുകളിലെ നിക്ഷേപസുരക്ഷിതത്വ ബോധവൽക്കരണം.

ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ

പഞ്ചായത്തിൽ ആനന്ദ് മാതൃകയിലുള്ള 5 ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. തേർഡ് ക്യാമ്പ്, ബാലഗ്രാം, മുണ്ടിരുമ, ചേമ്പളം, തോവാള എന്നിവിടങ്ങളിലാണ് ഇവയുടെ കേന്ദ്രങ്ങൾ. 1973-ൽ മുണ്ടിയെരുമ കേന്ദ്രമാക്കി സ്ഥാപിച്ച പട്ടംകോളനി ക്ഷീരോൽപാദക സഹകരണസംഘമാണ് ഇതിൽ ആദ്യത്തേത്. 1985- മുതലാണ് ക്ഷീരോൽപാദക സഹകരണ സംഘങ്ങൾ ആനന്ദ് മാതൃകയിലായത്. അതിനെത്തുടർന്നാണ് നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ഈ സംഗങ്ങൾ പുരോഗതി പ്രാപിച്ചത്.

ക്ഷീര കർഷകരിൽ നിന്നും ദിനംതോറും പാൽ സംഭരിക്കുകയും അത് മിൽമയുടെ ചില്ലിംഗ് പ്ലാന്റിലേക്ക് അയക്കുകയും ചെയ്യുന്നു. ചെറിയ ശതമാനം പ്രാദേശിക വിൽപനയും നടത്തുന്നുണ്ട്. പാലിന്റെ വില പ്രതിവാരം കൃത്യമായി നൽകുന്നുണ്ട്. ക്ഷീരകർഷകർക്കാവശ്യമായ കാലിത്തീറ്റ പുൽവിത്തുകൾ, സംസ്കരിച്ച തീറ്റപ്പുല്ല് (സൈലേജ്), മരുന്നുകൾ അത്യാവശ്യ സന്ദർഭങ്ങളിൽ ഡോക്ടർമാരുടെ സേവനവും ഇവ സംഘം ലഭ്യമാക്കുന്നുണ്ട്. വർഷാന്ത്യം തുച്ഛമായ ബോണസും നൽകുന്നുണ്ട്. ക്ഷീരകർഷകരെ പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശത്തോടെ മികച്ച ക്ഷീരകർഷകന് പ്രോത്സാഹനവും നൽകുന്നുണ്ട്.

മലനാട് ഡവലപ്മെന്റ് സൊസൈറ്റി അടുത്തകാലത്തായി ക്ഷീരവ്യവസായ രംഗത്തേക്ക് കടന്നുവന്നിട്ടുണ്ട്. ഈ സൊസൈറ്റിയുടെ ശാഖകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ക്ഷീര വിപണനരംഗത്ത് ഈ സൊസൈറ്റിയുടെ രംഗപ്രവേശത്തോടെ കൂടുതൽ അഭിവൃദ്ധി ഉണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ക്ഷീര കർഷകരുടെ താൽപര്യങ്ങൾ സംരക്ഷിക്കപ്പെടാൻ കഴിഞ്ഞാൽ ഈ സംഘങ്ങളുടെ പ്രവർത്തനം ഈ മേഖലയിൽ വമ്പിച്ച നേട്ടങ്ങൾ ഉണ്ടാക്കും എന്നാണ് ഗ്രാമസഭാ റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നത്. തൂക്കുപാലം കേന്ദ്രമാക്കി ആരംഭിച്ച മൃഗാശുപത്രിയും, ക്ഷീരകർഷകർക്ക് നൽകിവരുന്ന ആനുകൂല്യങ്ങളും, സഹായങ്ങളും എംഡിഎസിനെ ഈ പഞ്ചായത്തിൽ വേരുറപ്പിക്കാൻ സഹായിച്ചിട്ടുണ്ട്.

കാർഷികമേഖല പോലെതന്നെ ഈ പഞ്ചായത്തിലെ ആളുകളുടെ മുഖ്യവരുമാനമാർഗമായ കാലിവളർത്തലും, ക്ഷീര വിപണനവും കാര്യക്ഷമമാക്കുന്നതിനുള്ള നിർദേശങ്ങൾ-

(1) പാലിന് ന്യായവില കർഷകന് ലഭ്യമാക്കുക.

(2) ക്ഷീരകർഷകർക്ക് വായ്പാസൗകര്യം ലഭ്യമാക്കുക.

(3) മൃഗസംരക്ഷണ ഉദ്യോഗസ്ഥൻമാരുടെ സേവനം തക്കസമയത്ത് ലഭ്യമാക്കുക.

(4) പഞ്ചായത്തിലെ വളരെ അത്യാവശ്യമായ കേന്ദ്രങ്ങളിൽ സംഘങ്ങളുടെ യൂണിറ്റ് ആരംഭിക്കുക.

ക്ഷീരസഹകരണസംഘങ്ങളും, ബാങ്കുകളും ഒഴിച്ചാൽ സഹകരണമേഖല ഈ പഞ്ചായത്തിൽ പ്രതിസന്ധിയെ നേരിടുകയാണെന്ന ചിത്രം വ്യക്തമാകും. കാര്യക്ഷമമായി പ്രവർത്തിക്കുന്ന മറ്റു സഹ.സംഘങ്ങൾ ഒന്നും തന്നെയില്ല. വനിതാസഹകരണ സംഘങ്ങളാരംഭിക്കുകയും വനിതകൾക്ക് തൊഴിൽ സൗകര്യം ഉണ്ടാക്കി കൊടുക്കുകയും ചെയ്യേണ്ടത് വളരെ അത്യാവശ്യമാണ്. റെഡിമെയ്ഡ് വസ്ത്രങ്ങളും, കരകൗശല വസ്തുക്കളും, കുടിൽവ്യവസായങ്ങളും ഇത്തരം സഹകരണ സംഘങ്ങൾ രൂപീകരിച്ച് ആരംഭിക്കാൻ സാധ്യതകളുണ്ട്.

സഹകരണമേഖലയിൽ പുതിയ സാധ്യതകൾ

(1) നാണ്യവിളകളുടെ സംഭരണവിപണന സഹകരണ സംഘങ്ങൾ.

(2) റെഡിമെയ്ഡ് വസ്ത്രനിർമാണം, ചെറുകിട വ്യവസായങ്ങൾ, കുടിൽ വ്യവസായങ്ങൾ, ക്ഷീരോൽപന്നങ്ങൾ ഇവയ്ക്ക് സഹകരണ സംഘങ്ങൾ.

(3) സുഗന്ധ വ്യഞ്ജന സംസ്കരണ കേന്ദ്രം.

(4) കാലിത്തീറ്റ, കോഴിത്തീറ്റ, നിർമാണ വിപണന കേന്ദ്രം.

(5) ജൈവവള നിർമാണയൂണിറ്റ്

(6) പട്ടികജാതി/വർഗങ്ങൾക്കായി വിവിദോദ്ദേശ സഹകരണ സംഘങ്ങൾ.

(7) താൽപര്യമുള്ള യുവതീ യുവാക്കളെ പങ്കെടുപ്പിച്ചുകൊണ്ടുള്ള കൺസ്യൂമർ സഹകരണസംഘങ്ങൾ.

(8) വിവിധ തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് തൊഴിലിടസ്ഥാനത്തിലുള്ള സഹകരണസംഘം.

പട്ടികജാതി പട്ടികവർഗ്ഗം.

ഈ പഞ്ചായത്തിൽ കുടിയേറ്റം ആരംഭിച്ചപ്പോൾത്തന്നെ പട്ടികജാതി കുടുംബങ്ങളും മറ്റു വിഭാഗങ്ങളോടൊപ്പം തന്നെ ഇടകലർന്ന് ജീവിച്ചിരുന്ന ഒരു സ്ഥിതിയാണ് ഉണ്ടായിരുന്നത്. പിൽക്കാലത്ത് പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ ഈ വിഭാഗക്കാർ ഒരുമിച്ചുകൂടി ജീവിക്കുന്ന സാഹചര്യം ഉണ്ടായി. അത്തരം സാഹചര്യത്തിൽ ഗവൺമെന്റ് പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ സ്ഥാപിക്കുന്നതിന് നടപടികൾ ആരംഭിച്ചു. ഇത്തരത്തിൽ ഈ പഞ്ചായത്തിൽ എട്ട് സർക്കാർ അംഗീകൃത കോളനികൾ നിലവിലുണ്ട്. പത്തിനിപ്പാറ, തേർഡ് ക്യാമ്പ്, പാമ്പാടുംപാറ, കൂമ്പൻപാറ, ആദിയാർപുറം, അന്യാർ തൊളു, തെക്കെ കുരിശുമല എന്നീ പട്ടികജാതി കോളനികളും വലിയ തോവാളക്ക് സമീപം മന്നാക്കുടിയിൽ ഒരു ആദിവാസി കോളനിയും നിലവിലുണ്ട്. ഇരുവിഭാഗങ്ങളിലുമായി രണ്ടായിരത്തി മുന്നൂറ്റി തൊണ്ണൂറു പട്ടികജാതി പട്ടികവർഗ്ഗക്കാർ ഈ പഞ്ചായത്തിൽ അധിവസിക്കുന്നു. അംഗീകൃത കോളനികളിൽ 385 കുടുംബങ്ങളും 150 കുടുംബങ്ങൾ മറ്റുപ്രദേശങ്ങളിൽ ഇടകലർന്ന് വസിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾ

റോഡ് വൈദ്യുതി, കുടിവെള്ളം, കക്കൂസ്, വൈദ്യസഹായം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, പാർപ്പിടം തുടങ്ങിയവ ഈ കോളനികളിൽ ഇന്നും എത്തിയിട്ടില്ല.

മിക്കവാറും കോളനികളിൽ അടിസ്ഥാന ജീവിത സൗകര്യങ്ങൾക്കായി ഗവൺമെന്റ് തലത്തിലും വിവിധ സന്നദ്ധ സംഘടനാ തലത്തിലും വിവിധ പദ്ധതികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കിയെങ്കിലും അവയൊക്കെ ഇടത്തട്ടുകാരുടെ ഇടപെടലും ഔദ്യോഗിക തലത്തിലുള്ള ചോർച്ചയും മൂലം ഭാഗികമായി മാത്രമേ നടപ്പിലാക്കുവാൻ കഴിഞ്ഞിട്ടുള്ളു. ഇക്കാരണങ്ങൾ കോളനി നിവാസികളുടെ പുരോഗതിയെ ബാധിക്കുന്നു. കൂടാതെ വിദ്യാഭ്യാസ നിലവാരത്തിൽ വളരെ പിന്നോക്കം നിൽക്കുന്ന ഇക്കൂട്ടർ സംഘടനാപരമായി തങ്ങളുടെ കാര്യങ്ങൾ നേടിയെടുക്കുന്നതിൽ പരാജയമടയുന്നു. ഇവരെ ബോധവൽക്കരിക്കുവാനും സംസ്കാരിക പുരോഗതിയിലേക്ക് നയിക്കുവാനും സന്നദ്ധ സംഘടനകൾ ഉൾപ്പെടെയും വിവിധ ഗവൺമെന്റ് ഏജസികളുടെയും ഏകോപിച്ചുള്ള പ്രവർത്തനം ഉണ്ടാകേണ്ടിയിരിക്കുന്നു.

കുടിവെള്ള സൗകര്യം

കോളനികളിൽ പത്തിനിപ്പാറ, ആദിയാർപുരം, പുതുക്കാട് എന്നീ കോളനികളിൽ നാമമാത്രമായി ശുദ്ധജലവിതരണ പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടെങ്കിലും കോളനി നിവാസികൾക്ക് പൂർണ്ണമായും പ്രയോജനപ്പെടുന്നില്ല. പാമ്പാടുംപാറ, പുതുക്കാട്, കോളനികളിൽ ശുദ്ധജലവിതരണം നടപ്പാക്കുന്നതിനുവേണ്ടി ബൃഹത്തായ ഒരു പദ്ധതി ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്നു. ഈ പദ്ധതി പൂർണ്ണമായാൽ കോളനിയിൽ ആവശ്യത്തിന് ജലം ലഭ്യമാകും. എന്നാൽ മറ്റു കോളനികളിൽ വേനൽക്കാലമായാൽ അത്യാവശ്യത്തിനുപോലും ജലം ലഭിക്കാത്ത സ്ഥിതി ആണുള്ളത്. ഏപ്രിൽ മെയ് മാസങ്ങളിൽ ഇവി

ടുത്തെ കുടിവെള്ള പ്രശ്നം വളരെ രൂക്ഷമാണ്. കോളനി പ്രദേശങ്ങളിൽ ലഭ്യമായ ജലസ്രോതസ്സുകൾ ശാസ്ത്രീയ വീക്ഷണത്തോടുകൂടി പ്രയോജനപ്പെടുത്തിയാൽ പല കോളനിയിലും ഇന്നുള്ള കുടിവെള്ള പ്രശ്നം ഒരു പരിധിവരെയെങ്കിലും പരിഹരിക്കുവാൻ സാധിക്കും. കൂടാതെ പരിമിതമായ ജലത്തിന്റെ ശരിയായ ഉപയോഗത്തെക്കുറിച്ച് കോളനി ജനങ്ങളെ ബോധവത്കരണം നടത്തേണ്ടതും അത്യാവശ്യമായ സംഗതിയാണ്.

വിദ്യാഭ്യാസം

പ്രാഥമിക വിദ്യാഭ്യാസ സൗകര്യങ്ങളുടെ അപര്യാപ്തത ഇന്നും ഇവിടുത്തെ കോളനികളിൽ നിലനിൽക്കുന്നു. താരതമ്യേന അവികസിതമായ ഇടുക്കിജില്ലയിൽ അവിടെവിടെ മാത്രം കാണുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ മാത്രമാണ് പട്ടികജാതി പട്ടികവർഗ്ഗക്കാർക്കും വിദ്യാഭ്യാസത്തിനായി ഇന്നുള്ളത്. കിലോമീറ്ററുകളോളം നടന്നുപോകേണ്ടിവരുന്ന സാഹചര്യവും റോഡുകളുടേയും മറ്റും അപര്യാപ്തതയും കോളനികളിൽ വിദ്യാഭ്യാസം കുറയുന്നതിന് കാരണമാകുന്നു. കൂടാതെ സ്കൂളുകളിൽ പോകേണ്ടിവരുന്ന കുട്ടികളുടെ മാതാപിതാക്കൾ ദൈനംദിനം കൂലിപ്പണിക്കു പോകുന്നവരായതിനാൽ കുട്ടികളുടെ പഠന നിലവാരത്തെക്കുറിച്ചു അന്വേഷിക്കുവാനോ വേണ്ട കാര്യങ്ങൾ നടപ്പിലാക്കുവാനോ കഴിയാത്തതും വിദ്യാഭ്യാസ മേഖലയിൽ ഇവർ പിന്നോക്കം പോകുന്നതിന് കാരണമാകുന്നു. കൂടാതെ സാമ്പത്തിക പിന്നോക്കാവസ്ഥയും മാതാപിതാക്കളുടെ നിരക്ഷരതയും ഈ വിഭാഗത്തെ വീണ്ടും അക്ഷര സാംസ്കാരിക ലോകത്തിൽ ഇരുട്ടിലാക്കുന്നു. നടപ്പിലാക്കുന്ന പദ്ധതികളുടെ അവലോകനക്കുറവും, സുതാര്യതമില്ലായ്മയും വിദ്യാഭ്യാസപരമായി കോളനികളെ വീണ്ടും പിന്നോക്കാവസ്ഥയിലേക്കു നയിക്കുന്നു.

സാമൂഹ്യപദവി

സാമൂഹ്യപദവിയിൽ പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് സമൂലമായ മാറ്റങ്ങൾ ഉണ്ടായിട്ടുണ്ട്. മേലാളന്മാരുടെ ചൂഷണത്തിൽ നിന്നും സമൂഹത്തിലെ ഉച്ചനീചത്വത്തിൽ നിന്നും ഇന്നിവർ മോചിതരാണ്. എല്ലാ ജനവിഭാഗങ്ങളുടേയും പൊതുചടങ്ങുകളിൽപോലും വിവാഹം മറ്റു ആഘോഷങ്ങൾ തുടങ്ങിയവയിലും സജീവമായ സാന്നിധ്യം ഇപ്പോഴുണ്ട്. ഇവരുടെ പൊതുചടങ്ങുകളിലും മറ്റും മറ്റു ജനവിഭാഗങ്ങളും സജീവമായി പങ്കെടുക്കുന്നു. തൊഴിലില്ലാത്തവരും സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർ നിരവധിയാണ്.

സാധ്യതകൾ

കോളനികളുടെ സ്ഥിതി മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതികൾ മുഖ്യമായും നടപ്പാക്കേണ്ടത് ഇടനിലക്കാരെ ഒഴിവാക്കി ജനപങ്കാളിത്തത്തോടുകൂടി ആയിരിക്കണം. ഓരോ പദ്ധതികളും നടപ്പിലാക്കുമ്പോൾ അവ ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടോ എന്ന് പരിശോധിക്കുവാനുള്ള സംവിധാനം ഉണ്ടാകേണ്ടിയിരിക്കുന്നു. വിവിധ ഏജൻസികളിൽ നിന്നും ലഭിക്കുന്ന ഫണ്ടുകൾ ഗുണഭോക്താക്കൾക്ക് ചുവപ്പുനാടയില്ലാതെയും കാലതാമസം കൂടാതെയും ബുദ്ധിമുട്ടുകൂടാതെയും ലഭിക്കുവാൻ ഗ്രാമപഞ്ചായത്തിന് നേരിട്ട് ചുമതലയേൽപിക്കുകയും യഥാസമയം നടപ്പാക്കുന്നതിന് ഉത്തരവാദിത്വം ഉണ്ടാകുകയും ചെയ്യേണ്ടതാണ്. പദ്ധതികൾ നടപ്പാക്കുമ്പോൾ സാധാരണ ദരിദ്രവിഭാഗങ്ങൾക്ക് ലഭിക്കുന്നുണ്ടോ എന്ന് സത്യസന്ധമായി പരിശോധിക്കേണ്ടതാണ്. കോളനികളിൽ നടക്കുന്ന നിർമാണപ്രവർത്തനങ്ങളിൽ അവിടെയുള്ള വിദഗ്ധരെ പങ്കെടുപ്പിച്ചാൽ കൂടുതൽ ആത്മാർഥതയുള്ള പ്രവർത്തനം പ്രതീക്ഷിക്കാവുന്നതാണ്.

കോളനി പുനർ നിർമ്മാണത്തിനും അതുവഴി രാഷ്ട്ര പുനർ നിർമാണത്തിനും കൂടുതൽ വിദഗ്ധരെ പരിശീലിപ്പിക്കുവാൻ തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിലേക്ക് പട്ടികജാതി പട്ടികവർഗ്ഗക്കാരെ ആകർഷിക്കുവാൻ ആകർഷകമായ പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

അഭിരുചിക്കനുസൃതമായി തൊഴിൽ പരിശീലനം സിദ്ധിക്കുവാൻ കോളനികൾക്കുള്ളിൽത്തന്നെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുറക്കേണ്ടതാണ്. ഇപ്പോൾ വിദ്യാഭ്യാസ സ്ഥാപനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന പട്ടികജാതി പട്ടികവർഗ്ഗക്കാരുടെ പൊഴിച്ചിൽ തടയുവാൻ അടിയന്തര നടപടി സ്വീകരിക്കേണ്ടതാണ്.

പട്ടികജാതി പട്ടികവർഗ്ഗ കോളനികളിൽ ഇതുവരെ വൈദ്യുതി എത്തിക്കുവാൻ കഴിഞ്ഞിട്ടില്ല. 1973ൽ അംഗീകാരം ലഭിച്ച കോളനിയിൽ പോലും വൈദ്യുതി ഇല്ലാത്ത സാഹചര്യം നിലനിൽക്കുന്നു. എല്ലാ കോളനികളിലും ട്രാൻസ്ഫോർമർ സ്ഥാപിച്ചുകൊണ്ടു എല്ലാ വീടുകളിലും ആവശ്യത്തിന് വൈദ്യുതി സൗകര്യം ലഭ്യമാക്കേണ്ടിയിരിക്കുന്നു.

പട്ടികജാതി പട്ടികവർഗ കോളനികളിലേക്കുള്ള അപര്യാപ്തമായ യാത്രാസൗകര്യം മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. ആവശ്യമായ വീതിയിൽ ഓടകളോടുകൂടിയ ടാർ റോഡുകൾ എല്ലാ കോളനികളിലേക്കും നിർമ്മിക്കണം. ഇത് അവരുടെ സാമൂഹിക സംസ്കാരിക സാമ്പത്തിക ഘടനയിൽ വലിയ മാറ്റങ്ങൾ വരുത്തുമെന്നുള്ള കാര്യത്തിൽ സംശയമില്ല.

ഈ പഞ്ചായത്തിൽ ഇപ്പോൾ ഒരു കോളനിയിലും അടിസ്ഥാന സൗകര്യങ്ങൾ ആവശ്യത്തിനു ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ല. ഇപ്പോൾ വിതരണം നടത്തുന്ന അപര്യാപ്തമായ രീതിയിൽ ലഭിക്കുന്ന കുടിവെള്ളം പോലും ശുദ്ധമല്ലാത്ത സാഹചര്യത്തിൽ നിന്നും ലഭിക്കുന്നു എന്നതുകൊണ്ട് അവിടെ പകർച്ചവ്യാധികൾക്ക് കൂടുതൽ സാധ്യതയുണ്ട്. കോളനികളുടെ പരിസരത്തുനിന്നും കുറെ അകന്ന് കുളങ്ങളോ കിണറോ നിർമിച്ച് എല്ലാ കോളനികൾക്കും ആവശ്യമായ ശുദ്ധജലസൗകര്യം ഉണ്ടാക്കേണ്ടതാണ്.

പാർപ്പിടം

അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ പാർപ്പിടങ്ങൾ എല്ലാ കോളനികളിലും ഉണ്ടാകണം ഇന്നുള്ള വീടുകളിൽ മിക്കതിലും കക്കൂസോ കുളിമുറിയോ ഇല്ലാത്ത നിലയിലാണ്. ഒരു വീടു നിർമ്മിക്കുവാൻ പദ്ധതിയിടുമ്പോൾ അതിൽ എല്ലാ സൗകര്യങ്ങളും കൂടി പൂർത്തിയാക്കുവാനുള്ള പണവും സാഹചര്യങ്ങളും പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് ലഭ്യമാക്കേണ്ടതാണ്. വീടിന് അനുവദിക്കുന്ന തുക വർദ്ധിപ്പിക്കണം.

അംഗൻവാടികൾ

എല്ലാ പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലും അംഗൻവാടി ആരംഭിക്കേണ്ടതുണ്ട്. വിദ്യാഭ്യാസത്തിന്റെ പ്രാഥമിക തത്വങ്ങൾ മനസിലാക്കുവാൻ അംഗൻവാടികൾ ഉപകരിക്കുന്നതാണ്. കൂടാതെ കൂലിപ്പണിക്കായി പോകുന്ന മാതാപിതാക്കൾക്ക് കുട്ടികളെ സുരക്ഷിതമായി എത്തിക്കുവാനും സാധിക്കുന്നതാണ്. ഈ പഞ്ചായത്തിലെ എല്ലാ കോളനികളിലും ഒരു 'ക്രഷെ' ആരംഭിക്കേണ്ടതാണ്. കൂലിപ്പണിക്കാരായ മാതാപിതാക്കൾക്ക് അതൊരു സഹായമായിരിക്കും.

സംസ്കാരം

ഈ പഞ്ചായത്തിലെ എല്ലാ ഹരിജൻ കോളനിയിലും സംസ്കാര വികസനത്തിന് ആവശ്യമായ പദ്ധതികൾ ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. നടപ്പിലാക്കിയ പദ്ധതികളിൽപ്പെട്ട് ചില കോളനികളിൽ ടി.വി സെറ്റ് വാങ്ങിയിട്ടുണ്ട്. എന്നാൽ ഇത് സ്ഥാപിക്കുവാൻ ഹാളുകളോ പ്രവർത്തിപ്പിക്കുവാൻ വൈദ്യുതിയോ ഇല്ലാത്ത സാഹചര്യമാണ് അതുപോലെ ഈ കോളനിയിൽ എല്ലാവരുടെയും വായനാശീലം വളരുവാൻ ഓരോ ലൈബ്രറി സ്ഥാപിക്കുകയും അവിടെ ലൈബ്രേറിയനെ നിയമിക്കുകയും ചെയ്യേണ്ടതാണ്. മാതൃക കോളനി ആയി തെരഞ്ഞെടുക്കപ്പെട്ട പുതുക്കാട് കോളനിയിൽ ഒരു കുട്ടികളുടെ പാർക്കു നിർമ്മിക്കേണ്ടതാണ്.

ഇക്കാര്യങ്ങളൊക്കെ ഏകോപിപ്പിച്ചു നടപ്പിലാക്കുവാൻ സോഷ്യൽ വർക്കിൽ ബിരുദം നേടിയ സത്യസന്ധനായ ഒരു വെൽഫെയർ ഓഫീസറെ പഞ്ചായത്തു തലത്തിൽ നിയമിക്കുന്നതു ഉചിതമായിരിക്കും.

വിഭവസമാഹരണം

വരുമാനം

1995–'96 സാമ്പത്തികവർഷത്തിലെ പഞ്ചായത്തിന്റെ വാർഷിക വരുമാനം 7,73,653.55 രൂപയാണ്. അതിൽ പ്രധാന ഇനങ്ങൾ കെട്ടിടനികുതി, തൊഴിൽനികുതി, വിനോദനികുതി, വസ്തുകൈമാറ്റനികുതി മുതലായവയാണ്. ഇതിൽ കെട്ടിടനികുതി ഇനത്തിൽ 1,92,223 രൂപ പിരിച്ചെടുക്കാനുണ്ട്. അതായത് 50% തുക മാത്രമേ ആ ഇനത്തിൽ പിരിച്ചെടുക്കാനായിട്ടുള്ളൂ. തൊഴിൽ നികുതി ഇനത്തിൽ 1,07,250 രൂപ പിരിച്ചെടുക്കാനുണ്ട്. ഈ രണ്ടിനങ്ങളിലായി 3 ലക്ഷത്തോളം രൂപ പഞ്ചായത്ത് പിരിച്ചെടുക്കാനുണ്ടെന്ന് വ്യക്തം.

സർക്കാർ ഗ്രാന്റായി 13,61,845 രൂപ ലഭിച്ചിട്ടുണ്ട്. പഞ്ചായത്തുരാജ് നിയമപ്രകാരം മറ്റു വകുപ്പുകളിൽനിന്നായി പദ്ധതി വിഹിതമായി 4,11,330 രൂപ ലഭിക്കുകയും ചെയ്തിട്ടുണ്ട്.

ചെലവ്

ഭരണച്ചെലവ് 3,94,719 ആണ്. അത് വരുമാനത്തിന്റെ 36.40 % ആണ്. പൊതുമരാമത്ത് ഇനത്തിൽ 4,70.033 രൂപയാണ് ചെലവഴിച്ചത്. ഇതിൽ 3,71,170 രൂപ സർക്കാർ ഗ്രാന്റും 98,863 രൂപ പഞ്ചായത്ത് ഫണ്ടും ആണ്. ഈ തുകയിൽ 75% ഉം റോഡുകളുടെ നിർമാണത്തിനുവേണ്ടിയാണ് ഉപയോഗിച്ചിട്ടുള്ളത്. തെരുവുവിളക്കുകൾക്കായി 16,200 രൂപ (3.25%) ചെലവഴിച്ചിട്ടുണ്ട്. പഞ്ചായത്തു മാനേജ്മെന്റിൽ ഒരു LP സ്കൂൾ പ്രവർത്തിക്കുന്നുണ്ട്. വിദ്യാഭ്യാസത്തിനുവേണ്ടി 39,924 രൂപ (10.65 %) ചെലവഴിച്ചിട്ടുണ്ട്.

പഞ്ചായത്തുതല ധനകാര്യസ്ഥാപനങ്ങൾ

പഞ്ചായത്തിൽ രണ്ടു വാണിജ്യബാങ്കുകളും ജില്ലയിലെ ലീഡ് ബാങ്കായ യൂണിയൻ ബാങ്കിന്റെ ഒരു ശാഖയും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുടെ ഒരു ശാഖയും പ്രവർത്തിക്കുന്നുണ്ട്. രണ്ട് സഹകരണബാങ്കുകൾ ആണുള്ളത്. ബാലഗ്രാം സർവീസ് സഹകരണബാങ്കും (രണ്ടു ബ്രാഞ്ചുകൾ) വലിയ തോവാള സർവ്വീസ് സഹകരണബാങ്കും (ഒരു ബ്രാഞ്ച്) ഏതാനും അനൗപചാരിക ഏജൻസികളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. അടിയന്തിരാവശ്യങ്ങൾക്ക് ജനങ്ങൾ പൊതുവേ ഇത്തരം സ്ഥാപനങ്ങളെ ആശ്രയിക്കുന്നതായി ബോദ്ധ്യപ്പെട്ടിട്ടുണ്ട്. സഹകരണബാങ്കുകളെ സംബന്ധിച്ചിത്തോളം ഫണ്ടിന്റെ അപര്യാപ്തത നിലവിൽ ഉണ്ട്. വായ്പാ കുടിശ്ശിക വർധിച്ച തോതിൽ നിൽക്കുന്നതും സഹകരണബാങ്കുകളുടെ പ്രതിസന്ധിക്ക് കാരണമാണ്. കൂടുതൽ വായ്പകൾ വിതരണം ചെയ്യുന്നതിന് ഇത് തടസ്സം സൃഷ്ടിക്കുന്നു.

സാധാരണക്കാരാണ് അനൗപചാരിക ഏജൻസികളുടെ ചൂഷണത്തിന് വിധേയമാകുന്നത്. സ്വർണ്ണപണയത്തിന് 36% മുതൽ 42% വരെ പലിശ ഈടാക്കുന്നുണ്ട്. മറ്റ് ഇടപാടുകൾക്ക് 48% മുതൽ 120% വരെ പലിശ ഈടാക്കുന്ന ഏജൻസികളുമുണ്ട്. വ്യാപാരികൾക്ക് 8,000 രൂപ നൽകുമ്പോൾ ഓരോ ദിവസവും 100 രൂപ വീതം 100 ദിവസംകൊണ്ട് 10,000 രൂപ പിരിച്ചെടുക്കുന്ന ഏജൻസികളുടെ പ്രവർത്തനവും പഞ്ചായത്തിലുണ്ട്. 100 ഓളം ആളുകൾ വിദേശത്ത് ജോലി ചെയ്യുന്നവരായുണ്ടെങ്കിലും ഉൽപാദനമേഖലയിൽ കാര്യമായ സംഭാവന ചെയ്യുന്നില്ല. ഇവരുടെ നിക്ഷേപങ്ങൾ സഹകരണബാങ്കുകളിലുണ്ടായാൽ അത് പഞ്ചായത്തിൽ പ്രയോജനപ്പെടുത്താനാകും.

യുവജന, സാമുദായിക, സാംസ്കാരിക സംഘടനകളും മറ്റും ചെറിയ തോതിലുള്ള സന്നദ്ധ പ്രവർത്തനങ്ങൾ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ നടത്തിയിട്ടുണ്ട്. റോഡ് നന്നാക്കൽ, പാവപ്പെട്ടവർക്ക് വീടു നിർമിച്ചു നൽകൽ, അംഗൻവാടി കെട്ടിടനിർമ്മാണം തുടങ്ങിയ പ്രവർത്തനങ്ങൾ ഇവയിൽ ചിലതു മാത്രമാണ്.

പ്രശ്നങ്ങൾ

(1) കെട്ടിടനികുതി, തൊഴിൽനികുതി മുതലായവ യഥാസമയങ്ങളിൽ പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല.
(2) വികസനത്തിനുവേണ്ടി ഉപയോഗിക്കുന്ന സമ്പത്തിൽ ചോർച്ചയുണ്ടാകുന്നു.
(3) സഹകരണ – ധനകാര്യസ്ഥാപനങ്ങൾക്കുള്ള ഫണ്ടിന്റെ അപര്യാപ്തത.
(4) വായ്പകൾ ദുരുപയോഗപ്പെടുത്തൽ.
(5) സുതാര്യതക്കുറവ്.
(6) കെട്ടിടനികുതി നിർണ്ണയം ശാസ്ത്രീയമല്ല.
(7) അസസ്സ്മെന്റ് രീതി സുതാര്യമല്ല.

സാദ്ധ്യതകൾ

(1) നികുതിപിരിവ് കാര്യക്ഷമമാക്കുകയും, വെട്ടിപ്പ് തടയുകയും ചെയ്താൽ,
(2) ഷോപ്പിംഗ് കോംപ്ലക്സ്, കംഫർട്ട് സ്റ്റേഷൻ, കമ്മ്യൂണിറ്റി ഹാൾ തുടങ്ങിയവ സ്ഥാപിക്കുക,
(3) പുതിയ നികുതി അധികാരങ്ങൾ ഉപയോഗപ്പെടുത്തുക,
(4) സന്നദ്ധസേവനം പ്രയോജനപ്പെടുത്തുക,
(5) ക്ഷേമനിധികൾ സ്വരൂപിക്കുക,
(6) ധനകാര്യസ്ഥാപനങ്ങളുടെ സ്കീമുകൾ പ്രയോജനപ്പെടുത്താൻ പ്രത്യേക സംവിധാനം ഉണ്ടാക്കുക,
(7) പഞ്ചായത്തു ചെലവു സംബന്ധിച്ച കണക്കുകൾ അച്ചടിച്ച് ഗ്രാമസഭയിൽ അവതരിപ്പിക്കുക,
(8) സന്നദ്ധ സംഘടനകൾക്ക് കേന്ദ്രഗവൺമെന്റ് ഏജൻസികൾ നൽകുന്ന സഹായധനപദ്ധതികൾ ഫലപ്രദമാക്കുക,
(9) ശാസ്ത്രീയമായ കെട്ടിനികുതി നിർണ്ണയം നടത്തുക,
(10) അസസ്സ്മെന്റ് കമ്മറ്റിയെ നിയമിക്കണം.
(11) നികുതിപിരിവിന് ഗ്രാമസഭകളെ പ്രയോജനപ്പെടുത്തണം.
(12) തൊഴിലാളികളെ ഗ്രൂപ്പ് ഇൻഷുറൻസ് സ്കീമിൽ ഉൾപ്പെടുത്തുകയും തൊഴിൽ നികുതി വസൂലാക്കുകയും ചെയ്യുക.
(13) മാർക്കറ്റുകൾ (മുണ്ടിയെരുമ, തോവാള) പുനരുജ്ജീവിപ്പിക്കുക.

പട്ടിക

വരുമാനത്തിലെ വ്യതിയാനം

	ഇനം	1991–92	1995–96	വ്യത്യാസം	ശതമാനം
	തനതു വരുമാനം				
A	കെട്ടിട നികുതി	184528	197861	13333	7.23
B	വിനോദനികുതി	7808	7505	–303	3.89
C	തൊഴിൽ നികുതി	132359	156285	23926	18.07
2	ഉപാധിരഹിത നികുതി	209700	340720	131020	62.48
	എസ്.സി.പി.				
3	ജെ.ആർ.വൈ.	244150	559902	315752	29.33
4	ഗ്രാന്റുകൾ, സംഭാവനകൾ	146419	411683	265267	181.17
5	ആകെ വരവ്	856656	1571856	715200	83.49
	ചെലവ്, എസ്റ്റാബ്ലിഷ്മെന്റ്	334764	417438	82674	24.7

(അവലംബം: ഗ്രാമപഞ്ചായത്ത് രേഖകൾ)

വരവ് സംബന്ധിച്ച വിവരങ്ങൾ

	ഇനം	1990-91	'91-92	'92-93	'93-94	'94-95	'95-96
1	കെട്ടിട നികുതി	96295	184528	135455.00	138423	229424	197861
2	തൊഴിൽ നികുതി	70287	132359	96711.00	117454	166258	156285
3	വിനോദനികുതി	8267	7808	5997.00	7010	7339	7505
4	അഡി. വിനോദനികുതി	4985	4881	3614.00	4254	4443	4446
5	പ്രദർശനനികുതി	678	804	758.00	838	1172	1148
6	പ്രദർശനനികുതിയിന്മേലുള്ള സർച്ചാർജ്	169	229	153.45	201	294	301
7	ചന്തവരവ്	1450	5600	9125.00	7140	68375	1500
8	ലൈസൻസ് ഫീസ്	4051	4690	4146.00	3667	3777	4853
9	വസ്തു കൈമാറ്റ നികുതി	135957	72972	80922	17764	41345	69318
10	സർക്കാർ ഗ്രാന്റുകളും മറ്റും ഒഴികെയുള്ള മറ്റു വരവുകൾ	224772	262878	58350	38406	420073	59193
11	ഡെപ്പോസിറ്റ്	25920	33988	8105	375	100	1475
12	വാഹനനികുതി						
13	ലാൻഡ് സൈസ്						
14	സർവ്വീസ് ചാർജ്ജ്						


(അവലംബം: ഗ്രാമപഞ്ചായത്ത് രേഖകൾ)

പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് ജനകീയാസൂത്രണ പ്രവർത്തനം
– റിപ്പോർട്ട് –

അടിസ്ഥാനവും സ്ഥായിയുമായ വികസന പ്രവർത്തനങ്ങൾക്കായി നാടും നഗരവും ഒരുങ്ങിക്കഴിഞ്ഞു. 1947 ആഗസ്റ്റ് 15 ന് ഒരു യുഗം അവസാനിച്ചു. ബ്രിട്ടീഷ് സാമ്രാജ്യത്വവാഴ്ചയിൽനിന്നും ഭാരതം സ്വാതന്ത്ര്യം പ്രാപ്തിക്കുകയും 1950 ജനുവരി 26ന് ഇന്ത്യൻ ഭരണഘടന നിലവിൽ വരുകയും ചെയ്തതോടെ ജനത ആലസ്യത്തിൽ നിന്നുണർന്നു. നമ്മുടെ നാടിനു വേണ്ടി ജീവത്യാഗം നടത്തിയ ദേശാഭിമാനികൾക്ക് അശ്രുപൂജ നടത്തി. ഹൃദയത്തിന്റെ കോണിൽ സ്നേഹശകലങ്ങൾ നാം സൂക്ഷിക്കുന്നു. 1951 ൽ ഒന്നാം പഞ്ചവൽസരപദ്ധതി ആവിഷ്കരിക്കപ്പെട്ടു. 1997 മാർച്ച് അവസാനിക്കുമ്പോൾ 8 പഞ്ചവൽസരപദ്ധതികളിലൂടെ ആയിരക്കണക്കിന് കോടികളുടെ വികസനം നടത്തി. പക്ഷേ കേന്ദ്രീകൃത ആസൂത്രണവും ജനപങ്കാളിത്തമില്ലായ്മയുംമൂലം പ്രതീക്ഷിച്ച ലക്ഷ്യത്തിലൊന്നും നമ്മളെത്തിയില്ല.

സ്വയംപര്യാപ്തഗ്രാമമെന്ന മഹാത്മജിയുടെ സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി 73-ാം ഭരണഘടനാ ഭേദഗതിയിലൂടെ പഞ്ചായത്തീരാജ് സംവിധാനം നിലവിൽവന്നു. അധികാരം ജനങ്ങളിലേയ്ക്ക് വികേന്ദ്രീകരിക്കുന്നതിന്റെ ആദ്യഘട്ടമായിരുന്നു ഇത്. തുടർന്ന് കേരളത്തിലും 1995 ഒക്ടോബർ മാസം 2-ാം തീയതി ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലൂടെ ജനപ്രതിനിധികൾ അധികാരത്തിൽ വന്നു. വികസനപ്രവർത്തനങ്ങളിലും ജനക്ഷേമകാര്യത്തിലും ശ്രദ്ധ ചെലുത്തുന്ന ഗ്രാമഭരണാധികാരികൾക്ക് ബഹുജന പിന്തുണ യഥേഷ്ടം ലഭിച്ചു തുടങ്ങി.

മറ്റു സംസ്ഥാനങ്ങളിൽനിന്നു വ്യത്യസ്തമായി സാക്ഷരതാ, ആരോഗ്യം തുടങ്ങിയ ഒട്ടേറെ കാര്യങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്ന നമ്മുടെ കൊച്ചുകേരളം, ബഹുജന സഹകരണത്തിൽ ഒരു മാതൃക തന്നെയാണ്. വികസനം ആർക്കുവേണ്ടിയാണോ അവർതന്നെ അതിൽ പങ്കാളികളാകണം എന്ന് ഗവൺമെന്റ് തീരുമാനിച്ചു. അതിന്റെ അടിസ്ഥാനത്തിൽ "9-ാം പഞ്ചവൽസരപദ്ധതി ജനകീയപദ്ധതി"യായി സംസ്ഥാന ഗവൺമെന്റ് പ്രഖ്യാപിച്ചു. നാളിതുവരെ നടത്തിയ കേന്ദ്രീകൃതവും ഡിപ്പാർട്ടുമെന്റലിസവും, വികേന്ദ്രീകൃതവും, ഡിപ്പാർട്ടുമെന്റ് സംയോജനപരവും ബഹുജനപങ്കാളിത്തത്തോടുംകൂടി



ഗ്രാമങ്ങളുടെ വികസന പ്രവർത്തനങ്ങൾക്കു വേണ്ടിയുള്ള ശ്രമം ആരംഭിച്ചു. 1997 ഏപ്രിൽ മാസം 1-ാം തീയതി തുടക്കം കുറിക്കുന്ന 9-ാം പഞ്ചവൽസരപദ്ധതി, കേരളത്തിൽ, ഗ്രാമതുടിപ്പുകൾ അറിയാവുന്ന ഗ്രാമീണജനത ചൂണ്ടിക്കാട്ടുന്ന വികസനപ്രവർത്തനങ്ങൾ അവരുടെകൂടി പങ്കാളിത്തത്തോടെ നടത്തുവാൻ തീരുമാനിച്ചു. ഇന്നലെവരെ എന്തിനും സർക്കാരുകളെ ആശ്രയിച്ചിരുന്നു. എന്നാൽ ഇനി ആ സ്ഥിതി മാറണം. വികസനം എവിടെ വേണമെന്ന് നാം അറിയണം, റോഡിലും കുടിവെള്ളത്തിലും വൈദ്യുതിയിലും ഒതുങ്ങിനിന്ന വികസന സങ്കൽപത്തിനു മാറ്റം വരണം – വികസനം ശാസ്ത്രീയവും സ്ഥായിയുമായി മാറണം. അതിനായി ഒട്ടേറെ കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കികൊണ്ടിരിക്കണം. മറ്റെല്ലാ പഞ്ചായത്തുകളേയുംപോലെ നമ്മുടെ പഞ്ചായത്തിലും ഒരു സമഗ്രവികസനരേഖ തയ്യാറായിക്കഴിഞ്ഞു.

ഒന്നാംഘട്ട പരിശീലന പരിപാടികൾ

സംസ്ഥാനം – ജില്ലാ – പഞ്ചായത്ത് എന്നിങ്ങനെ മൂന്നു തലത്തിലായി പരിശീലന പരിപാടികൾ സംഘടിപ്പിക്കലായിരുന്നു ആദ്യഘട്ടം. അതിന്റെ ഭാഗമായി നമ്മുടെ പഞ്ചായത്തിൽനിന്നും ജില്ലാ പരിശീലന ക്യാമ്പിലേയ്ക്ക് 10 പ്രതിനിധികളെ പങ്കെടുത്തു. ജില്ലാതലത്തിൽ പരിശീലനം ലഭിച്ചവരുടെ പാമ്പാടുംപാറ പഞ്ചായത്തു കൺവീനറായി. അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ ശ്രീ. പി.കെ. സോമനെ തെരഞ്ഞെടുത്തു. പരിശീലനം ലഭിച്ചവർ നമ്മുടെ പഞ്ചായത്തിൽ, മുണ്ടിയെരുമ ഗവ.എൽ.പി.സ്കൂളിൽവച്ചു നടത്തിയ ഏകദിന പരിശീലന ക്യാമ്പിൽ പങ്കെടുത്ത 87 പേർക്ക് പരിശീലനം നൽകി പരിശീലനത്തിന്റെ മുഖ്യലക്ഷ്യം വിശേഷാൽ ഗ്രാമസഭകൾ സജീവമായി സംഘടിപ്പിക്കുക എന്നതായിരുന്നു. അതിനുശേഷം ഗ്രാമസഭകളുടെ പ്രാധാന്യത്തെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്ന പോസ്റ്ററുകളും നോട്ടീസുകളും പ്രചരിപ്പിച്ചു. എല്ലാ വാർഡുക

ളിലും സ്വാഗതസംഘം രൂപീകരിച്ചു അതുകൊണ്ടുതന്നെ ഗ്രാമ സഭകൾ സജീവമായിരുന്നു.

വിശേഷാൽ ഗ്രാമസഭകൾ-

പഞ്ചായത്തീരാജ് നിയമപ്രകാരം ഒരുവർഷം രണ്ട് ഗ്രാമസ ഭകൾ ചേരണമെന്ന് നിർദ്ദേശിക്കപ്പെട്ടിരുന്നു. എന്നാൽ ജനകീ യാസൂത്രണ പരിപാടിയോടനുബന്ധിച്ച് വിശേഷാൽ ഗ്രാമസഭ കളാണു ചേർന്നത്. 500 പേർ എങ്കിലും – ഒരു വീട്ടിൽ നിന്നൊ രാൾവീതം – പങ്കെടുക്കണമെന്ന ലക്ഷ്യത്തോടെയാണ് പ്രവർത്തനം ആരംഭിച്ചതെങ്കിലും പ്രതീക്ഷിച്ചത്ര പങ്കാളിത്തം വിശേഷാൽ ഗ്രാമസഭയിലുണ്ടായില്ല.

ആരോഗ്യപരവും വികസനോന്മുഖവുമായ ചർച്ചയുടെ അടി സ്ഥാനത്തിൽ ഒട്ടേറെ പ്രശ്നങ്ങളും പരിഹാരനിർദേശങ്ങളും രൂപപ്പെട്ടുവന്നു. ഗ്രാമസഭകൾക്കുശേഷം ഇവയുടെ റിപ്പോർട്ട് ക്രോഡീകരിച്ചു.

സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീ.പി.എസ്.നന്ദമോഹന്റെ നേതൃത്വത്തിലാണ് കലാജാഥ പഞ്ചായത്തിൽ ഏഴുകേന്ദ്രങ്ങ ളിൽ പരിപാടികൾ നടത്തി. ജനങ്ങളെ ബോധവൽക്കരിക്കുന്ന തിനു ഈ പരിപാടി വളരെയധികം സഹായിച്ചു.

രണ്ടാംഘട്ട പരിശീലനം

ഒക്ടോബർ 28, 29, 30 തീയതികളിൽ ജില്ലാതല പലിശീല നവും 9–11– 96ൽ പഞ്ചായത്തുതലത്തിൽ ഏകദിന പരിശീലന ക്യാമ്പും നടത്തി. അതിനുമുമ്പായി പാമ്പാടുംപാറ പഞ്ചായത്ത് എൽ.പി.സ്കൂളിൽവച്ച് പഞ്ചായത്തു മെംബറന്മാരുടേയും D.R.P. L.R.P എന്നിവരുടേയും ഒരു യോഗം വിളിച്ചുകൂട്ടി. ജില്ലാ പഞ്ചാ യത്ത് വികസനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. C.K.കൃഷ്ണൻകുട്ടി, ബ്ലോക്കു മെംബർ സിനികുമാരി ഗോപി നാഥ്, K.R.P. ശ്രീ. P.N.വിജയൻ എന്നിവർ പങ്കെടുത്തു വേണ്ട നിർദ്ദേശങ്ങൾ നൽകി.

നവം. 1 പുനരർപ്പണദിനം.

കേരള സംസ്ഥാനപ്പിറവിയായ നവം.1 സംസ്ഥാന വ്യാപക മായി പുനരർപ്പണദിനമായി ആഘോഷിക്കുവാൻ തീരുമാനിച്ചു. വികസനപ്രവർത്തനങ്ങൾക്കു തുടക്കം കുറിക്കുന്നതിന്റെ ഭാഗ മായി അന്നേദിവസം നമ്മുടെ പഞ്ചായത്തിൽ വിവിധ വാർഡു കളിലായി 22 ഓളം പ്രവർത്തികൾ ബഹുജനപങ്കാളിത്ത ത്തോടെ ആരംഭിച്ചു.

വികസന ജ്യോതി ജനകീയാസൂത്രണ പരിപാടിയുടെ പ്രചാ രണാർത്ഥം നവം. 8–ന് പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വികസന ജ്യോതി തെളിയിക്കുകയുണ്ടായി.

ദ്വിതീയസ്ഥിതി വിവരക്കണക്കുശേഖരണം

പഞ്ചായത്തിലെ D.R.P.L.R.P മാരെ മൂന്നു ഗ്രൂപ്പുകളായി തിരിച്ച് D.R.P മാരെ ഓരോ ഗ്രൂപ്പിന്റെയും ചുമതല ഏൽപ്പിച്ചു. 1, 2, 3 വാർഡുകളുടെ ചുമതല ടോമി. 4, 5, 10 വാർഡുകൾ – T. നാരായണൻ, 6, 7, 8, 9 വാർഡുകൾ – അജയകുമാർ എന്നിവ രാണ് ചുമതലക്കാർ. എല്ലാ ഗവ.ഓഫീസുകളിൽനിന്നും സ്വകാര്യ സ്ഥാപനങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ചു.

D.R.P., L.R.P യോഗങ്ങൾ

അനുദിനമുള്ള പ്രവർത്തനങ്ങൾ ചർച്ച ചെയ്യുന്നതിനായി D.R.P മാരുടേയും L.R.P മാരുടേയും യോഗം വിളിച്ചുകൂട്ടി ചർച്ച കൾ നടത്തിപോന്നിരുന്നു. ലഭിക്കാത്ത വിവരങ്ങൾ ശേഖരിക്കു ന്നതിന് മറ്റുള്ളവരെ ചുമതലപ്പെടുത്തുകയും ചെയ്തു.

റിപ്പോർട്ടുകൾ പഞ്ചായത്തുതല ക്രോഡീകരണം

ഗ്രാമസഭാ റിപ്പോർട്ടുകളും ലഭ്യമായ മറ്റു വിവരങ്ങളും പഞ്ചാ യത്തുതലത്തിൽ ക്രോഡീകരിച്ചെടുക്കുന്നതിന് DRPമാരായ P.K.സോമൻ, V.P.പുരുഷോത്തമൻ, T.നാരായണൻ എന്നിവരെ ചുമതലപ്പെടുത്തി.

പഠനപര്യടനം

പരിപാടി സമയബന്ധിതമാക്കിയിരുന്നതിനാൽ പഠനപര്യ ടനം ഒരു ഗ്രൂപ്പായി നടത്താൻ കഴിയാതെ വന്നതിനാൽ സ്ഥിവി വരക്കണക്കു ശേഖരിച്ചതുപോലെതന്നെ അതാതു പ്രദേശത്തെ വാർഡു മെംബറന്മാരുടെ നേതൃത്വത്തിൽ മൂന്ന് ഗ്രൂപ്പുകൾ പഠ നപര്യടനം ഭംഗിയായി പൂർത്തിയാക്കി. വിലപ്പെട്ട പല നിർദ്ദേശ ങ്ങളും ലഭ്യമായി.

റിപ്പോർട്ട് തയ്യാറാക്കൽ.

വികസനരേഖ തയ്യാറാക്കുന്നതിന് ഒരു എഡിറ്റോറിയൽ ബോർഡ് രൂപീകരിച്ചു. ശ്രീ.V.P.പുരുഷോത്തമൻ ചീഫ് എഡി റ്ററും ശ്രീ. T. നാരായണൻ സബ്എഡിറ്ററും അംഗങ്ങളായി ശ്രീ. P.K.സോമൻ, അജയകുമാർ, ഉദയൻ, ടോമി, സതികുമാരൻനാ യർ, മിനി കേശവൻകുട്ടി, ജോൺ T.M എന്നിവരും ബ്ലോക്കു പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ ശ്രീമതി സിനി കുമാരി ഗോപിനാത്, പഞ്ചായത്ത് ഭരണസമിതി അംഗ ങ്ങളായ P.S.നന്ദമോഹൻ, ജോയി വർഗീസ്, ശോഭനാ വിജയൻ, രാജശ്രീ രാമകൃഷ്ണൻ എന്നിവരും ചേർന്നതാണ് എഡിറ്റോ റിയൽ ബോർഡ്.

എഡിറ്റോറിയൽ ബോർഡംഗങ്ങൾക്കു പുറമേ പഞ്ചായത്ത് പ്രസി. ശ്രീ. C.S.യശോധരൻ, വൈസ് പ്രസിഡന്റ്, കുര്യാക്കോസ് ചാക്കോ, മെംബറന്മാരായ ശ്രീമന്ദിരം ശശികുമാർ, സോണിയാ പോൾ, ജാൻസി, P.T.നടരാജൻ എന്നിവരുടേയും L.Rമാരായ സുകുമാരൻ, 72ൽ ശശി തുടങ്ങിയവരും കല്ലാ ഗവ.ഹൈസ്കൂൾ അധ്യാപകരായ ശ്രീ. T.R. രാജൻ, M. ശിശുപാലൻ, T.G.മോഹ നൻ, സുരേഷ് മാത്യു എന്നിവരുടേയും ആത്മാർത്ഥമായ സഹ കരണം റിപ്പോർട്ടു തയ്യാറാക്കുന്നതിന് ലഭിച്ചിട്ടുണ്ട്.

വികസനരേഖ തയ്യാറാക്കൽ ശിൽപ്പശാല പഞ്ചായത്ത് ലൈബ്രറി – മുണ്ടിയെരുമ


റിപ്പോർട്ടു തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നവം. 5–ാം തീയതിയോടുകൂടി ആരംഭിച്ച് 15–ാം തീയതിയോടുകൂടി അവസാനിപ്പിച്ചു. 16–11–96ൽ കൂടിയ പഞ്ചായത്തു കമ്മറ്റി അംഗീ കരിച്ച് പ്രിന്റു ചെയ്യുന്നതിന് കൊടുക്കുവാൻ തീരുമാനിച്ചു. 17–11–96ൽ സെമിനാർ നടത്തുന്നതിനെക്കുറിച്ച് ആലോചിക്കു ന്നതിനായി സ്വാഗതസംഘം ചേരുവാനും തീരുമാനിച്ചിട്ടുണ്ട്. പഞ്ചായത്തു വികസന സെമിനാർ നടത്തുന്നതിനുവേണ്ട എല്ലാ പ്രവർത്തനങ്ങളും നടന്നുവരുന്നു.

ചരിത്രത്തിൽ ധന്യമുഹൂർത്തങ്ങൾ രചിക്കുവാൻ കഴിഞ്ഞ കേരള ജനതയ്ക്ക് സാക്ഷരതയ്ക്കുശേഷം ഒരിക്കലും മറക്കു വാൻ കഴിയാത്ത ഒരു ജനമുന്നേറ്റം കൂടിയാണ് ജനകീയാസൂ ത്രണം– ലക്ഷങ്ങൾ ചിലവഴിക്കുമ്പോൾ കോടികളുടെ വിക സനം ഗ്രാമങ്ങളിൽ നടത്താൻ കഴിയും, രാഷ്ട്രീയമായോ വിഭാ ഗീകമായോ യാതൊരു പ്രവർത്തനങ്ങളും, നടപ്പാക്കുന്നവരും രൂപം കൊടുത്തവരും, നടത്താതിരുന്നാൽ ഇത് ജനതയ്ക്കൊരു അനുഗ്രഹമായിത്തീരുമെന്ന കാര്യത്തിൽ യാതൊരു സംശ യവും വേണ്ട ജവഹർലാൽ നെഹ്റു പറഞ്ഞതുപോലെ.


"ഉറങ്ങുന്നതിനു മുമ്പെനിക്ക് കാതങ്ങളോളം യാത്ര ചെയ്യേ ണ്ടതുണ്ട്."– അവശേഷിക്കുന്ന ജീവിതത്തിൽ ഒരുപാടൊരു പാട് ചെയ്തു തീർക്കാനുണ്ട് – ഒത്തൊരുമിച്ച് നമുക്ക് ചെയ്തു തീർക്കാം.

ജനകീയാസൂത്രണ പ്രവർത്തനത്തിന്റെ വിജയത്തിന് ഞങ്ങ ളോട് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തിക്കൊണ്ട് റിപ്പോർട്ട് അവസാനിപ്പിക്കുന്നു.

പാമ്പാടുംപാറ — പി.കെ.സോമൻ
15–11–96 — ഡി.ആർ.പി. കൺവീനർ
(അസിസ്റ്റന്റ് പ്രോജക്ട് ഓഫീസർ പാമ്പാടുംപാറ)



☐കൂട്ടാർ-അല്ലിയാർ റോഡിന്റെ നിർമ്മാണ പ്രവർത്തനത്തിൽ.



☐വികസനരേഖ തയ്യാറാക്കൽ ശില്പശാല. പഞ്ചായത്ത് ലൈബ്രറി -മുണ്ടിയെരുമ.

പുനരർപ്പണദിനത്തിൽ നിർമ്മാണം ആരംഭിച്ച റോഡുകൾ

ക്രമ നമ്പർ	വാർഡു നമ്പർ	ഏറ്റെടുത്തു നടത്തിയ ജോലികൾ		ജനപങ്കാളിത്തം	പഞ്ചായത്തിൽ നിന്നും അനുവദിച്ച തുക	ഉദ്ദേശ ചിലവു തുക
1	I	ചക്കക്കാനം	പുളിയന്മല റോഡ്	450	20,000	27000
2		തോവാള	വട്ടപ്പാറ റോഡ്	140	5000	
3	II	കുമ്പളന്താനം പടി	തോവാള മെട്ട് "	170	5000	29,400
4		തോവാള	ഇരട്ടയാർ	280	10000	
5	III	വട്ടക്കുഴി	ചീന്തലാർകുനന്ത് റോഡ്	290	15000	
6		തോവാള	വട്ടപ്പാറ	140	5000	25800
7	IV	താണിമൂട്	പത്തിനിപ്പാറ		5000	
8		പത്തിനിപ്പാറ	മുണ്ടിയെരുമ	200	15000	12000
9	V	മുണ്ടിയെരുമ	ക്യാൻസൽ ബ്ലോക്ക്	650	15000	
10		101 പടി	തൂക്കുപാലം	125	5000	46500
11	VI	തെക്കേക്കുരിശുമല	സന്യാസി ഓട	260	15000	22200
12		കുരിശുമല	സന്യാസി ഓട	110	5000	
13	VII	ബാലഗ്രാം	അന്യാർതൊളു	100	10000	12000
14		ബാലഗ്രാം	കൂമ്പൻപാറ	1000	10000	
15		കൂട്ടാർ	അല്ലിയാർ	650	10000	
16	VIII	നീലേറ്റുപുറം	കുമരകം മെട്ട	175	3000	71100
17		കുമരകം മെട്ട്	അല്ലിയാർ	150	5000	
18		തേർഡ് ക്യാമ്പ്	കോളനി റോഡ്	210	2000	
19	IX	കുമരകം മെട്ട്	അല്ലിയാർ	150	10000	
20		അല്ലിയാർ	അന്യാർതൊളു	240	5000	40200
21		നിർമലാപുരം	അന്യാർതൊളു	280	5000	
22	X	ദേവഗിരി	പാമ്പാടുംപാറ	150	20000	9000
				5060	200000	303600



□പഞ്ചായത്തുമെംബറന്മാരായ P.S.നന്ദമോഹൻ, ശോഭനാ വിജയൻ എന്നിവരുടെ നേതൃത്വത്തിൽ നടത്തിയ പഠനപര്യടനം.



□നവംബർ 1 പുനരർപ്പണദിനം. 4-ാം വാർഡിൽ ജനപങ്കാളിത്തത്തോടെ റോഡുനിർമാണം പ്രസിഡന്റ് സി.എസ്. യശോധരൻ ഉദ്ഘാടനം ചെയ്യുന്നു. പഞ്ചായത്ത് ധനകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശ്രീ. പി.എസ്. നന്ദമോഹൻ സമീപം.



□തൂക്കുപാലം-101 പടി റോഡിന്റെ നിർമാണോത്ഘാടനം പാമ്പാടുംപാറ പഞ്ചായത്തു പ്രസിഡന്റ് സി.എസ്. യശോധരൻ നിർവഹിക്കുന്നു. വാർഡു മെമ്പർ രാജശ്രീരാമകൃഷ്ണനാണ് സമീപം.

ഉപസംഹാരം


വികസനമെന്നാൽ ജനങ്ങളുടെ ജീവിതത്തെ പടിപടിയായി ഉയർത്തുന്ന സ്ഥായിയും നീതിപൂർവ്വകവുമായ ദ്രുതഗതിയിലുള്ള സാമ്പത്തികവളർച്ച കൈവരിക്കാൻ കഴിയുന്ന ഒരു സാമൂഹ്യ പ്രക്രീയയാണ്. നിലവിലുള്ള വികസനസമീപനം അശാസ്ത്രീയവും, ജനവിരുദ്ധവുമാണെന്ന് ബോധ്യപ്പെട്ടതുകൊണ്ടാണ് ഇന്നത്തെ വികസന പ്രതിസന്ധിക്ക് തെല്ലെങ്കിലും പരിഹാരം കാണാൻ പുതിയൊരു പ്രവർത്തനശൈലി കരുപ്പിടിപ്പിക്കാൻ നാം തയ്യാറായത്. കാർഷിക – വ്യാവസായിക മേഖലകളുടെ വളർച്ചയിലൂടെ സേവനമേഖല വികസിപ്പിക്കുന്ന വികസിത തന്ത്രമാണ് ഇന്നാവശ്യം. ഉൽപാദനമേഖലയിലെ മുരടിപ്പും, ഭയാനകമായി ഉയർന്നുകൊണ്ടിരിക്കുന്ന തൊഴിലില്ലായ്മയും, സാമ്പത്തികവളർച്ചയുടെ പിന്നോക്കാവസ്ഥയും, രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയും ഒരു സാമൂഹ്യരാഷ്ട്രീയ വെല്ലുവിളിയായെടുക്കണം.

വികസനം, ഡിപ്പാർട്ടുമെന്റുകളുടെ വികസനേതര താൽപര്യങ്ങളിൽ കുരുങ്ങിക്കിടക്കുന്ന ഇന്നത്തെ നില മാറിയേ തീരൂ. സാർവ്വത്രികമായ അഴിമതിയിൽനിന്ന് വികസനരംഗം വിമോചിപ്പിക്കപ്പെടണം. സാമൂഹ്യതീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ വികസന പ്രശ്നങ്ങളുടെ മുൻഗണനാക്രമം നിശ്ചയിക്കുകയും അതുപ്രകാരം വിഭവങ്ങൾ നീക്കിവെയ്ക്കുകയും ജനപങ്കാളിത്തവും, ജനജാഗ്രതയും ഊട്ടിവളർത്തി, വികസനപ്രക്രീയ ഊർജ്ജസ്വലമാക്കുകയാണ് അതിനുള്ള മാർഗ്ഗം.

ഫണ്ടില്ലാതെ വികസനം സാധ്യമല്ല, ഫണ്ട് സമാഹരണത്തിന് പുതിയ പാതകൾ വെട്ടിത്തുറക്കാൻ ഗ്രാമപഞ്ചായത്തുകൾക്കാവണം. പദ്ധതികൾ നടപ്പാക്കുമ്പോൾ വസ്തുനിഷ്ഠസമീപനം പ്രായോഗികമാക്കണം. ആസൂത്രണം അർഥവത്താകുന്നത് വികസന ഉപാധികളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുമ്പോഴാണ് ഇതിനായി വികസനപ്രവർത്തനങ്ങളിൽ കക്ഷിരാഷ്ട്രീയത്തിന് അതീതമായ ബഹുജനപങ്കാളിത്തം ഉണ്ടാക്കിയെടുക്കുകയും, സന്നദ്ധ പ്രവർത്തനങ്ങൾക്കും ജനങ്ങളുടെ കൂട്ടായ്മയ്ക്കും ഊന്നൽ നൽകുകയും വേണം.

പ്രകൃതിവിഭവങ്ങൾ, ജലവിഭവങ്ങൾ എന്നിവ പ്രയോജനപ്പെടുത്തി, ചരിത്രപരമായ സാഹചര്യബന്ധങ്ങളെ വിശകലനം ചെയ്ത്, പ്രായോഗിക ബുദ്ധിയോടെ നമ്മുടെ പദ്ധതികൾ രൂപപ്പെടുത്താൻ കഴിയണം. ഗ്രൂപ്പ് ചർച്ചകൾ നടത്തിയ എല്ലാ വിഷയങ്ങളിലും നിർദ്ദേശങ്ങളെ സ്കീമുകളായും പദ്ധതികളായും രൂപപ്പെടുത്തുന്നതിന് വിദഗ്ധസമിതികൾക്ക് കഴിയും.

സർക്കാർ നൽകുന്ന 40% പദ്ധതിവിഹിതം തന്നെ, കഴിഞ്ഞ കാലങ്ങളിലെ സാമ്പത്തികനിലയെക്കാൾ വലിയ നേട്ടങ്ങൾക്കു കാരണമാണ്. അഞ്ചാം പദ്ധതിക്കുള്ള ആകെതുക 14,800 കോടി രൂപയാണ്. ഇതിന്റെ 40% എന്നാൽ 5,920 കോടി രൂപയാണ്.



ഇതിന്റെ പകുതി തുക ഗ്രാമപഞ്ചായത്തുകൾക്ക് കിട്ടാനിടയുണ്ട്. ചുരുങ്ങിയത് 25% ജനവിഹിതം ലഭിക്കാനിടയാവും എന്ന് പ്രതീക്ഷിക്കണം. വികസനരംഗത്ത് ഇതൊരു കുതിച്ചുചാട്ടത്തിന് കാരണമാവും എന്നുറപ്പാണല്ലോ.

ആസൂത്രണം അടിത്തട്ടിൽനിന്ന് മേൽപോട്ടാവുന്നതുമൂലമുള്ള ജനാധിപത്യപരമായ നേട്ടങ്ങൾക്കൊപ്പമാണ് ഈ വികസന മുന്നേറ്റം നേടാനാവുന്നത്. ജനകീയാസൂത്രണം ജനങ്ങളുടെ പ്രത്യാശകളെ ഉത്തേജിപ്പിക്കുന്ന ഒരു വിനോദവേലയല്ല, മറിച്ച് ജനോപകാരപ്രദമായ ജനകീയപദ്ധതികൾ ശീഘ്രഗതിയിൽ ഫലപ്രദമായി നടപ്പാക്കാനുള്ള സാമൂഹ്യായുധമാണ്. അതുകൊണ്ടുതന്നെ നമ്മുടെ ഗ്രാമപഞ്ചായത്തിന്റെ സമഗ്രവികസനരേഖ സമ്പുഷ്ടമാക്കി, കാര്യം സമ്പൂർണമാക്കി നടപ്പിലാക്കാനുള്ള പ്രതിബദ്ധത നാം നിലനിർത്തിയേ തീരൂ.

ചുരുക്കത്തിൽ ജനപ്രതിനിധികളുടെ നേതൃത്വത്തിൽ ബഹുജന സംഘടനകളുടെയും സന്നദ്ധ പ്രവർത്തകരെയും വിദഗ്ധരെയും ഉദ്യോഗസ്ഥന്മാരെയും പ്രാദേശികമായി കോർത്തിണക്കുന്ന പുതിയൊരു പ്രവർത്തനശൈലി നടപ്പിലാക്കുന്നതിനാണ് നാം പരിശ്രമിക്കുന്നത്. ഈ കൂട്ടായ്മയുടെ അടിസ്ഥാനത്തിൽ പ്രാദേശികമായി ഗണ്യമായ തോതിൽ സന്നദ്ധ പ്രവർത്തനവും സംഭാവനകളും സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഇവയെ ഔദ്യോഗിക പദ്ധതിച്ചെലവുമായി സംയോജിപ്പിച്ച് കൃഷി, ചെറുകിട വ്യവസായം തുടങ്ങിയ ഉൽപാദനത്തുകകളുടെ ഉൽപാദനവും ഉൽപാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനും ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളുടെ ഗുണനിലവാരം ഉയർത്തുന്നതിനും സ്ത്രീകളുടെയും ദുർബല ജനവിഭാഗങ്ങളുടെയും താൽപര്യങ്ങളെ പരിഗണിച്ചുകൊണ്ടുള്ള ഒരു സ്ഥായിയായ വികസന പ്രക്രീയ, ജനകീയ ശക്തിയിൽ സൃഷ്ടിക്കുവാൻ ഈ പ്രതീക്ഷ നിറവേറ്റുവാൻ സമീപകാലത്തുതന്നെ നമുക്കു കഴിയുമെന്ന പ്രത്യാശയോടെ ഇന്ന് ''സമഗ്രവികസനരേഖ'' പാമ്പാടുംപാറ ഗ്രാമപഞ്ചായത്ത് വികസന സെമിനാറിന് മുമ്പാകെ സമർപ്പിക്കുന്നു. വിശദമായ വിശകലനത്തിനും, ചർച്ചയ്ക്കും, പരിഷ്കരണത്തിനുംവേണ്ടി.

T.നാരായണൻ.
സബ് എഡിറ്റർ.

വികസനരേഖ തയാറാക്കിയ കോർഗ്രൂപ്പ്

പി.കെ.സോമൻ – കൺവീനർ

കൃഷി, ജലസേചനം
ശശി
കേശവൻകുട്ടി (ഡി.ആർ.പി)
അജയകുമാർ (ഡി.ആർ.പി)

മൃഗപരിപാലനം
എം.എസ്.രാജപ്പൻ (ഡി.ആർ.പി)
സതികുമാരൻ നായർ

വിദ്യാഭ്യാസം
ടി.നാരായണൻ (ഡി.ആർ.പി)
ശോഭന വിജയൻ
വി.പി.പുരുഷോത്തമൻ (ഡി.ആർ.പി)

പൊതുജനാരോഗ്യം, കുടിവെള്ളം
മിനി ടി. (ഡി.ആർ.പി)
പി.കെ.സോമൻ (ഡി.ആർ.പി)
കുര്യോക്കോസ് ചാക്കോ

ഗതാഗതം, ഊർജം, മാർക്കറ്റ്
ശ്രീമന്ദിരം ശശികുമാർ
ജോൺ (ഡി.ആർ.പി)
എസ്. നടേശൻ
സിനി ഗോപിനാഥ്

ഭവനനിർമാണം, സാമൂഹ്യക്ഷേമം
രാജശ്രീ, പി.എസ്.നന്ദമോഹൻ
അജീഷ്

സംസ്കാരം– കായികം
ജോയി വർഗീസ്
സോണിയാ പോൾ

വ്യവസായം
എൻ.ശശീന്ദ്രൻ
പി.കെ.രവീന്ദ്രൻ

വനിതാക്ഷേമം
സിനികുമാരി
ടോമി (ഡി.ആർ.പി)


പട്ടികജാതി പട്ടികവർഗക്ഷേമം
ഉദയകുമാർ ഡി.ആർ.പി
പി.എസ്. നന്ദമോഹൻ

വിഭവസമാഹരണം
പി.റ്റി.നടരാജൻ
സുകുമാരൻ


ഭൂപ്രകൃതി, ചരിത്രം
വി.പി.പുരുഷോത്തമൻ
ടി.എം.ജോൺ (ഡി.ആർ.പി)
സതികുമാരൻനായർ

4249


ഗ്രൂപ്പ് കൺവീനർമാർ



കെ.റ്റി.അജയകുമാർ (ഡി.ആർ.പി)
പ്രാഥമിക മേഖല.



ടി.എം.ജോൺ (ഡി.ആർ.പി)
ദ്വിതീയമേഖല



ഉദയകുമാർ (ഡി.ആർ.പി)
ത്രിതീയ മേഖല

ഒൻപതാം പദ്ധതി ജനകീയ പദ്ധതി

ലക്ഷ്യങ്ങൾ:

☆ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുക.

☆ ഊർജ്ജപ്രതിസന്ധി തരണം ചെയ്യുക.

☆ സേവനമേഖലയുടെ ഗുണനിലവാരം മെച്ചപ്പെടുത്തുക.



✸ 40% പദ്ധതി വിഹിതം ത്രിതല പഞ്ചായത്തുകൾക്ക്.

✸ ആസൂത്രണം താഴെത്തലങ്ങളിൽനിന്ന്.

✸ ബഹുജനപങ്കാളിത്തം.

✸ സുതാര്യത.

PRINTED AT RASHTRA DEEPIKA PRESS, KOCHI.